# നബിദിനാഘോഷം

ശൈഖ് അബൂബക്കർ അൽജസാഇരി



ഭാഷ്യം
ഹനീഫ് പുളിപ്പറമ്പ്

© **Mohammed Haneef Abdurahman , 2003**

*King Fahd National Library Cataloging - in - Publication Data*

AL-jazairy. Abu Bakr
Nabidinaghosham / Mohammed Haneef
Abdurahman – Riyadh . 2003

......p.; ......cm.
ISBN : 9960 – 43 - 858 – 9

1- Islamic Heresies I-Mohammed
Haneef Abdurahman ( Translator ) II-Title
212.3 dc 1424/ 906

**L.D. no. 1424/906, ISBN : 9960-43-858-9**

حقوق الطبع محفوظة

إلا لمن أراد طبعة وتوزيعه مجاناً ، بدون حذف أو

إضافة أو تغيير ، فله ذلك وجزاه الله خيراً ...

بسم الله الرحمن الرحيم

| | |
|---|---|
| Language | Malayalam (Indian) |
| Title | Nabidinaghosham |
| Translation of "Al insafu feema qeela fil moulidi minal guluwwi wal ij'haf "By | Sheikh Aboobacker Jabir Al Jaza'iri |
| Retold By | Haneef Pullipparamb. |
| Printing | |
| Cover design | Musthafa Kizheppatt, Pakara |
| First edition | 2003 |
| Copies | 50,000 |
| Printed for | Free distribution |
| Rights reserved | Translator |
| Address | Haneef Pullipparamb, chelembra-673 634 |


---

E-mail:abufurqaan@hotmail.com

# വിഷയാനുക്രമം


ഹനീഫ് പുല്ലിപ്പറമ്പിന്റെ രചനകൾ ........ 6

ഡോ. അഷ്റഫ് മൗലവിയുടെ സന്ദേശം ........ 7

സന്ദേശത്തിന്റെ തർജമ ........ 8

പ്രൊഫ. ഹുസൈൻ മടവൂരിന്റെ സന്ദേശം ........ 11

സന്ദേശത്തിന്റെ തർജമ ........ 12

ഉപോദ്ഘാതം ........ 15

നബിദിനാഘോഷം: പ്രസ്താവന ........ 68

രചനാകാരന്റെ മുഖവുര ........ 71

സുന്നത്തും ബിദ്അത്തും: ഒരു വിശകലനം ........ 88

അനാചാരവും പൊതുനൻമകളും തമ്മിലുള്ള വ്യത്യാസം ........ 100

ജൻമ ദിനാഘോഷം: ഇസ്ലാമിന്റെ വിധി ........ 112

നബിദിനവും ഇസ്ലാമിക വിധിയും ........ 123

ജൻമദിനാഘോഷം തെളിവുകൾ അപര്യാപ്തം ........ 127

മൗലിദാഘോഷിക്കുന്നവരുടെ ദുർബലവാദങ്ങൾ ........ 132

ഒരു മെച്ചപ്പെട്ട ബദൽ ........ 146

മൗലിദിലെ ഹീനമായ അതിർലംഘനം ........ 150

മോശമായ സമീപനം ........ 157

സമാപ്തം ........ 163

## ഹനീഫ് പുല്ലിപ്പറമ്പിന്റെ രചനകൾ

1. കല, സൗന്ദര്യം, സംഗീതം, ഇസ്‌ലാം
2. ഖുർആനിലെ ചെടികൾ
3. സുന്നത്തും ഉമ്മത്തും
4. റമദാനിന്റെ തീരങ്ങളിൽ
5. മുസ്‌ലിയാരുടെ തൗഹീദ് പഠനം (നിർദ്ധാരം)
6. രണ്ടു സാക്ഷ്യങ്ങൾ (തർജ്ജമ)
7. സുരക്ഷ (തർജ്ജമ)
8. ഖബർ സന്ദർശനവും സഹായാർത്ഥനയും (തർജ്ജമ)
9. നബിദിനാഘോഷം (തർജ്ജമ)
10. അനാചാരം (തർജ്ജമ)

## പണിപ്പുരയിൽ

1. സത്യം പരിഹസിക്കപ്പെടുന്നു (തർജ്ജമ)

# ഡോ. അഷ്റഫ് മൗലവിയുടെ സന്ദേശം

بسم الله الرحمن الرحيم

المملكة العربية السعودية
الجامعة الإسلامية بالمدينة المنورة
مركز خدمة السنة والسيرة النبوية

الرقم ..........
التاريخ ..........
المرفقات ..........

الحمد لله رب العالمين، والصلاة والسلام على أشرف الأنبياء والمرسلين سيدنا محمد وعلى آله وصحبه أجمعين، وبعد: فقد اطلعت على [illegible]

[illegible]

[illegible]

[illegible]

كاتب السطور:

الدكتور / محمد أشرف علي المليباري

مركز خدمة السنة بالجامعة الإسلامية بالمدينة النبوية

على صاحبها أفضل الصلاة وأتم التسليم

## സന്ദേശത്തിന്റെ തർജ്ജമ

بسم الله الرحمن الرحيم

സർവ്വലോകങ്ങളുടെയും രക്ഷിതാവായ അല്ലാഹുവിന് സർവ്വസ്തുതി. പ്രവാചക ശ്രേഷ്ഠരും നമ്മുടെ നബിയുമായ മുഹമ്മദ്(സ)യിലും കുടുംബങ്ങളിലും സഹചാരികളിലുമൊക്കെ അല്ലാഹു അനുഗ്രഹവും സമാധാനവും ചൊരിയുമാറാകട്ടെ.

എന്റെ ഗുരുനാഥനും അഭിവന്ദ്യപണ്ഡിതനും മസ്ജിദുന്നബവിയിലെ അധ്യാപകനുമായ അബൂബക്കർ ജാബിർ അൽജസാഇരിയുടെ ഗ്രന്ഥത്തിന്റെ തർജ്ജമക്ക് ബഹുമാന്യ സഹോദരൻ മുഹമ്മദ് ഹനീഫ് അബ്ദുർറഹ്മാൻ(അല്ലാഹു അദ്ദേഹത്തെ സംരക്ഷിക്കട്ടെ) നൽകിയ ആമുഖം ഞാൻ അവലോകനം ചെയ്തു.ഈ ഗ്രന്ഥം പുറത്തിറങ്ങും മുമ്പു തന്നെ എന്റെ ശൈഖ് അൽ ജസാഇരിയുടെ ഗ്രന്ഥത്തിന്റെ (ആ) മലയാള തർജ്ജമ എനിക്ക് മുമ്പിലുണ്ടായിരുന്നെങ്കിൽ എന്ന് ഇതിന്റെ വായനയുടെ അവസാനം ഞാനാശിച്ചുപോയി. എന്തെന്നാൽ ഒരു സന്തുലിത ദൃഷ്ടിയോടെ ഇരു വശങ്ങളിലേക്കും നോക്കാമല്ലോ. ! എന്നാൽ വിവർത്തകന്റെ മികച്ച കഴിവും (മുൻ)ഗ്രന്ഥങ്ങളിലൂടെ നാം മനസ്സിലാക്കിയ അദ്ദേഹത്തിന്റെ സൂക്ഷ്മതയും നമുക്ക് നിർഭയത്വം നൽകുന്നതിനാൽ അദ്ദേഹത്തിന്റെ വൈജ്ഞാനിക രചനകളിലൊക്കെ നമുക്ക് സംതൃപ്തിയാണുള്ളത്.

സത്യത്തിൽ ഈ ആമുഖം നിഷ്കളങ്കവും സത്യസന്ധ

റുമായ ഒരു ഹൃദയത്തിൽ നിന്നാണുയിർക്കൊണ്ടത്.- ഇൻഷാ അല്ലാഹ്- അല്ലാഹുവിന്റെ കിതാബിൽ നിന്നും അവന്റെ റസൂൽ (സ)യുടെ സുന്നത്തിൽ നിന്നും നിർഗ്ഗളിച്ച ഉജ്ജ്വല ചിന്തകളാൽ ഇതിന്റെ ഞൊറിവുകൾ ഭരിതമാവുന്നു. വിശ്വാസ ഹൃദയങ്ങളെ തട്ടിയുണർത്തിക്കൊണ്ടും മനോജ്ഞലവും വികാര നിർഭരവുമായ ഉദ്ദീപനങ്ങൾ കൊണ്ടും അത് വീണ്ടും മനോഹരമാവുന്നു. അതോടൊപ്പം തന്നെ വ്യർഥചിന്തകളും ദേഹേഛകളെ പിൻപറ്റലും കൊണ്ട് നിബിഡമായ കേരളീയ ജീവിത പരിതഃസ്ഥിതികളോട് (ഇതിലെ പരാമർശങ്ങൾ) യോജിച്ചുവരികയും ചെയ്യുന്നു. കാരുണ്യവാനായ നബിയെ (അല്ലാഹു അവിടുത്തിൽ അനുഗ്രഹാശിസ്സുകളേകട്ടെ) പിൻപറ്റുന്നതിലും, യാതൊരു ഏറ്റക്കുറച്ചിലുമില്ലാതെ സത്യസന്ധമായി തിരുമേനിയെ സ്നേഹിക്കുന്നതിലും സമ്പൂർണ്ണമായ തങ്ങളുടെ ഹൃദയങ്ങളെ സമർപ്പിച്ച വിശുദ്ധരും സച്ചരിതരുമായ പൂർവ്വികരുടെ മാതൃക ഏറെ വ്യതിരിക്തമായ ശൈലിയിലൂടെ അവതരിപ്പിച്ച ഈ മുഖവുര എന്നെ വളരെ ആകർഷിച്ചു. ഹനീഫ് മൗലവി വ്യക്തമാക്കിയപോലെ, റസൂൽ (സ)യെ പിൻപറ്റലാണ് അവിടത്തെ സ്നേഹിക്കുന്നതിന്റെ അടയാളം. (നബിദിനാചരണം പോലുള്ള) ബിദ്അത്തുകളാവട്ടെ വെറുപ്പിന്റെയും ഭിന്നതയുടെയും അടയാളവുമാണ്. അല്ലാഹു പറയുന്നു: "(നബിയേ) പറയുക, നിങ്ങൾ അല്ലാഹുവിനെ സ്നേഹിക്കുന്നവരാണെങ്കിൽ എന്നെ നിങ്ങൾ പിൻപറ്റുവിൻ. അല്ലാഹു നിങ്ങളെ സ്നേഹിക്കുന്നതാകുന്നു". ഒരു കവി പറഞ്ഞതെത്ര മനോഹരം! "നിന്റെ സ്നേഹം സത്യസന്ധമാണെങ്കിൽ നീ അനുസരിച്ചേനെ. നിശ്ചയം സ്നേഹിക്കുന്നവൻ സ്നേഹിക്കപ്പെടുന്നവനെ അനുസരിക്കുന്നവനാണ്."

അതിനാൽ വിശുദ്ധിയിലെ വിശുദ്ധിയിൽ (വിശുദ്ധ മദീനയിലെ), റസൂൽ (സ)യുടെ പള്ളിയിൽ ജീവിതത്തിന്റെ മുഖ്യപങ്കും ദർസുനടത്തി കഴിച്ചു തീർത്ത ഒരു പണ്ഡിതന്റെ ഗ്രന്ഥത്തോടൊപ്പം ജീവിക്കാനായ വായനക്കാരാ താങ്കൾക്കാശംസകൾ. അല്ലാഹുവിനെയും അവന്റെ റസൂലിനെയും സ്നേഹിക്കുന്നതിലേക്ക് താങ്കളെ ക്ഷണിക്കുന്ന ഈ ആമുഖത്തിന്റെ വിശാലതയിലേക്കും വായനക്കാരാ താങ്കൾക്കു സ്വാഗതം. അല്ലാഹുവിന്റെ കിതാബിന്റെയും റസൂൽ (സ)യുടെ സുന്നത്തിന്റെയും സച്ചരിത പൂർവ്വികരുടെ ജീവിത മാതൃകയുടെയും ശുദ്ധമായ ഉറവിൽ നിന്ന്, കലർപ്പില്ലാത്ത പ്രവാഹത്തിൽ നിന്ന് പകർത്തെടുത്തതാണിത്. വിഭാഗീയതയിൽനിന്നും ദുരാചാരങ്ങളിൽനിന്നുമേറെ വിദൂരം മാറി, അല്ലാഹുവിന്റെ ബലവത്തായ പാശം മുറുകെ പിടിച്ചവനായി, സച്ചരിതരായ പൂർവ്വികരുടെ ചര്യപകർത്തിയവനായി, മുന്നോട്ട് വന്ന് ഈ ഉദ്യമത്തിന്റെ ദ്രുതമുന്നേറ്റത്തിൽ പങ്കാളികളാവുന്നവർക്കെല്ലാം അനുമോദനങ്ങൾ! ഈ മുഖവുരയുടെ രചനാകാരന് എല്ലാവിധ ഇരുലോക പ്രതിഫലവും വിജയവും ഉന്നതിയും അല്ലാഹുവിനോട് ചോദിക്കുന്നു, ഈ അനുഗൃഹീതഗ്രന്ഥത്തിന് ദ്രുതപ്രചാരവും നിറഞ്ഞ സ്വീകാര്യതയും ലഭിക്കട്ടെയെന്നും.

وصلى الله على نبينا محمد وعلى آله و صحبه اجمعين

ഈ വരികൾ എഴുതിയത്:

**ഡോ: മുഹമ്മദ് അഷ്റഫ് അലി അൽ മലബാരി**
ഗ്രന്ഥകർത്താവിന്റെ സഹോദരപുത്രൻ,
മദീന ഇസ്ലാമിക് യൂണിവേഴ്സിറ്റി

# പ്രൊഫ. ഹുസൈൻ മടവൂരിന്റെ സന്ദേശം

**Rouzathul Uloom Arabic College**

بسم الله الرحمن الرحيم

الحمد لله رب العالمين والصلاة والسلام على أشرف المرسلين محمد وعلى آله وصحبه ومن تبعهم بإحسان إلى يوم الدين. وبعد،

فقد كنت قرأت كتاب [ الإنصاف فيما قيل في المولد من الغلو والإجحاف ] لفضيلة الشيخ أبي بكر الجزائري حفظه الله قبل سنوات، وتحققت أن هذا الكتاب يدحض جميع الشبهات التي ذاعت في العالم الإسلامي حول احتفال مولد النبي صلى الله عليه وسلم

احتفال المولد بدعة استحدثت بعد خير القرون، ولم يثبت أن أحدا من السلف احتفل بها، ولكن مع الأسف الشديد أن كثيرا من المسلمين في هذه الأيام يحتفلون بمولد النبي صلى الله عليه وسلم ويرونه أمرا مستحبا في الدين. السبب الرئيسي لانتشار هذه البدعة جهلهم عن الدين الحنيف ومصادره. وكانت أكثر المسلمين في بلاد الهند لا تخلو من هذه البدع والخرافات. ترجمة هذا الكتاب إلى اللغات الهندية مفيدة جدا. ولقد قرأت هذه الترجمة التي قام بها أخونا الفاضل محمد حنيف عبد الرحمن من أولها إلى آخرها ووجدتها سهل الكلمات وطريقة ترجمة صحيحة تنفع من يتكلم باللغة المليبارية البالغ عددهم ثلاثون مليون.

فأرجو من أهل الخير المتكرم بالمساعدة لنشر هذا الكتاب بين أهل كيرالا - الهند.

والله الموفق وعليه التكلان

[illegible] ٢/٥/[illegible]

عميد كلية روضة العلوم العربية

فاروق - كيرالا - الهند

## സന്ദേശത്തിന്റെ തർജമ

بسم الله الرحمن الرحيم

الحمد لله رب العالمين والصلاة والسلام على اشرف الانبياء والمرسلين محمد وعلى آله وصحبه ومن تبعهم باحسان الى يوم الدين وبعد،

ശൈഖ് അബൂബക്കർ അൽ ജസാഇരിയുടെ الإنصاف فيما قيل في المولد من الغلو والإجحاف എന്ന ഗ്രന്ഥം വർഷങ്ങൾക്കുമുമ്പ് ഞാൻ വായിച്ചിട്ടുണ്ട്. നബി(സ)യുടെ ജന്മദിനാഘോഷം സംബന്ധിച്ച് ഇസ്‌ലാമികലോകത്ത് പ്രചരിച്ച മുഴുവൻ സംശയങ്ങളും അവകാശവാദങ്ങളും ഈ ഗ്രന്ഥം തള്ളിക്കളയും എന്നെനിക്കുറപ്പുണ്ട്.

ഉത്തമ നൂറ്റാണ്ടുകൾക്കു ശേഷം നൂതനാചാരക്കാർ കൊണ്ടുവന്ന ഒരനാചാരമാണ് ഈ ജന്മദിനാഘോഷം. പൂർവ്വികരിലാരും ഇതാഘോഷിച്ചതായി നാം കണ്ടിട്ടില്ല. അതോടൊപ്പം തന്നെ മിക്കനാടുകളിലും മുസ്‌ലിംകൾ മതത്തിലെ ഒരു പുണ്യ കാര്യമായിട്ടാണ് ഇതിനെ കാണുന്നതെന്നും നാം കാണുന്നു. മതത്തെ കുറിച്ചും മതവിധികളുടെ സ്രോതസ്സിനെക്കുറിച്ചും അവർക്കുള്ള അജ്ഞത ഈ അനാചാരം പ്രചരിക്കാൻ മുഖ്യകാരണമായി

ഇത്തരം അനാചാരത്തിൽ നിന്നും അന്ധവിശ്വാസത്തിൽ നിന്നും ഇന്ത്യയും മുക്തമല്ല. അതിനാൽ തന്നെ ഇന്ത്യൻ ഭാഷകളിലേക്ക് ഇത് തർജ്ജമ ചെയ്യുകയെന്നത് വളരെ പ്രയോജനമുള്ള കാര്യമാണ് . നമ്മുടെ ഉത്തമ സഹോദരൻ മുഹമ്മദ് ഹനീഫ് അബ്ദുർറഹ്മാൻ നിർവഹിച്ച ഈ തർജ്ജമ ആദ്യവസാനം ഞാൻ വായിക്കുകയും മൂലഗ്രന്ഥവുമായി ഒത്തു നോക്കുകയും ചെയ്തപ്പോൾ തർജ്ജമ ശരിയാണെന്നും മലയാളികൾക്ക് ഇത് പ്രയോജനം ചെയ്യുമെന്നും കാണാനായി. അതിനാൽ മൂന്ന് കോടിയോളം വരുന്ന കേരളക്കാർക്കിടയിൽ ഈ ഗ്രന്ഥത്തിന് പ്രചാരം നൽകികൊണ്ട് നമ്മയുടെ ആളുകൾ അവരുടെ ബാധ്യത നിറവേറ്റുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. അല്ലാഹു അനുഗ്രഹിക്കട്ടെ-

ഹുസൈൻ അബൂബക്കർ കോയ (ഒപ്പ്)
പ്രിൻസിപ്പൽ: റൗദത്തുൽ ഉലൂം അറബിക്കോളേജ്
ഫറൂക്ക്-കേരള-ഇന്ത്യ.
25-5-1422 H

# ഉപോദ്ഘാതം

പ്രവാചക സമൂഹത്തിന്റെ നേതാവിനെ പിൻപറ്റുക വഴി നമ്മെ സൻമാർഗ്ഗത്തിലാക്കിയ അല്ലാഹുവിന് സർവ്വത്ര സ്തുതി. ദീനിന്റെ സമുജ്ജ്വലസോപാനത്തിലേക്ക് ഹിദായത്തിന്റെ മഹിത ശോഭയുമായി നമ്മെ വഴി നടത്തിയവൻ. സച്ചരിതരായ പൂർവ്വികരിലേക്കുള്ള പാത സുഗമമാക്കിത്തന്നവൻ. ശരീഅത്ത് വിളക്കുമാടങ്ങളാൽ നമ്മുടെ ഹൃദയങ്ങളെ പ്രകാശപൂരിതമാക്കിയവൻ. നവാചാര-അനാചാര മലിനതകളിൽ നിന്നും ദീനി മോക്ഷവും ശുദ്ധിമാർഗ്ഗങ്ങളും കാട്ടിത്തന്നവൻ. അചഞ്ചലമായ വിശ്വാസചൈതന്യം തന്നനുഗ്രഹിച്ച ആ രക്ഷിതാവിനെ ഞാൻ സ്തുതിയ്ക്കുന്നു. ഉറപ്പാർന്ന പിടികയറിൽ എനിക്കു പിടിത്തം തന്നവൻ. ആ കാരുണ്യവാനിൽ ഞാൻ നന്ദി ചൊരിയുന്നു. അവനാണല്ലാഹു. ആരാധനക്കർഹനായി അവനല്ലാതെ മറ്റാരുമില്ലെന്ന് ഞാൻ സാക്ഷിയാവുന്നു. യാതൊരു പങ്കാളിയുമില്ലാത്തവിധം ഏകനായവൻ. മുഹമ്മദ്(സ) അവന്റെ അടിമയും ദൂതനുമാണെന്നും ഞാൻ സാക്ഷിയാവുന്നു. മുൻകാല-പിൻകാലക്കാർക്കൊക്കെയും നേതാവായവർ. അല്ലാഹു അവരിൽ കരുണാകടാക്ഷങ്ങളേകട്ടെ. അവിടുത്തെ അനുചരരിലും, സത്യവിശ്വാസികളുടെ മാതാക്കളും വിശുദ്ധരുമായ അവിടുത്തെ ധർമ്മ പത്നിമാരിലും അന്ത്യനാൾ വരെ ആ പുണ്യവാന്റെ നൻമയെ പിൻപറ്റി ജീവിച്ച മനുഷ്യകുലത്തിനാകെയും നിരന്തരം അനുഗ്രഹങ്ങൾ വന്നുചേരുമാറാകട്ടെ. അല്ലാഹുവെ അവരിൽ സമാധാനവും സ്വസ്തിയും വർഷിക്കണെ. കാല ബന്ധ

ങ്ങളുടെ വിടവുകളടക്കം നിധാ അതിരുകളില്ലാത്തത്രെ!

ഞാൻ റസൂൽ(സ) യെ സ്നേഹിക്കുന്നുവെന്ന് വാദിക്കാത്തവരായി അവിടുത്തെ ഉമ്മത്തിൽ ആരുണ്ട്?! എന്നല്ല പ്രവാചകനോടുള്ള സ്നേഹം കനപ്പെട്ട ഗ്രന്ഥങ്ങളായും മണിക്കൂറുകളനവധി കവർന്നെടുത്ത ഒട്ടേറെ വേദികളിലെ പ്രഭാഷണങ്ങളായും വിശദീകരിച്ചവരെത്രയെത്ര! എന്നാൽ മുഹമ്മദ്(സ)യെ സ്നേഹിക്കേണ്ടത് എപ്രകാരമാണെന്ന് മനുഷ്യലോകത്തിന് പഠിപ്പിച്ചുകൊടുത്ത ആദ്യത്തെ സമൂഹം അവിടുത്തെ അനുചരന്മാരാണ്. മനസ്സ് കൊണ്ടും വാക്കുകൊണ്ടും കർമ്മങ്ങൾ കൊണ്ടും അവരത് പ്രകടമാക്കി. ലോകാവസാനം വരെ വരാനിരിക്കുന്ന ഈ സമുദായത്തിന്റെ പ്രതിനിധികൾക്കൊന്നടങ്കമുള്ള എക്കാലത്തേക്കുമുള്ള നിത്യഹരിത മാതൃക! ഉമർ(റ) പറഞ്ഞു:

والله يا رسول الله لأنت احب الي من كل شيئ الا من نفسي

(അല്ലാഹുവാണെ ഞാനൊഴിച്ച് മറ്റെല്ലാറ്റിനേക്കാളും എനിക്കേറ്റവും പ്രിയങ്കരൻ, അല്ലാഹുവിന്റെ റസൂലെ താങ്കളാണ്)

അപ്പോൾ റസൂൽ(സ) പറഞ്ഞു:

لا يؤمن احدكم حتى اكون احب إليه من نفسه

(തന്നെക്കാളും പ്രിയങ്കരൻ ഞാനാകുന്നത് വരെ നിങ്ങളിലൊരാളും വിശ്വാസിയാവുകയില്ല). ലോകം കണ്ട ഏറ്റവും ഉത്കൃഷ്ടരായ പ്രവാചക ഖലീഫമാരിൽ ഒരാളായ ഉമർ(റ) പോലും വിശ്വാസിയാവുകയില്ലെന്നോ?! സമുദ്രത്തിന്റെ അഗാധഗർത്തങ്ങളിലേക്കാണ് തങ്ങളെ നയിക്കുന്നതെങ്കിൽ അവിടേക്കു പോലും റസൂൽ(സ)യെ പിൻതുടരാൻ തയ്യാറായി കൊണ്ടിരിക്കുന്ന സഹാബാക്കളിൽ ഒരാൾ. അദ്ദേഹം തൊട്ടിടയിൽ ഇങ്ങനെ പ്രതികരിച്ചു.

**فأنت الآن والله احب الي من نفسي**

(എന്നാൽ അല്ലാഹുവാണെ! താങ്കളാണിപ്പോൾ എന്റെ സ്വന്തത്തെക്കാളും എനിക്കേറെ പ്രിയങ്കരൻ.)

അല്ലാഹുവിന്റെ ദൂതർ അപ്പോൾ പറഞ്ഞു: **الآن يا عمر** (ഉമറേ, ഇപ്പോഴായി)എന്ന്. ഉമർ(റ)വിനെപ്പോലും വിശ്വാസത്തിന്റെ മാധുര്യത്തിലേക്ക് കൊണ്ടുവന്ന മൊഴി **الآن يا عمر** ജീവിച്ചിരിക്കുന്ന ഓരോ മുസ്‌ലിമും ഉമർ(റ)വിന്റെ പേരിന്റെ സ്ഥാനത്ത് തന്റെ പേര് പകരം വെച്ച് ആത്മപരിശോധന നടത്തേണ്ട മൊഴി. ഞാൻ വിശ്വാസിയായോ! ഒരു മനുഷ്യായുസ്സിൽ താൻ സ്നേഹ സമ്പാദിതമാക്കിവെച്ച ഒട്ടേറെ 'നിധികൾ'ക്കു മീതെ അല്ലാഹുവോടും അവന്റെ ദൂതരോടുമുള്ള നമ്മുടെ സ്നേഹത്തെ കൊണ്ടുവന്നു സ്ഥാപിക്കാൻ നമുക്കായിട്ടില്ലെങ്കിൽ നാം ധിക്കാരികളായിത്തീരുമെന്ന കാര്യത്തിൽ സംശയമില്ല. അല്ലാഹുവിന്റെ ഭയാനകമായ ശിക്ഷകൾ കാത്തിരി

തരാറുന്ന ആ ദുർമാർഗ്ഗികൾക്ക് താക്കീതായി ഈ വരി നമുക്ക് പാരായണം ചെയ്യാം.

قل ان كان آباؤكم وأبناؤكم و اخوانكم وازواجكم وعشيرتكم واموال اقترفتموها وتجارة تخشون كسادها ومساكن ترضونها احب اليكم من الله ورسوله وجهاد في سبيله فتربصوا حتى ياتي الله بامره

(നബിയേ) പറയുക: നിങ്ങളുടെ പിതാക്കളും നിങ്ങളുടെ പുത്രന്മാരും നിങ്ങളുടെ സഹോദരങ്ങളും നിങ്ങളുടെ ഇണകളും നിങ്ങളുടെ ബന്ധുക്കളും നിങ്ങൾ സമ്പാദിച്ചുകൂട്ടിയ സ്വത്തുക്കളും മാന്ദ്യം നേരിടുമെന്ന് നിങ്ങൾ ഭയപ്പെടുന്ന കച്ചവടവും നിങ്ങൾ തൃപ്തിപ്പെടുന്ന പാർപ്പിടങ്ങളും അല്ലാഹുവെക്കാളും അവന്റെ റസൂലിനെക്കാളും അവന്റെ മാർഗ്ഗത്തിലുള്ള ജിഹാദിനെക്കാളും നിങ്ങൾക്കു പ്രിയങ്കരമാണെങ്കിൽ അല്ലാഹു അവന്റെ കൽപ്പനയുമായി വരുന്നതുവരെ നിങ്ങൾ കാത്തിരുന്നുകൊള്ളുക. (തൗബ:24)

ഹയാത്തിന്റെ പ്രിയങ്കരങ്ങളായ എട്ടിനം വസ്തുക്കളാണ് മേൽ സൂക്തത്തിൽ നാം കണ്ടത്. ജീവിതവ്യവസ്ഥകളെ സംവിധാനിച്ച ലോകരക്ഷിതാവ് ജീവിത ബന്ധങ്ങളെയെല്ലാം ഈ ഒരു വരിയിൽ സംവിധാനിച്ചിരിക്കുന്നു. ഇവിടെയാണോർത്തു നോക്കേണ്ടത്; തന്റെ മനസ്സിൽ ഏറ്റവും പ്രിയങ്കരമായി നിലകൊള്ളുന്നത് ഏത് താൽപര്യമാണെന്ന്. അല്ലാഹുവോടും അവന്റെ ദൂത

രോടുമുള്ളതിനേക്കാൾ കൂടുതൽ ഇഷ്ടം റസൂലിനോടുമുണ്ടോ എന്ന്.

റസൂൽ(സ)യുടെ അനുചരന്മാരാണ് റസൂൽ(സ) യെ എങ്ങനെ സ്നേഹിക്കണമെന്നതിന്നു നമുക്കു മാതൃക. റസൂൽ (സ)യുടെ ജീവിതം നേരിട്ടു പകർത്തിയവരാണല്ലോ. പകർത്തെടുക്കുന്ന ജീവിതം ഏതുപ്രകാരം കുറ്റമറ്റതാക്കണമെന്നും റസൂൽ(സ) ശ്രദ്ധിച്ചിരിന്നു. അഥവാ ഈ മതം എങ്ങനെയാണ് സമ്പൂർണ്ണമായ ഒരു ജീവിതമാർഗം എന്ന് തിരുമേനി (സ) അവരെ പഠിപ്പിച്ചിരുന്നു. എന്നല്ല അതായിരുന്നു അവിടുത്തെ നിയോഗലക്ഷ്യം. മുഹമ്മദ്(സ) യുടെ മാത്രമല്ല, എല്ലാ പ്രവാചകന്മാരുടെയും സ്ഥിതി ഇപ്രകാരം തന്നെ. തിരുമേനി(സ) തന്നെ പറയട്ടെ:

**ما بعث الله من نبي الا كان حقا عليه ان يدل امته على خير ما يعلمه لهم وينذرهم شر ما يعلمه لهم**

(തന്റെ സമുദായത്തെ നന്മയിലേക്ക് മാർഗ്ഗദർശനം നൽകേണ്ട കാര്യങ്ങൾ അവർക്ക് പഠിപ്പിച്ചുകൊടുക്കുകയും തിൻമയെക്കുറിച്ച് അവർക്ക് മുന്നറിയിപ്പു നൽകേണ്ട കാര്യങ്ങൾ അവർക്ക് പഠിപ്പിച്ചു കൊടുക്കുകയും ചെയ്യുക എന്ന ഉത്തരവാദിത്തം അർപ്പിതമായിട്ടല്ലാതെ പ്രവാചകരിൽ ഒരുത്തരെ(ആരെയും) അല്ലാഹു നിയോഗിച്ചിട്ടില്ല-മുസ്‌ലിം) അപ്പോൾ ഈ മതം കുറ്റമറ്റരൂപത്തിൽ സമ്പൂർണ്ണമായി അവരെ ഏൽപ്പിക്കുക

എന്നത് അവിടുത്തെ നിയോഗമായി. അവരുടെ കർമ്മരീതിക ളിൽ അതിപ്രസരങ്ങളോ ചോർച്ചയോ വന്നുപോവുന്നതിൽ അങ്ങേയറ്റം ജാഗ്രത കൊള്ളുകയും ചെയ്തു. മതവിഷയങ്ങൾ പഠിക്കുന്ന ഒരു വിദ്യാർഥി ഇതു സംബന്ധമായ ഉദാഹരണ ങ്ങൾ കൊണ്ട് ഈ മതം നിറഞ്ഞുനിൽക്കുന്നുവല്ലോ എന്ന് അതിശയപ്പെടും.

ഐച്ഛിക നമസ്കാരത്തിന്റെയും നോമ്പിന്റെയും അതി ശയമാർന്ന പുണ്യങ്ങളെക്കുറിച്ച് റസൂലിൽ നിന്ന് കേട്ട സ്വഹാ ബികൾ അത് കരസ്ഥമാക്കാൻ പരിശ്രമിക്കുന്നവരായി മാറി. എന്നാൽ അത് പ്രകൃതത്തിൽ നിന്നൽപ്പം കൂടുതലായി ചെയ്ത അബ്ദുല്ലാഹ് ബിൻ അംറുബിനുൽ ആസ്വ് എന്ന സ്വഹാബി യോട് റസൂൽ(സ) ചോദിച്ചു:

**يا عبد الله ألم أخبر أنك تصوم النهار و تقوم الليل**

(ഓ അബ്ദുല്ലാഹ്! നീ (എല്ലാ)പകലും നോമ്പെടുക്കുകയും (എല്ലാ) രാത്രിയും നമസ്കരിക്കുകയും ചെയ്യുന്നു വെന്നറിഞ്ഞല്ലോ?) അദ്ദേഹം പറഞ്ഞു: “അതെ, അല്ലാഹുവി ന്റെ റസൂലേ”. തിരുമേനി(സ) പറഞ്ഞു:

**فلا تفعل، صم وافطر وقم ونم؛ فإن لجسدك عليك حقـــا، وإن لعينيك عليك حقا، وإن لزوجك عليك حقا**

(എന്നാൽ നീ അങ്ങനെ ചെയ്യരുത്. നോമ്പെടുക്കുകയും നോമ്പു മുറിക്കുകയും ചെയ്യുക. (രാത്രി) എഴുന്നേറ്റു നമസ്കരിക്കുകയും ഉറങ്ങുകയും ചെയ്യുക. എന്തെന്നാൽ നിന്റെ ശരീ

ശരീരത്തോട് നിനക്ക് കടപ്പാടുണ്ട്, നിന്റെ കണ്ണിനോട് നിനക്ക് കടപ്പാടുണ്ട്,നിന്റെ ഇണയോടും നിനക്ക് കടപ്പാടുണ്ട് ബുഖാരി.) എല്ലാ പകലിലും നോമ്പെടുക്കുകയും എല്ലാ രാത്രിയിലും നമസ്കാരത്തിൽ കഴിയുകയും ചെയ്ത സഹാബിയെ മതത്തിന്റെ-ഇബാദത്തിന്റെ-അതിർത്തികൾ പഠിപ്പിക്കുകയാണ് ഇവിടെ തിരുമേനി(സ).

ഉഹ്ദ് യുദ്ധത്തിന്റെ പടയൊരുക്കം നടക്കുന്നു. സ്വന്തം വാൾ ഊരി നീട്ടിക്കൊണ്ട് തിരുമേനി(സ) ചോദിക്കുന്നു: "ഈ വാളിന്റെ ബാധ്യത നിർവ്വഹിക്കാൻ ധൈര്യമുള്ള ആരുണ്ടിവിടെ ഇത് സ്വീകരിക്കാൻ?" എന്താണ് വാളിന്റെ ബാധ്യതയെന്ന് അപ്പോൾ ചോദിക്കപ്പെട്ടു. "ഈ വാൾ മുറിയുന്നതു വരെ ശത്രുവുമായി പൊരുതുക". തിരുമേനി(സ) പ്രതിവചിച്ചു. ആളുകൾ ആ ഗൗരവക കാര്യത്തിനു ഒരുങ്ങി ധൃതി കൂട്ടി. ആർക്കും അത് നൽകിയില്ല. അബൂദുജാന(റ)ക്കാണ് തിരുമേനി (സ) അത് നൽകിയത്. വാൾ കയ്യിൽ കിട്ടിയതോടെ, യുദ്ധഭൂമിയിലെ അദ്ദേഹത്തിന്റെ പതിവുപോലെ സൈന്യനിരകൾക്കിടയിൽ (പ്രവാചകനാൽ തനിക്കു കിട്ടിയെന്ന അഭിമാനത്തോടെയും ശത്രുവിനു നേരെ വീരഗർവ്വോടെയും) അദ്ദേഹം തുള്ളിച്ചാടി നടക്കാൻ തുടങ്ങി. അതുകണ്ട പ്രവാചകൻ(സ) പറഞ്ഞു; "ഇത്തരം സന്ദർഭങ്ങളിലൊഴിച്ച് അല്ലാഹുവിന് കോപമുണ്ടാക്കുന്ന നടത്തമാണത്"

നോക്കൂ..... സഹാബികൾക്കിടയിലെ ഒരു ശീലത്തിനു അതിരുകളിടുകയാണ് തിരുമേനി(സ). അവിടെ നബി(സ)

മൗനം പാലിക്കുകയായിരുന്നുവെങ്കിൽ തുള്ളിച്ചാടി നടത്തം യുദ്ധഭൂമിക്കും അപ്പുറത്തേക്ക് അനുവദനീയമായി മാറുമായിരുന്നു. എന്നാൽ (ഇത്തരം) തുള്ളിച്ചാടിയുള്ള നടത്തം അല്ലാഹുവിന് കോപമുണ്ടാക്കുന്നതാണെന്നും യുദ്ധഭൂമിയിൽ മാത്രമേ അനുവദിക്കപ്പെട്ടിട്ടുള്ളുവെന്നുമാണ് ഇവിടെ പഠിപ്പിക്കുന്നത്.

അബൂബക്കർ(റ)വും ഹൻദല(റ)വും പരസ്പരം കണ്ടുമുട്ടി. അബൂബക്കർ(റ): "ഹൻദലാ എങ്ങനെയുണ്ട്"? ഹൻദല(റ) : "ഹൻദല കപടവിശ്വാസം കാണിച്ചു" അബൂബക്കർ(റ): "സുബ്ഹാനല്ലാഹ്! എന്താ നീ പറയുന്നത്!" ഹൻദല(റ): " നാം റസൂൽ (സ)യുടെ സന്നിധിയിലായിരിക്കവെ സ്വർഗ്ഗനരകങ്ങളെക്കുറിച്ചൊക്കെ ഓർമ്മിപ്പിച്ചാൽ നമുക്കത് നമ്മുടെ കൺമുമ്പിൽ കാണുന്നത് പോലെ അനുഭവപ്പെടുന്നു. എന്നാൽ റസൂൽ(സ)യുടെ അടുത്ത് നിന്ന് പോന്ന് ഭാര്യമാരും മക്കളും കൃഷിയിടവുമായി വ്യാപരിച്ചു കഴിഞ്ഞാലോ നാം ധാരാളം വിസ്മരിച്ചു പോകുന്നു". അബൂബക്കർ(റ): "അല്ലാഹുവാണെ,ഞാനും അപ്രകാരം അഭിമുഖീകരിക്കുന്നു".

അവർ രണ്ടുപേരും ഈ പ്രശ്നം തിരുമേനി(സ)യുടെ മുന്നിൽ അവതരിപ്പിച്ചു. അപ്പോൾ തിരുമേനി(സ)പറഞ്ഞു:

**والذي نفسي بيده ان لو تدومون على ما تكونون عندي وفي الذكر لصافحتكم الملائكة على فرشكم وفي طرقكم، ولكن يـا حنظلة ساعة وساعة (ثلاثة مرات)**

(എന്റെ ആത്മാവ് ഏതൊരുവന്റെ കൈയിലാണോ അവൻ തന്നെ യാണ, നിങ്ങളെന്റരികിലായിരിക്കുമ്പോഴും അതേ സ്മരണ യിലുമാണ് എപ്പോഴുമെങ്കിൽ മലക്കുകൾ നിങ്ങളുടെ വിരിപ്പു കളിലും നിങ്ങളുടെ വഴികളിലും നിങ്ങളെ ഹസ്തദാനം ചെയ്തേനെ. പക്ഷെ ഹൻളല; സമയവും സന്ദർഭവുമുണ്ട്. (മൂന്നു തവണ ആവർത്തിച്ചു) -മുസ്‌ലിം.) അതായത് ഹൃദയം ചില സമയം അങ്ങിനെയും ചില സമയം ഇങ്ങിനെയുമുണ്ട്. എല്ലായ്പോഴും ഒരേ അവസ്ഥയിൽ തന്നെ വരിക പ്രയാസമാ ണെന്നു സാരം.

സ്വഹാബികൾ പരസ്പരം ഈമാനുകളെ പരിരക്ഷി ക്കുന്നതിൽ ശ്രദ്ധിച്ചിരുന്നു. അവരിലൊരാളുടെ ഈമാനുക ളിൽ വരുന്ന ഏറ്റക്കുറച്ചിലുകൾ പരസ്പരം തിരുത്തുന്നതിൽ ബദ്ധശ്രദ്ധരുമായിരുന്നു അവർ. ഒരുദാഹരണം നോക്കൂ... ഇമാം ബുഖാരി(റ) റിപ്പോർട്ടുചെയ്യുന്നു: സൽമാൻ(റ)നെയും അബുദർദാഅ്(റ)നെയും പരസ്പരം സാഹോദര്യബന്ധത്തി ലാക്കിയിരുന്നു റസൂൽ(സ). അങ്ങിനെ (ഒരിക്കൽ) സൽമാൻ(റ), അബുദർദാഅ്(റ)നെ സന്ദർശിച്ചു. എന്നാൽ (അ വിടെ) അദ്ദേഹം ഉമ്മുദർദാഅ്(റ) (അബുദർദാഇന്റെ ഭാര്യ) യെ മുഷിഞ്ഞു അലങ്കാര രഹിതയായി കാണപ്പെട്ടു. അദ്ദേഹം അവ രോട് ചോദിച്ചു: "നിങ്ങൾക്കെന്തുപറ്റി?" അവർ പറഞ്ഞു: നിങ്ങ ളുടെ സഹോദരൻ അബുദർദാഇന് ഇഹലോക താൽപര്യങ്ങ ളൊന്നും ഇല്ല. (ഭാര്യാഭർതൃബന്ധങ്ങളിൽ നിന്നൊക്കെ അകന്ന് ഇബാദത്തുമായി കഴിഞ്ഞുകൂടുകയാണെന്ന് വ്യംഗ്യം)

അപ്പോൾ അബുദ്ദർദാഅ്(റ) കടന്നു വന്നു. അദ്ദേഹത്തിനു വേണ്ടി ഭക്ഷണം ശരിപ്പെടുത്തിക്കൊണ്ട് അദ്ദേഹം പറഞ്ഞു: "കഴിക്കൂ..ഞാൻ നോമ്പെടുത്തിരിക്കുകയാണ്" അപ്പോഴദ്ദേഹം (സൽമാൻ(റ)) പറഞ്ഞു: "താങ്കൾ കഴിക്കാതെ ഞാൻ കഴിക്കുകയില്ല". അങ്ങനെ അദ്ദേഹം കഴിച്ചു. രാത്രിയായപ്പോൾ അബുദ്ദർദാഅ്(റ) നമസ്കാരത്തിനായി എഴുന്നേൽക്കാൻ തുനിഞ്ഞു. അപ്പോഴദ്ദേഹം (സൽമാൻ(റ)) പറഞ്ഞു: "ഉറങ്ങൂ"... അദ്ദേഹം ഉറങ്ങി. വീണ്ടും (കുറച്ചു കഴിഞ്ഞു) എഴുന്നേൽക്കാൻ തുനിഞ്ഞു. അപ്പോൾ അദ്ദേഹം (സൽമാൻ(റ)) പറഞ്ഞു "ഉറങ്ങൂ..." അങ്ങനെ അവസാനയാമത്തിലെത്തിയപ്പോൾ സൽമാൻ(റ) പറഞ്ഞു: "ഇപ്പോൾ എഴുന്നേൽക്കൂ ..."അങ്ങനെ അവർ രണ്ടു പേരും നമസ്കരിച്ചു. തുടർന്ന് സൽമാൻ(റ) അദ്ദേഹത്തോടു പറഞ്ഞു: നിന്റെ റബ്ബിനോടു നിനക്കു ബാധ്യതയുണ്ട്. നിന്റെ കുടുംബത്തോട് നിനക്ക് ബാധ്യതയുണ്ട്. അതിനാൽ എല്ലാ അവകാശിക്കും അതിന്റെ അവകാശം നൽകുക. നബി(സ) വന്നപ്പോൾ അക്കാര്യം അദ്ദേഹത്തെ ഉണർത്തി. അപ്പോൾ തിരുമേനി(സ) പറഞ്ഞു: "സൽമാൻ പറഞ്ഞത് സത്യം."

ഇബാദത്തുകൾക്ക് ഒരു ക്രമമുണ്ടെന്നാണ് ഇവിടെ പഠിപ്പിക്കുന്നത്. ഒട്ടേറെ ഉത്തരവാദിത്വങ്ങളെ അവഗണിച്ച് ഒരു ബിന്ദുവിലേക്ക് ചുരുങ്ങി അതിൽ ഇബാദത്തിനെ ഒരു മഹാത്യാഗമാക്കി ദുഷ്കരമാക്കുന്നതിനെ നിയന്ത്രിക്കപ്പെടുകയാണിവിടെ.

ഇപ്രകാരമാണ് മുഹമ്മദ്(സ) അവരെ പാകപ്പെടുത്തിയത്. ഇപ്രകാരമാണ് മുഹമ്മദ്(സ)യിൽ നിന്ന് അവർ പാകപ്പെട്ടത്. ഇപ്രകാരമാണ് അവർ പരസ്പരം സംസ്കൃതരായത്. ഇസ്‌ലാമിക മൂല്യങ്ങളുടെ ഏറ്റവും സമ്പന്നമായ ഒരു കാലഘട്ടമായിരുന്നു അത്. അവരെത്ര ഭാഗ്യവാൻമാർ! ആ വിശുദ്ധ ജീവിതത്തോടൊപ്പം ജീവിയ്ക്കാൻ, ആ തിരുദൂതരോടൊപ്പം സഹവസിയ്ക്കാൻ, ആ പൂമുഖത്തെ കൺകുളിർക്കെ കാണാൻ അല്ലാഹു തിരഞ്ഞെടുത്തവർ.ആ കാലഘട്ടം എത്ര സൗഭാഗ്യകരം എന്ത് സുഗന്ധദായകം, എത്ര സുന്ദരം. അവരെ അല്ലാഹു വാഴ്ത്തി.

والسابقون الأولون من المهاجرين والأنصار والذين اتبعوهم
بإحسان رضي الله عنهم ورضوا عنه

(മുഹാജിറുകളിൽനിന്നും അൻസ്വാറുകളിൽനിന്നും ആദ്യമേ മുൻകടന്നു വന്നവരും സുകൃതം കൊണ്ടും അവരെ പിൻപറ്റിയവരും; അവരെ അല്ലാഹു തൃപ്തിപ്പെട്ടിരിക്കുന്നു. അവർ അവനെയും തൃപ്തിപ്പെട്ടിരിക്കുന്നു-തൗബ: 100)

മുഹാജിറുകളായ മക്കക്കാരും, അപ്രകാരം ഹിജ്റ വന്നവരും, മദീനക്കാരായ അൻസ്വാറുകളും ചേർന്ന് ഇസ്‌ലാമിലേക്ക് വന്ന റസൂൽ(സ)യുടെ സ്വഹാബികളാണ്, അല്ലാഹു തൃപ്തിപ്പെടുകയും അല്ലാഹുവെ തൃപ്തിപ്പെടുകയും ചെയ്ത ആ മുൻകടന്നുവന്നവർ. സുകൃതത്തിന്റെ കാര്യം പറയാതെതന്നെ

യാണ് അല്ലാഹു അവരെ തൃപ്തിപ്പെട്ട കാര്യം പറയുന്നത്. പിന്നെ മാത്രമാണ് സുകൃതത്തിൽ ഈ സഹാബിമാരെ പിൻപറ്റിയ താബിഉകളെപറ്റി പറയുന്നത്.

അല്ലാഹു തൃപ്തിപ്പെട്ട ഈ സമൂഹത്തിന്റെ സന്നിധിയിലാണ് സമ്പൂർണ്ണമായ രൂപത്തിൽ ഈ മതം പൂർത്തീകരിച്ച വിവരം അല്ലാഹു തിരുദൂതരിലൂടെ പ്രഖ്യാപിക്കുന്നത്.

**اليوم اكملت لكم دينكم و اتممت عليكم نعمتي و رضيت لكم الإسلام دينا**

(ഇന്ന് ഞാൻ നിങ്ങൾക്ക് നിങ്ങളുടെ മതം പൂർത്തിയാക്കിത്തന്നിരിക്കുന്നു. എന്റെ അനുഗ്രഹം നിങ്ങൾക്ക് ഞാൻ നിറവേറ്റിത്തരികയും ചെയ്തിരിക്കുന്നു. ഇസ്ലാമിനെ മതമായി നിങ്ങൾക്കു ഞാൻ തൃപ്തിപ്പെട്ടുതരികയും ചെയ്തിരിക്കുന്നു–മാഇദ: 3) അവർ ജീവിച്ച നൂറ്റാണ്ടിനെ, ആ മനുഷ്യതലമുറയെ ഏറ്റവും ഉത്തമമായ തലമുറയെന്ന് റസൂൽ(സ) വാഴ്ത്തിപ്പറഞ്ഞു. റസൂൽ(സ)യെ എങ്ങിനെ സ്നേഹിക്കുകയും പിൻപറ്റുകയും ചെയ്യണമെന്ന് അവരാണ് ലോകത്തിന് ആദ്യമായി കാണിച്ചുകൊടുത്തത്. അതുകൊണ്ടാണ് ആ ഉത്കൃഷ്ടസമൂഹത്തെ പിൻപറ്റാൻ അവിടുന്ന് കൽപ്പിച്ചത് അത്രെ. സ്വന്തമായ സഹൃദ! തിരുമേനി(സ) പറഞ്ഞു,

**عليكم بسنتي وسنة الخلفاء الراشدين المهديين من بعدي**

(നിങ്ങൾ എന്റെ ചര്യയും എനിക്കുശേഷം സന്മാർഗ്ഗികളായ ഖുലഫാഉർറാഷിദുകളുടെ ചര്യയും മുറുകെപ്പിടിക്കുക–

അസ്ഹാബുസ്സുനൻ-അഹ്മദ്, ദാരിമി.) റസൂൽ (സ)യെ എങ്ങനെ പിൻപറ്റണമെന്നത് ഖുലഫാഉർറാശിദുകളുടെ ചര്യയിലൂടെ മാത്രമേ നമുക്ക് കാണാനാവൂ. അവർ റസൂൽ (സ)യെ സ്ഥാപിച്ച അതേ സ്ഥാനത്തായിരിക്കണം നാമും റസൂൽ(സ)യെ സ്ഥാപിക്കേണ്ടത്. അതിലംഘനമോ ലാഘവമോ വന്നു ചേരാത്ത വിധമായിരിക്കണം അത്. തിരുമേനി(സ) പറഞ്ഞു:

**لا تطروني كما اطرت النصارى ابن مريم انما انا عبد فقولوا عبد الله و رسوله**

(മറിയമിന്റെ പുത്രനെ-ഈസായെ-ക്രിസ്ത്യാനികൾ പുകഴ്ത്തിയ പോലെ എന്നെ നിങ്ങൾ (അമിതമായി) പുകഴ്ത്തരുത്. നിശ്ചയം ഞാനൊരടിമ മാത്രമാണ്. അതിനാൽ അല്ലാഹുവിന്റെ അടിമയും അവന്റെ റസൂലുമെന്ന് നിങ്ങൾ പറയുക), അവർ തിരുമേനി(സ)യെ ആദരിക്കുന്നതിൽ പിശുക്ക് കാണിച്ചിട്ടില്ല. അതി മറന്നിട്ടുമില്ല. അതിൽ അവർക്ക് പോരായ്മ വന്നുവെന്ന് പറയുകയോ ചിന്തിക്കുന്നതുപോലും പാപമായിത്തീരും. തിരുമേനി(സ) പറഞ്ഞു

**لا تسبوا من اصحابي، فإن احدكم لو انفق مثل أحد ذهبا ما ادرك مد احدهم ولا نصيفه**

(എന്റെ സ്വഹാബികളെ നിങ്ങൾ ആക്ഷേപിക്കരുത്. നിങ്ങളിലൊരാൾ ഉഹ്ദ് (മല)യോളം സ്വർണ്ണം ധർമ്മം ചെയ്താലും അവരിലൊരാളുടെ (സ്വഹാബികളിലൊരാളുടെ രണ്ടു കൈപ്പത്തികളും ചേർത്ത) കൈക്കുമ്പിളിനോളമോ അതിന്റെ പകു

തിയൊരുഭാഗം വരികയില്ല തന്നെ-ബുഖാരി) ഇമാം മുസ്‌ലിം റിപ്പോർട്ട് ചെയ്ത ഹദീസിൽ **لا تسبوا احدًا من اصحابي** (എന്റെ സ്വഹാബികളിലൊരാളെയും നിങ്ങൾ ആക്ഷേപിക്കരുത്) എന്നാണ് കുറിച്ചിട്ടുള്ളത്.

റസൂൽ(സ)ക്കു ശേഷം ലോകം കണ്ട വലിയ്യുകളുടെ സമൂഹമാണത്. സിദ്ദീഖീങ്ങളുടെ കൂട്ടം. ആരിഫീങ്ങളുടെ കൂട്ടം. ഇമാമുകളുടെ കൂട്ടം. ഇസ്‌ലാമികാകാശത്തിലെ നക്ഷത്ര സമൂഹങ്ങൾ. ഏത് സംസ്കാരങ്ങളിലും ഉജ്ജ്വല വിസ്മയങ്ങളായി വർത്തിച്ച വഴികാട്ടികൾ. മുഹദ്ദിസീങ്ങളുടെ തലവൻമാർ. ഉലമാക്കൻമാരുടെ സൂര്യൻമാർ. ഔലിയാക്കളുടെ കിരീടങ്ങൾ. റസൂൽ(സ) പറഞ്ഞു:

**اكرموا اصحابي فانهم خياركم**

(എന്റെ സ്വഹാബികളെ നിങ്ങൾ ആദരിക്കുവിൻ. എന്തുകൊണ്ടെന്നാൽ അവരാണ് നിങ്ങളിലെ ഉത്തമൻമാർ-അഹ്മദ്, നസാഈ,ഹാകിം). മറ്റൊരു റിപ്പോർട്ടിൽ ഇങ്ങനെയും കാണാം. **احفظوني في اصحابي** (എന്റെ സ്വഹാബികളിൽ (നിന്ന് എന്റെ പദവി(ഉൾക്കൊണ്ട്) എന്നെ നിങ്ങൾ നിലനിർത്തുക-ഇബ്നുമാജ,അഹ്മദ്,ഹാകിം). അതെ റസൂൽ(സ)യെക്കുറിച്ചു പഠിക്കാൻ അവിടുത്തെ സ്വഹാബികളിലൂടെ മാത്രമേ മാർഗ്ഗമുള്ളൂ. റസൂൽ (സ) സ്നേഹിച്ച, റസൂൽ (സ) യെ സ്നേഹിച്ച, നമ്മിലെ ഏറ്റവും ഉത്കൃഷ്ടരായവർ. റസൂൽ(സ) വാഴ്ത്തിപ്പറഞ്ഞ സമൂഹം. അവിടുന്ന് പറഞ്ഞു; **خير امتي قرني** എന്റെ നൂറ്റാണ്ടാണ്-ഞാൻ ജീവിക്കുന്ന ഈ

തലമുറയാണ്-എന്റെ ഉമ്മത്തിലെ ഉത്തമൻമാർ (ബുഖാരി, മുസ്‌ലിം).ഏതൊരു മുസ്‌ലിമും റസൂൽ(സ)യെ പിൻപറ്റുന്നതിൽ, റസൂൽ(സ)യെ സ്നേഹിക്കുന്നതിൽ മാതൃകയാക്കേണ്ടത് ആ തലമുറയെയായിരിക്കണം. റസൂൽ(സ)ക്കു ശേഷം ലോകാവസാനം വരെ അറിവുകൊണ്ടും ഭക്തികൊണ്ടും അവരുടെ വിതാനത്തിലേക്ക് മറ്റാർക്കും എത്തിച്ചേരാനാവില്ല. ഇബ്നു ഉമർ(റ)പറഞ്ഞതായി ഇമാം അഹ്മദ്(റ)യും ഇബ്നു മാജയും മറ്റും റിപ്പോർട്ടു ചെയ്യുന്നു:

**لا تسبوا أصحاب محمد، فلمقام احدهم ساعة خير من عمل احدكم اربعين سنة**

(മുഹമ്മദ്(സ)യുടെ സ്വഹാബികളെ നിങ്ങൾ ആക്ഷേപിക്കരുത്. എന്തെന്നാൽ അവരിലൊരാളുടെ ഒരു സമയം നിങ്ങളിലൊരാളുടെ നാൽപ്പതു വർഷത്തെ കർമ്മങ്ങളെക്കാൾ ഉത്തമമാണ്.) മറ്റൊരു റിപ്പോർട്ടിൽ ഇങ്ങനെയും വന്നിരിക്കുന്നു: **خير من عبادة احدكم عمره** (നിങ്ങളിലൊരാൾ അയാളുടെ ആയുസ്സിൽ ചെയ്യുന്ന ഇബാദത്തിനേക്കാൾ ഉത്തമമാണ്) എന്ന്. നാമെത്രമാത്രം പുണ്യം ചെയ്താലും എത്രത്തോളം ഭക്തരായാലും അവരുടെ അറിവിന്റെയും ഭക്തിയുടെയും സമീപത്തെത്തുക പ്രയാസംതന്നെയായിരിക്കും. പിൽക്കാലത്തു വന്ന വല്ല ഇമാമിനെയോ വലിയ്യിനെയോ ശൈഖിനെയോ വല്ലവരും പുകഴ്ത്തി പറയുന്നത് നാം കേട്ടാൽ ആ പുകഴ്ത്തൽ അതിർ കവിയാത്തിടത്തോളം കാലം അത് അനുവദനീയമാണെന്ന് സമ്മതിച്ചുകൊണ്ടു തന്നെ പറയട്ടെ, അവരാരും സ്വഹാ

ബാധകമായിരുന്നില്ലല്ലോ എന്ന ഒരു മാനസിക വിഭ്രാന്തി അവരെപ്പറ്റി നാം ഉണ്ടാക്കിയിരിക്കുന്നു.

സ്വഹാബികൾ പറയുമായിരുന്നു: അവർക്ക് വല്ല വിപത്തോ നഷ്ടമോ വന്നതിനാൽ അവരത് വിസ്മരിച്ചിരുന്നതും സഹിച്ചിരുന്നതും റസൂൽ(സ) നമുക്ക് നഷ്ടപ്പെട്ടല്ലോ എന്ന കാര്യം ഓർത്തായിരുന്നു എന്ന്. അത്രത്തോളമാത്രം ആ ജീവിതത്തെ ആദരിക്കുകയും സ്നേഹിക്കുകയും ചെയ്തിരുന്നു. റസൂൽ(സ)യെക്കുറിച്ച് ഓർക്കുമ്പോഴും പറയുമ്പോഴും ഒക്കെ അവരിൽ പലരുടെയും കണ്ണുകൾ ഈറനണിഞ്ഞു.

താബിഉകളും അതിൽ നിന്നും വ്യത്യസ്തമായിരുന്നില്ല. അബ്ദുർറഹ്മാൻ അൽ ഖാസിം(റ), റസൂൽ (സ)യെക്കുറിച്ചു പറയുമ്പോൾ വിനയബഹുമാനാദികളാൽ അദ്ദേഹത്തിന്റെ മുഖം വിളറുകയും നാവു വരളുകയും ചെയ്യുമായിരുന്നു. അപ്രകാരം തന്നെ ആമിർ ബിൻ അബ്ദുല്ലാഹ്(റ)ന്റെ അടുക്കൽ വച്ച് വല്ലവരും റസൂൽ(സ)യെക്കുറിച്ച് സ്മരിച്ചാൽ അദ്ദേഹം വിങ്ങിക്കരയുമായിരുന്നു; അദ്ദേഹത്തിന്റെ കണ്ണിൽ നിന്ന് ഇനി ഒഴുകുവാൻ കണ്ണുനീർ ബാക്കിയില്ലാതാകുവോളം!

ഇതാ സഫ്വാനു ബിൻ സുലൈം(റ): ഇബാദത്തുകളിൽ വിശേഷിച്ചും നമസ്കാരത്തിന്റെ ആധിക്യത്തിൽ പ്രസിദ്ധനായ താബിഈ. റസൂൽ(സ)യെക്കുറിച്ച് പറഞ്ഞാൽ അദ്ദേഹം കരയുമായിരുന്നു. ആ കണ്ണുനീരിന്റെ പ്രവാഹം മൂലം ആളുകൾ അദ്ദേഹത്തെ സ്വസ്ഥമായി കരയാൻ വിട്ട് അവിടെ നിന്ന് പിരിഞ്ഞു പോവുകയും ചെയ്യുമായിരുന്നു.

എന്നാൽ ഖേദപൂർവ്വം പറയട്ടെ, റസൂൽ(സ)യെ ഓർക്കുമ്പോൾ നമ്മിൽ പലരുടെയും വായയും വയറുകളുമാണ് പകരു കരത്തു ഭോജ്യം!

റസൂൽ(സ)യെ സ്നേഹിച്ചവരുടെ വിവിധ മാതൃകകളാണ് നാം ഇതേ വരെ കണ്ടത്. ഇനി റസൂൽ(സ)യുടെ മൊഴികളെ അവർ എങ്ങിനെ സ്നേഹിച്ചെന്നു നോക്കൂ... സ്വഹാബികളുടെ രണ്ടാം തലമുറയിൽ പെട്ട പ്രസിദ്ധ പണ്ഡിതനായിരുന്നു അബ്ദുർറഹ്മാനു ബിൻ മഹ്ദിയ്യ്. അദ്ദേഹത്തിന്റെ ഹദീസു ക്ലാസിനെക്കുറിച്ച് ഇങ്ങിനെ രേഖപ്പെടുത്തുന്നു. അബ്ദുർറഹ്മാന്റെ സദസ്സിൽ ആരും സംസാരിക്കുകയോ എഴുത്തുകോൽ കൂർപ്പിക്കുകയോ പുഞ്ചിരിക്കുകയോ ചെയ്യുമായിരുന്നില്ല. ഒരാളും എഴുന്നേൽക്കുകയുമില്ല. അവരുടെ തലകളിലൊക്കെ പക്ഷികൾ ഇരിക്കുന്നതു പോലെ, അല്ലെങ്കിൽ അവർ നമസ്കാരത്തിലാണെന്ന പോലെ. (അത്രയ്ക്ക് നിശ്ശബ്ദം, നിശ്ചലം.) അവരിലാരെങ്കിലും പുഞ്ചിരിക്കുന്നതോ സംസാരിക്കുന്നതോ അദ്ദേഹം കണ്ടാൽ അദ്ദേഹം ചെരിപ്പിട്ടു പുറത്തിറങ്ങിപ്പോവുമായിരുന്നു. (سير اعلام النبلاء)

ഇമാം മാലിക്(റ)നെക്കുറിച്ച് ഇങ്ങനെ റിപ്പോർട്ട് ചെയ്യുന്നു: പ്രവാചക മൊഴികളെ അങ്ങേയറ്റം ആദരിച്ച വ്യക്തിയായിരുന്നു അദ്ദേഹം. കർമ്മശാസ്ത്ര വിഷയങ്ങൾ പഠിപ്പിക്കാനായി അദ്ദേഹം മജ്ലിസിൽ വരുമ്പോൾ അദ്ദേഹത്തിന്റെ സൗകര്യപ്രകാരം അദ്ദേഹം ഇരിക്കുമായിരുന്നു. എന്നാൽ ഹദീസുകൾക്ക് വേണ്ടി അദ്ദേഹം ഇരിക്കാനുദ്ദേശിച്ചാൽ കുളിച്ചു

സുഗന്ധം പൂശി പുതിയ വസ്ത്രങ്ങളണിഞ്ഞ് തലപ്പാവുകെട്ടി അദ്ദേഹം പ്രസംഗപീഠത്തിൽ വന്നിരിക്കും; ഭക്തിയോടും പേടിയോടും ഗാംഭീര്യത്തോടും കൂടി. മജ്‌ലിസ് തുടങ്ങി അവസാനിക്കും വരെ അവിടെ സുഗന്ധപ്പുകയിടുകയും ചെയ്യും.ഹദീസിനോടുള്ള ആദരവിന്റെ പേരിൽ. (تذكرة الحفاظ للذهبي)

"ദുൽഹജ്ജിലെ ആദ്യപത്തുദിവസങ്ങളിൽ ജനങ്ങളോട് ഉംറ ചെയ്യാൻ കൽപ്പിക്കുകയാണോ? അതിൽ ഉംറയില്ലല്ലോ" എന്നൊരാൾ അഭിപ്രായപ്പെട്ടപ്പോൾ( ഇദ്ദേഹം ഇബ്നു അബ്ബാസ്(റ) ആണെന്ന് മറ്റു റിപ്പോർട്ടുകളിലൂടെ വ്യക്തമാക്കപ്പെട്ടിട്ടുണ്ട്.) ഉർവ്വ ബിൻ അസ്സുബൈർ(റ) പറഞ്ഞു: നിശ്ചയം അബൂബക്കറും ഉമറും അങ്ങനെ ചെയ്തിരുന്നില്ല. അപ്പോൾ അദ്ദേഹം പറഞ്ഞു:

**من ههنا هلكتم، ما أرى الله عز وجل إلا سيعذبكم اني أحدثكم عن رسول الله صلى الله عليه وسلم وتخبروني بـــأبي بكر وعمر**

(ഇവിടെയാണു നിങ്ങൾക്കു നാശം! അല്ലാഹു നിങ്ങളെ ശിക്ഷിക്കുമെന്ന് തന്നെയാണ് എനിക്കു തോന്നുന്നത്. നിശ്ചയം, ഞാൻ നിങ്ങളോട് സംസാരിക്കുന്നത് റസൂൽ(സ)യെക്കുറിച്ചാണ്, നിങ്ങളാവട്ടെ അബൂബക്കറിനെയും ഉമറിനെയും കുറിച്ച് എന്നെ അറിയിക്കുന്നു-മുസ്‌ലിം. (زاد المعاد)

ഇമാം ശാഫിഈ (റ) പറഞ്ഞു: أجمع العلماء على أن من استبانت له سنة رسول الله صلـــى الله عليه وسلم لم

ശൈഖ് അബൂബക്കർ അൽ ജസാഇരി

# നബിദിനാഘോഷം

തർജമ
ഹനീഫ് പുല്ലിപ്പറമ്പ്

© Mohammed Haneef Abdurahman , 2003

*King Fahd National Library Cataloging - In - Publication Data*

AL-jazairy, Abu Bakr
Nabidinaghosham / Mohammed Haneef
Abdurahman – Riyadh , 2003

....... p ; ...... cm.
ISBN : 9960 – 43 - 858 – 9

1- Islamic Heresies I-Mohammed
Haneef Abdurahman ( Translator ) II-Title
212.3 dc 1424/ 906

**L.D. no. 1424/906, ISBN : 9960-43-858-9**

حقوق الطبع محفوظة

إلا لمن أراد طبعة وتوزيعه مجاناً ، بدون حذف أو
إضافة أو تغيير ، فله ذلك وجزاه الله خيراً


بسم الله الرحمن الرحيم

| | |
|---|---|
| Language | Malayalam (Indian) |
| Title | Nabidinaghosham |
| Translation of "Al insafu feema qeela fil moulidi minal guluwwi wal ij'haf "By | Sheikh Aboobacker Jabir Al Jaza'iri |
| Retold By | Haneef Pullipparamb. |
| Printing | |
| Cover design | Musthafa Kizheppatt, Pakara |
| First edition | 2003 |
| Copies | 50,000 |
| Printed for | Free distribution |
| Rights reserved | Translator |
| Address | Haneef Pullipparamb, chelembra-673 634 |


E-mail;abufurqaan@hotmail.com

# വിഷയാനുക്രമം


ഹനീഫ് പുല്ലിപ്പറമ്പിന്റെ രചനകൾ .................... 6
ഡോ. അഷ്റഫ് മൗലവിയുടെ സന്ദേശം .................... 7
സന്ദേശത്തിന്റെ തർജ്ജമ .................... 8
പ്രൊഫ. ഹുസൈൻ മടവൂരിന്റെ സന്ദേശം .................... 11
സന്ദേശത്തിന്റെ തർജ്ജമ .................... 12
ഉപോദ്ഘാതം .................... 15
നബിദിനാഘോഷം: പ്രസ്താവം .................... 68
രചനാകാരന്റെ മുഖവുര .................... 71
സുന്നത്തും ബിദ്അത്തും: ഒരു വിശകലനം .................... 88
അനാചാരവും പൊതുനൻമകളും തമ്മിലുള്ള വ്യത്യാസം .... 100
ജൻമ ദിനാഘോഷം: ഇസ്ലാമിന്റെ വിധി .................... 112
നബിദിനവും ഇസ്ലാമിക വിധിയും .................... 123
ജൻമദിനാഘോഷം തെളിവുകൾ അപര്യാപ്തം .................... 127
മൗലിദാഘോഷിക്കുന്നവരുടെ ദുർബലവാദങ്ങൾ .................... 132
ഒരു മെച്ചപ്പെട്ട ബദൽ .................... 146
മൗലിദിലെ ഹീനമായ അതിർലംഘനം .................... 150
മോശമായ സമീപനം .................... 157
സമാപ്തം .................... 163

## ഹനീഫ് പുല്ലിപ്പറമ്പിന്റെ രചനകൾ

1. കല, സൗന്ദര്യം, സംഗീതം, ഇസ്‌ലാം
2. ഖുർആനിലെ ശാഖികൾ
3. സുന്നത്തും ഉമ്മത്തും
4. റമദാനിന്റെ തീരങ്ങളിൽ
5. മുസ്‌ലിയാരുടെ തൗഹീദ് പഠനം (നിർദ്ധാരം)
6. രണ്ടു സാക്ഷ്യങ്ങൾ (തർജ്ജമ)
7. സുരക്ഷ (തർജ്ജമ)
8. ഖബർ സന്ദർശനവും സഹായാർത്ഥനയും (തർജ്ജമ)
9. നബിദിനാഘോഷം (തർജ്ജമ)
10. അനാചാരദനം (തർജ്ജമ)

### പണിപ്പുരയിൽ

1. സത്യം പരിഹസിക്കപ്പെടുന്നു (തർജ്ജമ)

# ഡോ. അഷ്റഫ് മൗലവിയുടെ സന്ദേശം

المملكة العربية السعودية
الجامعة الإسلامية بالمدينة المنورة
مركز خدمة السنة والسيرة النبوية
[illegible]

الرقم ______
التاريخ ______
التوابع ______

الحمد لله رب العالمين، والصلاة والسلام على أشرف الأنبياء والمرسلين نبينا محمد وعلى آله وصحبه أجمعين. وبعد - فقد اطلعت على مسودة ترجمة كتاب [illegible] سماحة الشيخ أبي بكر [illegible] التي أعدها [illegible] الأخ العزيز: محمد [illegible] عبد الرحمن - حفظه الله -

[illegible]

قال الله تعالى: ﴿قُلْ إِن كُنتُمْ تُحِبُّونَ اللَّهَ فَاتَّبِعُونِي يُحْبِبْكُمُ اللَّهُ﴾ وما أروع قول الشاعر:

لو كان حبك صادقاً لأطعته ... إن المحب لمن يحب مطيع

[illegible] وصلى الله على نبينا محمد وعلى آله وصحبه أجمعين

كاتب السطور:
الدكتور/ محمد أشرف علي المليباري
مركز خدمة السنة والسيرة بالجامعة الإسلامية بالمدينة النبوية
على صاحبها أفضل الصلاة وأتم التسليم

# സന്ദേശത്തിന്റെ തർജമ

بسم الله الرحمن الرحيم

സർവ്വലോകങ്ങളുടെയും രക്ഷിതാവായ അല്ലാഹുവിന് സർവ്വസ്തുതി. പ്രവാചക ശ്രേഷ്ഠരും നമ്മുടെ നബിയുമായ മുഹമ്മദ്(സ)യിലും കുടുംബങ്ങളിലും സഹചാരികളിലുമൊക്കെ അല്ലാഹു അനുഗ്രഹവും സമാധാനവും ചൊരിയുമാറാവട്ടെ.

എന്റെ ഗുരുനാഥനും അഭിവന്ദ്യപണ്ഡിതനും മസ്ജിദുന്നബവിയിലെ അധ്യാപകനുമായ അബൂബക്കർ ജാബിർ അൽജസാഇരിയുടെ ഗ്രന്ഥത്തിന്റെ തർജ്ജമക്ക് ബഹുമാന്യ സഹോദരൻ മുഹമ്മദ് ഹനീഫ് അബ്ദുർറഹ്മാൻ(അല്ലാഹു അദ്ദേഹത്തെ സംരക്ഷിക്കട്ടെ) നൽകിയ ആമുഖം ഞാൻ അവലോകനം ചെയ്തു. ഈ ഗ്രന്ഥം പുറത്തിറങ്ങും മുമ്പു തന്നെ എന്റെ ശൈഖ് അൽ ജസാഇരിയുടെ ഗ്രന്ഥത്തിന്റെ (ആ) മലയാള തർജ്ജമ എനിക്ക് മുമ്പിലുണ്ടായിരുന്നെങ്കിൽ എന്ന് ഇതിന്റെ വായനയുടെ അവസാനം ഞാനാശിച്ചുപോയി. എങ്കിൽ നമുക്ക് ഒരു സന്തുലിത ദൃഷ്ടിയോടെ ഇവ രണ്ടിലേക്കും നോക്കാമല്ലോ...! എന്നാൽ വിവർത്തകന്റെ മികച്ച കഴിവും (മുൻ)ഗ്രന്ഥങ്ങളിലൂടെ നാം മനസ്സിലാക്കിയ അദ്ദേഹത്തിന്റെ സൂക്ഷ്മതയും നമുക്ക് നിർഭയത്വം നൽകുന്നതിനാൽ അദ്ദേഹത്തിന്റെ വൈജ്ഞാനിക രചനകളിലൊക്കെ നമുക്ക് സംതൃപ്തിയാണുള്ളത്

സത്യത്തിൽ ഈ ആമുഖം നിഷ്കളങ്കവും സത്യസന്ധ

വുമായ ഒരു ഹൃദയത്തിൽ നിന്നാണുയിർകൊണ്ടത്.- ഇൻഷാ അല്ലാഹ്- അല്ലാഹുവിന്റെ കിതാബിൽ നിന്നും അവന്റെ റസൂൽ (സ)യുടെ സുന്നത്തിൽ നിന്നും നിർഗ്ഗളിച്ച ഉജ്വല ചിന്തകളാൽ ഇതിന്റെ ഞരമ്പുകൾ ഭരിതമാവുന്നു. വിശ്വാസ ഹൃദയങ്ങളെ തട്ടിയുണർത്തിക്കൊണ്ടും മനോജ്ഞവും വികാര നിർഭരവുമായ ഉദ്ദീപനങ്ങൾ കൊണ്ടും അത് വീണ്ടും സുന്ദരതരമാവുന്നു. അതോടൊപ്പംതന്നെ വ്യർഥചിന്തകളും ദേഹേച്ഛകളും പിൻപറ്റലും കൊണ്ട് നിബിഡമായ കേരളീയ ജീവിത പരിതഃസ്ഥിതികളോട് (ഇതിലെ പരാമർശങ്ങൾ) യോജിച്ചുവരികയും ചെയ്യുന്നു. കാരുണ്യദാതാവായ നബിയെ (അല്ലാഹു അവിടുത്തിൽ അനുഗ്രഹാശിസ്സുകളേകട്ടെ) പിൻപറ്റുന്നതിലും, യാതൊരു ഏറ്റക്കുറച്ചിലുമില്ലാതെ സത്യസന്ധമായി തിരുമേനിയെ സ്നേഹിക്കുന്നതിലും സമ്പൂർണ്ണമായ തങ്ങളുടെ ഹൃദയങ്ങളെ സമർപ്പിച്ച വിശുദ്ധരും സച്ചരിതരുമായ പൂർവികരുടെ മാതൃക ഏറെ വ്യതിരിക്തമായ ശൈലിയിലൂടെ അവതരിപ്പിച്ച ഈ മുഖവുര എന്നെ വളരെ ആകർഷിച്ചു. ഹനീഫ് മൗലവി വ്യക്തമാക്കിയപോലെ, റസൂൽ (സ)യെ പിൻപറ്റലാണ് അവിടത്തെ സ്നേഹിക്കുന്നതിന്റെ അടയാളം. (നബിദിനാഘോഷം പോലുള്ള) ബിദ്അത്തുകളാവട്ടെ വെറുപ്പിന്റെയും ഭിന്നതയുടെയും അടയാളവുമാണ്. അല്ലാഹു പറയുന്നു: "(നബിയേ) പറയുക. നിങ്ങൾ അല്ലാഹുവിനെ സ്നേഹിക്കുന്നവരാണെങ്കിൽ എന്നെ നിങ്ങൾ പിൻപറ്റുവിൻ. അല്ലാഹു നിങ്ങളെ സ്നേഹിക്കുന്നതാകുന്നു" ഒരു കവി പറഞ്ഞതെത്ര മനോജ്ഞം! "നിന്റെ സ്നേഹം സത്യസന്ധമാണെങ്കിൽ നീ അനുസരിച്ചേനെ. നിശ്ചയം സ്നേഹിക്കുന്നവർ സ്നേഹിക്കപ്പെടുന്നവനെ അനുസരിക്കുന്നവനാണ്".

അതിനാൽ വിശുദ്ധിയിലെ വിശുദ്ധിയിൽ (വിശുദ്ധ മദീനയിലെ), റസൂൽ (സ)യുടെ പള്ളിയിൽ ജീവിതത്തിന്റെ സുദീർഘവും ദർസുനടത്തി കഴിച്ചു തീർത്ത ഒരു പണ്ഡിതന്റെ ഗ്രന്ഥത്തോടൊപ്പം ജീവിക്കാനായ വായനക്കാരാ താങ്കൾക്കാശംസകൾ. അല്ലാഹുവിനെയും അവന്റെ റസൂലിനെയും സ്നേഹിക്കുന്നതിലേക്ക് താങ്കളെ ക്ഷണിക്കുന്ന ഈ ആത്മാത്തിന്റെ വിശാലതയിലേക്കും വായനക്കാരാ താങ്കൾക്കു സ്വാഗതം. അല്ലാഹുവിന്റെ കിതാബിന്റെയും റസൂൽ (സ)യുടെ സുന്നത്തിന്റെയും സച്ചരിത പൂർവ്വീകരുടെ ജീവിത മാതൃകയുടെയും ശുദ്ധമായ ഉറവിൽ നിന്ന്, കലർപ്പില്ലാത്ത പ്രവാഹത്തിൽ നിന്ന് പകർന്നെടുത്തതാണത്. വിഭാഗീയതയിൽനിന്നും നവാചാരങ്ങളിൽനിന്നുമെല്ലാം വിദൂരം മാറി, അല്ലാഹുവിന്റെ ബലവത്തായ പാശം മുറുകെ പിടിച്ചവരായി, സച്ചരിതരായ പൂർവ്വീകരുടെ ചര്യപകർത്തിയവരായി, മുന്നോട്ട് വന്ന് ഈ ഉദ്യമത്തിന്റെ ദ്രുതമുന്നേറ്റത്തിൽ പങ്കാളികളാവുന്നവർക്കെല്ലാം അനുമോദനങ്ങൾ! ഈ മുഖവുരയുടെ രചനാകാരന് എല്ലാവിധ ഉതക്കവും പ്രതിഫലവും വിജയവും ഉന്നതിയും ഞാൻ അല്ലാഹുവിനോട് ചോദിക്കുന്നു. ഈ അനുഗ്രഹീതഗ്രന്ഥത്തിന് ശ്രുതപ്രചാരവും നിറഞ്ഞ സ്വീകാര്യതയും ലഭിക്കട്ടെയെന്നും.

وصلى الله على نبينا محمد وعلى آله و صحبه أجمعين

ഈ വരികൾ എഴുതിയത്:

**ഡോ: മുഹമ്മദ് അഷ്റഫ് അലി അൽ മലബാരി**
പ്രവാചകചര്യയുടെ സേവനകേന്ദ്രം,
മദീന ഇസ്ലാമിക് യൂനിവേഴ്സിറ്റി

# പ്രൊഫ. ഹുസൈൻ മടവൂരിന്റെ സന്ദേശം

**Rouzathul Uloom Arabic College**

بسم الله الرحمن الرحيم

الحمد لله رب العالمين والصلاة والسلام على أشرف المرسلين محمد وعلى آله وصحبه ومن تبعهم بإحسان إلى يوم الدين. وبعد:

فقد كنت قرأت كتاب [الإنصاف فيما قيل في المولد من الغلو والإجحاف] لفضيلة الشيخ أبي بكر الجزائري حفظه الله قبل سنوات، وتحققت أن هذا الكتاب يدحض جميع الشبهات التي شاعت في العالم الإسلامي حول الاحتفال بمولد النبي صلى الله عليه وسلم.

الاحتفال بالموالد بدعة استحدثت بعد خير القرون، ولم يثبت أن أحدا من السلف احتفل بها، ولكن مع الأسف الشديد أن كثيرا من المسلمين في هذه الأيام يحتفلون بمولد النبي صلى الله عليه وسلم ويرونه أمرا مستحبا في الدين، والسبب الرئيسي لانتشار هذه البدعة جهلهم عن الدين الحنيف ومصادره. وحيث أن بلاد الهند لا تخلو من هذه البدع والخرافات ترجمة هذا الكتاب إلى اللغات الهندية مفيدة جدا. ولقد قرأت هذه الترجمة التي قام بها أخونا الفاضل محمد حنيف عبد الرحمن من أولها إلى آخرها وقارنتها بأصل الكتاب ورأيته ترجمة صحيحة تنفع من يتكلم باللغة المليبارية البالغ عددهم ثلاثون مليون.
فأرجو من أهل الخير الكرام بالسعي لنشر هذا الكتاب بين أهل كيرالا - الهند.

والله الموفق وعليه التكلان

٢/٥/٢٠٠٢م

عميد كلية روضة العلوم العربية

فاروق - كيرالا - الهند

# സന്ദേശത്തിന്റെ തർജമ

بسم الله الرحمن الرحيم

الحمد لله رب العالمين والصلاة والسلام على اشرف الانبياء والمرسلين محمد وعلى آله وصحبه ومن تبعهم بإحسان الى يوم الدين وبعد،

ശൈഖ് അബൂബക്കർ അൽ ജസാഇരിയുടെ الإنصاف فيما قيل في المولد من الغلو والإجحاف എന്ന ഗ്രന്ഥം വർഷങ്ങൾക്കുമുമ്പ് ഞാൻ വായിച്ചിട്ടുണ്ട്. നബി(സ)യുടെ ജന്മദിനാഘോഷം സംബന്ധിച്ച് ഇസ്‌ലാമിക ലോകത്ത് പ്രചരിച്ച മുഴുവൻ സംശയങ്ങളും അവകാശവാദങ്ങളും ഈ ഗ്രന്ഥം തള്ളിക്കളയും എന്നെനിക്കുറപ്പുണ്ട്.

ഉത്തമ നൂറ്റാണ്ടുകൾക്കു ശേഷം നൂതനാചാരക്കാർ കൊണ്ടുവന്ന ഒരനാചാരമാണ് ഈ ജന്മദിനാഘോഷം. പൂർവ്വികരിലാരും ഇതാഘോഷിച്ചതായി നാം കണ്ടിട്ടില്ല. അതോടൊപ്പം തന്നെ മിക്കനാടുകളിലും മുസ്‌ലിംകൾ മതത്തിലെ ഒരു പുണ്യ കാര്യമായിട്ടാണ് ഇതിനെ കാണുന്നതെന്നും നാം കാണുന്നു. മതത്തെ കുറിച്ചും മതവിധികളുടെ പ്രസാത സ്ഥിതിക്കുറിച്ചും അവർക്കുള്ള അജ്ഞത ഈ അനാചാരം പ്രചരിക്കാൻ മുഖ്യകാരണമായി.

ഇത്തരം അനാചാരത്തിൽ നിന്നും അന്ധവിശ്വാസത്തിൽ നിന്നും ഇന്ത്യയും മുക്തമല്ല. അതിനാൽ തന്നെ ഇന്ത്യൻ ഭാഷകളിലേക്ക് ഇത് തർജ്ജമ ചെയ്യുകയെന്നത് വളരെ പ്രയോജനമുള്ള കാര്യമാണ്. നമ്മുടെ ഉത്തമ സഹോദരൻ മുഹമ്മദ് ഹനീഫ് അബ്ദുർറഹ്മാൻ നിർവഹിച്ച ഈ തർജ്ജമ ആദ്യവസാനം ഞാൻ വായിക്കുകയും മൂലഗ്രന്ഥവുമായി ഒത്തു നോക്കുകയും ചെയ്തപ്പോൾ തർജ്ജമ ശരിയാണെന്നും മലയാളികൾക്ക് ഇത് പ്രയോജനം ചെയ്യുമെന്നും കാണാനായി. അതിനാൽ മൂന്ന് കോടിയോളം വരുന്ന കേരളക്കാർക്കിടയിൽ ഈ ഗ്രന്ഥത്തിന് പ്രചാരം നൽകികൊണ്ട് നമ്മുടെ ആളുകൾ അവരുടെ ബാധ്യത നിറവേറ്റുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. അല്ലാഹു അനുഗ്രഹിക്കട്ടെ.

ഹുസൈൻ അബൂബക്കർ കോയ (ഒപ്പ്)
പ്രിൻസിപ്പൽ, റൗദത്തുൽ ഉലൂം അറബിക്കോളേജ്
ഫറൂഖ്-കേരള-ഇന്ത്യ.
25-5-1422 H

## ഉപോദ്ഘാതം

പ്രവാചക സമൂഹത്തിന്റെ നേതാവിനെ പിൻപറ്റുക വഴി നമ്മെ സൻമാർഗ്ഗത്തിലാക്കിയ അല്ലാഹുവിന് സർവ്വത്ര സ്തുതി. ദീനിന്റെ സുഭഗസോപാനത്തിലേക്ക് ഹിദായത്തിന്റെ മഹിത ശോഭയുമായി നമ്മെ വഴി നടത്തിയവൻ. സച്ചരിതരായ പൂർവ്വീകരിലേക്കുള്ള പാത സുഗമമാക്കിത്തന്നവൻ. ശരീഅത്ത് നിഷ്ഠാനിയമങ്ങളാൽ നമ്മുടെ ഹൃദയങ്ങളെ പ്രഭാപൂരിതമാക്കിയവൻ. ദുരാചാര-അനാചാര മലിനതകളിൽ നിന്നും ദീനി ദോഷവും ശുദ്ധിമാർഗ്ഗങ്ങളും കാട്ടിത്തന്നവൻ. അചഞ്ചലമായ വിശ്വാസചൈതന്യം തന്നനുഗ്രഹിച്ച ആ രക്ഷിതാവിനെ ഞാൻ സ്തുതിക്കുന്നു. ഉറപ്പാർന്ന പിടികയറിൽ എനിക്കു പിടിത്തം തന്നവൻ. ആ കാരുണ്യവാനിൽ ഞാൻ നന്ദി ചൊരിയുന്നു. അവനാണല്ലാഹു. ആരാധനക്കർഹനായി അവനല്ലാതെ മറ്റാരുമില്ലെന്ന് ഞാൻ സാക്ഷിയാവുന്നു. യാതൊരു പങ്കാളിയുമില്ലാത്തവിധം ഏകനായവൻ. മുഹമ്മദ്(സ) അവന്റെ അടിമയും ദൂതരുമാണെന്നും ഞാൻ സാക്ഷിയാവുന്നു. മുൻകാല-പിൽക്കാലക്കാർക്കൊക്കെയും നേതാവായവർ. അല്ലാഹു അവരിൽ കരുണാകടാക്ഷങ്ങളേകട്ടെ. അവിടുത്തെ അനുചരരിലും, സത്യവിശ്വാസികളുടെ മാതാക്കളും വിശുദ്ധരുമായ അവിടുത്തെ പത്നിമാരിലും അന്ത്യനാൾ വരെ ആ പുണ്യവാന്റെ നൻമയെ പിൻപറ്റി ജീവിച്ച മനുഷ്യകുലത്തിനാകെയും നിരന്തരം അനുഗ്രഹങ്ങൾ വന്നുചേരുമാറാവട്ടെ. അല്ലാഹുവെ അവരിൽ സ്വലാത്തും സലാമും വർഷിക്കണെ- കാല ഭേദ

ങ്ങളുടെ വിടവുകളുടെയും വിധം അതിരുകളില്ലാത്തതത്രെ!

ഞാൻ റസൂൽ(സ) യെ സ്നേഹിക്കുന്നുവെന്ന് വാദിക്കാത്തവരായി അവിടുത്തെ ഉമ്മത്തിൽ ആരുണ്ട്?! എന്നല്ല പ്രവാചകനോടുള്ള സ്നേഹം കനപ്പെട്ട ഗ്രന്ഥങ്ങളെയും മണിക്കൂറുകളനവധി കവർന്നെടുത്ത ഒട്ടേറെ ദിനങ്ങളിലെ പ്രഭാഷണങ്ങളെയും വിശദീകരിച്ചവരെത്രയെത്ര! എന്നാൽ മുഹമ്മദ്(സ)യെ സ്നേഹിക്കേണ്ടത് എപ്രകാരമാണെന്ന് മനുഷ്യലോകത്തിന് പഠിപ്പിച്ചുകൊടുത്ത ആദ്യത്തെ സമൂഹം അവിടുത്തെ അനുചരന്മാരാണ്. മനസ്സ് കൊണ്ടും വാക്കു കൊണ്ടും കർമ്മങ്ങൾ കൊണ്ടും അവരത് പ്രകടമാക്കി. ലോകാവസാനം വരെ വരാനിരിക്കുന്ന ഈ സമുദായത്തിന്റെ പ്രതിനിധികൾക്കൊന്നടങ്കമുള്ള എക്കാലത്തേക്കുമുള്ള നിത്യഹരിത മാതൃക! ഉമർ(റ) പറഞ്ഞു:

والله يا رسول الله لأنت أحب الي من كل شيئ الا من نفسي

(അല്ലാഹുവാണെ ഞാനൊഴിച്ച് മറ്റെന്തിനേക്കാളും എനിക്കേറ്റവും പ്രിയങ്കരൻ, അല്ലാഹുവിന്റെ റസൂലെ താങ്കളാണ്)

അപ്പോൾ റസൂൽ(സ) പറഞ്ഞു:

لا يؤمن احدكم حتى اكون احب اليه من نفسه

(അവനെക്കാളും പ്രിയങ്കരൻ ഞാനാകുന്നത് വരെ നിങ്ങളിലൊരാളും വിശ്വാസിയാവുകയില്ല). ലോകം കണ്ട ഏറ്റവും ഉൽകൃഷ്ടരായ പ്രവാചക ഖലീഫമാരിൽ ഒരാളായ ഉമർ(റ) പോലും വിശ്വാസിയാവുകയില്ലല്ലോ?! വിശ്വാസത്തിന്റെ അഗാധഗർത്തങ്ങളിലേക്കാണ് തങ്ങളെ നയിക്കുന്നതെങ്കിൽ അവിടേക്കു പോലും റസൂൽ(സ)യെ പിൻതുടരാൻ വെമ്പൽ കൊണ്ടിരിക്കുന്ന സ്വഹാബാക്കളിൽ ഒരാൾ. അദ്ദേഹം ഞൊടിയിടയിൽ ഇങ്ങനെ പ്രതികരിച്ചു:

فلأنت الآن والله احب الي من نفسي

(എന്നാൽ അല്ലാഹുവാണെ! താങ്കളാണിപ്പോൾ എന്റെ സ്വന്തത്തെക്കാളും എനിക്കേറെ പ്രിയങ്കരൻ.)

അല്ലാഹുവിന്റെ ദൂതർ അപ്പോൾ പറഞ്ഞു: الآن يا عمر (ഉമറെ, ഇപ്പോഴായി)എന്ന്. ഉമർ(റ)വിനെപ്പോലും വിശ്വാസത്തിന്റെ മാധുര്യത്തിലേക്ക് കൊണ്ടുവന്ന മൊഴി الآن يا عمر ജീവിച്ചിരിക്കുന്ന ഓരോ മുസ്ലിമും ഉമർ(റ)വിന്റെ പേരിന്റെ സ്ഥാനത്ത് തന്റെ പേര് പകരം വെച്ച് ആത്മപരിശോധന നടത്തേണ്ട മൊഴി. ഞാൻ വിശ്വാസിയായോ! ഒരു മനുഷ്യായുസ്സിൽ നാഥൻ സ്നേഹ ബന്ധിതമാക്കിവെച്ച ഒട്ടേറെ 'വിഭവങ്ങൾ'ക്കു മീതെ അല്ലാഹുവിനോടും അവന്റെ ദൂതരോടുമുള്ള നമ്മുടെ സ്നേഹത്തെ കൊണ്ടുവന്നു സ്ഥാപിയ്ക്കാൻ നമുക്കായിട്ടില്ലെങ്കിൽ നാം ശിക്ഷാർഹരായിത്തീരുമെന്ന കാര്യത്തിൽ സംശയമില്ല. അല്ലാഹുവിന്റെ ഭയാനകമായ ശിക്ഷക്ക് പാത്രീഭൂ

തരാവുന്ന ആ ദുർമാർഗ്ഗികൾക്ക് താക്കീതായി ഈ വരി നമുക്ക് പാരായണം ചെയ്യാം.

قل ان كان اباؤكم وأبناؤكم و اخوانكم وأزواجكم وعشيرتكم
واموال إقترفتموها وتجارة تخشون كسادها ومساكن
ترضونها احب اليكم من الله ورسوله وجهاد في سبيله
فتربصوا حتى يأتي الله بأمره

(നബിയെ) പറയുക: നിങ്ങളുടെ പിതാക്കളും നിങ്ങളുടെ പുത്രൻമാരും നിങ്ങളുടെ സഹോദരങ്ങളും നിങ്ങളുടെ ഇണകളും നിങ്ങളുടെ ബന്ധുക്കളും നിങ്ങൾ സമ്പാദിച്ചുകൂട്ടിയ സ്വത്തുക്കളും മാന്ദ്യം നേരിടുമെന്ന് നിങ്ങൾ ഭയപ്പെടുന്ന കച്ചവടവും നിങ്ങൾ തൃപ്തിയടയുന്ന പാർപ്പിടങ്ങളും അല്ലാഹുവെക്കാളും അവന്റെ റസൂലിനെക്കാളും അവന്റെ മാർഗ്ഗത്തിലുള്ള ജിഹാദിനെക്കാളും നിങ്ങൾക്കു പ്രിയങ്കരമാണെന്നായാൽ അല്ലാഹു അവന്റെ കൽപ്പനയുമായി വരുന്നതുവരെ നിങ്ങൾ കാത്തിരുന്നുകൊള്ളുക. (തൗബ:24)

ഹയാത്തിന്റെ പ്രിയങ്കരങ്ങളായ എട്ടിനം മാധുര്യങ്ങളാണ് മേൽ സൂക്തത്തിൽ നാം കണ്ടത്. ജീവിതവ്യവസ്ഥകളെ സംവിധാനിച്ച ലോകരക്ഷിതാവ് ജീവിത ബന്ധങ്ങളെയെല്ലാം ഈ ഒരു രീതിയിൽ സംവിധാനിച്ചിരിക്കുന്നു. ഇനിയൊന്നോർത്തു നോക്കട്ടെ; തന്റെ മനസ്സിൽ ഏറ്റവും പ്രിയങ്കരമായി നിൽക്കുന്നത് ഏത് താൽപര്യമാണെന്ന്. അല്ലാഹുവോടും അവന്റെ ദൂത

ന്നോടുമുള്ളതിനേക്കാൾ കൂടുതൽ മറ്റു വല്ലതിനോടുമുണ്ടോ യെന്ന്.

റസൂൽ(സ)യുടെ അനുചരരാണ് റസൂൽ(സ) യെ എങ്ങനെ സ്നേഹിക്കണമെന്നതിന്നു നമുക്കു മാതൃക. റസൂൽ (സ)യുടെ ജീവിതം നേരിട്ടു പകർത്തിയതവരാണല്ലോ. പകർത്തെടുക്കുന്ന ജീവിതം എപ്രകാരം കുറ്റമറ്റതാകണമെന്നും റസൂൽ(സ) ശ്രദ്ധിച്ചിരിന്നു. അഥവാ ഈ മതം എങ്ങനെയാണ് സമ്പൂർണ്ണമായ ഒരു ജീവിതമാകുക എന്ന് തിരുമേനി (സ) അവരെ പഠിപ്പിച്ചിരുന്നു. എന്നല്ല അതായിരുന്നു അവിടുത്തെ നിയോഗവും. മുഹമ്മദ്(സ) യുടെ മാത്രമല്ല; എല്ലാ പ്രവാചകന്മാരുടെയും ദൗത്യം ഇപ്രകാരം തന്നെ. തിരുമേനി(സ) തന്നെ പറയട്ടെ:

**ما بعث الله من نبي الا كان حقا عليه ان يدل امته على خير ما يعلمه لهم وينذرهم شر ما يعلمه لهم**

(തന്റെ സമുദായത്തെ നൻമയിലേക്ക് മാർഗ്ഗദർശനം നൽകേണ്ട കാര്യങ്ങൾ അവർക്ക് പഠിപ്പിച്ചുകൊടുക്കുകയും തിൻമയെക്കുറിച്ച് അവർക്ക് മുന്നറിയിപ്പു നൽകേണ്ടകാര്യങ്ങൾ അവർക്ക് പഠിപ്പിച്ചു കൊടുക്കുകയും ചെയ്യുക എന്ന ഉത്തരവാദിത്വം അർപ്പിതമായിട്ടല്ലാതെ പ്രവാചകരിൽ പെട്ടവരെ(ആരെയും) അല്ലാഹു നിയോഗിച്ചിട്ടില്ല-മുസ്‌ലിം). അപ്പോൾ ഈ മതം കുറ്റമറ്റരൂപത്തിൽ സമ്പൂർണ്ണമായി അവരെ ഏൽപ്പിക്കുക

എന്നത് അവിടുത്തെ നിയോഗമായി. അവരുടെ കർമ്മവീഥിക ളിൽ അതിലംഘനങ്ങളോ പോരായ്മയോ വന്നുപോകുന്നതിൽ അങ്ങേയറ്റം ജാഗ്രത കൊള്ളുകയും ചെയ്തു. മതവിഷയങ്ങൾ പഠിക്കുന്ന ഒരു വിദ്യാർഥി ഇതു സംബന്ധമായ ഉദാഹരണ ങ്ങൾ കൊണ്ട് ഈ മതം നിറഞ്ഞിരിക്കുന്നുവല്ലോ എന്ന് അതിശയപ്പെടും.

ഐച്ഛിക നമസ്കാരത്തിന്റെയും നോമ്പിന്റെയും അധി കമായ പുണ്യങ്ങളെക്കുറിച്ച് റസൂലിൽ നിന്ന് കേട്ട സ്വഹാ ബികൾ അത് കരസ്ഥമാക്കാൻ പരിശ്രമിക്കുന്നവരായി മാറി. എന്നാൽ അത് ക്രമത്തിൽ നിന്നൽപ്പം കൂടുതലായി ചെയ്ത അബ്ദുല്ലാഹ് ബിൻ അംറുബ്നുൽ ആസ് എന്ന സ്വഹാബി യോട് റസൂൽ(സ) ചോദിച്ചു:

**يا عبد الله ألم أخبر أنك تصوم النهار و تقوم الليل**

(ഓ അബ്ദുല്ലാഹ്! നീ (എല്ലാ)പകലും നോമ്പെടുക്കുകയും (എല്ലാ) രാത്രിയും നമസ്കരിക്കുകയും ചെയ്യുന്നു വെന്നറിഞ്ഞല്ലോ?) അദ്ദേഹം പറഞ്ഞു: "അതെ, അല്ലാഹുവി ന്റെ റസൂലെ". തിരുമേനി(സ) പറഞ്ഞു:

**فلا تفعل، صم وافطر وقم ونم، فإن لجسدك عليك حقـــا، وإن لعينيك عليك حقا، وإن لزوجك عليك حقا**

(എന്നാൽ നീ അങ്ങനെ ചെയ്യരുത്. നോമ്പെടുക്കുകയും നോമ്പു മുറിക്കുകയും ചെയ്യുക. (രാത്രി) എഴുന്നേറ്റു നമസ്കരിക്കുകയും ഉറങ്ങുകയും ചെയ്യുക. എന്തെന്നാൽ നിന്റെ ശരീ

ദേഹത്തോട് നിനക്ക് കടപ്പാടുണ്ട്. നിന്റെ കണ്ണിനോട് നിനക്ക് കടപ്പാടുണ്ട്. നിന്റെ ഇണയോടും നിനക്ക് കടപ്പാടുണ്ട്-ബുഖാരി.) എല്ലാ പകലിലും നോമ്പെടുക്കുകയും എല്ലാ രാത്രിയിലും നമസ്കാരത്തിൽ കഴിയുകയും ചെയ്ത സ്വഹാബിയെ മതത്തിന്റെ-ഇബാദത്തിന്റെ-അതിർത്തികൾ പഠിപ്പിക്കുകയാണ് ഇവിടെ തിരുമേനി(സ).

ഉഹ്ദ് യുദ്ധത്തിന്റെ പടയൊരുക്കം നടക്കുന്നു. സ്വന്തം വാൾ ഉയർത്തി നീട്ടിക്കൊണ്ട് തിരുമേനി(സ) ചോദിക്കുന്നു: "ഈ വാളിന്റെ ബാധ്യത നിർവ്വഹിക്കാൻ ധൈര്യമുള്ള ആരുണ്ടിവിടെ ഇത് സ്വീകരിക്കാൻ?" എന്താണ് വാളിന്റെ ബാധ്യതയെന്ന് അപ്പോൾ ചോദിക്കപ്പെട്ടു. "ഈ വാൾ വളയുന്നതു വരെ ശത്രുവുമായി പൊരുതുക". തിരുമേനി(സ) പ്രതിവചിച്ചു. ആളുകൾ ആ പ്രവാചക ഖഡ്ഗത്തിനു വേണ്ടി ധൃതി കൂട്ടി. ആർക്കും അത് നൽകിയില്ല. അബൂദുജാന(റ)ക്കാണ് തിരുമേനി (സ) അത് നൽകിയത്. വാൾ കയ്യിൽ കിട്ടിയതോടെ, യുദ്ധഭൂമിയിലെ അദ്ദേഹത്തിന്റെ പതിവുപോലെ സൈന്യനിരകൾക്കിടയിൽ (പ്രവാചകവാൾ തനിക്കു കിട്ടിയെന്ന അഭിമാനത്തോടെയും ശത്രുവിനു നേരെ നിഗർവ്വോടെയും) അദ്ദേഹം തുള്ളിച്ചാടി നടക്കാൻ തുടങ്ങി. അതുകണ്ട പ്രവാചകൻ(സ) പറഞ്ഞു. "ഇത്തരം സന്ദർഭങ്ങളിലൊഴിച്ച് അല്ലാഹുവിന് കോപമുണ്ടാക്കുന്ന നടത്തമാണത്"

നോക്കൂ..... സ്വഹാബികൾക്കിടയിലെ ഒരു ശീലത്തിനു അതിരുകളിടുകയാണ് തിരുമേനി(സ). ഇവിടെ നബി(സ)

ജനം പാലിക്കുകയായിരുന്നുവെങ്കിൽ തുള്ളിച്ചാടി നടത്തം യുദ്ധഭൂമിക്കും അപ്പുറത്തേക്ക് അനുവദനീയമായി മാറുമായിരുന്നു. എന്നാൽ (ഇത്തരം) തുള്ളിച്ചാടിയുള്ള നടത്തം അല്ലാഹുവിന് കോപമുണ്ടാക്കുന്നതാണെന്നും യുദ്ധഭൂമിയിൽ മാത്രമേ അതനുവദിക്കപ്പെട്ടുള്ളുവെന്നുമാണ് ഇവിടെ പഠിപ്പിക്കുന്നത്.

അബൂബക്കർ(റ)വും ഹൻദല(റ)വും പരസ്പരം കണ്ടുമുട്ടി. അബൂബക്കർ(റ): "ഹൻദലാ എങ്ങനെയുണ്ട്"? ഹൻദല(റ) "ഹൻദല കപടവിശ്വാസം കാണിച്ചു". അബൂബക്കർ(റ): "സുബ്ഹാനല്ലാഹ്! എന്താ നീ പറയുന്നത്!" ഹൻദല(റ): " നാം റസൂൽ (സ)യുടെ സന്നിധിയിലായിരിക്കവെ സ്വർഗ്ഗനരകങ്ങളെക്കുറിച്ചൊക്കെ ഓർമ്മിപ്പിച്ചാൽ നമുക്കത് നമ്മുടെ കൺമുമ്പിൽ കാണുന്നത് പോലെ അനുഭവപ്പെടുന്നു. എന്നാൽ റസൂൽ(സ)യുടെ അടുത്ത് നിന്ന് പോന്ന് ഭാര്യമാരും മക്കളും കൃഷിയിടവുമായി വ്യാപരിച്ചു കഴിഞ്ഞാലോ നാം ധാരാളം വിസ്മരിച്ചു പോവുന്നു". അബൂബക്കർ(റ): "അല്ലാഹുവാണെ, ഞാനും അപ്രകാരം അഭിമുഖീകരിക്കുന്നു"

അവർ രണ്ടുപേരും ഈ പ്രശ്നം തിരുമേനി(സ)യുടെ മുമ്പിൽ അവതരിപ്പിച്ചു. അപ്പോൾ തിരുമേനി(സ)പറഞ്ഞു:

**والذي نفسي بيده ان لو تدومون على ما تكونون عندي وفي الذكر لصافحتكم الملائكة على فرشكم وفي طرقكم، ولكن يا حنظلة ساعة وساعة (ثلاثة مرات)**

(എന്റെ ആത്മാവ് ഏതൊരു) കൈകളിലാണോ അവൻ തന്നെ സത്യം നിങ്ങളെന്റെ അരികിലായിരിക്കുമ്പോഴും അതേ സ്മരണയിലുമാണ് എപ്പോഴുമെങ്കിൽ മലക്കുകൾ നിങ്ങളുടെ വിരിപ്പുകളിലും നിങ്ങളുടെ വഴികളിലും നിങ്ങളെ ഹസ്തദാനം ചെയ്യുമായിരുന്നു. പക്ഷെ ഹൻളലാ സമയവും സമയവുമുണ്ട്. (മൂന്നു തവണ ആവർത്തിച്ചു) -മുസ്‌ലിം.) അഥവാ ഹൻളലാ ചില സമയം അങ്ങിനെയും ചില സമയം ഇങ്ങിനെയുമുണ്ട് എല്ലായ്പോഴും ഒരേ അവസ്ഥയിൽ തന്നെ വരിക പ്രയാസമാണെന്നു സാരം.

സഹാബികൾ പരസ്പരം ഉപദേശങ്ങളെ പരിരക്ഷിക്കുന്നതിൽ ശ്രദ്ധിച്ചിരുന്നു. അവരിലൊരാളുടെ ഉപദേശങ്ങളിൽ വരുന്ന ഏറ്റക്കുറച്ചിലുകൾ പരസ്പരം തിരുത്തുന്നതിൽ ബദ്ധശ്രദ്ധരുമായിരുന്നു അവർ. ഒരുദാഹരണം നോക്കൂ.... ഇമാം ബുഖാരി(റ) റിപ്പോർട്ടുചെയ്യുന്നു: സൽമാൻ(റ)നെയും അബുദ്ദർദാഅ്(റ)നെയും പരസ്പരം സാഹോദര്യബന്ധത്തിലാക്കിയിരുന്നു റസൂൽ(സ). അങ്ങിനെ (ഒരിക്കൽ) സൽമാൻ(റ), അബുദ്ദർദാഅ്(റ)നെ സന്ദർശിച്ചു. എന്നാൽ (അവിടെ) അദ്ദേഹം ഉമ്മുദർദാഅ്(റ) (അബുദർദാഇന്റെ ഭാര്യ) മുഷിഞ്ഞു അലങ്കാര രഹിതയായി കാണപ്പെട്ടു. അദ്ദേഹം അവരോട് ചോദിച്ചു: "നിങ്ങൾക്കെന്തുപറ്റി?" അവർ പറഞ്ഞു: നിങ്ങളുടെ സഹോദരൻ അബുദർദാഇന് ഇഹലോക താൽപര്യങ്ങളൊന്നും ഇല്ല. (ഭാര്യാഭർതൃബന്ധങ്ങളിൽ നിന്നൊക്കെ അകന്ന് ഉപവാസത്തിനായി കഴിഞ്ഞുകൂടുകയാണെന്ന് വ്യംഗ്യം)

അപ്പോൾ അബുദർദാഅ്(റ) കടന്നു വന്നു. അദ്ദേഹത്തിനു വേണ്ടി ഭക്ഷണം ശരിപ്പെടുത്തിക്കൊണ്ട് അദ്ദേഹം പറഞ്ഞു : "കഴിക്കൂ..ഞാൻ നോമ്പെടുത്തിരിക്കുകയാണ്". അപ്പോഴദ്ദേഹം (സൽമാൻ(റ)) പറഞ്ഞു: "താങ്കൾ കഴിക്കാതെ ഞാൻ കഴിക്കുകയില്ല". അങ്ങനെ അദ്ദേഹം കഴിച്ചു. രാത്രിയായപ്പോൾ അബുദർദാഅ്(റ) നമസ്കാരത്തിനായി എഴുന്നേൽക്കാൻ തുനിഞ്ഞു. അപ്പോഴദ്ദേഹം (സൽമാൻ(റ)) പറഞ്ഞു: "ഉറങ്ങൂ"... അദ്ദേഹം ഉറങ്ങി. വീണ്ടും (കുറച്ചു കഴിഞ്ഞു) എഴുന്നേൽക്കാൻ തുനിഞ്ഞു അപ്പോൾ അദ്ദേഹം (സൽമാൻ(റ)) പറഞ്ഞു "ഉറങ്ങൂ..." അങ്ങനെ അവസാനയാമത്തിലെത്തിയപ്പോൾ സൽമാൻ(റ) പറഞ്ഞു: "ഇപ്പോൾ എഴുന്നേൽക്കൂ ..."അങ്ങനെ അവർ രണ്ടു പേരും നമസ്കരിച്ചു. തുടർന്ന് സൽമാൻ(റ) അദ്ദേഹത്തോടു പറഞ്ഞു: നിന്റെ റബ്ബിനോടു നിനക്കു ബാധ്യതയുണ്ട്. നിന്റെ കുടുംബത്തോട് നിനക്ക് ബാധ്യതയുണ്ട്. അതിനാൽ എല്ലാ അവകാശിക്കും അതിന്റെ അവകാശം നൽകുക. നബി(സ) വന്നപ്പോൾ അക്കാര്യം അദ്ദേഹത്തെ ഉണർത്തി. അപ്പോൾ തിരുമേനി(സ) പറഞ്ഞു: "സൽമാൻ പറഞ്ഞത് സത്യം."

ഇബാദത്തുകൾക്ക് ഒരു ക്രമമുണ്ടെന്നാണ് ഇവിടെ പഠിപ്പിക്കുന്നത്. ഒട്ടേറെ ഉത്തരവാദിത്വങ്ങളെ അവഗണിച്ച് ഒരു ബിന്ദുവിലേക്ക് ചുരുങ്ങി അതിൽ ഇബാദത്തിനെ ഒരു മഹാത്യാഗമാക്കി മാറ്റുന്നതിനെ നിയന്ത്രിക്കപ്പെടുകയാണിവിടെ.

ഇപ്രകാരമാണ് മുഹമ്മദ്(സ) അവരെ പാകപ്പെടുത്തിയത്. ഇപ്രകാരമാണ് മുഹമ്മദ്(സ)യിൽ നിന്ന് അവർ പാകപ്പെട്ടത്. ഇപ്രകാരമാണ് അവർ പരസ്പരം സംസ്കൃതരായത്. ഇസ്‌ലാമിക മൂല്യങ്ങളുടെ ഏറ്റവും സുന്ദരമായ ഒരു കാലഘട്ടമായിരുന്നു അത്. അനന്യരാ ഭാഗ്യവാൻമാർ! ആ വിശുദ്ധ ജീവിതങ്ങളോടൊപ്പം ജീവിയ്ക്കാൻ, ആ തിരുദൂതരോടൊപ്പം സഹവസിയ്ക്കാൻ, ആ പൂമുഖത്തെ കൺകുളിർക്കെ കാണാൻ അല്ലാഹു തിരഞ്ഞെടുത്തവർ. ആ കാലഘട്ടം എത്ര സൗഭാഗ്യകരം. എന്ത് സുഗന്ധദായകം. എത്ര സുന്ദരം. അവരെ അല്ലാഹു വാഴ്ത്തി.

والسابقون الأولون من المهاجرين والأنصار والذين اتبعوهم بإحسان رضي الله عنهم ورضوا عنه

(മുഹാജിറുകളിൽനിന്നും അൻസാറുകളിൽനിന്നും ആദ്യമേ മുൻകടന്നു വന്നവരും സുകൃതം കൊണ്ടും അവരെ പിൻപറ്റിയവരും; അവരെ അല്ലാഹു തൃപ്തിപ്പെട്ടിരിക്കുന്നു. അവർ അവനെയും തൃപ്തിപ്പെട്ടിരിക്കുന്നു: തൗബ: 100)

മുഹാജിറുകളായ മക്കക്കാരും, അപ്രകാരം ഹിജ്റ വന്നവരും, മദീനക്കാരായ അൻസാറുകളും ചേർന്ന് ഇസ്‌ലാമിലേക്ക് വന്ന റസൂൽ(സ)യുടെ സ്വഹാബികളാണ്, അല്ലാഹു തൃപ്തിപ്പെടുകയും അല്ലാഹുവെ തൃപ്തിപ്പെടുകയും ചെയ്ത ആ മുൻകടന്നുവന്നവർ. സുകൃതത്തിന്റെ കാര്യം പറയാതെതന്നെ

യാണ് അല്ലാഹു അവരെ തൃപ്തിപ്പെട്ട കാര്യം പറയുന്നത് പിന്നെ മാത്രമാണ് സുകൃതത്തിൽ ഈ സഹാബികളെ പിൻപറ്റിയ താബിഉകളെപ്പറ്റി പറയുന്നത്.

അല്ലാഹു തൃപ്തിപ്പെട്ട ഈ സമൂഹത്തിന്റെ സന്നിധിയിലാണ് സമ്പൂർണ്ണമായ രൂപത്തിൽ ഈ മതം പൂർത്തീകരിച്ച വിവരം അല്ലാഹു തിരുദൂതരിലൂടെ പ്രഖ്യാപിക്കുന്നത്.

**اليوم اكملت لكم دينكم واتممت عليكم نعمتي و رضيت لكم الاسلام دينا**

(ഇന്ന് ഞാൻ നിങ്ങൾക്ക് നിങ്ങളുടെ മതം പൂർത്തിയാക്കിത്തന്നിരിക്കുന്നു. എന്റെ അനുഗ്രഹം നിങ്ങൾക്ക് ഞാൻ നിറവേറ്റിത്തരികയും ചെയ്തിരിക്കുന്നു. ഇസ്‌ലാമിനെ മതമായി നിങ്ങൾക്കു ഞാൻ തൃപ്തിപ്പെട്ടുതരികയും ചെയ്തിരിക്കുന്നു-മാഇദഃ 3) അവർ ജീവിച്ച നൂറ്റാണ്ടിനെ, ആ മനുഷ്യതലമുറയെ ഏറ്റവും ഉത്തമമായ തലമുറയെന്ന് റസൂൽ(സ) വാഴ്ത്തിപ്പറഞ്ഞു. റസൂൽ(സ)യെ എങ്ങിനെ സ്നേഹിക്കുകയും പിൻപറ്റുകയും ചെയ്യണമെന്ന് അവരാണ് ലോകത്തിന് ആദ്യമായി കാണിച്ചുകൊടുത്തത്. അതുകൊണ്ടാണ് ആ ഉത്കൃഷ്ടസമൂഹത്തെ പിൻപറ്റാൻ അവിടുന്ന് കൽപ്പിച്ചത്. അതെത്ര സമ്പന്നമായ സമൂഹം! തിരുമേനി(സ) പറഞ്ഞു.

**عليكم بسنتي وسنة الخلفاء الراشدين المهديين من بعدي**

(നിങ്ങൾ എന്റെ ചര്യയും എനിക്കുശേഷം സന്മാർഗ്ഗികളായ ഖുലഫാഉർറാഷിദുകളുടെ ചര്യയും മുറുകെപ്പിടിക്കുക-

അസ്ഹാബുസ്സുനൻ–അഹ്മദ്, ദാരിമി.) റസൂൽ (സ)യെ എങ്ങനെ പിൻപറ്റണമെന്നത് ഖുലഫാഉർറാഷിദുകളുടെ ചര്യയിലൂടെ മാത്രമേ നമുക്ക് കാണാനാവൂ. അവർ റസൂൽ (സ)യെ സ്നേഹിച്ച അതേ സ്ഥാനത്തായിരിക്കണം നാമും റസൂൽ(സ)യെ സ്ഥാപിക്കേണ്ടത്. അതിരുകവിയലോ ലാഘവമോ വന്നു ചേരാത്ത വിധമായിരിക്കണം അത്. തിരുമേനി(സ) പറഞ്ഞു:

**لا تطروني كما اطرت النصارى ابن مريم انما انا عبد فقولوا عبد الله و رسوله**

(മറിയമിന്റെ പുത്രനെ–യേശുവിനെ–ക്രിസ്ത്യാനികൾ പുകഴ്ത്തിയ പോലെ എന്നെ നിങ്ങൾ (അമിതമായി) പുകഴ്ത്തരുത്. നിശ്ചയം ഞാനൊരടിമ മാത്രമാണ്. അതിനാൽ അല്ലാഹുവിന്റെ അടിമയും അവന്റെ റസൂലുമെന്ന് നിങ്ങൾ പറയുക). അവർ തിരുമേനി(സ)യെ ആദരിക്കുന്നതിൽ പിശുക്ക് കാണിച്ചിട്ടില്ല. മതി മറന്നിട്ടുമില്ല. അതിൽ അവർക്ക് പോരായ്മ വന്നുവെന്ന് പറയുകയോ ചിന്തിക്കുന്നതുപോലും പാപമായിത്തീരും. തിരുമേനി(സ)പറഞ്ഞു:

**لا تسبوا من اصحابي، فان احدكم لو انفق مثل احد ذهبا مـــا ادرك مد احدهم ولا نصيفه**

(എന്റെ സ്വഹാബികളെ നിങ്ങൾ ആക്ഷേപിക്കരുത്. നിങ്ങളിലൊരാൾ ഉഹ്ദ് (മല)യോളം സ്വർണ്ണം ധർമ്മം ചെയ്താലും അവരിലൊരാളുടെ (സ്വഹാബികളിലൊരാളുടെ രണ്ടു കൈകുത്തികളും ചേർത്ത) കൈക്കുമ്പിളിനോളമോ അതിന്റെ പകു

തിയോളമോ വരികയില്ല തന്നെ-ബുഖാരി) ഇമാം മുസ്‌ലിം റിപ്പോർട്ട് ചെയ്ത ഹദീസിൽ لا تسبوا احدا من اصحابي (എന്റെ സ്വഹാബികളിലൊരാളെയും നിങ്ങൾ ആക്ഷേപിക്കരുത്) എന്നാണ് കുറിച്ചിട്ടുള്ളത്.

റസൂൽ(സ)ക്കു ശേഷം ലോകം കണ്ട വലിയ്യുകളുടെ സമൂഹമാണത്. സിദ്ദീഖുകളുടെ കൂട്ടം. ആരിഫീങ്ങളുടെ കൂട്ടം. ഇമാമുകളുടെ കൂട്ടം. ഇസ്‌ലാമികാകാശത്തിലെ നക്ഷത്ര സമൂഹങ്ങൾ ഏതന്ധകാരങ്ങളിലും ഉജ്ജ്വല വിസ്മയങ്ങളായി വർത്തിച്ച വഴികാട്ടികൾ. മുഖർറബീങ്ങളുടെ തലവൻമാർ. ഉലമാക്കന്മാരുടെ സൂര്യൻമാർ. ഔലിയാക്കളുടെ കിരീടങ്ങൾ. റസൂൽ(സ) പറഞ്ഞു:

اكرموا اصحابي فانهم خياركم

(എന്റെ സ്വഹാബികളെ നിങ്ങൾ ആദരിക്കുവിൻ. എന്തുകൊണ്ടെന്നാൽ അവരാണ് നിങ്ങളിലെ ഉത്തമൻമാർ-അഹ്‌മദ്, നസാഈ,ഹാകിം). മറ്റൊരു റിപ്പോർട്ടിൽ ഇങ്ങനെയും കാണാം. احفظوني في اصحابي (എന്റെ സ്വഹാബികളിൽ (നിന്ന് എന്റെ ചര്യ പിൻപറ്റിക്കൊണ്ട്) എന്നെ നിങ്ങൾ നിലനിർത്തുക-ഇബ്നുമാജ,അഹ്‌മദ്,ഹാകിം). അതെ. റസൂൽ(സ)യെക്കുറിച്ചു പഠിക്കാൻ അവിടുത്തെ സ്വഹാബികളിലൂടെ മാത്രമേ മാർഗ്ഗമുള്ളൂ. റസൂൽ (സ) സ്നേഹിച്ച, റസൂൽ (സ) യെ സ്നേഹിച്ച, നമ്മിലെ ഏറ്റവും ഉത്തമൻമാരെന്ന് റസൂൽ(സ) വാഴ്ത്തിപ്പറഞ്ഞ സമൂഹം. അവിടുന്ന് പറഞ്ഞു: خير امتي قرني എന്റെ നൂറ്റാണ്ടാണ്-ഞാൻ ജീവിക്കുന്ന ഈ

തലമുറയാണ്-എന്റെ ഉമ്മത്തിലെ ഉത്തമൻമാർ-ബുഖാരി, മുസ്‌ലിം).ഏതൊരു മുസ്‌ലിമും റസൂൽ(സ)യെ പിൻപറ്റുന്നതിൽ, റസൂൽ(സ)യെ സ്നേഹിക്കുന്നതിൽ മാതൃകയാക്കേണ്ടത് ആ തലമുറയെയായിരിക്കണം. റസൂൽ(സ)ക്കു ശേഷം ലോകാവസാനം വരെ അറിവുകൊണ്ടും ഭക്തികൊണ്ടും അവരുടെ വിതാനത്തിലേക്ക് മറ്റാർക്കും എത്തിച്ചേരാനാവില്ല. ഇബ്നു ഉമർ(റ) പറഞ്ഞതായി ഇമാം അഹ്മദ്(റ)യും ഇബ്നു മാജയും മറ്റും റിപ്പോർട്ടു ചെയ്യുന്നു:

لا تسبوا أصحاب محمد، فلمقام احدهم ساعة خير من عمل احدكم اربعين سنة

(മുഹമ്മദ്(സ)യുടെ സ്വഹാബികളെ നിങ്ങൾ ആക്ഷേപിക്കരുത്. എന്തെന്നാൽ അവരിലൊരാളുടെ ഒരു സമയം നിങ്ങളിലൊരാളുടെ നാൽപ്പതു വർഷത്തെ കർമങ്ങളെക്കാൾ ഉത്തമമാണ്.) മറ്റൊരു റിപ്പോർട്ടിൽ ഇങ്ങനെയും വന്നിരിക്കുന്നു: خير من عبادة احدكم عمره (നിങ്ങളിലൊരാൾ അയാളുടെ ആയുസ്സിൽ ചെയ്യുന്ന ഇബാദത്തിനേക്കാൾ ഉത്തമമാണ്) എന്ന്. നാമെത്രമാത്രം പുണ്യം ചെയ്താലും എത്രത്തോളം ഭക്തരായാലും അവരുടെ അറിവിന്റെയും ഭക്തിയുടെയും സമീപത്തെത്തുക പ്രയാസം തന്നെയായിരിക്കും. പിൽക്കാലത്തു വന്ന വല്ല ഇമാമിനെയോ വലിയ്യിനെയോ ശൈഖിനെയോ വല്ലവരും പുകഴ്ത്തി പറയുന്നത് നാം കേട്ടാൽ ആ പുകഴ്ത്തൽ അതിര് കവിയാത്തിടത്തോളം കാലം അത് അനുവദനീയമാണെന്ന് സമ്മതിച്ചുകൊണ്ടു തന്നെ പറയട്ടെ, അവരാരും സ്വഹാ

ബികളായിരുന്നില്ലല്ലോ എന്ന ഒരു മാനസിക വിതാനം അവരെപ്പറ്റി നാം ഉണ്ടാക്കിയിരിക്കണം.

സ്വഹാബികൾ പറയുമായിരുന്നു; അവർക്ക് വല്ല വിപത്തോ നഷ്ടമോ ബാധിച്ചതിനാൽ അവരത് വിസ്മരിച്ചിരുന്നതും സഹിച്ചിരുന്നതും റസൂൽ(സ) നമുക്ക് നഷ്ടപ്പെട്ടല്ലോ എന്ന കാര്യം ഓർത്തായിരുന്നു എന്ന്. അവരത്രമാത്രം ആ ജീവിതത്തെ ആദരിക്കുകയും സ്നേഹിക്കുകയും ചെയ്തിരുന്നു. റസൂൽ(സ)യെക്കുറിച്ച് ഓർക്കുമ്പോഴും പറയുമ്പോഴും ഒക്കെ അവരിൽ പലരുടെയും കണ്ണുകൾ ഈറനണിഞ്ഞു.

താബിഉകളും അതിൽ നിന്നും വ്യത്യസ്തമായിരുന്നില്ല. അബ്ദുർറഹ്മാൻ അൽ ഖാസിം(റ), റസൂൽ (സ)യെക്കുറിച്ചു പറയുമ്പോൾ വിനയബഹുമാനാദികളാൽ അദ്ദേഹത്തിന്റെ മുഖം വിളറുകയും നാവു വരളുകയും ചെയ്യുമായിരുന്നു. അപ്രകാരം തന്നെ ആമിർ ബിൻ അബ്ദുല്ലാഹ്(റ)ന്റെ അടുക്കൽ വച്ച് വല്ലവരും റസൂൽ(സ)യെക്കുറിച്ച് സ്മരിച്ചാൽ അദ്ദേഹം വിങ്ങിക്കരയുമായിരുന്നു; അദ്ദേഹത്തിന്റെ കണ്ണിൽ നിന്ന് ഇനി ഒഴുകുവാൻ കണ്ണുനീര് ബാക്കിയില്ലാതാകുംവോളം!

ഇതാ സ്വഫ്‌വാനു ബിൻ സുലൈം(റ). ഇബാദത്തുകളിൽ വിശേഷിച്ചും നമസ്കാരത്തിന്റെ ആധിക്യത്തിൽ പ്രസിദ്ധനായ താബിഉ. റസൂൽ(സ)യെക്കുറിച്ച് പറഞ്ഞാൽ അദ്ദേഹം കരയുമായിരുന്നു. ആ കണ്ണുനീരിന്റെ പ്രവാഹം മൂലം ആളുകൾ അദ്ദേഹത്തെ സ്വസ്ഥമായി കരയാൻ വിട്ട് അവിടെ നിന്ന് പിരിഞ്ഞു പോവുകയും ചെയ്യുമായിരുന്നു.

എന്നാൽ ഖേദപൂർവ്വം പറയട്ടെ. റസൂൽ(സ)യെ ഓർക്കുമ്പോൾ നമ്മിൽ പലരുടെയും വായയും വയറുകളുമാണ് ചകരം കരഞ്ഞു പോവുക!

റസൂൽ(സ)യെ സ്നേഹിച്ചവരുടെ വിവിധ മാതൃകകളാണ് നാം ഇതേ വരെ കണ്ടത്. ഇനി റസൂൽ(സ)യുടെ മൊഴികളെ അവർ എങ്ങിനെ സ്നേഹിച്ചെന്നു നോക്കൂ... സ്വഹാബികളുടെ രണ്ടാം തലമുറയിൽ പെട്ട പ്രസിദ്ധ പണ്ഡിതനായിരുന്നു അബ്ദുർറഹ്മാനു ബിൻ മഹ്ദിയ്യ്. അദ്ദേഹത്തിന്റെ ഹദീസു ക്ലാസിനെക്കുറിച്ച് ഇങ്ങിനെ രേഖപ്പെടുത്തുന്നു; അബ്ദുർറഹ്മാന്റെ സദസ്സിൽ ആരും സംസാരിക്കുകയോ എഴുത്തുകോൽ കൂർപ്പിക്കുകയോ പുഞ്ചിരിക്കുകയോ ചെയ്യുമായിരുന്നില്ല. ഒരാളും എഴുന്നേൽക്കുകയുമില്ല. അവരുടെ തലകളിലൊക്കെ പക്ഷികൾ വന്നിരുന്നതു പോലെ, അല്ലെങ്കിൽ അവർ നമസ്കാരത്തിലാണെന്ന പോലെ, (അത്രയ്ക്ക് നിശ്ശബ്ദം, നിശ്ചലം.) അവരിലാരെങ്കിലും പുഞ്ചിരിക്കുന്നതോ സംസാരിക്കുന്നതോ അദ്ദേഹം കണ്ടാൽ അദ്ദേഹം ചെരിപ്പിട്ടു പുറത്തിറങ്ങിപ്പോവുമായിരുന്നു. (سير اعلام النبلاء)

ഇമാം മാലിക്(റ)നെക്കുറിച്ച് ഇങ്ങനെ റിപ്പോർട്ട് ചെയ്യുന്നു; പ്രവാചക മൊഴികളെ അങ്ങേയറ്റം ആദരിച്ച വ്യക്തിയായിരുന്നു അദ്ദേഹം. കർമ്മശാസ്ത്ര വിഷയങ്ങൾ പഠിപ്പിക്കാനായി അദ്ദേഹം മജ്‌ലിസിൽ വരുമ്പോൾ അദ്ദേഹത്തിന്റെ സൗകര്യപ്രകാരം അദ്ദേഹം ഇരിക്കുമായിരുന്നു. എന്നാൽ ഹദീസുകൾക്ക് വേണ്ടി അദ്ദേഹം ഇരിക്കാനുദ്ദേശിച്ചാൽ കുളിച്ചു

സുഗന്ധം പൂശി പുതിയ വസ്ത്രങ്ങളണിഞ്ഞ് തലപ്പാവുകെട്ടി അദ്ദേഹം പ്രസംഗപീഠത്തിൽ വന്നിരിക്കും. ഭക്തിയോടും പേടിയോടും ഗാംഭീര്യത്തോടും കൂടി. മജ്‌ലിസ് തുടങ്ങി അവസാനിക്കും വരെ അവിടെ സുഗന്ധപ്പുകയിടുകയും ചെയ്യും.ഹദീസിനോടുള്ള ആദരവിന്റെ പേരിൽ. (تذكرة الحفاظ للذهبي)

"ദുൽഹജ്ജിലെ ആദ്യപത്തുദിവസങ്ങളിൽ ജനങ്ങളോട് ഉംറ ചെയ്യാൻ കൽപ്പിക്കുകയാണോ? അതിൽ ഉംറയില്ലല്ലോ" എന്നൊരാൾ അഭിപ്രായപ്പെട്ടപ്പോൾ( ഇദ്ദേഹം ഇബ്നു അബ്ബാസ്(റ) ആണെന്ന് മറ്റു റിപ്പോർട്ടുകളിലൂടെ വ്യക്തമാക്കപ്പെട്ടിട്ടുണ്ട്.) ഉർവ്വ: ബിൻ അസ്സുബൈർ(റ) പറഞ്ഞു: നിശ്ചയം അബൂബക്കറും ഉമറും അങ്ങനെ ചെയ്തിരുന്നില്ല. അപ്പോഴ്ദ്ദേഹം പറഞ്ഞു:

من ههنا هلكتم، ما ارى الله عزوجل الا سيعذبكم اني أحدثكم عن رسول الله صلى الله عليه وسلم وتخبروني بـــابي بكـــر وعمر

(ഇവിടെയാണു നിങ്ങൾക്കു നാശം! അല്ലാഹു നിങ്ങളെ ശിക്ഷിക്കുമെന്ന് തന്നെയാണ് എനിക്കു തോന്നുന്നത്. നിശ്ചയം, ഞാൻ നിങ്ങളോട് സംസാരിക്കുന്നത് റസൂൽ(സ)യെക്കുറിച്ചാണ്. നിങ്ങളാവട്ടെ അബൂബക്കറിനെയും ഉമറിനെയും കുറിച്ച് എന്നെ അറിയിക്കുന്നു-മുസ്‌ലിം. (زاد المعاد)

ഇമാം ശാഫിഈ (റ) പറഞ്ഞു: اجمع العلماء على ان من استبانت له سنة رسول الله صلـــى الله عليه وسلم لم

يكن له ان يدعها لقول احد (റസൂൽ(സ)യുടെ സുന്നത്ത് ഒരാൾക്ക് വ്യക്തമായാൽ മറ്റൊരാളുടെ വാക്കിനുവേണ്ടിയും അത്(ആ സുന്നത്ത്) അയാൾ തിരസ്കരിക്കരുതെന്ന കാര്യത്തിൽ പണ്ഡിതന്മാർ യോജിച്ചിരിക്കുന്നു.)

ശാഫിഈ ഇമാം തന്നെ (അല്ലാഹു അദ്ദേഹത്തിന് കാരുണ്യം ചൊരിയട്ടെ) മേൽവിഷയത്തെ ബലപ്പെടുത്തും വിധം ഒരു സംഭവത്തിൽ ഒരാളോട് കോപിക്കുന്നത് നോക്കൂ..

**قال الحميدي: كنا عند الشافعي - رحمه الله - فأتاه رجل، فسأله مسألة فقال: قضى فيها رسول الله صلى الله عليه وسلم كذا وكذا، فقال رجل للشافعي : ما تقول أنت؟ فقال: سبحان الله! تراني في كنيسة؟! تراني في بيعة؟! ترى على وسطي زنار؟! أقول لك: قضى فيها رسول الله صلى الله عليه وسلم وأنت تقول: ما تقول أنت؟! (سير اعلام النبلاء)**

(ഹുമൈദി(റ) പറയുന്നു: ഞങ്ങൾ ശാഫിഈ(റ)യുടെ അടുത്തായിരിക്കവേ ഒരാൾ വന്ന് അദ്ദേഹത്തോട് ഒരു പ്രശ്നത്തെ പറ്റി ചോദിച്ചു.അദ്ദേഹം പറഞ്ഞു: അക്കാര്യത്തിൽ റസൂൽ(സ) ഇന്നിന്ന പ്രകാരമാണ് വിധിച്ചത് എന്ന്. അപ്പോഴയാൾ ശാഫിഈ(റ)യോട് ചോദിച്ചു: താങ്കളെന്ത് പറയുന്നു? അപ്പോഴദ്ദേഹം (കോപത്തോടും വെറുപ്പോടും കൂടി) ചോദിച്ചു: സുബ്ഹാനല്ലാഹ്! നീയെന്നെ ക്രിസ്ത്യൻ പള്ളിയിലാണോ കാണുന്നത്!? നീയെന്നെ ജൂതപ്പള്ളിയിലാണോ കാണുന്നത്!? എന്റെ മധ്യ

ത്തിൽ (പാതിരിമാരുടെ) അരപ്പട്ട നീ കാണുന്നോ?! അക്കാര്യത്തിൽ റസൂൽ(സ) വിധിച്ചത് ഞാൻ പറഞ്ഞപ്പോൾ നീ പറയുന്നു താങ്കളെന്ത് പറയുന്നുവെന്ന്?!)

റസൂൽ(സ)യെയും അവിടുത്തെ മൊഴികളെയും അവരപ്രകാരമാണ് സ്നേഹിച്ചതും ആദരിച്ചതും. സ്വഹാബികൾ തൊട്ടിങ്ങോട്ടുള്ള ചില ഉദാഹരണങ്ങൾ മാത്രമാണിതൊക്കെ. ഇബാദത്തുകൾ എത്രമാത്രം നാം ശ്രദ്ധിച്ചനുഷ്ഠിച്ചാലും തിരുമേനി(സ)യുടെ സ്വഹാബത്തിന്റെ അയൽപക്കത്തുപോലും എത്തുകയില്ല. റസൂൽ(സ)യോടുള്ള നമ്മുടെ സ്നേഹബഹുമാനങ്ങളും തഥൈവ. യഥാർഥത്തിൽ റസൂൽ(സ)യെ മനസ്സറിഞ്ഞ് സ്നേഹിച്ചവർ എത്ര പേരുണ്ട്?! ഇനി മനസ്സറിഞ്ഞ് സ്നേഹിച്ചാൽ തന്നെ ഏതുപ്രകാരമാണയാൾ പ്രതിഫലിപ്പിച്ചത്? ഈ സ്നേഹമാതൃക ആരിൽനിന്നാണ് അയാൾ പകർത്തിയത്? ഏത് സ്വഹാബിയുമായിട്ടാണ് അയാളുടെ സ്നേഹരീതികൾ യോജിച്ചുവരുന്നത്? സ്വഹാബികളായിരുന്നല്ലോ പ്രവാചക സ്നേഹത്തിന്റെ ഉജ്ജ്വലമായ ആദ്യ മാതൃകകൾ! അല്ലാഹുവിന്റെ തൃപ്തിയും അംഗീകാരവും നേടിയ മഹിത ജീവിതങ്ങൾ! നബി(സ)യെ അവിടുത്തെ ജന്മദിനം ആഘോഷിച്ചുകൊണ്ട് അവരാരും സ്നേഹിച്ചിരുന്നില്ല. എന്നല്ല, തിരുദൂതരെ സ്നേഹിക്കുവാൻ ഇങ്ങനെ ഒരു സംവിധാനവും കൂടി ആവാമെന്ന്, റസൂൽ(സ) പാകപ്പെടുത്തിയെടുത്ത ആ മഹാന്മാരായ വ്യക്തിത്വങ്ങൾക്കറിയുമായിരുന്നില്ല. ഉദ്ബോധനവും അന്നദാനവും സ്തുതിമൊഴിക

ളുമാണ് ഈ ആഘോഷദിനത്തിൽ പ്രധാനമായും സാധിക്കുന്നത് എന്നാണ് വാദിക്കുന്നത്. ഇവയോരോന്നും മതത്തിലെ ആദരണീയ കാര്യങ്ങൾ തന്നെ. ആർക്കും അതിൽ സംശയമില്ല. ഉൽബോധനത്തിൽ അവരായിരുന്നു ഏറ്റവും വലിയ പണ്ഡിതൻമാർ. അവരുടെ ഉൽബോധനം രാജ്യങ്ങളും ഉപഭൂഖണ്ഡങ്ങളും ഭേദിച്ചു. ഇസ്‌ലാമിക ലോകം ഇടിമിന്നൽ വേഗതയിൽ വികസിച്ചു! തെക്ക് അറബിക്കടലിന്റെ തീരത്ത് ഏദൻ മുതൽ വടക്ക് കരിങ്കടൽ തീരത്ത് ചൂനിയ വരെയും കിഴക്ക് ഇറാനും ബുഖാറയും സമർഖന്ദും തുടങ്ങി പടിഞ്ഞാറ് മൊറോക്കോയും സ്പെയിനും ജിബ്രാൾട്ടറും വരെ അത് വിശാലമായി. സ്വഹാബികളും താബിഉകളും താബിഉത്താബിഉകളും ഉൾപ്പെട്ട ആ പ്രബോധക സമൂഹം കേവലം ഇരുന്നൂറു വർഷക്കാലം കൊണ്ടാണ് ഇത് സ്ഥാപിച്ചെടുത്തത്. യാതൊരു സംഘടനയുടെയും സ്വാധീനമോ മേൽവിലാസമോ ഇതിനുണ്ടായിരുന്നില്ല. എന്നല്ല പേരുവെച്ച വല്ല സംഘടനയും പ്രബോധനത്തിനായി വേണമെന്നതും അവർക്കജ്ഞാതമായിരുന്നു. ഇതൊന്നുമില്ലാതെ ഇസ്‌ലാം വളർന്നു. പാശ്ചാത്യൻ എഴുത്തുകാർ വരെ ഈ ദ്രുതവികാസത്തിൽ കൗതുകം രേഖപ്പെടുത്തി. Dr Laurence Brown എന്ന അമേരിക്കൻ എഴുത്തുകാരൻ നാനൂറോളം പേജുവരുന്ന തന്റെ 'The First and Final commandment' എന്ന ഗ്രന്ഥത്തിലൊരിടത്ത് കൊടുത്ത ഒരു ഉദ്ധരണി എന്നെ ഏറെ വിസ്മയിപ്പിച്ചു. "ഇസ്‌ലാം പോലെ വളരെപ്പെട്ടെന്ന് വ്യാപിച്ച മറ്റൊരു മതവും ചരിത്രത്തിലില്ല. മുഹമ്മദ് നബി(സ)യുടെ മരണകാലത്ത് (A.D.632)

അറേബ്യയുടെ വലിയൊരു ഭാഗം ഇസ്‌ലാമിക നിയന്ത്രണത്തിലായിക്കഴിഞ്ഞിരുന്നു. വേഗം തന്നെ അത് സിറിയ, പേർഷ്യ, ഈജിപ്ത് എന്നിവിടങ്ങളിലും ഇപ്പോഴത്തെ റഷ്യയുടെ അതിർത്തി പ്രദേശങ്ങളിലും ഉത്തരആഫ്രിക്ക(ൻരാജ്യങ്ങ ളി)യും ഭേദിച്ച് സ്പെയിനിന്റെ അതിർത്തിയിൽ വരെയും ആ ജൈത്രയാത്ര ചെന്നെത്തി. അടുത്ത നൂറ്റാണ്ടിലൊക്കെ ഇസ്‌ലാമിന്റെ വളർച്ച കൂടുതൽ അത്ഭുതമുളവാക്കുന്നതായിരുന്നു.'' (Islam The misunderstood relegion. by James A. Michener).

ഇപ്രകാരം സ്വഹാബികളും താബിഉകളും താബിഉത്താബികളും സ്ഥാപിച്ച ഈ വിശാല ഇസ്‌ലാമിക ഭൂമിക്ക് തുല്യമായോ ആനുപാതികമായോ ഉള്ള ഒരു ഇസ്‌ലാമിക ലോകം വളർത്തിക്കൊണ്ടുവരാൻ ഒട്ടനവധി ആധുനിക മാധ്യമങ്ങളുണ്ടായിട്ടുപോലും ശേഷം പിന്നിട്ട ആയിരം വർഷക്കാലത്തെ ഉൽബോധകർക്ക് സാധിച്ചിട്ടില്ല. നമ്മുടെ ഉൽബോധനത്തിന്റെ മാറ്റുരക്കാൻ അത് മതിയാവും. ഉൽബോധനത്തിന് അവരാരും നബി(സ)യുടെ ജൻമദിനം കാത്തിരിക്കുകയോ ജൻമദിനത്തെ അതിനായി ഉപയോഗപ്പെടുത്തുകയോ ചെയ്തിരുന്നില്ല. അതൊരു പുണ്യകാര്യമായിരുന്നെങ്കിൽ ഇബാദത്തിലും ഇഖ്‌ലാസിലും നബി(സ)യോടുമുള്ള മഹബ്ബത്തിലും അല്ലാഹുവിന്റെ ആദരവ് നേടിയ ആ സമൂഹം അതൊരിക്കലും വിട്ടുകളയുമായിരുന്നില്ല

സാധുക്കൾക്കുള്ള അന്നദാനമാണ് പുണ്യകരമായ മറ്റൊന്ന്. മതം എക്കാലത്തും ആദരിക്കപ്പെട്ടതും പ്രോത്സാഹിപ്പിക്കപ്പെട്ടതും പ്രേരിപ്പിക്കപ്പെട്ടതുമായ കർമ്മമാണത്. പക്ഷെ നബിദിനത്തിൽ പ്രത്യേകം വാഴ്ത്തപ്പെട്ട ഒരു കാര്യമായി ഉത്തമനൂറ്റാണ്ടുകാർ നമുക്കത് പരിചയപ്പെടുത്തിത്തന്നിട്ടില്ല. ആ കർമ്മ നിർവ്വഹണത്തിന് ഏതെങ്കിലും ഒരു നബിജൻമദിനത്തെ അവർ കാത്തിരുന്നതായും രേഖപ്പെടുത്തിയിട്ടില്ല. പിന്നെ ഇന്നുള്ള അന്നദാനമാവട്ടെ, സാധുക്കൾക്കായുള്ളതല്ല; പ്രത്യുത,ആ അന്നം സർവ്വതരത്തിലും പെട്ട എല്ലാ ആമാശയങ്ങളിലേക്കുമുള്ള ദാനമായിട്ടാണ് നാം കാണുന്നത്.

സാധുക്കൾ ധാരാളമുണ്ടായിരുന്ന, ആഹാരവും അത്യാവശ്യത്തിന്നു മാത്രമുണ്ടായിരുന്ന ഒരു കാലഘട്ടത്തിലാണ് സ്വഹാബികൾ ജീവിച്ചിരുന്നത്. ദാനത്തെക്കുറിച്ച് അവർ കേൾക്കുകയും കാണുകയും ചെയ്തത്ര നാം കേൾക്കുകയോ കാണുകയോ ചെയ്തിട്ടില്ല. ആഹാരത്തിന് സ്വയം അത്യാവശ്യക്കാരായിരിക്കുന്ന ഘട്ടത്തിലാണ് അവരിൽ പലരും മറ്റുള്ളവർക്കത് ദാനം ചെയ്തത്. ഒരാൾ ചോദിച്ചു: "അല്ലാഹുവിന്റെ റസൂലെ, മഹത്തായ പ്രതിഫലത്തിനർഹമാക്കുന്ന ദാനമേതാണ്? അവിടുന്ന് മറുപടി പറഞ്ഞു: "നിനക്ക് ആരോഗ്യമുണ്ടായിരിക്കുകയും നിന്നെ ലുബ്ധ് ബാധിക്കുകയും നീ സമ്പന്നത മോഹിക്കുകയും ദാരിദ്ര്യം ഭയപ്പെടുകയും ചെയ്യുന്ന വേളയിലും നീ ചെയ്യുന്ന ദാനമാണ് ഏറ്റവും ശ്രേഷ്ഠം" - ബുഖാരി.

ഇത്തരം ശൈലികളാണ് അവരെ ദാനശീലരാക്കിയത്. ഒരിക്കൽ ഇബ്നു ഉമർ(റ)ന് രോഗം പിടിപെട്ട വേളയിൽ അദ്ദേഹത്തിന് മുന്തിരി തിന്നാൻ കൊതിയായി. അദ്ദേഹം ഭാര്യ സ്വഫിയ്യയെ പറഞ്ഞയച്ചു; ഒരു ദിർഹം കൊടുത്ത് ഒരു കുല മുന്തിരി വാങ്ങിച്ചു. അവർ അദ്ദേഹത്തിനടുക്കൽ അതുമായി പ്രവേശിച്ചപ്പോൾ അവരെ പിന്തുടർന്നിരുന്ന ഒരു യാചകൻ പറഞ്ഞു: ഭിക്ഷക്കാരൻ! (എനിക്കും തരണേ) എന്ന്. അപ്പോൾ ഇബ്നു ഉമർ(റ) പറഞ്ഞു: അതയാൾക്ക് കൊടുത്തേക്കൂ...അപ്രകാരം അതയാൾക്ക് നൽകി. പിന്നെ മറ്റൊരു ദിർഹം കൊടുത്തയച്ച് അവരെക്കൊണ്ട് ഒരു കുല മുന്തിരി വാങ്ങിച്ചു. ആ യാചകൻ അവരെ പിന്തുടർന്നു. അവർ അദ്ദേഹത്തിനടുക്കൽ പ്രവേശിച്ചപ്പോൾ അയാൾ പറഞ്ഞു: ഭിക്ഷക്കാരൻ! ഇബ്നു ഉമർ (റ) അവരോട് പറഞ്ഞു: അതയാൾക്ക് കൊടുത്തേക്കൂ.. എന്ന് അപ്രകാരം അതയാൾക്ക് കൊടുത്തു. പിന്നെ സ്വഫിയ്യ(റ)യെ അയാളുടെ അടുത്തേക്കയച്ചു പറഞ്ഞു: അല്ലാഹുവാണെ ഇനിയിതാവർത്തിച്ചാൽ അതിലൊരിക്കലും പുണ്യമില്ല എന്ന്. തുടർന്ന് മറ്റൊരു ദിർഹം നൽകി (വീണ്ടും) മുന്തിരി വാങ്ങി - ബൈഹഖി.

സ്വന്തം നിലക്ക് ആശയുള്ളപ്പോഴായിരുന്നു ഇത്തരം ദാനങ്ങൾ. മുസ്ലിംകളോടെന്നപോലെ അമുസ്ലിംകളോടും അവരത് ചെയ്തു. ബദ്റിൽ ബന്ധനസ്ഥരാക്കപ്പെട്ട അമുസ്ലിംകളോടുപോലും ഈ ആതിഥ്യവും ദാനമനോഭാ

വവും അവർ കാട്ടി. അവർക്ക് ആഹാരം നൽകിയിട്ടല്ലാതെ നാം ഭക്ഷണം കഴിക്കാറുണ്ടായിരുന്നില്ലെന്ന് ആ സ്വഹാബികളെപ്പറ്റി റിപ്പോർട്ട് ചെയ്യപ്പെട്ടു. യാതൊരു ഭൗതികേച്ഛകൾക്കോ ഉപചാരപദങ്ങൾക്കോ വേണ്ടി അവർ കാത്തു നിന്നിരുന്നില്ല. അവരെയും അവരുടെ ചര്യ പിൻപറ്റുന്ന വിശുദ്ധൻമാരെയും അല്ലാഹു ജല്ലജലാലുഹു ആദരിക്കുന്നത് നോക്കൂ.....

ويطعمون الطعام على حبّه مسكينًا ويتيمًا واسيرًا، انما نطعمكم لوجه الله لا نريد منكم جزاءً ولا شكورًا

(ഭക്ഷണത്തിന് അഭിലാഷമുള്ളതോടെ(തന്നെ) പാവപ്പെട്ടവനും അനാഥക്കുട്ടിക്കും ബന്ധനസ്ഥനും അവർ ഭക്ഷണം നൽകുന്നു.(അവർ പറയും) നിശ്ചയം അല്ലാഹുവിന്റെ പ്രീതിക്കുവേണ്ടി (മാത്ര)മാണ് ഞങ്ങൾ നിങ്ങൾക്കു ഭക്ഷണം തന്നത്. നിങ്ങളിൽ നിന്ന് ഒരു പ്രതിഫലമോ നന്ദിയോ ഞങ്ങളുദ്ദേശിക്കുന്നില്ല-(ഇൻസാൻ:8,9). ഈ ആളുകൾക്ക് അല്ലാഹു ഒരുക്കിവെച്ച പാരത്രികഫലം അറിയണമെന്നുള്ളവർ ഖുർആനിലെ അൽ ഇൻസാൻ അധ്യായം പാരായണം ചെയ്യട്ടെ-

ഉത്തമനൂറ്റാണ്ടുകാരാരും ഉൽബോധനത്തിനോ അന്നദാനത്തിനോ റസൂൽ(സ)യുടെ ജൻമദിനം ഉപയോഗപ്പെടുത്തിയില്ലെന്നറിയിക്കാനാണ് ഇതിത്രയും വിശദമാക്കേണ്ടി വന്നത്. ആ സഹാബിമാരാരും പുണ്യകരമെന്ന നിലക്ക് ഉപയോഗിച്ചിട്ടില്ലാത്ത സ്ഥാനങ്ങളും സ്ഥലങ്ങളും ദിനങ്ങളും തേടിയാണ്

പക്ഷെ നാം പോവുന്നത്. അവർ പുണ്യകരമായിക്കരുതി ചെയ്ത ശീലങ്ങൾ പലതും നാം വിസ്മരിക്കുകയും ചെയ്തു.

ഉമർ(റ)നോടൊപ്പം ഒരിക്കൽ ഹജ്ജിൽ പങ്കെടുത്ത ചിലർ അദ്ദേഹം ഹജ്ജ് നിർവ്വഹിച്ച് മടങ്ങവെ ഉണ്ടായ ഒരു സംഭവം ഇങ്ങനെ വിവരിക്കുന്നു:

**فلما قضى حجه ورجع والناس يبتدرون. فقال: ما هذا؟ فقيل مسجد صلى فيه رسول الله صلى الله عليه وسلم. فقال: هكذا هلك اهل الكتاب، اتخذو آثار انبيائهم بيعًا! من عرضت له منكم فيه الصلاة فليصل ومن لم تعرض له منكم فيه الصلاة فلا يصل. (تحذير الساجد للألباني، ابن ابي شيبة)**

(അദ്ദേഹം ഹജ്ജ് പൂർത്തീകരിച്ച് മടങ്ങവെ ജനങ്ങൾ ധൃതി കൂട്ടി. അപ്പോഴദ്ദേഹം ചോദിച്ചു: എന്താണിത്? "നബി(സ) നമസ്കരിച്ച പള്ളി തന്നെ" എന്ന് പറയപ്പെട്ടു. (പള്ളി സന്ദർശിച്ച് അതിൽ നമസ്കരിക്കാനാണുദ്ദേശം). അപ്പോഴദ്ദേഹം പറഞ്ഞു: "ഇങ്ങനെയാണ് ജൂതൻമാരും ക്രിസ്ത്യാനികളും നശിച്ചത്. അവർ അവരുടെ പ്രവാചകൻമാരുടെ കാലടികളെ പള്ളികളാക്കി! (അങ്ങനെ നിങ്ങൾ ചെയ്യരുത്.) അവിടെ വെച്ച് (റസൂൽ (സ) നമസ്കരിച്ച സ്ഥലത്ത്) നിങ്ങളിലാർക്കെങ്കിലും നമസ്കാരം ആസന്നമായാൽ നിങ്ങൾ നമസ്കരിക്കുക. നിങ്ങളിലാർക്കെങ്കിലും അവിടെ വെച്ച് നമസ്കാരമാസന്നമായില്ലെങ്കിലോ നമസ്കരിക്കുകയുമരുത്-)"

മഹത്വത്തിന്റെ ഉന്നതങ്ങളിൽ വർത്തിച്ച സ്വഹാബാക്കളും താബിഉകളും കാണാത്ത മഹത്വം റസൂൽ(സ) ജനിച്ച തിയ്യതിക്കും ആ മാസത്തിനും അവർ കൽപ്പിച്ചു. പല രാഷ്ട്രങ്ങളും ആ തിയ്യതിക്കു ദേശീയ അവധി തന്നെ നൽകി. ചില രാഷ്ട്രങ്ങൾ അതാഘോഷിക്കാൻ മാത്രമുപയോഗിക്കുന്ന വലിയ മൈതാനങ്ങളുണ്ടാക്കി. സുഡാനിലെ میدان المولد الكبير ഇതിനുദാഹരണമാണ്. പല ആഘോഷക്കാരും ഈ സദസ്സിൽ റസൂൽ (സ) സന്നിഹിതനാവുമെന്നു വരെ വിശ്വസിച്ചു. ആ വിശ്വാസവുമായി അവർ റസൂലിനെ ഒന്നിച്ചു വരവേറ്റു. مرحبا بالمصطفى يا مرحبا (മുസ്തഫാ-നബിയെ-സ്വാഗതം. സ്വാഗതം!) വാദ്യമേളങ്ങൾ മുഴക്കി. ലഹരി ഡ്രമ്മുകളിൽ മുട്ടി. സ്ത്രീകളും പുരുഷന്മാരും പരസ്പരം കൂടിക്കലർന്നു. നമ്മുടെ നാടുകളിൽ രാഷ്ട്രീയക്കാരെപ്പോലെ ജാഥകളും കൊടികളുമുണ്ടായി. മുദ്രാവാക്യങ്ങൾ മുഴക്കി.

"ലൂന, ബോയിംഗ്, അപ്പോളോ
ആകാശത്ത് പറക്കുമ്പോൾ
നമ്മുടെ നബിയുടെ മിഅ്റാജ്
നമ്മെ പുളകം കൊള്ളിച്ചു
എ.പി. മുഹമ്മദ് സിന്ദാബാദ്"

അന്ത്യപ്രവാചകൻ(സ)യെയാണ് എ.പി.മുഹമ്മദാക്കി ചുരുക്കിയത്. ഇനിയും വിളിച്ചു.

"ബഹിരാകാശത്തെത്തിയതും
ആദ്യം പാദം കുത്തിയതും

ആംസ്ട്രോങ് അല്ല ആൽഡ്രിനുമല്ല

ഇത് മുഹമ്മദ് സ്വല്ലല്ലാഹ് –" ഇങ്ങിനെയുള്ള മുദ്രാവാക്യങ്ങൾ ഏഴാകാശങ്ങൾക്കുമപ്പുറത്തേക്ക് സഞ്ചരിച്ച പ്രവാചകൻ(സ)യെ, ഈ ദൃശ്യാകാശത്തിനു ചുവടെ സ്ഥിതി ചെയ്യുന്ന ബഹിരാകാശത്തേക്കു പോയ സഞ്ചാരികളുടെ പരിശ്രമങ്ങളോടു സാദൃശ്യപ്പെടുത്തി. അങ്ങനെ മിഅ്റാജിന്റെ സന്ദേശം എന്താണെന്നുപോലുമറിയാത്തവരാണ് തങ്ങളെന്ന് അവർ ജനങ്ങളിൽ തോന്നിപ്പിച്ചു. ഉത്തമനൂറ്റാണ്ടുകാർ കാണാത്ത, ഉൾക്കൊള്ളാത്ത പല നേർമകളും ഇതിലുണ്ടെന്നും തോന്നലുണ്ടാക്കി ഈ ആഘോഷപരിപാടികളിലൂടെ തങ്ങൾ ചെയ്തത് ഒരു മഹത്തായ കാര്യമാണെന്നും അവർ തെറ്റിദ്ധരിച്ചു. അല്ലാഹു ജല്ലജലാലുഹു പറയുന്നു:

قل هل ننبئكم بالأخسرين أعمالا۔ الذين ضل سعيهم في الحياة الدنيا وهم يحسبون أنهم يحسنون صنعا

(നബിയേ) പറയുക: കർമങ്ങൾ ഏറ്റവും പാഴായിപ്പോയവരെക്കുറിച്ച് നാം നിങ്ങൾക്കു പറഞ്ഞു തരട്ടെയോ? ഐഹിക ജീവിതത്തിൽ അവരുടെ പരിശ്രമം പിഴച്ചുപോയവരത്രെ അവർ. അവരാകട്ടെ നല്ല പ്രവർത്തനമാണ് തങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നത് എന്ന് വിചാരിക്കുകയും ചെയ്യുന്നു - അൽ കഹ്ഫ് :103,104.)

ഈജിപ്തിലെ കെയ്റോയിൽ ഹിജ്റ 362-ൽ അൽ മുഇസ്സു ലി ദീനില്ലാഹ് എന്ന ഫാത്വിമിയ്യാ ഖലീഫയാണ് നബിദിനം ആദ്യം നടപ്പിലാക്കിയത്. നബിദിനം മാത്രമല്ല വേറെ അഞ്ചു ജൻമദിനങ്ങളും അപ്രകാരം അവർ സ്ഥാപിച്ചു. അലി(റ), ഫാത്വിമ(റ), ഹസൻ(റ), ഹുസൈൻ(റ) എന്നിവരുടെയും നിലവിലുള്ള ഖലീഫയുടെയും ജൻമദിനങ്ങൾ! ശിയാ വിഭാഗക്കാരായിരുന്നു ഇവർ. അതു കൊണ്ടാണല്ലോ റസൂൽ(സ)യുടെ പേരിലുള്ള ആഘോഷത്തിനൊപ്പം അലി (റ), ഫാത്വിമ(റ), ഹസൻ(റ), ഹുസൈൻ(റ) എന്നിവരുടെ പേരുകളും സ്ഥലം പിടിച്ചത്. അബൂബക്കർ(റ), ഉമർ(റ), ഉഥ്മാൻ (റ) എന്നീ പുണ്യഖലീഫമാരുടെ പേരുകൾ അക്കൂട്ടത്തിൽ വന്നില്ലല്ലോ.. എന്നാൽ ഹിജ്റ 487-ൽ അധികാരത്തിൽ വന്ന അൽ അഫ്ദൽ ബിൻ അമീറുൽ ജുയൂശ് എന്ന പട്ടാളത്തലവൻ ഈ ആറിനം ജൻമദിനങ്ങളും നിർത്തൽ ചെയ്തു. ജനങ്ങൾ പിന്നെ ആ ആചാരങ്ങളൊക്കെ മറന്നു. എന്നാൽ ഹിജ്റ 524-ൽ അൽഹാകിം ബിൻ അംറില്ലാഹ് എന്ന ഫാത്വിമിയ്യാ ഖലീഫ പ്രസ്തുത ആറു ജൻമദിനാഘോഷങ്ങളും പുനരാരംഭിച്ചു. അന്നുതൊട്ടിങ്ങോട്ട് പിന്നിട്ട ഈ എഴുനൂറ് വർഷങ്ങളിലും അത് നിരന്തരം ആചരിക്കപ്പെട്ടു. ഇർബൽ പട്ടണത്തിൽ ആദ്യമായി ഇത് നടപ്പിലായത് ഹിജ്റ ഏഴാം നൂറ്റാണ്ടിൽ മാത്രമാണ്. അവിടുത്തെ സുൽത്താൻ അൽ മുദഫ്ഫർ അബൂ സഈദ് കൗകബൂരി ബിൻ സൈനുദ്ദീൻ അലി എന്ന രാജാവാണ് അതിന്റെ നായകൻ.

ശ്രദ്ധിക്കുക! റസൂൽ(സ) ആദരിച്ചു പറഞ്ഞ സ്വഹാബാക്കളുടെയും അതിനു തൊട്ടടുത്ത രണ്ടു തലമുറകളുടെയും കാലഘട്ടത്തിൽ, റസൂൽ(സ)യുടെ ജൻമദിനത്തെപ്പറ്റി അവരാരും വല്ലതും സംസാരിച്ചതായോ അതിനെ ആചരിച്ചതായോ ആദരിച്ചതായോ നാം കേൾക്കുന്നില്ല. നാലാം നൂറ്റാണ്ടിന്റെ അവസാനഘട്ടത്തിൽ ശിയാ വിഭാഗക്കാരായ ഫാത്വിമിയ്യാ ഭരണാധികാരികളാണ് ലോകത്തിന് ഈ നവീനാചാരം സമർപ്പിച്ചത്. മുസ്‌ലിം വിശ്വാസങ്ങളെ വേട്ടയാടിക്കൊണ്ടിരിക്കുന്ന വല്ലാത്തൊരു ദുരന്തമായി അതിന്നും തുടരുന്നു...

അല്ലാഹു ജല്ലജലാലുഹു പറഞ്ഞു:

وما ارسلناك الا رحمة للعالمين

(ലോകർക്ക് കാരുണ്യമായിക്കൊണ്ടല്ലാതെ നാം നിന്നെ അയച്ചിട്ടില്ല-അൽഅമ്പിയാഅ് : 107) സർവ്വലോകർക്കും കാരുണ്യമായയച്ച ഒരു പ്രവാചകന്റെ ജൻമത്തിൽ ആഹ്ലാദം കൊള്ളുക എന്നത് നമ്മുടെ ബാധ്യതയാണെന്ന് ചിലർ ആ ഖുർആൻ വാക്യത്തെ വ്യാഖ്യാനിച്ചു. എന്നല്ല അല്ലാഹു ആഹ്ലാദം കൽപ്പിക്കുക കൂടി ചെയ്തു എന്നവർ ജൽപ്പിച്ചു.

قل بفضل الله وبرحمته فبذلك فليفرحوا

(പറയുക: അല്ലാഹുവിന്റെ അനുഗ്രഹവും കാരുണ്യവും കൊണ്ടാണത്. അതിനാൽ അതുകൊണ്ടവർ സന്തോഷിച്ചുകൊള്ളട്ടെ-യൂനുസ്:58) എന്ന വാക്യം അതിനായുദ്ധരിച്ചു.

അല്ലാഹു നൽകിയ ഏറ്റവും മഹത്തായ ഒരു കാരുണ്യമാണല്ലോ തിരുമേനി(സ). അക്കാര്യം മനസ്സിന്റെ സർവ്വ തുടിപ്പുകളിലും അണച്ചുചേർത്തംഗീകരിച്ചു കൊണ്ടു തന്നെ പറയട്ടെ: റസൂൽ(സ)യുടെ ജൻമത്തിൽ സന്തോഷി ക്കാനോ ആഘോഷിക്കാനോ ഉള്ള ഉദ്ദേശമല്ല ആ കൽപ്പന യിലുള്ളത്. അല്ലാഹു ജല്ലജലാലുഹു അങ്ങിനെ തന്റെ അടിമ കളോട് കൽപ്പിച്ചിട്ടുമില്ല. പ്രത്യുത, അതിന്റെ ഉദ്ദേശം അതിനു തൊട്ടുമുമ്പുള്ള വാക്യം വിശദീകരിച്ചു തരുന്നുണ്ട്. അല്ലാഹു ജല്ലജലാലുഹു പറയുന്നു:

يا ايها الناس قد جاءتكم موعظة من ربكم وشفاء لما في الصدور وهدى ورحمة للمؤمنين

(ഹേ, മനുഷ്യരെ, നിങ്ങൾക്കു നിങ്ങളുടെ രക്ഷിതാവിൽ നിന്ന് (1) സദുപദേശവും (2) നെഞ്ചുകളിലുള്ള (ഹൃദയങ്ങളിലുള്ള രോഗ) ത്തിന് ശമനവും (3) സത്യവിശ്വാസികൾക്ക് മാർഗ്ഗ ദർശനവും (4) കാരുണ്യവും വന്നിട്ടുണ്ട്-യൂനസ്:57). അല്ലാഹു വിന്റെ അനുഗ്രഹവും കാരുണ്യവും കൊണ്ടാണ് ആ നാലു കാര്യങ്ങളും സംഭവിച്ചത്. ആ അനുഗ്രഹം വിശുദ്ധ ഖുർ ആനും ആ കാരുണ്യം ഇസ്‌ലാമുമാണെന്നാണ് പൂർവ്വകാല വ്യാഖ്യാതാക്കളധികവും പറഞ്ഞത്. ഒരാളും തന്നെ ആ കാരുണ്യം എന്നത് റസൂലിന്റെ ജൻമമായിട്ട് വിശദീകരിച്ചിട്ടില്ല. ഖുർആനിലോ ഇസ്‌ലാമിക തത്വങ്ങളിലോ നിർദ്ദേശിക്കപ്പെ ട്ടതും താൽപര്യപ്പെട്ടതുമായ കാര്യങ്ങൾ ഉൾക്കൊള്ളുന്നതിലും നടപ്പിലാക്കുന്നതിലുമാണ് നാം സന്തോഷം കൊള്ളേണ്ടത്.

ഇസ്‌ലാം നബി(സ)യുടെ ജനനത്തെ കാരുണ്യമായി പരിചയപ്പെടുത്തുന്നില്ല. എന്നാൽ റസൂൽ(സ)യുടെ നിയോഗത്തെയാണ് അപ്രകാരം പറഞ്ഞിട്ടുള്ളത്. റസൂൽ(സ)യെ നബിയായി നിയോഗിച്ചത് അവിടുത്തെ നാൽപതാമത്തെ വയസ്സിലാണല്ലോ... ആ നിയോഗത്തെപ്പറ്റിയാണ് "ലോകർക്ക് മുഴുവൻ കാരുണ്യമായി" എന്ന് അല്ലാഹു സൂറത്തുൽ അൻബിയാഇലെ 107-ാമത്തെ വാക്യത്തിലൂടെ പറഞ്ഞത് ആ നാൽപതാമത്തെ വയസ്സിലെ നിയോഗത്തെക്കുറിച്ചാണ് وإنما بعثني رحمة للعالمين (നിശ്ചയം, ലോകർക്ക് മുഴുവൻ കാരുണ്യമായാണ് അല്ലാഹു എന്നെ നിയോഗിച്ചത്- അഹ്മദ്) എന്ന് പ്രവാചകൻ(സ) ശരീഫരി അവിടുത്തെ ഖുത്തുബയിൽ പറഞ്ഞത്. ഹിറാ ഗുഹയിൽ വെച്ച് റസൂൽ(സ)ക്കു ജിബ്രീൽ(അ) നുബുവ്വത്തുമായി വന്ന സംഭവമാണ് മുഹമ്മദ്(സ)യുടെ ജീവിതത്തിലെ ഏറ്റവും മഹത്തായ ആദ്യത്തെ കാര്യം. പ്രവാചകൻ(സ)യുടെ അമ്പതാമത്തെ വയസ്സിൽ ഒരു രാത്രിയിൽ മസ്ജിദുൽ ഹറമിൽ നിന്ന് ബൈതുൽ മുഖദ്ദസിലേക്ക് പോയത് മറ്റൊരു മഹത്തായ കാര്യമാണ്. അതേ രാത്രി തന്നെ അവിടെ നിന്ന് ഏഴാകാശങ്ങൾക്ക് മീതേക്കു കയറിപ്പോയതും അല്ലാഹുവുമായി സംസാരിച്ചതും ഈ സമുദായത്തിന് അഞ്ചുനേരത്തെ നമസ്കാരം നിർബന്ധമാക്കിയതും ആ രാത്രിയുടെ പ്രഭാതം വിടരുന്നതിനുമുമ്പ് മസ്ജിദുൽ ഹറമിൽ തന്നെ തിരിച്ചെത്തിയതും അത്ഭുതകരമായ മറ്റൊരു സംഭവമാണ്. റസൂൽ(സ)യുടെ മദീനയിലേക്കുള്ള ഹിജ്റ മറ്റൊരു മഹ

ത്തായ സംഭവമാണ്. ഹിജ്റ രണ്ടാം വർഷത്തിൽ നടന്ന ബദ്ർ യുദ്ധവും 8-ാം വർഷത്തിലെ മക്കാവിജയവും മഹത്തരങ്ങളായ സംഭവങ്ങളാണ്. ഈ മഹാസംഭവങ്ങളോരോന്നും നടന്ന ദിവസങ്ങളെ ഓർക്കാനായി പ്രവാചകൻ(സ) സ്വഹാബികളെ ഒരുമിച്ചു കൂട്ടി ഒരോർമ്മ പുതുക്കൽ നടത്തുകയോ പ്രവാചക കാലഘട്ടത്തിനു ശേഷം സ്വഹാബികളാരും അപ്രകാരം ചെയ്യുകയോ ഉണ്ടായില്ല. "ഇന്നേ ദിവസം നിങ്ങളുടെ മതം നിങ്ങൾക്കു ഞാൻ പൂർത്തിയാക്കിത്തന്നു....." എന്ന ഭാഗം നേരത്തെ നാം വായിച്ചുവല്ലോ.. പ്രസ്തുത വാക്യം നബി(സ)യുടെ ഹജ്ജിൽ, വെള്ളിയാഴ്ച, അറഫാദിനത്തിൽ ഒരു വൈകുന്നേരമാണ് അവതരിക്കുന്നത്. ഒരിക്കൽ ജൂതനായ ഒരാൾ ഈ വാക്യത്തെപ്പറ്റി ഉമർ(റ)നോടു പറഞ്ഞു;

لو أنزلت هذه الآية علينا لاتخذنا يومها عيدًا

(ഞങ്ങളിലാണ് ഈ വാക്യം ഇറങ്ങിയതെങ്കിൽ ഞങ്ങളീദിവസത്തെ പെരുന്നാളാക്കുമായിരുന്നു)എന്ന്. മനുഷ്യവർഗ്ഗത്തിന് അല്ലാഹു അവന്റെ മതം പൂർത്തീകരിച്ച ദിനമെന്ന നിലക്ക് വേണമെങ്കിൽ അതേപറ്റി ഒട്ടനവധി ഓർമ്മ പുതുക്കൽ നടത്താമായിരുന്നു. മുകളിൽ നാം എടുത്തു പറഞ്ഞ ആ മഹത്തായ സംഭവങ്ങളോരോന്നും ഈ ഒരൊറ്റ ദിവസത്തിൽ സ്മരിക്കാമായിരുന്നു. പക്ഷെ മതത്തിൽ അതനുവദിക്കപ്പെടാത്തതുകൊണ്ടാണ് അത്തരം ആഘോഷങ്ങൾ ഇല്ലാതെ പോയത്. അൽഹംദുലില്ലാഹ്.

ഥുവൈബ (ثُوَيْبَة) യെക്കുറിച്ചാണ് മറ്റൊരു പരാമർശം

അബൂലഹബിന്റെ അടിമസ്ത്രീയായിരുന്നു ഇവർ. സുവൈബഃയും റസൂൽ(സ)യെ മുലയൂട്ടിയിട്ടുണ്ട്. മുഹമ്മദ്(സ) ജനിച്ച സന്തോഷം അബൂലഹബിനെ അറിയിച്ചത് ഇവരായിരുന്നുവെന്നും അതിൽ സന്തുഷ്ടനായി സുവൈബഃയെ അദ്ദേഹം അടിമത്വത്തിൽ നിന്നു മോചിപ്പിച്ചുവെന്നും ആ പുണ്യത്തിന്റെ പേരിൽ അബൂലഹബിന് ഒരു പ്രത്യേക ദിവസത്തിൽ നരകത്തിൽ ശിക്ഷയിൽ കുറവുകിട്ടുന്നുവെന്നുമാണ് വാദം. ആ കഥ ഈ പുസ്തകത്തിൽ വിശദീകരിച്ചിട്ടുണ്ട്. എന്നാൽ നബി(സ)യുടെ ജനനത്തിൽ സന്തോഷവാനായി അബൂലഹബ് തന്റെ ഈ അടിമയെ മോചിപ്പിച്ചിട്ടുണ്ടോ?! വ്യക്തമായ ഒരു രേഖയും അതു സംബന്ധിച്ച് വന്നിട്ടില്ല! വന്ന റിപ്പോർട്ടുകളാവട്ടെ ഈ കെട്ടുകഥയെ കൂടുതൽ ദുർഗന്ധപൂരിതമായ അഴുക്കാക്കി മാറ്റുകയും ചെയ്യുന്നു. ഇബ്നു ഹജർ(റ) പറയുന്നു: "മുലകുടി കാലമൊക്കെ കഴിഞ്ഞ് വളരെ നീണ്ടകാലഘട്ടത്തിനു ശേഷം ഹിജ്റയുടെ മുമ്പായിട്ടായിരുന്നു അബൂലഹബ് അവരെ മോചിപ്പിച്ചത്" എന്ന്.(ഫത്ഹുൽ ബാരി).

മുലകുടി ബന്ധത്തിലൂടെയുള്ള മാതാവെന്ന നിലക്ക് റസൂൽ(സ) അവരെ വളരെ സ്നേഹിക്കുകയും ഉപഹാരങ്ങളൊക്കെ പലപ്പോഴും കൊടുത്തയയ്ക്കുകയും ചെയ്യാറുണ്ടായിരുന്നു. ഖദീജ(റ) ഇത് ശ്രദ്ധിച്ചിരുന്നു. അതിനാൽ തന്നെ ഖദീജ(റ)യ്ക്ക് അവരോട് ആദരവുണ്ടായി. അവർ അബൂലഹബിനോട് അവരെ മോചിപ്പിക്കാമോ എന്നാരാഞ്ഞു. എന്നാൽ അബൂലഹബ് ആ ആവശ്യം തിരസ്കരിക്കുകയാണ്

ചെയ്തത്. റസൂൽ(സ) മദീനയിലേക്ക് ഹിജ്റ പോയപ്പോഴാണ് അബൂലഹബ് അവരെ മോചിപ്പിച്ചത്. (കൂടുതൽ വിശദമായി ابن سعد ന്റെ الطبقات ൽ).

ഈ രണ്ടുദാഹരണങ്ങളിൽ നിന്നും റസൂൽ(സ)യുടെ ജനനത്തിന്റെ സന്തോഷത്തിലോ വാർത്തയുടെ സന്തോഷത്തിലോ അവർക്ക് മോചനം കിട്ടിയിട്ടില്ല എന്നാണല്ലോ മനസ്സിലാക്കേണ്ടത്.

നബിദിനാഘോഷം سنة حسنة (നല്ല സുന്നത്ത്) എന്നാണ് മറ്റൊരു വാദം. ഏതൊരു നല്ല കാര്യവും നടപ്പിലാക്കിയാൽ അതൊക്കെയും നല്ല സുന്നത്താവുമത്രെ. റസൂൽ (സ) പറഞ്ഞു:

ومن سن سنة حسنة فله اجرها واجر من عمل بها الى يوم القيامة

(ഏതൊരാൾ ഒരു നല്ല സുന്നത്ത് നടപ്പിലാക്കിയാൽ അയാൾക്ക് അതിന്നുള്ള പ്രതിഫലവും അന്ത്യനാൾ വരെ ആരൊക്കെ അതു ചെയ്തുവോ അവർക്കുള്ള പ്രതിഫലവുമുണ്ട്.)

ഈ സുന്നത്ത് നമ്മുടെ സ്വന്തം വകയായുണ്ടാക്കുന്നതാണെന്നാണ് ചിലർ ധരിച്ചത്. അങ്ങിനെയല്ല, പകരം റസൂൽ(സ)യിലോ നാലു ഖലീഫമാരിലോ മാതൃകയുള്ളതായിരിക്കണം അത്. അതിലില്ലെങ്കിൽ അത് തള്ളപ്പെടണം. റസൂൽ(സ)പറഞ്ഞു: من عمل عملا ليس عليه امرنا فهو رد

(നാം കൽപ്പിച്ചതല്ലാത്ത ഒരു കാര്യം (മതത്തിൽ) ഏതൊരാൾ ചെയ്തുവെച്ചാൽ അപ്പോഴത് തള്ളപ്പെടണം.) നബിദിനം റസൂൽ (സ)യോ സ്വഹാബത്തോ ആചരിച്ചിട്ടില്ല. അതിനാൽ അത് സുന്നത്തിന്റെ ഗണത്തിൽ വരുന്നില്ല. തള്ളപ്പെടേണ്ട ഗണത്തിലാണ് വരുന്നത്. ഇതുൾക്കൊള്ളാൻ നിങ്ങൾക്കു പ്രയാസം തോന്നുന്നുണ്ടോ?. എങ്കിൽ ഇതിലേക്ക്. നമ്മുടെ മനസ്സുകൾക്ക് ആശ്വാസവും വിശാലതയും തരുന്ന ഒരു സംഭവത്തിലേക്ക് നമുക്കൊന്ന് കടന്നു ചെല്ലാം.. അംറുബ്നിൻ യഹ്‌യാ തന്റെ പിതാമഹനെപ്പറ്റി, പിതാവ് യഹ്‌യാ ഇങ്ങനെ പറഞ്ഞതായിപ്പറയുന്നു:

**كنا نجلس على باب عبد الله بن مسعود رضي الله عنه قبل صلاة الغداة، فإذا خرج مشينا معه الى المسجد، فجاءنا ابو موسى الأشعري رضي الله عنه فقال: أخرج اليكم ابو عبد الرحمن بعد؟ قلنا : لا، فجلس معنا حتى خرج، فلما خرج قمنا اليه جميعا، فقال له ابو موسى: يا أبا عبد الرحمن، اني رأيت في المسجد آنفا امرا انكرته ولم أر والحمد لله إلا خيرا، قال فما هو؟ فقال: ان عشت فستراه، قال رأيت في المسجد قوما حلقا جلوسا ينتظرون الصلاة في كل حلقة رجل وفي ايديهم حصى فيقول كبروا مائة فيكبرون مائة، فيقولون: هللوا مائة فيهللون مائة، فيقول سبحوا مائة فيسبحون مائة، قال فماذا قلت لهم؟ قال: ما قلت لهم شيئا، انتظار رأيك**

او انتظار امرك، قال افلا امرتهم ان يعدوا سيئاتهم، وضمنت لهم ان لا يضيع من حسناتهم شيئ، ثم مضى ومضينا معه حتى أتى حلقة من تلك الحلق فوقف عليهم، فقال : ما هذا الذى اراكم تصنعون؟ قالوا: يا ابا عبد الرحمن، حصى نعد به التكبير والتهليل والتسبيح، قال : فعدوا سيئاتكم فأنا ضامن ان لا يضيع من حسناتكم شيئ، ويحكم يا امة محمد، ما اسرع هلكتكم، هؤلاء صحابة نبيكم صلى الله عليه وسلم متوافرون، وهذه ثيابه لم تبل، وآنيته لم تكسر، والذى نفسي بيده، انكم لعلى ملة هي اهدى من ملة محمد صلى الله عليه وسلم، او مفتتحوا باب ضلالة. قالو: والله يآبا عبد الرحمن، ما اردنا الا الخير، قال وكم من مريد للخير لن يصيبه. رواه الدارمي

(പ്രഭാത നമസ്കാരത്തിനു മുമ്പ്. ഞങ്ങൾ അബ്ദുല്ലാഹ് ബിൻ മസ്ഊദ്(റ)ന്റെ വാതിലിനു മുന്നിൽ അദ്ദേഹം പള്ളിയിലേക്ക് പുറപ്പെടുമ്പോൾ അദ്ദേഹത്തോടൊപ്പം പോവാനായി ഇരിക്കുകയായിരുന്നു. അപ്പോൾ അബൂ മൂസാ അൽ അഷ്അരി(റ) വന്നു ചോദിച്ചു: അബൂ അബ്ദുർറഹ്മാൻ (അബ്ദുല്ലാഹ് ഇബ്നു മസ്ഊദിനെ ആദരിച്ചു വിളിക്കുന്നത് -അബ്ദുർറഹ്മാന്റെ പിതാവേ എന്ന്) നിങ്ങളിലേക്ക് ആഗത

നായോ? ഞങ്ങൾ പറഞ്ഞു: ഇല്ല. അങ്ങിനെ അദ്ദേഹം വരുന്നത് വരെ അദ്ദേഹവും (അബൂ മൂസാ(റ)യും) ഞങ്ങളോടൊപ്പം ഇരുന്നു. അങ്ങനെ അദ്ദേഹം (ഇബ്നു മസ്ഊദ്) ആഗതനായപ്പോൾ ഞങ്ങളെല്ലാവരും അദ്ദേഹത്തിന്നടുത്തേക്ക് എഴുന്നേറ്റ് ചെന്നു. തുടർന്ന് അബൂ മൂസാ(റ) അദ്ദേഹത്തോട് ചോദിച്ചു: ഓ, അബൂ അബ്ദുർറഹ്മാൻ! മുമ്പില്ലാത്തൊരു കാര്യം ഞാൻ പള്ളിയിൽ കണ്ടു. ഞാനതിൽ നിന്നും വിട്ടുനിന്നു. അൽഹംദുലില്ലാഹ് ഞാനതിൽ പുണ്യമല്ലാതെ കാണുന്നില്ല. അദ്ദേഹം (ഇബ്നു മസ്ഊദ്(റ)) ചോദിച്ചു: എന്നാലെന്താണത്? അദ്ദേഹം അബൂ മൂസ(റ)) പറഞ്ഞു താങ്കൾ ജീവിച്ചിരുന്നാൽ അപ്പോഴത് താങ്കൾക്ക് കാണാനാവും. ജനങ്ങൾ പള്ളിയിൽ സംഘമായിരുന്ന് നമസ്കാരത്തിന്നു കാത്തിരിക്കുന്നത് ഞാൻ കണ്ടു. ഓരോ സംഘത്തിലെ ആളുകളുടെ കൈകളിലും ചെറിയ കല്ലുകളുണ്ട്. ഒരാൾ പറയും: كبروا مائة (നൂറുവട്ടം തക്ബീർ ചൊല്ലു) എന്ന്. അപ്പോഴവർ നൂറു തവണ അല്ലാഹു അക്ബർ ചൊല്ലും. പിന്നെ അയാൾ പറയും: هللوا مائة (നൂറുവട്ടം ലാ ഇലാഹ ഇല്ലല്ലാഹ് ചൊല്ലു)എന്ന്. അപ്പോഴവർ നൂറുതവണ ലാ ഇലാഹ ഇല്ലല്ലാഹ് എന്നു പറയും. അയാൾ പറയും: سبحوا مائة (നൂറുവട്ടം സുബ്ഹാല്ലാഹ് ചൊല്ലു) എന്ന്. അപ്പോഴവർ നൂറുതവണ സുബ്ഹാനല്ലാഹ് എന്നു പറയും. അദ്ദേഹം(ഇബ്നു മസ്ഊദ്(റ)) ചോദിച്ചു: അപ്പോൾ അവരോട് നിങ്ങളെന്ത് പറഞ്ഞു? അദ്ദേഹം പറഞ്ഞു: "ഞാനൊന്നും പറഞ്ഞില്ല. താങ്കളുടെ അഭി

പ്രായമോ കൽപ്പനയോ കാത്തിരുന്നു". അദ്ദേഹം (ഇബ്നു മസ്ഊദ്(റ)) പറഞ്ഞു: "നിങ്ങൾക്കവരോട് നിങ്ങളുടെ പാപങ്ങൾ എണ്ണുവിൻ എന്ന് കൽപ്പിക്കാമായിരുന്നില്ലേ? നിങ്ങളുടെ പുണ്യങ്ങളിലൊന്നും നഷ്ടപ്പെടില്ലായെന്നതിന് അവർക്ക് നിങ്ങൾ ഉറപ്പ് നൽകുകയും (ചെയ്യാമായിരുന്നില്ലേ)?" തുടർന്ന് അദ്ദേഹം നീങ്ങി. ഞങ്ങളും അദ്ദേഹത്തെ അനുഗമിച്ചു. അവിടുത്തെ സംഘങ്ങളിലൊരു സംഘത്തിനുമുമ്പിൽ ചെന്നു നിന്നിട്ടദ്ദേഹം ചോദിച്ചു: " നിങ്ങളീ കാണിക്കുന്നതെന്താണ്?" അവർ പറഞ്ഞു: "അല്ലയോ അബൂ അബ്ദുർറഹ്മാൻ ഇത് കല്ലുകളാണ്. ഞങ്ങളിത് കൊണ്ടു തക്ബീറും ലാ ഇലാഹ ഇല്ലല്ലായും സുബ്ഹാനല്ലായും എണ്ണം പിടിക്കുകയാണ്". അദ്ദേഹം പറഞ്ഞു: "എന്നാൽ നിങ്ങൾ നിങ്ങളുടെ പാപങ്ങളെണ്ണുവിൻ. നിങ്ങളുടെ നന്മകളൊന്നും പാഴായിപ്പോവില്ലെന്ന് ഞാനങ്ങനെ നിങ്ങൾക്ക് ഉറപ്പ് തരാം. മുഹമ്മദിന്റെ സമുദായമേ, നിങ്ങൾക്കു നാശം! നിങ്ങളെത്ര വേഗമാണ് നശിച്ചുപോയത്! നിങ്ങളുടെ പ്രവാചകൻ(സ)യുടെ സ്വഹാബാക്കളിതാ ധാരാളം (ജീവിച്ചിരിക്കുന്നു.) തിരുമേനി(സ)യുടെ വസ്ത്രമിതാ അത് ദ്രവിച്ചിട്ടില്ല. അവിടുന്ന്(ഉപയോഗിച്ച) പാത്രങ്ങൾ നശിച്ചിട്ടുമില്ല. എന്റെ ആത്മാവ് ഏതൊരുവന്റെ കൈകളിലാണോ അവനെത്തന്നെയാണെ. നിങ്ങൾ മുഹമ്മദ്(സ)യുടെ മതത്തിലെ ഏറ്റവും സന്മാർഗ്ഗം പ്രാപിച്ച മില്ലത്തിലാണോ അതോ നിങ്ങൾ വഴികേടിന്റെ വാതിൽ തുറക്കുന്നവരാണോ!" അവർ പറഞ്ഞു: "അല്ലയോ അബൂ അബ്ദുർറഹ്മാൻ! അല്ലാഹുവാണെ,

ഞങ്ങൾ നന്മയല്ലാതെ മറ്റൊന്നും ഉദ്ദേശിച്ചിട്ടില്ല'. അദ്ദേഹം പറഞ്ഞു: "നന്മ ഉദ്ദേശിക്കുന്ന എത്രയോ പേരുണ്ട്, അവർക്കത് ലഭിക്കാതെ പോവുന്നു"! -(ദാരിമി)

ഫജ്ർ നമസ്കാരത്തിനു വേണ്ടി വളരെ നേരത്തേ പള്ളിയിലെത്തി കാത്തിരിക്കുന്ന സ്വഹാബാക്കൾ. അവരാ കാത്തിരിപ്പിന്റെ നീളം ദിക്റുകൾ ചൊല്ലിക്കൊണ്ടു മാത്രമാണ് ഇല്ലാതാക്കുന്നത്. എത്ര ദിക്റുകൾ ചൊല്ലിയെന്ന് കല്ലുകൊണ്ടവർ എണ്ണം പിടിക്കുന്നു. എത്ര പുണ്യകരമായ കാര്യമായിട്ടാണ് നമുക്കിത് തോന്നുക! ആ സുബ്ഹാനല്ലായും അല്ലാഹു അക്ബറും ലാ ഇലാഹ ഇല്ലല്ലായും മനുഷ്യന് ഉരിയാടാൻ പറ്റുന്ന ഭൂമുഖത്തെ ഏറ്റവും മെച്ചപ്പെട്ട ദിക്റുകളാണെന്ന് നമുക്കറിയാമല്ലോ..എല്ലാ സൃഷ്ടികളും നിസ്സാരങ്ങളാണെന്നാംഗീകരിക്കുന്ന, അല്ലാഹുവെന്ന സ്രഷ്ടാവാണ് ഏറ്റവും ഔന്നത്യമുള്ളവനെന്നുള്ള പ്രഖ്യാപനമാണ് അല്ലാഹു അക്ബർ.

നാവുകൾക്കുച്ചരിക്കാൻ ഏറെ എളുപ്പമുള്ള രണ്ട് വാക്കുകൾ. അല്ലാഹുവിന്റെ വിചാരണയുടെ തുലാസിൽ നന്മയുടെ തട്ടിന് തൂക്കം നൽകുന്ന രണ്ട് വാക്കുകൾ. അല്ലാഹുവിന് പ്രിയങ്കരമായ രണ്ട് വാക്കുകൾ سبحان الله وبحمده سبحان الله العظيم എന്നതാണെന്ന് തിരുമേനി(സ) പഠിപ്പിക്കുകയുണ്ടായി.

ലോകത്താദ്യമായി കേട്ട പദമാണ് ലാ ഇലാഹ ഇല്ലല്ലാഹ്. മനുഷ്യരും ജിന്നുകളുമൊഴിച്ചുള്ള എല്ലാ സൃഷ്ടിജാല

അള്ളുമതംഗീകരിക്കുന്നു. മനുഷ്യരിലും ജിന്നുകളിലുമേറെപ്പേരും അതംഗീകരിക്കുന്നു. ഏഴാകാശങ്ങൾ മുഴുവനും ഞാനൊഴിച്ച് അതിനകത്തുള്ള എല്ലാ നിവാസികളും ഏഴു ഭൂമികൾ മുഴുവനും അവയ്ക്കകത്തും അവക്കിടയിലുമുള്ള സർവ്വാനുഗ്രഹങ്ങളും ഒരു തട്ടിലും ലാ ഇലാഹ ഇല്ലല്ലാഹ് എന്നത് മാത്രം വേറെ ഒരു തട്ടിലും വെച്ചാൽ ഏറ്റവും ഭാരമേറിയ രൂപത്തിൽ ലാ ഇലാഹ ഇല്ലല്ലാഹ്‌യുടെ തട്ട് താഴ്ന്നിരിക്കുമെന്ന് അല്ലാഹു മൂസാ(അ)യെ പഠിപ്പിക്കുകയുണ്ടായി. ഭൂമിയും ആകാശങ്ങളും അവയ്ക്കകത്തെ എല്ലാ സൃഷ്ടികളും ചേർന്ന് ഒരു വളയ രൂപത്തിലാവുകയും ലാ ഇലാഹ ഇല്ലല്ലാഹ് ആ വളയത്തിൽ കൊരുത്തിടുകയും ചെയ്താൽ അതിന്റെ ഭാരം മൂലം പ്രസ്തുത വളയം പൊട്ടിപ്പോകുന്നതാണെന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

ഇതൊക്കെയാണ് ഈ മൂന്ന് ദിക്റുകളുടെ മഹത്തായ ഗുണങ്ങൾ. ആ ദിക്റുകളാണ് സഹാബാക്കളിൽ ചിലർ പള്ളിക്കകത്തിരുന്ന് ചൊല്ലിയിരുന്നത്. പക്ഷേ, ദീനിൽ സ്ഥിരപ്പെട്ട ഏറ്റവും ശ്രേഷ്ഠമായ ദിക്റുകളായിരുന്നിട്ടുപോലും അത് ചൊല്ലാൻ പ്രവാചക മാതൃകയില്ലാത്ത ഒരു രീതി പുതുതായുണ്ടാക്കിയതാണ് "നിങ്ങൾ വഴികേടിന്റെ വാതിൽ തുറക്കുന്നവരാണോ" എന്ന് ഇബ്നു മസ്ഊദ് (റ) നെ ക്ഷുഭിതനാക്കിയത്. അബ്ദുല്ലാഹിബ്നു മസ്ഊദ്(റ) ആരാണെന്ന് ഹദീസ് വിദ്യാർഥികൾക്ക് ശരിക്കും അറിയാം. അദ്ദേഹം സഹാബികൾക്കിടയിലെ പണ്ഡിതനായിരുന്നു. "പണ്ഡിതൻമാരുടെ

ഇമാം' എന്നും ' ഈ ഉമ്മത്തിന്റെ ജ്ഞാന നിപുണൻ' എന്നൊക്കെയും അദ്ദേഹത്തെ വിശേഷിപ്പിക്കപ്പെട്ടിട്ടുണ്ട്.

മേൽ സംഭവം ഇത്ര വിശദമായി ഇവിടെ ഉദ്ധരിച്ചത് നല്ല കാര്യമെന്ന നിലക്ക് നമ്മുടെ സമൂഹം ചെയ്യുന്ന ഏത് കാര്യത്തെക്കുറിച്ചും ഒരു പുനരാലോചന നടത്താൻ വേണ്ടിയാണ്. 'നല്ല സുന്നത്ത്' എന്ന നിലക്ക് പുതുതായൊന്നും ചെയ്തു കൂടാ. ഇസ്ലാമിലെ സ്ഥിരപ്പെട്ട സുന്നത്തുകൾ ഒട്ടനവധി ആളുകൾ ചര്യയാക്കാതെ വിസ്മൃതി കൊള്ളുന്നുണ്ട്. ആ നല്ല സുന്നത്തുകളാണ് പുനരാവിഷ്കരിക്കേണ്ടത്. താടി സമൃദ്ധമാക്കി വളർത്താനും മീശ പറ്റെവെട്ടിച്ചെറുതാക്കാനും കൽപ്പിക്കപ്പെട്ട എൺപതോളം ഹദീസുകളുണ്ട്. ജനങ്ങളിലെ എത്രപേരാണ് ആ പ്രവാചകകൽപ്പന അനുസരിക്കുന്നവർ !

മിസ്‌വാക്ക് ചെയ്യുക എന്നതും അപ്രകാരം തന്നെ. തന്റെ ഉമ്മത്തിന് ഒരു ഭാരമായിത്തീരുമോ എന്ന് ഭയമില്ലായിരുന്നുവെങ്കിൽ എല്ലാ വുദുവെടുക്കുമ്പോഴും മിസ്‌വാക്ക് ചെയ്യാൻ അവരോട് കൽപ്പിക്കുമായിരുന്നേനെയെന്ന് തിരുമേനി(സ)പറഞ്ഞു. ഇമാം ബുഖാരി(റ) റിപ്പോർട്ട് ചെയ്ത മറ്റൊരു ഹദീസിൽ 'എല്ലാ നമസ്കാരത്തോടൊപ്പവും' എന്നാണ്. എല്ലാ പ്രവാചകൻമാരും ആചരിച്ചു പോന്ന ആ ശീലം പലർക്കും അജ്ഞാതമായിക്കിടക്കുന്നു. മുഹമ്മദ്(സ)യാവട്ടെ വുദുവെടുക്കാൻ പോവുമ്പോഴും നമസ്കരിക്കാൻ തുടങ്ങുമ്പോഴും വീട്ടിലേക്ക് പ്രവേശിക്കുമ്പോഴും ഉറങ്ങി എഴുന്നേൽക്കു

പോഴും.....ഒക്കെ ചെയ്തിരുന്ന കാര്യം. ഷാഫിഈ ഗ്രന്ഥങ്ങളിലും അപ്രകാരം നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. വുദുവെടുക്കുമ്പോൾ, നമസ്കാരത്തിന്നു നിന്നാൽ, ഖുർആനും ഹദീസും ശറഇയ്യ വിജ്ഞാനവും ദിക്റുകളും പാരായണം ചെയ്യാനൊരുങ്ങിയാൽ, ഉറക്കിൽ നിന്നുണർന്നാൽ, ഉറക്കം, വിശപ്പ്, ഭക്ഷണം, നീണ്ട മൗനം, നീണ്ട സംസാരം എന്നിവയെക്കൊണ്ട് വായക്ക് മാറ്റം വന്നാൽ...... എന്നിങ്ങനെ പോവുന്നു മിസ്‌വാക്കിന്റെ സ്ഥാനങ്ങൾ. (കൂടുതൽ അറിയാൻ الحاوي، المهذب പോലുള്ള ഗ്രന്ഥങ്ങൾ പരിശോധിക്കുക)

പുരുഷന്മാർ ഖബർ സന്ദർശിക്കുക എന്നതും അപ്രകാരം തന്നെ. യാത്രയുടെ യാതൊരു ഒരുക്കങ്ങളുമില്ലാത്തതും തൊട്ടടുത്തുള്ളതുമായ ഖബർസ്ഥാൻ ഇടക്കിടെ സന്ദർശിച്ചുകൊണ്ട് മരണബോധത്തെ തന്റെ ചിന്തകളുടെ സഹചാരിയാക്കുക. ഈ നല്ല സുന്നത്തും വിസ്മൃതിയിലാണ്. അർദ്ധ രാത്രി ഉറക്കിൽ നിന്നെഴുന്നേറ്റ് നമസ്കരിക്കുക. അറിയുന്നവർക്കും അറിയാത്തവർക്കും സലാം ചൊല്ലുക, തിങ്കളാഴ്ചയും വ്യാഴാഴ്ചയും നോമ്പെടുക്കുക, നബി (സ) ജനിച്ചതും പ്രവാചകനായതും തിങ്കളാഴ്ച ദിവസത്തിലാണെന്ന മഹത്വം തിങ്കളാഴ്ചക്കുണ്ട്. വ്യാഴാഴ്ചയാണെങ്കിലോ അല്ലാഹുവിങ്കൽ നമ്മുടെ കർമ്മങ്ങൾ പ്രദർശിപ്പിക്കപ്പെടുന്ന ദിവസം എന്ന പ്രത്യേകതയും അതിനുണ്ട്. നോമ്പെടുത്തു കൊണ്ടായിരിക്കണം ആ ദിവസങ്ങളെ ആദരിക്കേണ്ടത്. അപ്രകാരം ശ്രേഷ്ഠകരമായ മറ്റു നോമ്പുകളും ആചരിക്കുക. ആളുകളേറെപ്പേരും അനു

അറിയായ്കയാൽ 'മണ്ണടിഞ്ഞു' കിടക്കുന്ന സുന്നത്തുകളാണവ. വരൾച്ചയുണ്ടാവുമ്പോൾ മഴക്കുവേണ്ടി നമസ്കരിക്കുക. സൂര്യ-ചന്ദ്ര ഗ്രഹണ വേളകളിൽ ഗ്രഹണ നമസ്കാരങ്ങൾ നമസ്കരിക്കുക, മയ്യിത്ത് മറവു ചെയ്താൽ തഥ്ബീതിന് വേണ്ടി. എല്ലാവരുടെയും ശബ്ദങ്ങളും പദങ്ങളും ഒരുപോലെ വരാത്തവിധം തന്നാലാവും വിധത്തിലും ശൈലിയിലും, ഹൃദയസാന്നിദ്ധ്യത്തോടെ പ്രാർഥിക്കുക. വീടുകളിലും പള്ളികളിലും വെച്ചൊക്കെ ഖുർആൻ പാരായണം നിത്യമാക്കുക. ദിവസവും റസൂൽ(സ)ക്ക് സ്വലാത്തും സലാമും ധാരാളമായി ചൊല്ലുക, വിശേഷിച്ചും വെള്ളിയാഴ്ച ദിവസങ്ങളിൽ. അവിടുന്ന് (സ) പറഞ്ഞു: “വെള്ളിയാഴ്ചയിൽ എന്റെ മേൽ നിങ്ങൾ സ്വലാത്തധികരിപ്പിക്കുക. എന്തുകൊണ്ടെന്നാൽ നിങ്ങളുടെ, സ്വലാത്തിനെ എനിക്കു പ്രദർശിപ്പിക്കപ്പെടും” (അൽബാനി സ്വഹീഹാക്കിയത്- 1527) അതിനെ രാവിനെ മാത്രം പ്രത്യേകപ്പെടുത്തിക്കൊണ്ടാവരുത് അത്. വെള്ളിയാഴ്ച എന്നത് അതിലെ രാവും പകലും ചേർന്ന സമ്പൂർണ്ണ ദിവസമാണ്. ഒരേ താളത്തിലും ശബ്ദത്തിലും കുറെ പേർ ചേർന്ന് ഒരു നിശ്ചിത എണ്ണം തികയ്ക്കലുമാവരുത് അത്. എന്ത് കൊണ്ടെന്നാൽ സ്വലാത്ത് ചൊല്ലാനായുള്ള ഇത്തരം ക്രമീകരണങ്ങളും പ്രത്യേക സമയങ്ങളും പ്രവാചകൻ(സ) യുടെ അധ്യാപനങ്ങളിൽ പെട്ടതല്ല. അങ്ങിനെ ചെയ്താൽ ബിദ്അത്തിലേക്കു നയിച്ച, വിപരീതഫലം ചെയ്ത കർമമായി അത് മാറും. വെള്ളിയാഴ്ചകളിലെ രാവു പകലുകളിലെപ്പോഴെങ്കിലും ഓർക്കു

സന്ദർഭം കിട്ടുമോ, അപ്പോഴൊക്കെ അത് ചൊല്ലുക. രാവിലെന്നോ, ആൾക്കൂട്ടങ്ങളെയോ പ്രത്യേക എണ്ണത്തെയോ താളത്തെയോ പരിഗണിക്കാത്ത വിധമായിരിക്കണം അത്. അത്തഹിയ്യാത്തിൽ നാം ചൊല്ലാറുള്ള അല്ലാഹുമ്മ സല്ലി അലാ മുഹമ്മദിൻ വ അലാ ആലി മുഹമ്മദിൻ........എന്ന് തുടങ്ങുന്ന ഇബ്റാഹീമീ പ്രാർഥനയിലൂടെ അത് സാധിക്കും. നമസ്കാരത്തിലല്ലാത്തപ്പോഴും അതാകാവുന്നതാണ്. അതുമല്ലെങ്കിൽ اللهم صلي وسلم وبارك على محمد എന്നോ അതും സാധിക്കാത്തവർ صلى الله على محمد صلى الله عليه وسلم എന്നോ ചൊല്ലുക. അതുമല്ലെങ്കിൽ റസൂൽ(സ)യുടെ പേര് കേൾക്കുമ്പോഴെങ്കിലും صلى الله عليه وسلم എന്ന് ചൊല്ലുക. ഈ ഒരൊറ്റ വാക്കിലൂടെ റസൂൽ(സ)ക്ക് സ്വലാത്തും സലാമും വന്നുചേരുന്നു. അങ്ങിനെ ഓരോ സ്വലാത്തും പത്തു പുണ്യമായി വർദ്ധിക്കും. ഓരോ സലാമും പ്രവാചകനെത്തിച്ചേരും. അതിനുവേണ്ടി റസൂൽ(സ)യുടെ ഖബർകൊള്ളെ സഞ്ചരിക്കേണ്ടതില്ല. നിങ്ങൾ ഭൂലോകത്തിന്റെ അങ്ങേതലയ്ക്കലായാലും വിശുദ്ധ മദീനാ ഷരീഫിലായാലും ഒരേ ഫലം മാത്രം. എന്തുകൊണ്ടെന്നാൽ തന്റെ ഉമ്മത്തിന്റെ (ഇത്തരം) സലാമിനെ പ്രവാചകനിലേക്കെത്തിക്കാൻ അല്ലാഹു ചില മലക്കുകളെ ഏർപ്പാടു ചെയ്തിട്ടുണ്ട്. റസൂൽ(സ)പറഞ്ഞതായി അബ്ദുല്ലാഹ് ബിൻ മസ്ഊദ്(റ) റിപ്പോർട്ട് ചെയ്യുന്നു:

ان لله ملائكة سياحين في الأرض يبلغوني من امتي السلام

(നിശ്ചയം, അല്ലാഹുവിന് ഭൂമിയിൽ സഞ്ചാരികളായ ചില മലക്കുകളുണ്ട്. എന്റെ ഉമ്മത്തിന്റെ സലാം അവരെനിക്കെത്തിച്ചു തരും.) അഹ്മദ്, നസാഈ, ദാരിമി, ഇബ്നു ഹിബ്ബാൻ എന്നിവരൊക്കെ ഈ ഹദീസ് സ്വഹീഹായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതായത് 'അസ്സലാമു അലൈക്ക യാ നബിയ്യല്ലാഹ്' എന്നോ 'യാ നബി സലാം അലൈക്കും' എന്നോ നേരിട്ടുള്ള അഭിസംബോധനപോലെയാവരുത്. ഇനിയുമെത്രയെത്ര!

വീട്ടിൽ നിന്നിറങ്ങുമ്പോഴും വീട്ടിലേക്കു വരുമ്പോഴും രാവിലെയും, വൈകുന്നേരവുമൊക്കെയുള്ള പ്രാർഥനകൾ, ഹദീസിൽ, സ്ഥിരപ്പെട്ട വ്യത്യസ്ത സമയങ്ങളിലുള്ള ദിക്റുകൾ, ദുആകൾ എന്നിവയൊക്കെ പതിവാക്കുക. ഖുർആനും സുന്നത്തും ജനങ്ങളെ പഠിപ്പിക്കുക. അവ പഠിക്കുമ്പോൾ പ്രവാചക ജീവിതം അനാവരണം ചെയ്യപ്പെടും. ഒരു പ്രത്യേക ദിവസത്തിനു വേണ്ടി കാത്തിരിക്കാതെ അവയൊക്കെയും നിർവ്വഹിക്കുക. ബിസ്മിയും ഹംദും സ്വലാത്തും കൊണ്ട് പ്രബോധനം തുടങ്ങുക. ഹംദും സ്വലാത്തും കൊണ്ടവസാനിപ്പിക്കുകയും ചെയ്യുക. അങ്ങനെയങ്ങനെ എത്രയെത്ര നല്ല സുന്നത്തുകൾ നാം ഉപയോഗപ്പെടുത്തായ്കയാൽ മൂടപ്പെട്ട് കിടക്കുന്നു! അവയോരോന്നും മൂടപ്പെട്ടിടത്തുനിന്നു മാറ്റി സമൂഹത്തിനിടയിൽ, അല്ലാഹുവിന്റെ തൃപ്തി മാത്രം മോഹിച്ച് ആദ്യമായി നടപ്പാക്കുന്ന ഒരാളാവാൻ നാമോരുത്തരും ശ്രമിച്ചു നോക്കൂ.... അവ നടപ്പാക്കിയ ശേഷം ഈ ഹദീസൊന്നു മനസ്സറിഞ്ഞു വായിക്കുകയും ചെയ്യൂ...റസൂൽ(സ) ബിലാലുബി

നുൽ ഹാരിഥ്(റ) വോട് പറഞ്ഞു:

**انه من احيا سنة من سنتي قد اميتت بعدي فإن له من الأجر مثل من عمل بها من غير ان ينقص ذلك من اجورهم شيئا**

(എനിക്കു ശേഷം മരണമടഞ്ഞ എന്റെ സുന്നത്തിൽ പെട്ട വല്ല സുന്നത്തിനും ജീവൻ നൽകുന്നവനാരോ അവന് അതനുസരിച്ച് പ്രവർത്തിച്ചവന്നുള്ള പ്രതിഫലമുണ്ട്; അവർക്കുള്ള പ്രതിഫലത്തിൽ നിന്ന് യാതൊന്നും കുറയാതെ തന്നെ-തിർമിദി.) ഇത് തന്നെയാണ് നല്ല ബിദ്അത്ത്. ദീനിൽ മുമ്പ് നടപ്പുണ്ടായിരുന്നതിനെ വീണ്ടും പുനരാവിഷ്കരിക്കുക! ഇമാം ഷാഫിഈ(റ) തന്നെ പറയട്ടെ-

**البدعة بدعتان بدعة محمودة وبدعة مذمومة فما وافق السنة فهو محمود، وما خالف السنة فهو مذموم**

(ബിദ്അത്തുകൾ രണ്ടെണ്ണമുണ്ട്. ശ്ലാഘനീയമായ ബിദ്അത്തും ആക്ഷേപാർഹമായ ബിദ്അത്തും. നബിചര്യയോട് യോജിച്ചു വന്നുവോ അപ്പോഴത് ശ്ലാഘനീയമായി. നബിചര്യയോട് വൈരുദ്ധ്യമായോ അപ്പോഴത് വെറുക്കപ്പെട്ടതുമായി - ابو نعيم തന്റെ الحلية ൽ).

അതിനാൽ തന്റെ കർമങ്ങൾ ശ്ലാഘനീയമാണോയെന്ന് പ്രവാചകൻ(സ)ന്റെയും നാലു ഖലീഫമാരുടെയും ചര്യകളുമായി ഒത്തു നോക്കുക. യോജിച്ചതാണെങ്കിൽ മാത്രം ആചരിക്കുക. ഇല്ലെങ്കിൽ അരുത്. പ്രവാചകന്റെയും ഖുലഫാഉർറാ

ഷിദുകളുടെയും സുന്നത്തുകളാണ് നമ്മോട് ആചരിക്കാൻ കൽപ്പിക്കപ്പെട്ടത്. നമ്മോട് കൽപ്പിക്കപ്പെട്ട റസൂൽ(സ)യുടെയും ഖലീഫമാരുടെയും സുന്നത്തല്ല നബിദിനാചരണം. പിന്നയോ ഷിയാക്കളായ ഫാത്വിമിയ്യാക്കളുടെയും ഇർബിലിലെ മുദഫ്ഫർ സുൽത്താന്റെയും സുന്നത്താണത്. ഷിയാക്കളുടെ ഈ സുന്നത്ത് ആചരിച്ചാൽ ആ ആളുകളുടെ പിശാചുക്കൾക്കത് ആനന്ദം പകരും. അല്ലാഹുവിങ്കലത് പ്രിയതരമായിരിക്കില്ല. അല്ലാഹു ഇഷ്ടപ്പെടണമെങ്കിൽ അല്ലാഹുവിന്റെ റസൂലിനെ പിൻപറ്റിയേ തീരൂ.... പിശാചിനോട് പടപൊരുതാൻ കരുത്തുള്ള ധീര മനസ്സുകൾക്കേ അത് സാധിക്കൂ... അതിനുള്ള പരിശീലനമാണ് വേണ്ടത്. രാഷ്ട്രം ഒഴിവു ദിനമായി പ്രഖ്യാപിച്ചാലും ഏറ്റവും കൂടുതൽ ആളുകൾ ആചരിച്ചാലും ആകർഷണീയമായ വേദികളൊരുക്കിയാലും അതിൽ അത്യാകർഷകരായ പണ്ഡിതൻമാർ അണിനിരന്നാലും രുചിയൂറുന്ന ആഹാരങ്ങൾ വിളമ്പിയാലും തിൻമ ഒരിക്കലും സുന്നത്തായി വരില്ല. നൻമയുടെ പിന്നിൽ പലപ്പോഴും ആളുകളുടെ ബാഹുല്യം കുറവായിരിക്കും. സൗകര്യങ്ങളും സ്വാധീനവും കുറവായിരിക്കും. അതൊരിക്കലും ഒരു സത്യവിശ്വാസിയുടെ ഊർജ്ജത്തെ ബാധിക്കരുത്. അല്ലാഹു ജല്ലജലാലുഹു പറയുന്നു:

وان تطع اكثر من في الارض يضلوك عن سبيل الله

(ഭൂമിയിലുള്ളവരിൽ അധികമാളുകളെയും നീ അനുസരിക്കുന്ന പക്ഷം അവർ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ നിന്ന് നിന്നെ വ്യതി

പഠിപ്പിക്കുന്നതാണ്-അൻആം:116) മറ്റൊരിടത്ത് അല്ലാഹു ജല്ല ജലാലുഹു പറയുന്നു:

وان كثير من الخلطاء ليبغي بعضهم على بعـــض الا الذيـــن امنوا وعملوا الصالحات وقليل ما هم

(നിശ്ചയമായും കൂട്ടുകാരിൽ പെട്ട പലരും-ചിലർ ചിലരുടെ മേൽ-അതിക്രമം പ്രവർത്തിക്കാറുണ്ട്. വിശ്വസിക്കുകയും സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്യുന്നവരൊഴികെ. അവർ (എണ്ണത്തിൽ) വളരെ കുറവുമായിരിക്കും- സ്വാദ് : 24). മറ്റൊരിടത്ത് അല്ലാഹു ജല്ലജലാലുഹു പറയുന്നു:

وما اكثر الناس ولو حرصت بمؤمنين

(നീയെത്ര ആശിച്ചാലും മനുഷ്യരിലധികമാളുകളും സത്യവിശ്വാസികളല്ല-യൂസുഫ് :103)

ആളുകളുടെ ഭൂരിപക്ഷം നോക്കി നൻമ തിൻമകൾ വിലയിരുത്താനാവില്ല. ഖുർആനിനോടും, സുന്നത്തിനോടും യോജിക്കുന്നതിൽ നിന്നുമാത്രമേ നൻമ പുലരുകയുള്ളൂ. അത് ജീവിപ്പിച്ചു കൊണ്ടു വരാനുള്ള ബാധ്യത ഓരോ മുസ്ലിമിനുമുണ്ട്. ഖുർആനിനോടും, സുന്നത്തിനോടും യോജിക്കുന്നില്ലെങ്കിൽ അതെത്ര ഉജ്ജ്വല വർണ്ണങ്ങളിലായി നമ്മുടെ മുന്നിൽ പ്രത്യക്ഷപ്പെട്ടാലും അതിനെ തകർത്തെറിയാനുള്ള ബാധ്യതയും നമുക്കുണ്ട്. അല്ലാഹു അനുഗ്രഹിക്കട്ടെ.

ഈ മൊഴികൾ ഇത്രയും ദൈർഘ്യമായതിൽ ഖേദമ

ക്കാർ ക്ഷമിക്കണം. ഗ്രന്ഥകാരൻ സൂക്ഷ്മമായി പറഞ്ഞത് നമ്മുടെ മനസ്സുകൾക്ക് ഉൾക്കൊള്ളാൻ സൗകര്യപ്പെടും വിധം തെളിവുകളോടെ വിശദീകരിക്കുകയാണ് ഈ തർജ്ജമക്കാരൻ ചെയ്തത്. അത് പറയാൻ വേണ്ടി മാത്രം മറ്റൊരു ഗ്രന്ഥം അനാവശ്യമാണെന്നും തോന്നി. ഗ്രന്ഥകാരൻ നിഷ്പക്ഷമായാണ് ഈ വിഷയം അവതരിപ്പിക്കുന്നത്. വായനക്കാരും അപ്രകാരം നിഷ്പക്ഷമായി ഈ ഗ്രന്ഥത്തിലൂടെ സഞ്ചരിക്കട്ടെ.

ശൈഖ് അബൂബക്കർ അൽ ജസാഇരി, 1921 -ൽ ലീവ ( ليوة ) എന്ന ഗ്രാമത്തിലാണ് ജനിച്ചത്. അൾജീരിയയിലെ പ്രസിദ്ധ പട്ടണങ്ങളിലൊന്നായ ബിസ്കറ ( بسكرة ) യിൽ നിന്ന് നാൽപത് കിലോമീറ്റർ ദൂരെയാണ് ഈ പ്രദേശം. മൂസാ ബിൻ അബ്ദുൽ ഖാദർ ബിൻ ജാബിറാണ് അദ്ദേഹത്തിന്റെ പിതാവ്. നന്നേ ചെറുപ്പത്തിൽ തന്നെ അദ്ദേഹം ഖുർആൻ ഹൃദിസ്ഥമാക്കുകയും, വ്യാകരണത്തിലും മാലികീ കർമ്മ ശാസ്ത്രവിഷയങ്ങളിലും നൈപുണ്യം നേടുകയും ചെയ്തിരുന്നു. പിന്നെ ബിസ്കറയിലെ പണ്ഡിതന്മാരിൽ നിന്നും വിജ്ഞാനം കരസ്ഥമാക്കുന്നതിനായി അദ്ദേഹം അങ്ങോട്ടു താമസം മാറ്റി. കുറച്ചു നാളുകൾക്കു ശേഷം പഠനാവശ്യാർത്ഥം വീണ്ടും ലീവയിലേക്കു തന്നെ വന്നു. അങ്ങനെ യുവത്വത്തിലെത്തും മുമ്പേ അറബിഭാഷയിലും ഫിഖ്ഹിലും ഹദീസ് വിജ്ഞാനീയങ്ങളിലും മറ്റും അദ്ദേഹത്തിനു വേണ്ടത്ര അറിവു നേടാനായി. പഠനം തുടർന്നതോടൊപ്പം തലസ്ഥാനത്തെ ഒരു സ്കൂളിൽ അധ്യാപകവൃത്തിയിലുമേർപ്പെട്ടു. അദ്ദേഹം ഈ

ഭരണാഗ്രഹങ്ങളും ലക്ഷ്യമാക്കി പിന്നീട് അദ്ദേഹം സൗദി അറേബ്യയിലേക്ക് ഹിജ്റ പോയി. അവിടെ വിശുദ്ധ മദീനാപള്ളിയിൽ അധ്യാപകനായി നിയമിതനായി. എൺപതു വയസ്സു പിന്നിട്ട ഈ വാർദ്ധക്യത്തിലും പ്രസ്തുത അധ്യാപനവൃത്തി അദ്ദേഹം ഇന്നും തുടരുന്നു..... ഇസ്ലാമിക രംഗത്ത് സേവന നിരതനായിരിക്കാൻ അല്ലാഹു അദ്ദേഹത്തിന് ആയുരാരോഗ്യസൗഖ്യം നൽകുമാറാവട്ടെ- رسائل الجزائري ، منهاج المسلم എന്നിവയും മൂന്നു വാല്യങ്ങളുള്ള أيسر التفاسير എന്ന ഗ്രന്ഥവും പ്രസിദ്ധങ്ങളാണ്

ഈ ഉപോദ്ഘാതം മുഴുവൻ വായിച്ചുനോക്കി ശുദ്ധി വരുത്തുകയും പ്രൗഢസുന്ദരവും ഹൃദയാകർഷകവും ആശയ ഗാംഭീര്യവുമുള്ള ഒരു സന്ദേശം ഇതിലേക്ക് തരികയും, ആവശ്യമായ വിവരങ്ങൾ തന്നു സഹായിക്കുകയും ചെയ്ത, മദീനാ ഇസ്ലാമിക് യൂനിവേഴ്സിററിയിലെ പ്രഫസറായ എന്റെ സ്നേഹഭാജനം ഡോ: മുഹമ്മദ് അഷ്റഫ് മൗലവിക്ക് അല്ലാഹു ജല്ലജലാലുഹു ഉന്നത പ്രതിഫലം നൽകട്ടെ-. വളരെ തിരക്കു പിടിച്ച ജീവിതത്തിൽ അപൂർവ്വമായി വീണുകിട്ടുന്ന ഇടവേളകൾ ഉപയോഗപ്പെടുത്തി ഒരു വർഷക്കാലം കൊണ്ടാണ് ഈ തർജ്ജമയുടെ പരിശോധന പ്രിയങ്കരനായ സുഹൃത്ത് പ്രഫസർ ഹുസൈൻ മടവൂർ പൂർത്തീകരിച്ചു തന്നത്. അല്ലാഹു ജല്ലജലാലുഹു അദ്ദേഹത്തിനും നല്ല പ്രതിഫലം നൽകട്ടെ-. എനിക്കജ്ഞാതമായ കോണിലിരുന്ന് ചില മധ്യവർത്തികളിലൂടെ ഈ പുസ്തകം അമ്പതിനായിരം കോപ്പി

പ്രിന്റ് ചെയ്യുന്നതിൽ വേണ്ട സഹായം ചെയ്യാമെന്നറിയിച്ച, എനിക്കജ്ഞാതനായ ആ ദീനീ സേവകനെ അല്ലാഹു ആദരിക്കുമാറാവട്ടെ-. ഈ ഗ്രന്ഥത്തിനെന്നപോലെ എന്റെ മിക്ക ഗ്രന്ഥങ്ങൾക്കും പുറംചട്ട രചിച്ചു തന്ന സുഹൃത്ത് പകരയിലെ മുസ്തഫ കീഴേപ്പാട്ടിന്നും പകർത്തെഴുതാൻ സഹായിച്ച ഉമ്മു ഫുർഖാനും ഈ തർജ്ജമയിൽ പ്രത്യക്ഷമോ പരോക്ഷമോ ആയി സഹായിച്ച എല്ലാസഹോദരങ്ങളിലും, ശാന്തമായി, നിഷ്പക്ഷമായി ഈ ഗ്രന്ഥത്തെ സമീപിക്കുകയും ഉൾക്കൊള്ളുകയും ഉൽബുദ്ധരാവുകയും ചെയ്യുന്ന എല്ലാ വായനക്കാരിലും അല്ലാഹു അനുഗ്രഹം ചൊരിയട്ടെ-. അല്ലാഹുവിന്റെ അനന്തവും അനസ്യൂതവുമായ കാരുണ്യത്തിനും തൗഫീഖിനുമായി ഇവ പരിശ്രമം സമർപ്പിച്ചു കൊണ്ട്.....

അല്ലാഹുവേ...ദീനിൽ സ്ഥിരപ്പെട്ടതും അനിവാര്യവുമായ സുന്നത്തുകളിലേക്ക് മുസ്‌ലിം സഹോദരങ്ങളുടെ നെഞ്ചകം വിശാലമാക്കികൊടുക്കണെ..... വർജ്ജിക്കേണ്ടതും അവഗണിക്കേണ്ടതും എക്കാലത്തും ഉണ്ടായിക്കൊണ്ടിരിക്കുന്നതുമായ എല്ലാ ബിദ്അത്തുകളിൽ നിന്നും അവരെ വിരക്തരും വിമുഖരുമാക്കണേ.... നിശ്ചയം നീയല്ലോ കാരുണ്യവാനും ഉദാരനും. ഞങ്ങളുടെ നബിയിലും, അവിടുത്തെ സ്നേഹിക്കേണ്ടത് എപ്രകാരമെന്ന് കാണിച്ചു തന്ന, ലോകാവസാനം വരെയുള്ള മുസ്‌ലിം ഉമ്മത്തിന് അതെങ്ങിനെയെന്ന് മാതൃകാപൂർവ്വം പഠിപ്പിച്ചു തന്ന സ്വഹാബാക്കളിലും നിന്റെ

കാരുണ്യവും അനുഗ്രഹവും നിരന്തരം വർഷിക്കുകയും ചെയ്യട്ടെ......

وآخر دعوانا أن الحمد لله رب العالمين

ഹനീഫ് പുല്ലിക്കമ്പ്,
പി.ബി.നമ്പർ-2439
റിയാദ്11451. സൗദി അറേബ്യ

## നബിദിനാഘോഷം
## ഒരു നിഷ്പക്ഷ സമീപനം

### പ്രസ്താവം

അല്ലാഹുവിന് സർവ്വത്ര സ്തുതി. അല്ലാഹുവിന്റെ ദൂതനിൽ കരുണാ കടാക്ഷങ്ങളുണ്ടാവട്ടെ- നബിദിനാഘോഷം എന്ന വിഷയത്തിൽ രചന നടത്തുവാൻ നബിയോടുള്ള ആദരവിന്റെയും മതിപ്പിന്റെയും പേരിൽ എനിക്ക് വളരെ മടിയുണ്ടായിരുന്നു. എന്നാൽ ജൻമദിനാഘോഷ വിഷയത്തിൽ മുസ്ലിംകൾ പരസ്പരം കാഫിറാക്കുകയും പരസ്പരം ശപിക്കുകയും ചെയ്യുന്ന സ്ഥിതി എനിക്കു കാണാനായി. വർഷം തോറും സംഭവിക്കുകയും അതിൽ ജനങ്ങൾ നശിച്ചു പോവുകയും ചെയ്യുന്ന ഈ കുഴപ്പത്തിന് ഒരറുതി വരട്ടെയെന്ന താൽപര്യത്തോടെ ഇത് രചിക്കാൻ ഞാൻ നിർബന്ധിതനായിത്തീരുകയായിരുന്നു. لا حول و لا قوة إلا بالله (അല്ലാഹുവിനെക്കൊണ്ടല്ലാതെ യാതൊരു കഴിവും കരുത്തുമില്ല.)

നബി(സ)യുടെ ജൻമദിനമാഘോഷിക്കുന്നവരെ സൗദി അറേബ്യയിലെ മുഫ്തി, ഷൈഖ് അബ്ദുൽ അസീസ് ബിൻ ബാസ് കാഫിറാക്കിയിരിക്കുന്നുവെന്നും തൻമൂലം ഇസ്ലാമിക

ലോകം അസന്തുഷ്ടരായിരിക്കുന്നുവെന്നും റബീഉൽ അവ്വൽ മാസത്തിന്നു മുമ്പായി ബി.ബി.സി.ലണ്ടന്റെ പ്രക്ഷേപണത്തിൽ ഞാൻ കേട്ടു. ഭീതിദവും പൊള്ളയുമായ ആ വാർത്ത കേട്ട് ഞാനാശ്ചര്യപ്പെട്ടു. ജൻമദിനാഘോഷം ബിദ്അത്താണെന്നും അത് വിരോധിക്കണമെന്നും ആദരണീയനായ മുഫ്തി പറഞ്ഞ കാര്യം സുവിദിതമാണ്. ജൻമദിനസ്മരണകൾ നടപ്പിലാക്കുകയോ അതാഘോഷിക്കുകയോ ചെയ്യുന്നവരെ അദ്ദേഹം കാഫിറാക്കിയിട്ടില്ല. (ജൻമദിനാഘോഷമെന്ന അനാചാരത്തെ ഖണ്ഡിച്ചു കൊണ്ട് ആദരണീയനായ മുഫ്തി, ശൈഖ് അബ്ദുൽ അസീസ് ബിൻ ബാസ് ധാരാളം എഴുതിയിട്ടുണ്ട്. ജൻമദിനമാഘോഷിക്കുന്ന ഒരാളെപ്പറ്റിയും അയാൾ കാഫിറാണെന്ന് അദ്ദേഹം പറഞ്ഞിട്ടില്ല. ബി.ബി.സിയുടെ മൊഴി, വികാരവിക്ഷോഭത്തിന്നും കുഴപ്പത്തിന്നുമുള്ള ദുഷ്ടവാർത്തയും കെട്ടിച്ചമച്ച നുണയുമാണ്. അങ്ങിനെയല്ലെന്നാണെങ്കിൽ, സൗദി മുഫ്തിയുടെ രചനകൾ ലഭ്യമാണല്ലോ..... അത് മറിച്ചു നോക്കട്ടെ-.) അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ശിർക്കും വഴികേടുമൊന്നും സാധിക്കാത്ത സൗദിയിൽ, ശിയാക്കളുടെ പ്രതികാരം തീർക്കലായിരിക്കാം ഒരു പക്ഷെ ഇത്.

എന്തായാലും പ്രശ്നം വളരെ അപകടാവസ്ഥയിലെത്തി. മുസ്ലിംകൾ പരസ്പരം വെറുക്കാനും ശപിക്കാനും തുടങ്ങിയ സ്ഥിതിക്ക് സത്യാസത്യവിവേചനം പണ്ഡിതൻമാരിൽ നിർബന്ധമായിരിക്കയാണ്. "ഒരാൾ നബിദിനാഘോഷത്തെ എതിർക്കുന്നതിനാൽ എനിക്ക് ആ ആളോട് വെറുപ്പാ

ണെ''ന്ന് എന്റെ ഗുരുവർ എന്നോട് സ്നേഹപൂർവ്വം പറഞ്ഞു. ഞാൻ അത്ഭുതപ്പെട്ടു പോയി. അവരോട് ഞാൻ ചോദിച്ചു: ''ബിദ്അത്തുകൾ നിഷിദ്ധമാണെന്ന് പറയുകയും അവ ഉപേക്ഷിക്കാൻ ഉപദേശിക്കുകയും ചെയ്യുന്ന ഒരാളെ മുസ്‌ലിംകൾ വെറുക്കുകയോ?'' അദ്ദേഹത്തെ ഇഷ്ടപ്പെടുകയും അദ്ദേഹത്തോട് വെറുപ്പ് കാട്ടാതിരിക്കുകയുമല്ലേ വേണ്ടത്?

എന്നാൽ ഇതിനേക്കാൾ ആക്ഷേപാർഹമായ കാര്യം നബിദിനാഘോഷത്തെ അനാചാരമെന്ന് പറയുന്നവരെ സംബന്ധിച്ച് അവർ നബിയെ വെറുക്കുന്നവരും നബി(സ)യോട് സ്നേഹമില്ലാത്തവരുമാണെന്ന് പറയുന്നതത്രെ! അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുന്ന സത്യവിശ്വാസിയായ ഒരടിമയിൽ നിന്ന് ഈ ഹീനപാപം എങ്ങിനെയാണുണ്ടാവുക! തിരുമേനി(സ)യെ വെറുക്കലും സ്നേഹിക്കാതിരിക്കലും വ്യക്തമായ അവിശ്വാസം (കുഫ്റ്) ആണ്. അത്തരക്കാരന് ഇസ്‌ലാമുമായി യാതൊരു ബന്ധവും അവശേഷിക്കുന്നില്ല. അല്ലാഹു കാക്കട്ടെ.

ചുരുക്കത്തിൽ, കാര്യം വിവരിക്കുക എന്ന കടമ ഒരു വശത്തും ഇസ്‌ലാമിന് ഒരു പരീക്ഷണം കണക്കെ വർഷം തോറും ആവർത്തിച്ചു കൊണ്ടിരിക്കുന്ന ഈ ഫിത്നക്ക് അറുതി വരുത്തുക എന്ന ആഗ്രഹം മറുവശത്തുമുള്ളതു കൊണ്ടാണ് ഈ കുറിപ്പ് ഞാനെഴുതിയത്. അല്ലാഹുവാണ് സഹായി. അവങ്കൽ മാത്രമാണഭയം.

## മുഖവുര

നബിദിനം സംബന്ധിച്ച ഇസ്‌ലാമിക വിധിയറിയേണ്ടവർ ഈ സന്ദേശം വായിക്കണമെന്ന് ഞാൻ ആത്മാർഥമായും ഉപദേശിക്കുന്നു. പത്തു തവണ ആവർത്തിക്കേണ്ടി വന്നാലും, നന്നായി മനസ്സിലായി എന്ന സംതൃപ്തി വരുന്നതുവരെ ഇതു ആവർത്തിച്ചു വായിക്കട്ടെ, എന്നിട്ടും മനസ്സിലാവാൻ ബുദ്ധിമുട്ടനുഭവപ്പെടുന്നുവെങ്കിൽ, തെറ്റുകൂടാതെ, ശരിയായും നന്നായും മനസ്സിലാക്കിത്തരുന്ന അറിവുള്ള ഒരു വ്യക്തിയുടെ സഹായത്താൽ ഇത് വായിച്ചു മനസ്സിലാക്കാൻ ശ്രമിക്കുക.

ജൻമദിനാഘോഷത്തിന്റെ വ്യത്യസ്ത വീക്ഷണങ്ങളെക്കുറിച്ചറിയാൻ ഉപയുക്തമായ നിലക്കല്ല ഈ ആമുഖം. പ്രത്യുത അത് അനാചാരമാണോ അതോ നബിചര്യയാണോ, ഇനിയത് ബിദ്അത്താണെങ്കിൽ വഴികെട്ട ബിദ്അത്താണോ നല്ല ബിദ്അത്താണോ എന്നിങ്ങനെ ജനങ്ങളിൽ പതിവായി ഉടലെടുക്കുന്ന ഒട്ടനവധി മതപരമായ കാര്യങ്ങളിലെ വിധികളെക്കുറിച്ച് മനസ്സിലാവാനാണ് ഇത് പ്രയോജനപ്പെടുക. മുസ്‌ലിം വായനക്കാരന് ഈ സുപ്രധാന ആമുഖം മനസ്സിലാവുന്നതിന് ഉദ്ധരണികൾ ലളിതമാക്കിയും സംഭവങ്ങളിലേക്കടുപ്പിച്ചും ഉദാഹരണസഹിതം ഞാൻ വ്യക്തമാക്കിയിട്ടുണ്ട്. എന്തെന്നാൽ

ഇത് (ഈ മുഖവുര) ഒരു താക്കോൽ പോലെയാണ്. ദീനും പ്രാവർത്തികമാക്കേണ്ട നബിചര്യയുമായ കാര്യങ്ങളിലെ അഭിപ്രായവ്യത്യാസമുള്ള അടങ്ങിക്കിടക്കുന്ന വിഷയങ്ങളെയും ഉപേക്ഷിക്കേണ്ടതോ, അകറ്റിനിർത്തേണ്ടതോ, ആയ അനാചാരങ്ങളെയും വഴികേടുകളെയും ഇത് മനസ്സിലാക്കിത്തരും.

അല്ലാഹുവിന്റെ നാമത്തിൽ തന്നെ ഞാൻ പറയട്ടെ-, എന്റെ മുസ്ലിം സഹോദരാ, നീ അറിയുക! അത്യുന്നതനും പരിശുദ്ധനുമായ അല്ലാഹു അവന്റെ ദൂതനായി നമ്മുടെ നബി, മുഹമ്മദ്(സ)യെ അയച്ചു. ജനങ്ങൾ സൻമാർഗ്ഗം പ്രാപിക്കുന്നതിന്നും അവരെ സംസ്കരിക്കുന്നതിന്നുമായി വിശുദ്ധഖുർആൻ വേദഗ്രന്ഥമായി തിരുമേനി(സ)ക്ക് ഇറക്കിക്കൊടുക്കുകയും ചെയ്തു. അതുവഴി അവരെ സമ്പൂർണ്ണരാക്കുകയും അവരെ ഇഹപരവിജയത്തിന് അർഹരാക്കുകയും ചെയ്തു. അല്ലാഹു പറയുന്നു:

يا أيها الناس قد جاءكم برهان من ربكم وأنزلنا إليكم نورا
مبينا فأما الذين آمنوا بالله واعتصموا به فسيدخلهم في
رحمة منه وفضل ويهديهم إليه صراطا مستقيما

(ജനങ്ങളെ, നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്നു വളരെ വ്യക്തമായ ഒരു ദൃഷ്ടാന്തം നിങ്ങൾക്കെത്തിക്കഴിഞ്ഞിട്ടുണ്ട്. വഴി തെളിയിച്ചു കാട്ടുന്ന ഒരു പ്രകാശം നാം നിങ്ങൾക്കിറക്കിത്തരികയും ചെയ്തിരിക്കുന്നു. അതു കൊണ്ട് അല്ലാഹുവിൽ വിശ്വസിക്കുകയും അവനെ മുറുകെ പിടിക്കുകയും ചെയ്തവ

ളാരോ അവരെ, തന്റെ കാരുണ്യത്തിലും അനുഗ്രഹത്തിലും അവൻ പ്രവേശിപ്പിക്കുന്നതാണ്. അവരെ, നേർവഴിയിലൂടെ അവങ്കലേക്ക് അവൻ നയിക്കുന്നതുമാണ് (അന്നിസാഅ് 174,175).* നിശ്ചയം, അല്ലാഹുവിന്റെ ഗ്രന്ഥത്തിലും അവന്റെ ദൂതരുടെ ചര്യയിലും പ്രതിഫലിക്കുന്ന ദൈവിക വെളിപാടു കൊണ്ടല്ലാതെ ജനങ്ങൾക്ക് സൻമാർഗ്ഗമോ ആത്മസംസ്കരണമോ സ്വഭാവപരിശുദ്ധിയോ സമ്പൂർണ്ണമാകുന്നതല്ലെന്ന് ഇതിൽ നിന്നും ഗ്രഹിക്കാം.

അപ്രകാരം അല്ലാഹു വഹ്‌യിലൂടെ കൽപ്പിക്കുന്നു. പ്രവാചകൻ(സ) അത് എത്തിച്ചു കൊടുക്കുകയും അത് എങ്ങിനെ കർമ്മപഥത്തിൽ കൊണ്ടുവരണമെന്ന് വ്യക്തമാക്കി കൊടുക്കുകയും ചെയ്യുന്നു. സത്യവിശ്വാസികളാവട്ടെ അത് പ്രാവർത്തികമാക്കുകയും ചെയ്യുന്നു. (ദിവ്യ ബോധനം നൽകുക എന്നത് അല്ലാഹുവിന്റെ കടമയും അതെത്തിച്ചു കൊടുക്കുക എന്നത് പ്രവാചകന്റെ കടമയും അതനുസരിക്കുക

*സൂറത്തുന്നിസാഇലെ 174,175 വാക്യങ്ങളാണിത്. നാം നേരത്തെ പറഞ്ഞ, അല്ലാഹു അവന്റെ പ്രവാചകനെയും ഗ്രന്ഥത്തെയും അയച്ചത് ജനങ്ങൾക്ക് സൻമാർഗ്ഗവും സംസ്കരണവും നൽകാനാണെന്ന് ഈ പറഞ്ഞതിൽ ഉൾപ്പെട്ടു. എന്നാൽ ഈ വാക്യത്തിൽ പരാമർശിച്ച 'ബുർഹാൻ' (വ്യക്തമായ ദൃഷ്ടാന്തം) എന്നതു കൊണ്ടുദ്ദേശിക്കുന്നത് നബി(സ)യാണെന്നും 'നൂർ' (പ്രകാശം) എന്നതുകൊണ്ടുദ്ദേശിക്കുന്നത് വിശുദ്ധ ഖുർആൻ ആണെന്നും മിക്ക ഖുർആൻ വ്യാഖ്യാതാക്കളും പറഞ്ഞിട്ടുണ്ട്.

എന്നത് സത്യവിശ്വാസികളുടെ കടമയുമാണെന്ന് പണ്ഡിതൻമാർ വിശദീകരിച്ചത് അതുകൊണ്ടാണ്). തൻമൂലം അവരതിൽ പൂർണ്ണത കൈവരിക്കുകയും സൗഭാഗ്യവാൻമാരായിത്തീരുകയും ചെയ്യുന്നു. മാന്യവായനക്കാരാ..... പരിശുദ്ധനായ അല്ലാഹുവിൽ ആണയിട്ടുകൊണ്ടുതന്നെ നാം പറയട്ടെ, ജനങ്ങളെ അവരുടെ സൻമാർഗ്ഗപ്രാപ്തിക്കും സംസ്കരണത്തിന്നും ശേഷം പൂർണ്ണതയിലേക്കും സന്തോഷത്തിലേക്കും നയിക്കുന്ന മാർഗ്ഗം ഇതല്ലാതെ വേറെയില്ല. ഖുർആനിലും സുന്നത്തിലും ഉൾക്കൊള്ളുന്ന വഹ്‌യനുസരിച്ചുള്ള കർമ്മമാണിത്. ബുദ്ധിയുള്ള വായനക്കാരാ....ഇപ്പറഞ്ഞതിന്റെ രഹസ്യം, നിശ്ചയം ലോകങ്ങളുടെ നാഥനാണ് അത്യുന്നതനായ അല്ലാഹു. അഥവാ അവയെ(ലോകങ്ങളെ) സൃഷ്ടിക്കുകയും പരിപാലിക്കുകയും അവരുടെ സർവ്വകാര്യങ്ങളും നിയന്ത്രിക്കുകയും ചെയ്യുന്ന അവരുടെ അധിപനായവൻ. അതിനാൽ ജനങ്ങൾ തങ്ങളുടെ സൃഷ്ടിപ്പിലും നിലനിൽപ്പിലും ആഹാരത്തിലും ആയുസ്സിലും പരിശീലനത്തിലും സൻമാർഗ്ഗത്തിലും സംസ്കരണത്തിലും തങ്ങളുടെ ഇരു ലോകത്തേയും സമ്പൂർണ്ണ സൗഭാഗ്യത്തിന്നും അവർ അല്ലാഹുവിനോട് കടപ്പെട്ടിരിക്കുന്നു. സൃഷ്ടികളിലെല്ലാവരിലും സ്ത്രീ പുരുഷ ബീജസങ്കലനം അല്ലാഹു നിശ്ചയിച്ചിട്ടുണ്ട്.*

*(മനുഷ്യനോ മറ്റു ജീവികളോ, വൈവിധ്യവും വ്യത്യസ്തങ്ങളുമായ സസ്യങ്ങളോ ഒക്കെ ഈ പ്രകാരം തന്നെ. ആദം (അ)യും ഹവ്വായും ഈസാ(അ)യും മാത്രമേ ഈ ഗണത്തിൽ പെടാതുള്ളൂ.)

എല്ലാ ജീവജാലകങ്ങൾക്കും സൻമാർഗ്ഗത്തിന്റെയും സംസ്കരണത്തിന്റെയും പൂർത്തീകരണത്തിനായി ജീവിതക്രമവും അപ്രകാരം തന്നെ നിശ്ചയിക്കപ്പെട്ടിട്ടുണ്ട്. ദൈവികവ്യവസ്ഥകൾക്കനുസരിച്ച സൃഷ്ടിപ്പ് നടക്കൂ എന്നതു പോലെതന്നെ മനുഷ്യ സംസ്കരണവും സൻമാർഗ്ഗവും ദൈവികമായ വ്യവസ്ഥകൾ കൊണ്ടേ സാധ്യമാവൂ... തന്റെ ഗ്രന്ഥത്തിലൂടെയും തന്റെ ദൂതന്റെ വചനങ്ങളിലൂടെയും അല്ലാഹു നിയമമാക്കിയതും നബി(സ) നടപ്പിലാക്കിയതുമായ കർമ്മങ്ങളാണവ. ഇവിടെ അല്ലാഹു നിയമമാക്കിയ ഒരു മാർഗ്ഗത്തിലൂടെയല്ലാതെ സൻമാർഗ്ഗമോ സംതൃപ്തിയോ സമ്പൂർണ്ണതയോ യാതൊരവസ്ഥയിലും ആശിച്ചുകൂടാ...

ജൂതരും ക്രിസ്ത്യാനികളും മജൂസികളും മറ്റുമായ മതക്കാരെ നീ കണ്ടില്ലേ.. അവർ അവരുടെ മതം കൊണ്ട് സൻമാർഗ്ഗവും സമ്പൂർണ്ണതയും സൗഖ്യവും കൈവരിച്ചോ? അല്ലാഹുവിന്റെ ശരീഅത്തിൽ പെട്ടതായിരുന്നില്ല അതൊന്നും. ജനങ്ങൾക്കിടയിലെ നീതി നിർവ്വഹണത്തിനും അവരുടെ ജീവന്റെയും സമ്പത്തിന്റെയും അഭിമാനത്തിന്റെയും സംരക്ഷണത്തിനും സ്വഭാവപൂർത്തീകരണത്തിനുമായി നാം കാണുന്ന ഭൗതിക നിയമങ്ങളുടെ സ്ഥിതിയും അപ്രകാരം തന്നെ. അതു കൊണ്ടൊക്കെ ഉദ്ദേശിച്ചതെന്തോ അത് സാർഥകമായിട്ടുണ്ടോ? 'ഇല്ലാ' എന്നാണുത്തരം. എന്തുകൊണ്ടെന്നാൽ ഭൂമിയിൽ കുറ്റകൃത്യങ്ങളും പാപങ്ങളും അത്രമാത്രം നിറഞ്ഞിട്ടുണ്ട്! അപ്രകാരം തന്നെ ഇസ്ലാമിക സമൂഹത്തിലെ ബിദ്അത്തു

കാരായ ആളുകളെ, ബുദ്ധിപരമായി ഏറ്റവും മോശക്കാരും സ്വഭാവദൂഷ്യമുള്ളവരും നികൃഷ്ടമനസ്സിന്റെ ഉടമകളുമായ ജനതയായി നാം കാണുന്നു. അല്ലാഹുവിന്റെ മത നിയമങ്ങളിൽ നിന്നുമാറി മനുഷ്യനിർമ്മിത നിയമങ്ങളെ പുൽകിയവർ ഛിന്നഭിന്നമായിത്തീർന്നതെങ്ങിനെയെന്നും നാം കാണുന്നു. അവർ യശസ്സില്ലാത്തവരും പരിഹാസ്യരും നിന്ദ്യരുമായി. ദിവ്യബോധനം കൊണ്ടല്ലാതെ പ്രവർത്തിക്കുന്നവരുടെ ഗതി അങ്ങനെയേ വരൂ..

ദൈവിക നിയമമല്ലാത്ത നിയമങ്ങളെ വിശുദ്ധ ഖുർആൻ എങ്ങിനെയാണ് ആക്ഷേപിക്കുന്നതെന്ന് കേൾക്കൂ..... شرعوا لهم من الدين ما لم يأذن به الله ولولا كلمة الفصل لقضي بينهم

(അതല്ല, അല്ലാഹു അനുവദിച്ചിട്ടില്ലാത്ത കാര്യം അവർക്ക് മതമായി നിശ്ചയിച്ചു കൊടുത്ത വല്ല പങ്കാളികളും അവർക്കുണ്ടോ? നിർണ്ണായകവിധിയെപ്പറ്റിയുള്ള കൽപ്പന നിലവിലില്ലായിരുന്നുവെങ്കിൽ അവർക്കിടയിൽ ഉടനെ വിധി കൽപ്പിക്കപ്പെടുമായിരുന്നു-ശൂറാ:21).

തിരുദൂതർ(സ)യിലേക്കുമൊന്ന് ശ്രദ്ധിക്കൂ. അവിടുന്ന് പറയുന്നു: من احدث في امرنا هذا ما ليس منه فهو رد

(നമ്മുടെ ഈ കാര്യത്തിൽ അതിലില്ലാത്തത് നിർമ്മിച്ചവനാരോ അവൻ (കൊണ്ടു വന്നത്) തള്ളപ്പെടണം-മുസ്‌ലിം).

من عمل عملا ليس عليه امرنا فهو رد

(നമ്മുടെ കൽപ്പനയിലില്ലാത്ത കർമ്മം അനുഷ്ഠിച്ചവനാരോ അവൻ (കൊണ്ടുവന്ന കർമ്മം) അപ്പോൾ തള്ളപ്പെടണം- മുസ്‌ലിം) അഥവാ തള്ളപ്പെടുക എന്നാൽ അതയാളിലേക്കു തന്നെ തള്ളിവിടണം. അതിൽ നിന്നൊന്നും സ്വീകരിക്കുകയോ അംഗീകരിക്കുകയോ അരുത്. കർമ്മത്തിൽ കൊണ്ടുവരാനായി അല്ലാഹു നിയമമാക്കുകയും അപ്രകാരം ചെയ്യാൻ അനുവാദം തരികയും ചെയ്ത വിഷയങ്ങളിൽ കാണുന്ന സംസ്കരണത്തിന്റെയും വിശുദ്ധിയുടെയും ധാതുക്കൾ പക്ഷെ, അല്ലാഹുവിന്റേതല്ലാത്ത നിയമങ്ങളിൽ ലഭ്യമല്ല. ആത്മ സംസ്കരണത്തിനും ശുദ്ധീകരണത്തിനും അത് പര്യാപ്തവുമല്ല തീർച്ച.

ആഹാരപദാർത്ഥങ്ങളിലേക്കു നോക്കൂ.... ധാന്യങ്ങളിലും പഴങ്ങളിലും മാംസങ്ങളിലും അത് ആഹരിക്കുന്നവരുടെ ശരീരങ്ങളെ പരിപോഷിപ്പിക്കുവാനും ശക്തമാക്കാനും ഉതകും വിധം ആഹാരം അല്ലാഹു ലഭ്യമാക്കിയത് എപ്രകാരമാണെന്ന്! മണ്ണിലേക്കും മരക്കഷ്ണത്തിലേക്കും എല്ലിലേക്കും നോക്കൂ..! അവ പോഷക വസ്തുക്കളല്ലാത്തതിനാൽ ഭക്ഷ്യയോഗ്യവുമല്ല. ബിദ്അത്തായ കർമ്മങ്ങൾ ചെയ്യുന്നവൻ മണ്ണും വിറകും മരവുമൊക്കെ ആഹരിക്കുന്നവനെപ്പോലെയാണെന്ന് ഇതിൽ നിന്ന് നിനക്ക് വ്യക്തമാകും. പോഷകവസ്തുക്കൾ ആഹാരത്തിൽ ഇല്ലാത്തതുപോലെത്തന്നെയാണ് ബിദ്അത്ത് ചെയ്യുന്നവനും. അയാൾക്ക് ആത്മ സംസ്കരണമോ വിശുദ്ധിയോ ഉണ്ടായിത്തീരുകയില്ല. ഈയടിസ്ഥാനത്തിൽ, കഷ്ടപ്പാടുകളിൽ നിന്നും നഷ്ടങ്ങളിൽ നിന്നും വിജയവും അതുവഴി സംതൃപ്തിയും സമ്പൂർണ്ണതയും ലഭ്യമാവാൻ അല്ലാഹുവിന്റെ

സാമീപ്യം ലക്ഷ്യം വെച്ച് ചെയ്യുന്ന എല്ലാ കർമ്മങ്ങളും ഒന്നാമതായി അല്ലാഹുവിന്റെ നിയമമനുസരിച്ചോ പ്രവാചകൻ(സ)യുടെ ശരീഅത്തനുസരിച്ചോ ആയിരിക്കണം. രണ്ടാമതായി ആ (കർമ്മത്തിന്റെ) തോതിൽ യാതൊരു ഏറ്റക്കുറച്ചിലും വരുത്താത്തവിധം പ്രവാചകൻ(സ) നിർവ്വഹിച്ചു വീട്ടിയ അതേ രൂപത്തിലുമായിരിക്കണം. അതിന്റെ രൂപത്തിൽ നിന്ന് വല്ല ഭാഗവും മുന്തിക്കുവാനോ പിന്തിക്കുവാനോ പാടില്ല. നിശ്ചയിക്കപ്പെട്ടതല്ലാത്ത സമയത്ത് ആ കർമ്മം ചെയ്യാവതുമല്ല. അല്ലാഹു നിശ്ചയിച്ചു ക്രമീകരിച്ച സ്ഥലത്തല്ലാതെ അത് നിർവ്വഹിക്കാനും പാടില്ല. ഈ പ്രവൃത്തി ചെയ്യുന്ന ആൾ ഉദ്ദേശിക്കേണ്ടത് അല്ലാഹുവിന് വിധേയനാവുകയും അവന്റെ കൽപന ശിരസ്സാവഹിക്കുകയും ചെയ്യുന്നു എന്നതാണ് അല്ലെങ്കിൽ അവന്റെ പൊരുത്തവും സാമീപ്യവും കാംക്ഷിക്കലായിരിക്കണം ഉദ്ദേശം. ശരീഅത്തിൽ പെട്ടതും, അപ്രകാരം റസൂൽ(സ) നിർവ്വഹിച്ചനുഷ്ഠിച്ചതും പ്രത്യേകമായി അല്ലാഹുവിന്റെ തൃപ്തി ലക്ഷ്യം വെച്ചതും അല്ലാഹു അല്ലാത്തവരിലേക്ക് തിരിച്ചുവിടാൻ പാടില്ലാത്തതുമായ ഉദ്ധൃത കർമ്മങ്ങളിൽ ഏതെങ്കിലുമൊന്ന് നഷ്ടപ്പെട്ടാൽ ആ കർമ്മം അസാധുവായി. കർമ്മം അസാധുവായത് എപ്പോഴാണോ അപ്പോഴത് ആത്മ സംസ്കരണത്തിനും പരിശുദ്ധിക്കും ഉപയുക്തമല്ലാതായി. പകരം ദുഷ്ടതയും മലിനതയും വന്നുചേരുകയും ചെയ്യും . ഉദാഹരണ സഹിതം ഞാനത് വ്യക്തമാക്കിത്തരാം. എനിക്കൊപ്പം ക്ഷമാപൂർവ്വം നില കൊണ്ടാലും-.

1. നമസ്കാരം:

ഖുർ ആനിൽ അത് നിർബന്ധമാക്കിയിട്ടുണ്ട്. അല്ലാഹു പറഞ്ഞു:

فاقيموا الصلاة ان الصلاة كانت على المؤمنين كتابا موقوتا

(അതിനാൽ നിങ്ങൾ നമസ്കാരം കൃത്യമായി അനുഷ്ഠിക്കുക. നിശ്ചയമായും നമസ്കാരം സത്യവിശ്വാസികളുടെ മേൽ നിർബന്ധവും സമയബന്ധിതവുമാക്കിയിരിക്കുന്നു–അന്നിസാഅ് :103). അല്ലാഹുവിന്റെ ദൂതൻ(സ) പറഞ്ഞു:

خمس صلوات كتبهن الله

(അഞ്ചുനേരത്തെ നമസ്കാരം അല്ലാഹു നിർബന്ധമാക്കിയിട്ടുള്ളതു തന്നെയാണ്.)*

അപ്പോൾ ഒരു അടിമ തനിക്ക് തോന്നുമ്പോൾ തോന്നിയ രൂപത്തിൽ തോന്നിയ സമയത്ത് തോന്നുന്ന സ്ഥലത്ത് നമസ്കരിച്ചാൽ മതിയാവുമോ? 'ഇല്ല' എന്നാണുത്തരം. അതിന്റെ

*ഇമാം മാലിക്(റ)വും മറ്റും റിപ്പോർട്ട് ചെയ്ത പ്രസ്തുത ഹദീസിന്റെ പൂർണ്ണരൂപം: അല്ലാഹു മനുഷ്യന് അഞ്ചുനേരത്തെ നമസ്കാരം നിർബന്ധമാക്കിയിരിക്കുന്നു. ഏതൊരാൾ അതനുഷ്ഠിക്കുകയും അതിൽ നിന്ന് യാതൊന്നും പാഴാക്കാതിരിക്കുകയും ചെയ്യുന്നുവോ അവന് സ്വർഗ്ഗ പ്രവേശനമുണ്ടെന്ന് അല്ലാഹുവിങ്കൽ വാഗ്ദാനമുണ്ട്. ഏതൊരാൾ അതനുഷ്ഠിച്ചില്ലയോ അവന് അല്ലാഹുവിങ്കൽ കരാറൊന്നുമില്ല. അവൻ (അല്ലാഹു) ഉദ്ദേശിച്ചാൽ അവനെ ശിക്ഷിച്ചേക്കും. അവനുദ്ദേശിച്ചാൽ അവനെ സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കും.

എണ്ണവും രൂപവും സമയവും സ്ഥലവും പരിഗണിക്കപ്പെടേണ്ടതുണ്ട്. മനഃപൂർവ്വം ഒരു റക്അത്ത് അധികരിപ്പിച്ചുകൊണ്ട് ഒരാൾ നാലു റക്അത്ത് മഗ്‌രിബ് നമസ്കരിച്ചാൽ അത് വിഫലമായി. സുബ്ഹിയിൽ ഒരു റക്അത്ത് കുറച്ച് ഒറ്റ റക്അത്ത് മാത്രം നമസ്കരിച്ചാലും അപ്രകാരം തന്നെ. അതിന്റെ നിർബന്ധമായ കാര്യങ്ങളിൽ വല്ലതും പരസ്പരം മുന്തിച്ചാൽ അതും ശരിയാവുന്നതല്ല. സമയത്തിന്റെയും സ്ഥലത്തിന്റെയും സ്ഥിതിയും അങ്ങനെത്തന്നെ. അസ്തമനത്തിനു മുമ്പ് മഗ്‌രിബോ ഉച്ചയ്ക്ക് മുമ്പ് ളുഹ്റോ നമസ്കരിച്ചാലും അറവു ശാലയിലോ അഴുക്ക് പ്രദേശങ്ങളിലോ നമസ്കരിച്ചാലും അപ്രകാരം തന്നെ. നമസ്കാരത്തിന്റെ ശർത്തുകൾ ഇവിടെ പാലിക്കപ്പെടുന്നില്ല എന്നതാണ് കാരണം.

**2. ഖുർആനും നബിചര്യയും അനുസരിച്ച് നിർബന്ധമാക്കപ്പെട്ടതാണ് ഹജ്ജ്:**

അല്ലാഹു പറഞ്ഞു:

وَلِلَّهِ عَلَى النَّاسِ حِجُّ الْبَيْتِ مَنِ اسْتَطَاعَ إِلَيْهِ سَبِيلًا

(ആ ഭവനത്തിങ്കൽ ഹജ്ജ് ചെയ്യൽ മനുഷ്യർക്ക് അതിലേക്ക് (ചെന്നെത്തുവാനുള്ള) മാർഗ്ഗം സാധിച്ചു കിട്ടിയവർക്ക് അല്ലാഹുവിനോട് (ബാധ്യത) ഉണ്ട്-ആലു ഇംറാൻ:97). അല്ലാഹുവിന്റെ ദൂതർ(സ) പറഞ്ഞു:

يا ايها الناس قد فرض الله عليكم الحج فحجوا

(ജനങ്ങളേ, അല്ലാഹു നിങ്ങൾക്ക് ഹജ്ജ് നിർബന്ധമാക്കിയി

രിക്കുന്നു, അതിനാൽ നിങ്ങൾ ഹജ്ജ് ചെയ്യുവിൻ-മുസ്‌ലിം). ഒരു അടിമ തനിക്ക് തോന്നുമ്പോൾ തോന്നിയപോലെ ഹജ്ജ് നിർവ്വഹിക്കാമോ? പാടില്ല എന്നാണുത്തരം. നാലു നിബന്ധനകൾ ഹജ്ജിനും പാലിക്കേണ്ടതുണ്ട്. അപ്പോൾ മാത്രമേ ഒരാളുടെ ഹജ്ജ് ശരിയാവൂ...

എണ്ണം : ത്വവാഫിലും സഅ്‌യിലും അത് നിർണ്ണയിക്കപ്പെട്ടിട്ടുണ്ട്. മനഃപൂർവ്വം അതിൽ കൂട്ടുകയോ കുറക്കുകയോ ചെയ്താൽ അവ അസാധുവാകും.

രൂപം : ഇഹ്റാമിന്നു മുമ്പ് ത്വവാഫോ അല്ലെങ്കിൽ ത്വവാഫിന്നുമുമ്പ് സഅ്‌യോ നിർവ്വഹിച്ചാൽ ആ ഹജ്ജ് ശരിയാവുന്നതല്ല.

സമയം : ദുൽഹജ്ജ് ഒമ്പതിനല്ലാത്ത ഒരു ദിവസം അറഫയിൽ നിന്നാൽ അവന്റെ ഹജ്ജ് ശരിയാവുന്നതല്ല.

സ്ഥലം : കഅ്ബയല്ലാത്തൊരിടത്ത് ത്വവാഫ് ചെയ്യുക, സ്വഫാമർവകൾക്കിടയിലല്ലാത്തൊരിടത്ത് സഅ്‌യ് ചെയ്യുക, അറഫയിലല്ലാത്തൊരിടത്ത് നിൽക്കുക എന്നിവയിലേതെങ്കിലും സംഭവിച്ചാൽ അവന്റെ ഹജ്ജ് ശരിയാവുന്നതല്ല.

**3. അല്ലാഹുവും അവന്റെ റസൂലും കൽപ്പിച്ച നിർബന്ധമായ ഒരാരാധനയാണ് നോമ്പ്:**

അല്ലാഹു പറഞ്ഞു:

يا أيها الذين ءامنوا كتب عليكم الصيام

(സത്യവിശ്വാസികളേ, നിങ്ങൾക്ക് നോമ്പ് നിർബന്ധമാക്കിയിരിക്കുന്നു-അൽബഖറ: 183). അല്ലാഹുവിന്റെ ദൂതർ(സ) പറഞ്ഞു

صوموا لرؤيته وافطروا لرؤيته، فإن غم عليكم فأكملوا شعبان ثلاثين

("മാസപ്പിറവി കണ്ടാൽ നിങ്ങൾ നോമ്പനുഷ്ഠിക്കുക. മാസപ്പിറവി കണ്ടാൽ നിങ്ങൾ നോമ്പ് അവസാനിപ്പിക്കുകയും ചെയ്യുക. (ആകാശം) മേഘാവൃതമായാൽ നിങ്ങൾ ഷഅബാൻ മുപ്പത് പൂർത്തിയാക്കുക"). ഒരു അടിമ തനിക്കു തോന്നുമ്പോൾ തോന്നിയ പോലെ നോമ്പനുഷ്ഠിക്കാമോ? ഇല്ല. എന്നാൽ നാലു നിബന്ധനകൾ പാലിച്ചേ മതിയാവൂ....

എണ്ണം : റമദാനിൽ ഇരുപത്തൊമ്പതിൽ നിന്നോ അല്ലെങ്കിൽ മുപ്പതിൽ നിന്നോ ഒരു നോമ്പ് കുറച്ച് നോറ്റാൽ അത് മതിയാവുകയില്ല. ഒരു ദിവസമോ ഏതാനും ദിവസങ്ങളോ റമദാനിനേക്കാളും നോമ്പധികരിപ്പിച്ചാലും അപ്രകാരം തന്നെ. ക്ലിപ്തപ്പെടുത്തിയ എണ്ണം പാലിക്കപ്പെട്ടില്ലാ എന്നതാണ് കാരണം. (റമദാൻ വ്രതത്തെക്കുറിച്ചു വിവരിക്കവെ)അല്ലാഹു പറയുന്നു: ولتكملوا العدة (നിങ്ങൾ എണ്ണം പൂർത്തിയാക്കുന്നതിനു വേണ്ടി).

രൂപം : രാത്രി നോമ്പ് നോൽക്കുകയും പകൽ നോമ്പു തുറക്കുകയും ചെയ്താലും നോമ്പ് സ്വീകാര്യമാവില്ല.

കാലം (സമയം) : റമദാനിനു പകരം ഷഅ്ബാനിലോ ശവ്വാലിലോ നോമ്പനുഷ്ഠിച്ചാൽ അത് സ്വീകരിക്കപ്പെടുകയില്ല.

സ്ഥാനം : നോമ്പെടുക്കുന്ന വ്യക്തിയാണത്. ആർത്തവകാരിയോ പ്രസവിച്ചു കിടക്കുന്നവളോ നോമ്പനുഷ്ഠിച്ചാൽ

അത് സ്വീകാര്യമാവില്ല. ഇപ്രകാരം തന്നെയാണ് എല്ലാ ആരാധനകളും. അവയുടെ നിബന്ധനകൾ പാലിക്കാതെ ആര് കർമ്മം ചെയ്തുവോ അത് ശരിയാകുന്നതോ സ്വീകാര്യമോ അല്ല.

അവ (ആ നിബന്ധനകൾ) :

1. അല്ലാഹുവിന്റെ വഹ്‌യനുസരിച്ചുള്ളതായിരിക്കണം. റസൂൽ (സ)പറയുന്നു: من عمل عملا ليس عليه امرنا فهو رد

("നമ്മുടെ കൽപ്പനപ്രകാരമല്ലാത്ത വല്ല കർമ്മവും വല്ലവനും ചെയ്താൽ അത് തള്ളപ്പെടണം" - മുസ്‌ലിം).

2. നാലു കാര്യങ്ങൾ കൃത്യമായും ശരിയായും പാലിക്കപ്പെടുക.

1. തോത് അഥവാ എണ്ണം.
2. ആരാധനയുടെ രൂപം.
3. അതിന്ന് നിർണ്ണയിക്കപ്പെട്ട കാലം.
4. അത് നിർവ്വഹിക്കാൻ നിശ്ചയിക്കപ്പെട്ട സ്ഥലം.

3. (ഇബാദത്തിൽ) അല്ലാഹുവിനോടുള്ള ആത്മാർത്ഥത; അതിൽ അവനോട് യാതൊരാളെയും ഒരു വിധത്തിലും പങ്കുചേർക്കാതിരിക്കുക. ഇതിൽ നിന്നും മുസ്‌ലിം സഹോദരാ.... മതത്തിൽ പുതുതായുണ്ടായതൊക്കെ വ്യാജവും വഴികേടുമാണെന്ന് നമുക്ക് മനസ്സിലാക്കാം.. അല്ലാഹുവിന്റെ ശരീഅത്തല്ലാത്ത

അഥവാ അല്ലാഹു കൽപ്പിച്ചതോ അവന്റെ ദൂതർ(സ) കൽപ്പിച്ചതോ അല്ലാത്ത ഒന്നിൽ ആത്മ സംസ്കരണമുണ്ടാവുകയില്ലാ എന്നതിനാൽ ബിദ്അത്തുകൾ വ്യാജമായി. അനാചാരക്കാരനെ സത്യത്തിൽ നിന്ന് വ്യതിചലിപ്പിക്കുകയും അങ്ങനെ ആത്മ സംസ്കരണത്തിനുപയുക്തവും പ്രതിഫലാർഹവുമായ കർമ്മങ്ങളിൽ നിന്ന് അവനെ അകറ്റുകയും ചെയ്യുന്നതിനാൽ അത് ദുർമാർഗ്ഗവുമായി.

## മുന്നറിയിപ്പ്

എന്റെ മുസ്‌ലിം സഹോദരാ...അറിയുക! അല്ലാഹുവിന്റെ ഇഷ്ടവും തൃപ്തിയും എനിക്കും നിനക്കും അവൻ കനിഞ്ഞരുളട്ടെ.

വേദഗ്രന്ഥത്തിലും തിരുചര്യയിലും നിയമമാക്കപ്പെട്ട ആരാധനാകർമ്മങ്ങളിൽ അഥവാ അല്ലാഹുവും അവന്റെ ദൂതരും കൽപ്പിച്ച കാര്യങ്ങളിൽ തന്നെ , എണ്ണത്തിലും രൂപത്തിലും സമയത്തിലും സ്ഥലത്തിലും ബിദ്അത്തുകൾ രംഗപ്രവേശനം ചെയ്യാറുണ്ട്. അങ്ങിനെ പ്രസ്തുത കർമ്മം ചെയ്യുന്നവന് യാതൊരു പ്രതിഫലവും ലഭ്യമാവാത്തവിധം കർമ്മം വിഫലമായിപ്പോവാറുമുണ്ട്. ദിക്റുകൾ തന്നെ നീ ഉദാഹരണമായെടുക്കൂ...... ! വിശുദ്ധ ഖുർആൻ കൊണ്ടും സുന്നത്തുകൊണ്ടും നിയമമാക്കപ്പെട്ടതാണ് ദിക്റുകൾ. അല്ലാഹു പറഞ്ഞു:

يا ايها الذين ءامنوا اذكروا الله ذكرا كثيرا

(സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ ധാരാളമായി സ്മരിച്ചു കൊണ്ടിരിക്കുക-അൽ അഹ്സാബ് : 41). നബി(സ) പറഞ്ഞു :

مثل الذي يذكر ربه والذي لا يذكره مثل الحي والميت

(തന്റെ റബ്ബിനെ സ്മരിച്ചുകൊണ്ടിരിക്കുന്നവന്റെയും അവനെ സ്മരിക്കാത്തവന്റെയും ഉപമ ജീവനുള്ളതും ജീവനില്ലാത്തതും പോലെയാണ്-ബുഖാരി). (ദിക്റുകൾ) ശരീഅത്തിൽ പെട്ടതോടൊപ്പം തന്നെ ഒട്ടേറെ ആളുകളിൽ ഇതിൽ ബിദ്അത്തുകളും കൂടി പ്രവേശിക്കുക വഴി അവരതിനെ ചീത്തയാക്കി. ആത്മസംസ്കരണവും മനഃശുദ്ധിയും ഉണ്ടാവുകയെന്ന പ്രയോജനം അവർക്ക് നടയപ്പെട്ടു, അതുവഴി ലഭിക്കേണ്ട, അല്ലാഹുവിങ്കൽ നിന്നുള്ള തൃപ്തിയും പ്രതിഫലവും അപ്രകാരം ഇല്ലാതായി. എന്നാൽ ദീനിൽ നിർദ്ദേശിക്കപ്പെടാത്ത പദങ്ങൾ കൊണ്ടാണ് ചിലർ ദിക്റുകളുരുവിടുന്നത്. ഉദാഹരണമായി, അല്ലാഹ്, അല്ലാഹ്, അല്ലാഹ് എന്ന് ഏകനാമം സ്മരിക്കുക. അല്ലെങ്കിൽ സൂചിത രൂപത്തിൽ ഹു, ഹു, ഹു എന്ന്. ചിലർ ദശലക്ഷക്കണക്കിന് തവണ അല്ലാഹുവെ വിളിക്കുന്നു. യാ ലത്വീഫ്, യാ ലത്വീഫ്, യാ ലത്വീഫ്.....എന്നു പറയുകയല്ലാതെ അവനോടൊന്നും ചോദിക്കുന്നില്ല! ചിലർ വാദ്യോപകരണങ്ങളുപയോഗിച്ചാണ് അല്ലാഹുവെ സ്മരിക്കുന്നത്! ചിലർ 'ലാ ഇലാഹ ഇല്ലല്ലാഹ് 'പോലെ അംഗീകൃത പദങ്ങളാണ് ദിക്റുകളായി ചൊല്ലുന്നതെങ്കിലും അവർ സംഘടിതമായും ഒരേ ശബ്ദത്തിലുമാണ് ചെയ്യുന്നത്. അതാവട്ടെ തിരുമേനി (സ)ചെയ്യുകയോ കൽപ്പിക്കുകയോ അനുവദിക്കുകയോ

ചെയ്യാത്തതാണ്.

വിശുദ്ധവും ശ്രേഷ്ഠവുമായ ആരാധന തന്നെയാണ് ദിക്ർ. പക്ഷെ അതിന്റെ എണ്ണത്തിലും രൂപത്തിലും അനാചാരങ്ങൾ കടന്നുകയറി. തൽഫലമായി കർമ്മം അവന് നിഷ്ഫലമാവുകയും പ്രതിഫലവും പുണ്യവും അവന് നിഷേധിക്കപ്പെടുകയും ചെയ്തു. അവസാനമായി പ്രിയ വായനക്കാരാ...ഫലപ്രദമായ ഈ മുഖവുര ഞാൻ ചുരുക്കിപറയട്ടെ-

അല്ലാഹുവിന്റെ സാമീപ്യം കാംക്ഷിച്ചുകൊണ്ടും അവന്റെ ശിക്ഷയെ പേടിച്ചുകൊണ്ടും അവന്റെ ചാരത്ത് സ്ഥായിയായ അനുഗ്രഹം കൊണ്ടുള്ള വിജയത്തിനുമായി ഒരടിമ ചെയ്യുന്ന എല്ലാ ആരാധനകളും അവന്റെ ഗ്രന്ഥത്തിലൂടെ കൽപിച്ചതോ അല്ലെങ്കിൽ അവന്റെ ദൂതർ(സ)യുടെ തിരുമൊഴിയിലൂടെ താൽപര്യപ്പെട്ടതോ ഉദ്ദേശിക്കപ്പെട്ടതോ ആയ ശരീഅത്തിലെ ആരാധനകളായിരിക്കണം. അതുകൊണ്ടല്ലാതെ ഈ ലോകത്ത് അവനെ നന്നാക്കുന്ന, അവന് ആത്മശുദ്ധി തരുന്ന, അങ്ങിനെ അവന് സമ്പൂർണ്ണത തരുന്ന മറ്റൊന്ന് ഉണ്ടായിരിക്കില്ല; ഉണ്ടാവുകയുമില്ല!. ഒരു സത്യവിശ്വാസി തന്റെ ആരാധനാ കർമ്മങ്ങൾ ശരിയായും എണ്ണം, രൂപം, സമയം (കാലം), സ്ഥലം, എന്നീ നാലു കാര്യങ്ങൾ വേണ്ട വിധം പരിഗണിച്ചും ഏകനായ അല്ലാഹുവോട് ആത്മാർത്ഥതയോടുകൂടി നിർവ്വഹിക്കണം.

അല്ലാഹുവിന്റെ വഹ്‌യിലൂടെ നിയമമാക്കപ്പെടാത്ത ആരാധനകൾ അനാചാരങ്ങളും പിഴച്ചതുമാകുന്നു. ഇനി അനു

വാഴിക്കപ്പെട്ട ഇബാദത്തുകളായാൽ തന്നെയും അതിൽ, മേൽപറഞ്ഞ നാലു കാര്യങ്ങൾ പരിഗണിക്കാതിരിക്കുകയോ അതിൽ അനാചാരങ്ങൾ കൂട്ടിച്ചേർക്കുകയോ ചെയ്താൽ അതും പിഴച്ച കർമ്മമായി. എന്നാൽ അതിൽ ഷിർക്ക്പരമായ വല്ലതുമാണ് കലർത്തിയതെങ്കിൽ യാതൊരു നൻമയും കൈവരിക്കാനാവാത്ത യാതൊരു തിൻമയെയും പ്രതിരോധിക്കാനാവാത്ത വ്യാജവും നിഷിദ്ധവുമായ ആരാധനയായി അതുമാറി. (അല്ലാഹു കാക്കട്ടെ).

## സുന്നത്തും ബിദ്അത്തും : ഒരു വിശകലനം

ബിദ്അത്ത് നിർവ്വചിക്കപ്പെടുന്നതിന്നുമുമ്പായി സുന്നത്താണ് നിർവ്വചിക്കപ്പെടേണ്ടത്. എന്തെന്നാൽ സുന്നത്ത് അനുഷ്ഠിക്കപ്പെടേണ്ടതും ബിദ്അത്ത് വർജ്ജിക്കപ്പെടേണ്ടതുമാണല്ലോ. അനുഷ്ഠിക്കപ്പെടേണ്ടവയ്ക്കാണ് വർജ്ജിക്കപ്പെടേണ്ടവയേക്കാൾ മുൻഗണന നൽകേണ്ടത്. സുന്നത്തുകൾ അറിയുന്നതോടുകൂടി ബിദ്അത്തുകൾ സ്വഭാവികമായും അറിയാനാവും.

എന്താണ് സുന്നത്ത്? സുന്നത്ത് എന്നാൽ ഭാഷയിൽ അനുധാവനം ചെയ്യേണ്ട ചര്യ എന്നാണ്. "സുനൻ" എന്നാണ് ബഹുവചനം. അല്ലാഹുവിന്റെ അനുവാദത്തോടെ, അല്ലാഹുവിന്റെ ദൂതർ തന്റെ സമുദായത്തിന്റെ സൽപന്ഥാവിനും പുണ്യമാർഗ്ഗത്തിന്നുമായി നൽകിയ ചര്യക്കാണ് ശരീഅത്തിൽ സുന്നത്ത് എന്നു പറയുന്നത്. സമ്പൂർണ്ണതക്കും സൗഭാഗ്യത്തിന്നുമായുള്ള വിശിഷ്ടഗുണങ്ങളും മര്യാദകളും ഇതിലുൾപ്പെടും. തിരുമേനി(സ)യുടെ ഒരു ചര്യ, അത് നിർവ്വഹിക്കാനവിടുന്ന് കൽപ്പിച്ചിട്ടുണ്ടെങ്കിൽ അതനുഷ്ഠിക്കൽ നിർബന്ധമായി. ഒരു മുസ്‌ലിമിന്നും അത് അവഗണിക്കാൻ പാടില്ല. അതല്ലാത്തവ അഭികാമ്യമായ സുന്നത്തുകളാണ്. അതനു

ഷ്ഠിക്കുന്നവന് പ്രതിഫലമുണ്ട്; അതുപേക്ഷിച്ചാൽ പാപമില്ല താനും.

വായനക്കാരാ... അറിയുക. തിരുമേനി(സ)യുടെ കൽപനകൾ പോലെതന്നെയാണ് അവിടുത്തെ പ്രവർത്തിയും അംഗീകാരവും. തിരുമേനി(സ) കൃത്യനിഷ്ഠയോടുകൂടിയും ആവർത്തിച്ചും ഒരു പ്രവൃത്തി ചെയ്തുവെങ്കിൽ അത്, സമുദായത്തിന് അനുഷ്ഠിക്കേണ്ട ഒരു സുന്നത്തായിത്തീർന്നു; നബി(സ)യുടെ ചില തുടർച്ചാ നോമ്പുകൾ* പോലെ തിരുമേനി(സ)ക്ക് മാത്രമുള്ളതാണ് എന്ന് തെളിഞ്ഞ ചര്യകൾ ഒഴികെ. ഇനി നബി(സ)യുടെ സഹാബിമാരിൽ നിന്ന് അവിടുന്ന് ഒരു കാര്യം കേൾക്കുകയോ കാണുകയോ ചെയ്യുകയും പലതവണ അതാവർത്തിക്കപ്പെട്ടിട്ടും മറുത്തൊന്നും പറയാതിരിക്കുകയും ചെയ്താൽ തിരുമേനി(സ) മൗനാംഗീകാരം നൽകിയ സുന്നത്തായിത്തീർന്നു അത്. എന്നാൽ നബി(സ) ആവർത്തിച്ചു ചെയ്യാത്തതും അവിടുന്ന് സഹാബത്തിൽ നിന്ന് ആവർത്തിച്ചു കാണുകയോ കേൾക്കുകയോ ചെയ്യാത്തതുമായ കാര്യം സുന്നത്തായി പരിഗണിക്കുകയില്ല. എന്തുകൊണ്ടെന്നാൽ 'സുന്നത്ത്' എന്ന പദം ആവർത്തനത്തെ ധ്വനിപ്പിക്കുന്നതാണ്. 'സനസ്സിക്കീൻ' (سن السكين) എന്ന പ്രയോ

*തുടർച്ചാനോമ്പുകൾ : ചിലപ്പോൾ ഒരു നോമ്പ് തുറക്കാതെ തന്നെ അടുത്ത ദിവസത്തെ നോമ്പിലേക്ക് പ്രവേശിക്കുന്ന ശീലം തിരുമേനി(സ)ക്കുണ്ടായിരുന്നു. അത് നബി(സ)ക്കു മാത്രമുള്ള കാര്യമാണ്. സമുദായത്തിന് സുന്നത്തല്ല.

ഗത്തിൽനിന്നായിരിക്കാം സുന്നത്ത്( سنة ) എന്ന പദത്തിന്റെ ഉത്ഭവം. കത്തി അണകല്ലിൽ ഒന്നിനൊന്ന് ഉരക്കുന്നതിനാണ് 'സന്നസ്സിക്കീൻ' എന്നു പറയാറുള്ളത്. അഥവാ കത്തി മൂർച്ച കൂട്ടുന്നതിനാണാ വാക്കുപയോഗിക്കുന്നത്. അണച്ചണച്ച് വസ്തുക്കൾ വെട്ടിമുറിക്കാൻ പാകമായി എന്നു പറയാറുണ്ട്.

തിരുമേനി(സ) ഒരിക്കൽ മാത്രം ചെയ്യുകയും പിന്നീട് ആവർത്തിക്കാതിരിക്കുകയും അങ്ങിനെ സുന്നത്താവാതിരിക്കുകയും ചെയ്തതിനുദാഹരണമാണ് യാത്രയുടെയോ രോഗത്തിന്റെയോ മഴയുടെയോ കാരണമല്ലാതെ ളുഹ്ർ, അസ്ർ എന്നിവയും മഗ്‌രിബ്, ഇശാ നമസ്കാരങ്ങളും ജംആക്കി (ഒന്നിച്ച്) നമസ്കരിച്ചത്,* അതുകൊണ്ടാണ് അത് അനുകരണീയമായ ഒരു സുന്നത്തായി മുസ്‌ലിംകളാരും അംഗീകരിക്കാതിരുന്നത്.

നബി(സ) ഒരു തവണ മാത്രം മൗനത്തിലൂടെ അംഗീകരിച്ചതും മുസ്‌ലിംകൾ അനുഷ്ഠിക്കേണ്ടതായ സുന്നത്തായി പരിഗണിക്കില്ല. ഉദാഹരണമായി, തിരുമേനി(സ)യുടെ ഒരു യാത്രയിൽ അല്ലാഹു അദ്ദേഹത്തെ സുരക്ഷിതനായി മദീനയിൽ തന്റെ അനുചരൻമാരോടൊപ്പം തിരിച്ചെത്തിച്ചാൽ തിരുമേനി(സ)യുടെ തലക്ക് മുകളിൽ ദഫ്ഫ് മുട്ടി സന്തോഷം പ്രക

*നാട്ടിൽ വെച്ച് രണ്ട് നമസ്കാരങ്ങൾ ചേർത്തു നമസ്കരിച്ചതിനെപ്പറ്റി ഇബ്നു അബ്ബാസ്(റ) പറഞ്ഞതായി മുസ്‌ലിം ഉദ്ധരിച്ചതാണ്. ഇബ്നു അബ്ബാസ് (റ) പറയുന്നു: മഴയോ പേടിയോ ഇല്ലാതിരുന്നിട്ടും മദീനയിൽ വെച്ച് നബി(സ)ളുഹ്റ്, അസ്വ്‌റിനോടും മഗ്‌രിബ്, ഇശാ യോടും ചേർത്ത് നമസ്കരിച്ചു.

ടിപ്പിക്കുമെന്ന് ഒരു സ്ത്രീ നേർച്ച നേർന്നു. ആ സ്ത്രീ അപ്രകാരം ചെയ്തു. നബി(സ)അവരെ അതിന്നനുവദിക്കുകയും ചെയ്തു. അവരെ അതിൽ നിന്ന് തടഞ്ഞില്ല. ഒരിക്കൽ മാത്രമാണിതുണ്ടായത്. പലതവണ ആവർത്തിക്കപ്പെടാത്തതിനാൽ ഇക്കാര്യം ഒരു സുന്നത്തായി ഗണിക്കുന്നില്ല. നബി(സ)ആവർത്തിച്ചു ചെയ്തതിനാൽ മുസ്‌ലിംകൾ നിസ്സംശയം സുന്നത്തായി അനുഷ്ഠിച്ചു വരുന്നതിന്നുദാഹരണമാണ്, നിർബന്ധ നമസ്കാരത്തിനു ശേഷം നബി(സ) സ്വഹാബികൾക്കു മുമ്പിൽ ജനങ്ങൾക്കഭിമുഖമായി ഇരിക്കാറുണ്ടായിരുന്നത്. ഈ രൂപം നബി(സ) കൽപ്പിച്ചിരുന്നില്ല. എന്നാൽ ശതക്കണക്കിനു തവണ അവിടുന്ന് അതാവർത്തിച്ചു ചെയ്തിരുന്നു. അതിനാൽ ജനങ്ങൾക്ക് ഇമാമായി നമസ്കരിക്കുന്നവരൊക്കെ അങ്ങിനെ ചെയ്യൽ സുന്നത്തായി.

തിരുമേനി(സ) സ്വഹാബത്തിൽ നിന്ന് ആവർത്തിച്ചു കാണുകയോ കേൾക്കുകയോ ചെയ്യുകയും അങ്ങിനെ അവിടുന്ന് അംഗീകരിക്കുകയും അപ്രകാരം സുന്നത്തായിത്തീരുകയും ചെയ്തതിന്നുദാഹരണമാണ് മയ്യിത്തിന് മുമ്പും പിന്നുമുള്ള സഞ്ചാരം. മയ്യിത്ത് കൊണ്ടു പോവുമ്പോൾ അവിടുത്തെ അനുചരൻമാർ അതിന്റെ മുമ്പിലും പിമ്പിലുമായി നടക്കുന്നത് ഒട്ടേറെ തവണ അവിടുന്ന് കാണുന്നു. അതിനുനേരെ അവിടുന്ന് അവലംബിച്ച മൗനം അങ്ങിനെ അവർക്കുള്ള സമ്മതമായി. അപ്രകാരം മയ്യിത്ത് കൊണ്ടുപോവുമ്പോൾ അതിന്റെ മുമ്പിലും പിമ്പിലുമായുള്ള നടത്തം യാതൊരഭിപ്രായവ്യത്യാ

ശയവുമില്ലാത്ത വിധം സുന്നത്തായിത്തീർന്നു. അല്ലയോ മുസ്‌ലിം സഹോദരാ......! ഇപ്പോൾ നീ മനസ്സിലാക്കിയ പോലെ, ഇതാണ് സുന്നത്ത്. ഇത് സദാ ഓർത്തുകൊണ്ടിരിക്കുക. ഖുലഫാഉർറാശിദുകളായ അബൂബക്കർ(റ), ഉമർ(റ), ഉസ്മാൻ (റ),അലി(റ)എന്നീ നാലു പേരുടെ ചര്യയും ഇതിലേക്ക് ചേർക്കേണ്ടതാണ്. തിരുമേനി(സ) പറഞ്ഞു:

عليكم بسنتي وسنة الخلفاء الراشدين المهديين من بعدي
عضوا عليها بالنواجذ

(അതിനാൽ നിങ്ങൾ എന്റെ ചര്യയും എനിക്കുശേഷം വിവേകശാലികളും സൻമാർഗ്ഗികളുമായ എന്റെ പിൻഗാമികളുടെ ചര്യയും മുറുകെപിടിക്കുക. അണപ്പല്ലുകൾ കൊണ്ടത് കടിച്ചുപിടിക്കുക - അബൂദാവൂദ്, തുർമുദി).

ബിദ്അത്ത് എന്നാൽ സുന്നത്തിന് നേർ വിപരീതമാണ്. മുൻ മാതൃകയില്ലാതെ നിർമിച്ചു എന്നതിനുപയോഗിക്കുന്ന ابتدع الشيئ എന്നതിൽ നിന്നാണ് ഭാഷയിൽ ആ പ്രയോഗമുണ്ടായത്.

എന്നാൽ ബിദ്അത്ത് എന്ന പദത്തിന്റെ മതപരമായ അർഥം അല്ലാഹു അവന്റെ ഗ്രന്ഥത്തിലൂടെയോ അവന്റെ ദൂതർ മുഹമ്മദ്(സ)യുടെ നാവിലൂടെയോ നിയമമാക്കിയിട്ടില്ലാത്ത വിശ്വാസങ്ങളോ വാക്കുകളോ കർമ്മങ്ങളോ ആണ്. ഏറ്റവും ലളിതമായി പറഞ്ഞാൽ മതമെന്ന നിലക്ക് അല്ലാഹുവിനെ ആരാധിക്കാനും അവനിലേക്കടുക്കാനുമുതകുന്ന, അല്ലാഹുവിന്റെ

റസൂലിന്റെ കാലത്തോ അവിടുത്തെ അനുചരൻമാരുടെ കാലത്തോ ഇല്ലാത്ത വിശ്വാസങ്ങൾക്കോ വാക്കുകൾക്കോ കർമ്മങ്ങൾക്കോ ആണ് ബിദ്അത്ത് എന്നു പറയുന്നു. അവ എത്ര പവിത്രമായിരുന്നാലും ശരി. മതത്തിന്റെയും പുണ്യ കർമ്മങ്ങളുടെയും അടയാളങ്ങൾ അതിലുണ്ടായാലും ശരി. വിശ്വാസത്തിലും വാക്കിലും പ്രവർത്തിയിലുമെല്ലാമുള്ള ബിദ്അത്തിന്റെ മാതൃകയാണിത്. അറിയാനും ജാഗ്രത പുലർത്താനുമായി ബിദ്അത്തിന്റെ യാഥാർത്ഥ്യം നാം വ്യക്തമാക്കുന്നു. അല്ലാഹു അവനിഛിക്കുന്നവരെ നേർമാർഗ്ഗത്തിലേക്കു നയിക്കുന്നു.

**വിശ്വാസത്തിലെ ബിദ്അത്ത്:**

പുണ്യവാളൻമാർക്ക് (സ്വാലിഹീങ്ങൾക്ക്) ഒരു രഹസ്യ ഭരണകൂടത്തോടു സമീകരിക്കാവുന്ന വിധം ലോകത്ത് ചില ഭരണ സംവിധാനങ്ങളുണ്ടെന്നും അതിലൂടെ അവർ വിലായത്ത് നൽകുകയും നീക്കുകയും കൊടുക്കുകയും തടയുകയും ഉപദ്രവം ചെയ്യുകയും ഉപകാരം ചെയ്യുകയും ചെയ്യുമെന്നും മുസ്ലിംകളിൽ വലിയൊരു വിഭാഗം വിശ്വസിക്കുന്നു. ഇതിനെല്ലാം അധികാരമുള്ളവർക്കാണത്രെ അഖ്താബ്, അബ്ദാൽ എന്നൊക്കെ പറയുന്നത്.

يا رجال الديوان ويا اهل التصريف من حر و وصيف

(ഹേ, ഉദ്യോഗസ്ഥൻമാരേ, സ്വതന്ത്രരും അടിമകളും ആയ കൈകാര്യകർത്താക്കളേ;) എന്നു വിളിച്ച് സഹായം തേടുന്ന

എത്ര ആൾക്കാരെക്കുറിച്ച് നാം കേട്ടിട്ടുണ്ട്....!

ഔലിയാക്കളുടെ ആത്മാക്കൾ അവരുടെ ഖബറുകൾക്കു ചുറ്റും കറങ്ങുന്നുണ്ടെന്നും അവരെ സന്ദർശിക്കുന്നവർക്കു വേണ്ടി അവർ ശുപാർശ ചെയ്യുമെന്നും അവരുടെ ആവശ്യങ്ങൾ നിറവേറ്റിക്കൊടുക്കുമെന്നും അവർ വിശ്വസിക്കുന്നു. പ്രസ്തുത ഖബറുകൾക്കടുത്തേക്ക് തങ്ങളിലെ രോഗികളെ എത്തിച്ച് അവരെക്കൊണ്ട് ശുപാർശ തേടിക്കൊണ്ട് അവർ പറയുന്നു: കാര്യസാധ്യം വേണ്ടവരാരോ അവർ ഖബറാളികളിലേക്ക് വരട്ടെ! ഔലിയാക്കൾ അദൃശ്യകാര്യങ്ങൾ അറിയുന്നവരാണെന്നും സുരക്ഷിത ഫലകത്തിൽ (ലൗഹുൽ മഹ്ഫൂദിൽ) നോക്കികാണുന്നവരാണെന്നും ജീവിച്ചിരിക്കുമ്പോഴും മരണശേഷവും (അവർക്ക്) ചില ക്രയവിക്രയങ്ങളൊക്കെ ഉണ്ടെന്നും അവർ വിശ്വസിക്കുന്നു. അതുകൊണ്ടാണ് ആ ഖബറാളികൾക്ക് വേണ്ടി ആഘോഷങ്ങളൊരുക്കുന്നതും ബലിയർപ്പിക്കുന്നതും. ചില പ്രത്യേക നാളുകളിൽ അവർക്കുവേണ്ടി പ്രത്യേക പരിപാടികളും ആഘോഷങ്ങളുമൊരുക്കുന്നതും .

വിശ്വാസത്തിൽ കടന്നുകൂടിയിട്ടുള്ള ഇത്തരത്തിലുള്ളതും ഇതല്ലാത്തതുമായ അനാചാരങ്ങളൊന്നും റസൂൽ(സ)യുടെ കാലത്തോ അദ്ദേഹത്തിന്റെ അനുചരൻമാരുടെ കാലത്തോ خيركم قرني ثم الذين يلونهم ثم الذين يلونهم (ഏറ്റവും ഉത്തമമായ നൂറ്റാണ്ടാണ് എന്റെ നൂറ്റാണ്ട്, പിന്നെ അതിന്റെ തൊട്ടുപിന്നിലുള്ളവർ, പിന്നെ അതിന്റെ തൊട്ടു

പിന്നിലുള്ളവർ ) എന്ന് നബി(സ) വാഴ്ത്തിപ്പറഞ്ഞ ആദ്യ മൂന്ന് നൂറ്റാണ്ടുകളിലോ അറിയപ്പെട്ടിരുന്നില്ല.

(ബുഖാരിയും മുസ്ലിമും ഉദ്ധരിച്ച പ്രസ്തുത ഹദീസിന്റെ പൂർത്തീകരിച്ച രൂപം : ("പിന്നെ അവർക്കു ശേഷം ഒരു ജനത വരും. അവർ വഞ്ചകരായിരിക്കും. വിശ്വസിക്കാൻ പറ്റുകയില്ല. അവർ സാക്ഷി പറയും. സാക്ഷിത്വത്തിനവരെ കൊള്ളുകയില്ല. അവർ നേർച്ച നേരുകയും നേർച്ച വീട്ടാതിരിക്കുകയും ചെയ്യും. അവർ കൊഴുത്തു തടിച്ചവരായിരിക്കും.")

**വാചികമായ ബിദ്അത്ത്:**

ഒരാളുടെ ജാഹ് കൊണ്ടോ ഹഖ്കൊണ്ടോ അല്ലാഹുവിനോട് പ്രാർഥിക്കുന്നതാണിത്. ജനങ്ങളിൽ പലരും ഇത് ചെയ്യുന്നു. ഇക്കാര്യത്തിൽ വലിയവരെ ചെറിയവരും മുൻഗാമികളെ പിൻഗാമികളും പണ്ഡിതരെ പാമരരും അന്ധമായി അനുകരിക്കുന്നു. ഏറ്റവും മഹത്തരവും ആദരണീയവുമായ വസീല (ഇടതേട്ടം) ഇതാണെന്നും ഇതിന്റെ മഹത്വവും ആദരണീയതയും അല്ലാഹു മറ്റൊന്നിനും നൽകിയിട്ടില്ലെന്നും അവർ ഗണിക്കുന്നു. ഇതിനെ വല്ലവനും വിമർശിച്ചാൽ അവന് നാശമുണ്ടാവുമെന്നും അവൻ മതത്തിൽ നിന്ന് വ്യതിചലിച്ചവനും ഔലിയാക്കളെയും സജ്ജനങ്ങളെയും കുറ്റം പറഞ്ഞവനുമായിത്തീരുമെന്നും അവർ ജൽപിക്കുന്നു. ഇടതേട്ടത്തിന്റെ പേരിലുള്ള വാചികമായ ഈ ബിദ്അത്ത്, തിരുമേനി(സ)യുടെയോ സച്ചരിതരായ മുൻഗാമികളുടെയോ കാലത്ത് അറിയപ്പെട്ടിട്ടില്ല.

വേദഗ്രന്ഥത്തിലോ തിരുചര്യയിലോ അതില്ല. ബാത്വിനികളെന്ന പേരിൽ അറിയപ്പെടുന്ന തീവ്രവാദികളായ മതനിഷേധികളുടെ സൃഷ്ടിയാണിതെന്നാണ് ഏറ്റവും ശരിയായ വാദം. പ്രയാസങ്ങൾ അകറ്റാനും ആവശ്യങ്ങൾ സാധിപ്പിച്ചുകിട്ടാനും ഉപകാരപ്പെടുന്ന-നമസ്കാരം, ദാനധർമ്മങ്ങൾ , നോമ്പ്, പ്രാർഥനകൾ, സ്ഥിരപ്പെട്ട ദിക്റുകൾ എന്നിവ പോലെയുള്ള ഏറ്റവും ഫലപ്രദമായ മാർഗ്ഗങ്ങളിൽ നിന്നും മുസ്‌ലിംകളെ തടയുക എന്നതാണവർ അതുകൊണ്ടുദ്ദേശിച്ചത്.

വാചികമായ ബിദ്അത്തിൽ പെട്ട ഒന്നുകൂടി : സൂഫികൾ സംഘടിപ്പിക്കുന്ന ദിക്ർ ഹൽഖകളിൽ ഉച്ചത്തിൽ അവർ വിളിക്കുന്ന ഹൂ, ഹൂ, ഹയ്യുൻ, അല്ലാംഹ്, അല്ലാഹ് എന്നീ പദങ്ങൾ. ഒന്നും രണ്ടും മണിക്കൂർ പിന്നിടുമ്പോഴേക്കും അവർക്ക് പരസ്പരം തിരിച്ചറിയാൻ വയ്യാതാവും. അനാവശ്യങ്ങൾ പറഞ്ഞെന്നിരിക്കും. അവയിൽ കുഫ്റിന്റെ (അവിശ്വാസത്തിന്റെ) മൊഴികളുണ്ടാവും. കത്തികൊണ്ടുള്ള പ്രയോഗം (എവിടെയൊക്കെ നിർവ്വഹിക്കപ്പെടുന്നുവെന്ന്)അയാളറിയുന്നില്ല. (അങ്ങിനെ) അവരിലൊരാൾ തന്റെ സഹോദരനെ വധിച്ചു കളയുക വരെയുണ്ടായിട്ടുണ്ട്!

മറ്റൊരു ഉദാഹരണം: ബാലന്മാരുടെയും ക്ലീൻ ഷേവുകാരുടെയും ശബ്ദഘോഷങ്ങളുള്ള കാവ്യസ്തുതി ഗീത സദസ്സുകളും ചെണ്ട മേളങ്ങളും കൊട്ടുവാദ്യങ്ങളും കുഴലൂത്തും. ഇതാണ് വാചികമായ ബിദ്അത്ത്. ഇതിനു പുറമെ വേറെയുമുണ്ട്. അല്ലാഹുവാണെ, അവനിൽ സത്യം ചെയ്തു കൊണ്ട്

പറയട്ടെ-. ഇതൊന്നും അല്ലാഹുവിന്റെ ദൂതരുടെ കാലത്തുണ്ടായിരുന്നില്ല. അവിടുത്തെ അനുചരൻമാരുടെ കാലത്തുമുണ്ടായിരുന്നില്ല. ഇസ്‌ലാം മതത്തിൽ നാശവും അവിശ്വാസവും കടത്തിവിട്ട് സമുദായത്തെ കുഴപ്പത്തിലാക്കാനും ഫലപ്രദമായതിൽ നിന്ന് നാശത്തിലേക്ക് അവരെ തിരിച്ചുവിടാനും ഗൗരവതരമായതിൽ നിന്ന് അലസതയിലേക്കും വിനോദങ്ങളിലേക്കുമെത്തിക്കാനുമായി മത നിഷേധികൾ ചെയ്ത പണിയാണിത്.

**കർമ്മങ്ങളിലെ ബിദ്അത്ത്:**

ഖബ്റുകൾക്ക് മുകളിൽ കെട്ടിടം പണിയുക. പ്രത്യേകിച്ചും അവരുടെ പുണ്യാത്മാക്കളെന്ന് അവർ വിശ്വസിക്കുന്നവരുടെ. അവരുടെ ഖബ്റുകൾക്ക് മുകളിൽ ഖുബ്ബകൾ പണിയുക. അവിടം സന്ദർശിക്കാനും ജനമിരിക്കാനും തീർഥാടനം ചെയ്യുക. അതിനടുത്ത് വെച്ചവർ ആടുകളെയും പശുക്കളെയും ബലിയർപ്പിക്കുക. അതിന്റെ പരിസരത്തുവെച്ച് ആഹാരമൂട്ടുക. ഇവയൊക്കെ അല്ലാഹുവിന്റെ ദൂതർക്കോ അവിടുത്തെ അനുചരൻമാർക്കോ അറിയുമായിരുന്നില്ല. മറ്റൊരുദാഹരണം : ചിലർ മസ്ജിദുൽ ഹറമിൽ നിന്ന് പിന്നോട്ടാണ് നടക്കുക. അപ്രകാരം തന്നെ മസ്ജിദുന്നബവിയിലും. വിശുദ്ധ കഅ്ബാലയമോ നബി(സ)യുടെ ഖബറോ പിൻഭാഗത്തായിപ്പോവാതിരിക്കാൻ വേണ്ടിയാണ് അവരിപ്രകാരം പുറത്തുപോവുന്നത്. ഇതാണ് കർമ്മപരമായ ബിദ്അത്ത്. ഉത്തമ സമുദായത്തിന് ഇത്തരം പ്രവർത്തനങ്ങൾ അറിയുമായിരുന്നില്ല. മതത്തിന്റെ പരിധി ലംഘിച്ച ആളുകൾ പുതുതായുണ്ടാക്കിയതാ

ണിതെല്ലാം. ഔലിയാക്കളുടെ ജാറത്തിനു മീതെ മരം കൊണ്ടുള്ള പെട്ടികളുണ്ടാക്കി വെക്കലും മേത്തരം പട്ടുകൊണ്ടു പുതക്കലും ജാറത്തിൽ ഉലുവാൻ പുകയ്ക്കലും അവിടെ മെഴുകുതിരി കത്തിക്കലും ഒക്കെ അതിൽ പെട്ടതാണ്. ഇബാദത്തുകളിൽ ബിദ്അത്തിന്റെ രൂപമുണ്ടാക്കിയ, വിശ്വാസത്തിലും വാക്കിലും പ്രവർത്തിയിലുമുള്ള ചില ബിദ്അത്തുകൾക്കുദാഹരണമാണ് മാന്യവായനക്കാരാ ഇത്.

ഇടപാടുകളിലെ ബിദ്അത്തുകളും അപ്രകാരം തന്നെ. വ്യഭിചാരിക്കു അടിശിക്ഷ നൽകുന്നതിനു പകരം ജയിൽ ശിക്ഷ നൽകുന്നതുപോലെ. കട്ടവന്റെ കൈ വെട്ടുന്നതിനു പകരം അവനെ ജയിലിലേക്കയക്കുകയോ അടിക്കുകയോ ചെയ്യുന്നതു പോലെ. വീടുകളിലും തെരുവുകളിലും അങ്ങാടികളിലും പൊതുവേ വ്യാപിച്ചുവരുന്ന സംഗീതാലാപനങ്ങളും ഇപ്രകാരം തന്നെ. ഭ്രാന്തമായ ഈ കോലാഹലങ്ങളും സ്തുതിഗീതങ്ങളും അല്ലാഹു സംതൃപ്തി ചൊരിഞ്ഞ ഉത്തമ സമുദായത്തിന് അറിവുണ്ടായിരുന്നില്ല. കർമ്മപരമായ ഇത്തരം ബിദ്അത്തിൽ പെട്ടതാണ് പലിശയോടു സഹകരിക്കുന്നതും അതിന്നു പ്രചാരം നൽകുന്നതും അതിനോടു പ്രതിഷേധം കാട്ടാതിരിക്കുന്നതും. അതിൽ പെട്ടൊരുദാഹരണമാണ് അലങ്കാരങ്ങളണിഞ്ഞുള്ള സ്ത്രീ സഞ്ചാരവും പൊതുവായുള്ളതോ സ്വകാര്യമായുള്ളതോ ആയ സ്ഥലങ്ങളിലെ സ്ത്രീ പുരുഷ സംഗമവും. ഇസ്‌ലാമിക സമൂഹം ദുർബലിക്കുകയും നാശമടഞ്ഞുകൊണ്ടിരിക്കുകയും ചെയ്യുന്നുവെന്നതിന്റെ നിദർശനമാണ് ഈ

ആചാരങ്ങളെല്ലാം. തെളിവോ വിശദീകരണമോ ആവശ്യമില്ലാത്തവിധം അതിന്റെ ബാഹ്യ ചിഹ്നങ്ങൾ ഇസ്‌ലാമിക സമൂഹത്തിൽ പ്രകടമായിക്കഴിഞ്ഞു.

**لا حول ولا قوة الا بالله العلي العظيم**

---

*ലാ ഹൗല വലാ ഖുവ്വത ഇല്ലാബില്ലാഹ് എന്ന് ഈ സന്ദർഭത്തിൽ പറയുന്നതെന്തിന് എന്നു ചോദിച്ചാൽ മനോവിഷമം ഇല്ലാതാകാൻ എന്നാണ് മറുപടി. അബൂഹുറൈറ(റ)യിൽ നിന്ന് ഇബ്നു അബീദുൻയാ(റ) ഒരു ഹദീസ് റിപ്പോർട്ട് ചെയ്യുന്നു.

**لا حول ولا قوة الا بالله دواء من تسع وتسعين داء ايسرها الهم**

(തൊണ്ണൂറ്റൊമ്പത് രോഗങ്ങൾക്ക് ലാ ഹൗല വലാ ഖുവ്വത ഇല്ലാബില്ലാഹ് പ്രതിവിധിയാണ്. മനോവിഷമമാണ് അതിൽ ലഘുവായത്). ഇമാം സുയൂത്വി ഈ ഹദീസ് 'ഹസൻ' (ഉത്തമം) ആണെന്ന് പറഞ്ഞിട്ടുണ്ട്.)

## അനാചാരവും പൊതുനന്മകളും തമ്മിലുള്ള വ്യത്യാസം

എന്റെ മുസ്‌ലിം സഹോദരാ...! എനിക്കും നിങ്ങൾക്കും അല്ലാഹു അവന്റെ ദീനിൽ നൈപുണ്യം തരുമാറാകട്ടെ. അല്ലാഹുവിന് അവകാശപ്പെട്ടതും അവന്റെ റസൂൽ(സ)ക്ക് അവകാശപ്പെട്ടതുമായ മതനിയമങ്ങളിൽ കൈകടത്തലുകൾ സംഭവിച്ചിട്ടുണ്ട്. മുസ്‌ലിമിന്റെ ആത്മസംസ്കരണത്തിനും മനഃശുദ്ധിക്കും ഐഹികവും പാരത്രികവുമായ സനന്നതക്കും സംതൃപ്തിക്കും വേണ്ടിയുള്ള (ശരീഅത്താണ്) അത്. البدعة الحسنة (നല്ല ബിദ്അത്ത്) എന്ന പേരിട്ട് ചിലർ അതിൽ കൈകടത്തലുകൾ നടത്തി. അങ്ങിനെ മുസ്‌ലിംകൾ, സുന്നത്തുകളെ നിർജ്ജീവമാക്കുകയും അവിടെ ബിദ്അത്തുകൾ സ്ഥാപിക്കുകയും ചെയ്തു. ഖുർആനിന്റെയും സുന്നത്തിന്റെയും സമൂഹത്തെ ബിദ്അത്തുകളുടെ സാഗരങ്ങളിൽ അവർ മുക്കി. ഇസ്‌ലാമിക സമൂഹത്തിലെ നല്ലൊരു വിഭാഗത്തെ സത്യമാർഗ്ഗങ്ങളിൽ നിന്നും വിശുദ്ധമായ ചര്യകളിൽ നിന്നും അത് വ്യതിചലിപ്പിച്ചു. ബിദ്അത്തുകൾ സാർവത്രികമായി വ്യാപിച്ചതിന്റെ പരിണിതഫലമായി സമുദായത്തിൽ ഛിദ്രത ഉടലെടുത്തു, വ്യത്യസ്ത മാർഗ്ഗങ്ങളും, പരസ്പരം ആരോപണ

പ്രത്യാരോപണങ്ങൾ നടത്തുന്ന മദ്ഹബുകളുമുണ്ടായത് ഇതുകൊണ്ടാണ്. ബിദ്അത്തുകൾ حسن (നല്ലത്) എന്ന പരിവേഷം ചാർത്തുകയും സൻമാർഗ്ഗ ചര്യകൾക്ക് വിപരീതമായ ബിദ്അത്തുകൾ അങ്ങിനെ അയാൾ കൊണ്ടുവരികയും അതിനെ നല്ലതായി വിശേഷിപ്പിക്കുകയും ചെയ്തു. തന്റെ ബിദ്അത്തുകൾക്ക് സ്വീകാര്യത ലഭ്യമാവാനും അയാളിൽ നിന്നത് പിൻപറ്റാനും അംഗീകരിക്കാനുമായി അയാൾ 'ഇത് നല്ല ബിദ്അത്താ'ണെന്ന് പറഞ്ഞു.

كل بدعة ضلالة وكل ضلالة في النار

(എല്ലാ അനാചാരവും ദുർമാർഗ്ഗവും എല്ലാ ദുർമാർഗ്ഗവും നരകത്തിലുമാണ്)എന്ന് പ്രവാചകൻ(സ)പറഞ്ഞിട്ടും بدعة حسنة എന്ന് പറയുന്നത് നിശ്ചയം. ശരീഅത്തിന്റെ ഉടമയായ തിരുമേനി(സ)യോട് മത്സരിക്കലാണ്.

എന്നാൽ ഖേദമെന്നു പറയട്ടെ, അല്ലാഹുവും അവന്റെ റസൂൽ(സ)യും പഠിപ്പിച്ചു തന്ന മത നിയമങ്ങളിൽ ചില പണ്ഡിതൻമാർ തന്ത്രപൂർവ്വം കൈകടത്തലുകൾ നടത്തിയിട്ടുണ്ട്. അവർ പറയുന്നു: ശരീഅത്തിലെ വാജിബ് (നിർബന്ധം), മൻദൂബ് (അഭിലഷണീയം), മുബാഹ് (അനുവദിക്കപ്പെട്ടത്), മക്റൂഹ് (അനഭിലഷണീയം), ഹറാം(നിഷിദ്ധം)എന്നീ അഞ്ചു വിധികൾ ബിദ്അത്തുകൾക്കും ബാധകമാണെന്ന്! ഇമാം ശാത്വിബി(റ) ഇതിൽ ജാഗ്രത പാലിച്ചിട്ടുണ്ട്. ഈ വിഭജനത്തെ അദ്ദേഹം ഖണ്ഡിക്കുന്നു. ദൈവിക മതത്തിൽ ഒരു അനാചാരം ഉണ്ടാവുകയും അതിനെ നല്ല ബിദ്അത്താക്കുകയും ചെയ്യു

ന്നതിനെ അദ്ദേഹം നിഷേധിക്കുന്നു. അദ്ദേഹം പറയുന്നു: “നിശ്ചയം, ബിദ്അത്തുകളിലെ നല്ലതും ചീത്തയും എന്ന വിഭജനവും ഇവയ്ക്ക് അഞ്ചുതരം വിധികൾ ബാധകമാക്കലും കൃത്രിമവും ശരീഅത്തിൽ യാതൊരു തെളിവുമില്ലാത്തതുമായ കാര്യമാണ്. മാത്രമല്ല , ആ വിഭജനം സ്വന്തം നിലക്കു തന്നെ അവഗണനാർഹമാണ്. എന്തുകൊണ്ടെന്നാൽ, ശരീഅത്തിൽ യാതൊരു തെളിവുമില്ലാത്തതിനാണ് യഥാർത്ഥത്തിൽ ബിദ്അത്ത് എന്നു പറയുന്നത്. ശരീഅത്തിന്റെ നസ്സിലോ അടിസ്ഥാനത്തിലോ ഇതിന് (തെളിവ്) ഇല്ല. നിർബന്ധം, അഭിലഷണീയം, അനുവദനീയം എന്നിവയ്ക്കൊക്കെ ശരീഅത്തിൽ തെളിവുള്ള ഒരു കാര്യം പിന്നെ ബിദ്അത്താകില്ല. ചെയ്യാൻ നിർദ്ദേശിക്കപ്പെട്ടതോ പ്രോത്സാഹിപ്പിക്കപ്പെട്ടതോ ആയ കർമങ്ങളുടെ ഗണത്തിലേ അത് വരൂ... ബിദ്അത്തായ ഒരു കാര്യത്തിന് വാജിബോ മൻദൂബോ മുബാഹോ ആണെന്ന് തെളിവുണ്ടാവുക. പരസ്പരവിരുദ്ധമായ രണ്ടവസ്ഥകൾ ഒരു കാര്യത്തിൽ ഒരുമിച്ചു കൂടുമോ!” ( الموافقات വാല്യം ഒന്ന്, പേജ് : 191)

വായനക്കാരനായ എന്റെ സഹോദരാ.. ! റസൂൽ(സ) ദുർമാർഗ്ഗമെന്ന് പറഞ്ഞത് നല്ല ബിദ്അത്താക്കിത്തീർത്തതിനെ ഇമാം ശാത്വിബി(റ) വെറുത്തത് എങ്ങിനെയെന്ന് താങ്കൾ കണ്ടില്ലേ.! അഞ്ചു വിധികൾ ബിദ്അത്തുകൾക്കും ബാധകമാണെന്ന് ജൽപ്പിച്ചവരെ വെറുത്തത് എങ്ങിനെയെന്നും (താങ്കൾ കണ്ടില്ലേ)! അഥവാ അത് വാജിബായ ഒരു കാര്യമാ

യിരിക്കും; അല്ലെങ്കിൽ മൻദൂബോ മുബാഹോ ആയിരിക്കും. അല്ലെങ്കിൽ മക്റൂഹോ ഹറാമോ ആയിരിക്കും. ശരീഅത്തിൽ തെളിവുകളുള്ളത് ബിദ്അത്തായിരിക്കുകയില്ല. ബിദ്അത്താകട്ടെ, ഖുർആനിലോ നബിചര്യയിലോ ഇജ്മാഇലോ ഖിയാസിലോ ശരീഅത്തിൽ തെളിവില്ലാത്തതുമാണ്. ശറഇയ്യായ തെളിവു വന്നാൽ പിന്നെ അത് ദീനും സുന്നത്തുമായി; ബിദ്അത്തല്ല. നീ അറിയണം. ഞാൻ ചോദിക്കട്ടെ: ബിദ്അത്തുകളിലും ശരീഅത്തിലെ അഞ്ചു വിധികൾ ബാധകമാണ് എന്ന അബൂശാമ, ഖറാഫി(റ)യെപ്പോലുള്ള ശ്രേഷ്ഠപണ്ഡിതൻമാരുടെ(വീക്ഷണത്തിൽ) എങ്ങിനെ കടന്നുകൂടി എന്ന് നീ ചോദിച്ചാൽ, തികഞ്ഞ അശ്രദ്ധ കൊണ്ടും നവീനാചാരങ്ങളെ പൊതുനൻമയായി സദൃശ്യപ്പെടുത്തിയത് കൊണ്ടും എന്ന് ഞാൻ നിന്നോട് പറയും. مصالح എന്നത് مصلحة ന്റെ ബഹുവചനമാണ്. ശരീഅത്തിൽ സ്ഥിരീകരണമോ നിഷേധമോ കാണാനാവാത്ത, പുണ്യം ലക്ഷ്യം വെച്ചും ദോഷം തടുക്കാനുമായുള്ളവയ്ക്കാണ് അത് പറയുന്നത്. مرسلة എന്നാൽ അയച്ചുവിട്ടത് എന്നർഥം. അഥവാ ശരീഅത്തിൽ പരിഗണിക്കുന്നതോ അവഗണിക്കുന്നതോ ആയ നിയമം വന്നിട്ടില്ലാത്തത്. ജ്ഞാനികൾ المصالح المرسلة എന്ന പേരിൽ അവർക്കിടയിൽ അറിയപ്പെടുന്ന പദത്തെ ഇങ്ങനെ നിർവ്വചിക്കാം : ശരീഅത്തിന്റെ ഉദ്ദേശപരിധിയിൽ ഉൾപ്പെടുത്താവുന്ന പ്രയോജനപ്രദമായ എല്ലാ കാര്യങ്ങളും المصالح المرسلة ആകുന്നു; സ്വീകരിക്കുന്നതിനോ തിരസ്കരിക്കുന്നതിനോ അവക്ക് ഒരു തെളിവും ശരീഅത്തിൽ ഉണ്ടാവുകയില്ല. അവർ പറയുന്നത്, ഉപകാരപ്രദമാ

യത് അംഗീകരിക്കുക, ഉപദ്രവകരമായത് അവഗണിക്കുക എന്ന അടിസ്ഥാനത്തിലാണ് ശരീഅത്ത് നിലകൊള്ളുന്നത് എന്നാണ്. അതിനാൽ ഒരു മുസ്‌ലിമിന് പുണ്യകരമായതോ തിൻമ പ്രതിരോധിക്കുന്നതോ എന്നുറപ്പുള്ള ഒരു കാര്യം ഉപയോഗപ്പെടുത്തുന്നത് അയാൾക്ക് അനുവദനീയമാണ്. പക്ഷെ ഒരു നിബന്ധനയുണ്ട്, രഹസ്യമോ പരസ്യമോ ആയ വല്ല ദോഷവും മൂലം ശരീഅത്ത് അതിനെ തള്ളിക്കളഞ്ഞതായിരിക്കരുത്. എപ്രകാരമെന്നാൽ സാമ്പത്തിക ലക്ഷ്യം വെച്ച് ഒരു സ്ത്രീക്ക് വ്യഭിചരിക്കാനവകാശമില്ലല്ലോ... അവൾക്ക് പ്രയോജനം കിട്ടുന്നതാണെങ്കിലും ഈ മാർഗ്ഗം ദീനിൽ നിരോധിക്കപ്പെട്ടത് തന്നെയാണ്. അപ്രകാരം തന്നെ കള്ളമോ ചതിയോ പലിശയോ വഴി ധനം സമ്പാദിക്കാനോ വ്യക്തി താൽപര്യം സാധിക്കാനോ ഒരാൾക്കും അവകാശമില്ല. എന്തുകൊണ്ടെന്നാൽ തിരുമേനി (സ) ഇത്തരം താൽപര്യങ്ങൾ നിരോധിച്ചിട്ടുണ്ട്. മനുഷ്യന്റെ ആത്മീയവും ശാരീരികവുമായ സൗഭാഗ്യം ലഭ്യമാക്കുക എന്ന ഉന്നത ലക്ഷ്യത്തിന് ഇതെല്ലാം വിരുദ്ധമാകയാൽ അത്തരം താൽപര്യങ്ങളെ മതം പരിഗണിച്ചിട്ടില്ല.

ശരീഅത്തിലെ മറ്റൊരുദാഹരണമാണ് കഞ്ചാവ് നിരോധം. കഞ്ചാവ് നിരോധിച്ചു കൊണ്ടുള്ള വ്യക്തമായ രേഖയില്ലെങ്കിലും മദ്യനിരോധനത്തിന്റെ പരിധിയിലാണ് അതുൾപ്പെടുന്നത്. അതിനാൽ കഞ്ചാവ് നിരോധം പൊതുനൻമയിൽ പെട്ടതാണെന്ന് പറയാമോ? ശരീഅത്തിൽ മദ്യം നിരോധിക്കപ്പെട്ടത് അതിലെ ദോഷഫലങ്ങൾ മൂലമാണ്. കഞ്ചാവിലും അപ്ര

കാരമുണ്ട്. അതിനാൽ ശരീഅത്ത്പരമായിട്ടാണോ അത് ഹറാമാണ്. അല്ലാതെ മുസ്‌ലിംകളെ ബാധിച്ചേക്കാവുന്ന ദോഷഫലം പ്രതിരോധിക്കുക എന്ന പൊതുനന്മ സാധിക്കാൻ വേണ്ടിയല്ല.

കുറ്റം ചെയ്തതിന് പ്രായശ്ചിത്തമായി അടിമയെ മോചിപ്പിക്കുകയോ (സാധുക്കൾക്ക്) ആഹാരം നൽകുകയോ ചെയ്യൽ ഒരു സമ്പന്നനെ സംബന്ധിച്ച് എളുപ്പമാണല്ലോ. തന്മൂലം പ്രായശ്ചിത്തമായി ഒരു മുഫ്തി അയാളെ നോമ്പനുഷ്ഠിക്കാൻ നിർബന്ധിപ്പിക്കലും ഇതിൽ പെടുന്നു. പണക്കാരായ ആളുകൾ ധനത്തിനോട് വിമുഖത കാട്ടരുത് എന്ന ശറഇയ്യായ നന്മ ലക്ഷ്യമാക്കിയിട്ടാണ് അയാളെ നോമ്പനുഷ്ഠിക്കാൻ നിർബന്ധിതനാക്കിയത്. എന്നാലിത് ബാലിശമായ ലക്ഷ്യമാണ്. എന്തുകൊണ്ടെന്നാൽ ശരീഅത്ത് ഈ രീതി ഇല്ലാതാക്കിയിട്ടുണ്ട്. പ്രായശ്ചിത്തമായി അടിമയെ മോചിപ്പിക്കാനോ (സാധുക്കൾക്ക്) ആഹാരം നൽകാനോ സാധിക്കാത്ത പരിതഃസ്ഥിതിയിലല്ലാതെ നോമ്പനുഷ്ഠിക്കാൻ ശരീഅത്ത് അനുവാദം തരുന്നില്ല. അല്ലാഹു പറയുന്നു :

فكفارته إطعام عشرة مساكين من اوسط ما تطعمون اهليكم او كسوتهم او تحرير رقبة فمن لم يجد فصيام ثلاثة ايام ذلك كفارة ايمانكم اذا حلفتم

(അപ്പോൾ അതിന്റെ (അത് ലംഘിക്കുന്നതിന്റെ) പ്രായ

ശ്ചിത്തം നിങ്ങൾ നിങ്ങളുടെ വീട്ടുകാർക്ക് നൽകാറുള്ള മധ്യനിലയിലുള്ള ഭക്ഷണത്തിൽ നിന്ന് പത്തു സാധുക്കൾക്ക് ഭക്ഷിക്കാൻ കൊടുക്കുകയോ അല്ലെങ്കിൽ അവർക്ക് വസ്ത്രം നൽകുകയോ അല്ലെങ്കിൽ ഒരു അടിമയെ മോചിപ്പിക്കുകയോ ആകുന്നു. ഇനി വല്ലവനും (അതൊന്നും) കിട്ടിയില്ലെങ്കിൽ മൂന്നു ദിവസം നോമ്പെടുക്കുകയാണ് വേണ്ടത്. നിങ്ങൾ സത്യം ചെയ്തു പറഞ്ഞാൽ, നിങ്ങളുടെ ശപഥങ്ങൾ ലംഘിക്കുന്നതിനുള്ള പ്രായശ്ചിത്തമാകുന്നു അത് — മാഇദ :89). ഈ പ്രായശ്ചിത്തം പോലെത്തന്നെയാണ് റമദാനിലെ പകലിൽ സ്ത്രീ പുരുഷ ലൈംഗിക ബന്ധമുണ്ടായാലുള്ള പ്രായശ്ചിത്തവും. അടിമയെ മോചിപ്പിക്കലോ അന്നദാനം നൽകലോ കൂടാതെ നോമ്പനുഷ്ഠിക്കൂ എന്ന് ഫത്‌വ നൽകാൻ ഒരു മുഫ്തിക്കും അവകാശമില്ല.

വായനക്കാരാ അറിയുക! 'നല്ല ബിദ്അത്ത്' എന്ന പേരിൽ പൊതുനന്മയായി കൊണ്ടുവരുന്ന ബിദ്അത്ത്, വ്യക്തി ജീവിതത്തിലോ സാമൂഹിക ജീവിതത്തിലോ അനിവാര്യമായ ആവശ്യങ്ങളിലോ മോടിപ്പെടുത്തലിലോ ആയിരിക്കും ഉണ്ടാവുക. അവ രണ്ടുമല്ലാത്തതിനാണെങ്കിൽ അത് അലങ്കാരത്തിന്റെയോ ഭംഗികൂട്ടലിന്റെയോ താൽപര്യത്തിൽ മാത്രമായിരിക്കും. അത് അത്ര അനിവാര്യമോ ആവശ്യമോ ഉള്ളതായിരിക്കില്ല. നിർദ്ദിഷ്ടമല്ലെങ്കിലും ഉദാഹരണമായി, അബൂബക്കർ (റ), ഉഥ്മാൻ(റ) എന്നിവരുടെ കാലത്തെ വിശുദ്ധ ഖുർആൻ പകർത്തെഴുത്തും ക്രോഡീകരണവും (പരിശോധിക്കാം). ഇത്

ബിദ്അത്തിന്റെ ഗണത്തിൽ പെട്ട കർമമല്ല.* പൊതു നൻമയുടെ പട്ടികയിലാണത് പെടുക. ജീവിതത്തിന്റെ അന്ത്യത്തിൽ (നമ്മെ) അല്ലാഹു അവന്റെയടുത്തേക്ക് മടക്കും വരെ സംരക്ഷിക്കേണ്ടതും ഏറ്റക്കുറച്ചിലില്ലാതെ സൂക്ഷിക്കേണ്ടതുമാണ് വിശുദ്ധ ഖുർആൻ. മുസ്‌ലിംകളുടെ ബാധ്യതയാണത് . അത് നഷ്ടപ്പെട്ടു പോയേക്കുമെന്നവർ ഭയന്നു. അവരതിന് പോംവഴിയാരാഞ്ഞു. അങ്ങിനെ, അല്ലാഹു അവന്റെ ഗ്രന്ഥം ക്രോഡീകരിക്കാനും പകർത്തെഴുതാനും അവർക്ക് സൗകര്യം നൽകി. അവരുടെ ഈ കർമ്മം അങ്ങിനെ പൊതുനൻമയായിത്തീർന്നു. ശരീഅത്തിൽ ഇത് സ്ഥാപിക്കപ്പെടേണ്ടതോ ഒഴിവാക്കേണ്ടതോ ആയ കാര്യമായി സാക്ഷ്യപ്പെടുത്തുന്നില്ല. ഇതൊരു പൊതുവായ ഉദ്ദേശമാണ്. ഈ കർമ്മം നല്ലതോ ചീത്തയോ ആയ ബിദ്അത്താണെന്ന് ആരെങ്കിലും പറയുമോ? ഇല്ല! അനിവാര്യമായ ഒരു പൊതുനൻമയാണ് അത്.

പള്ളിയിൽ ഖിബ്‌ലയുടെ ദിശയറിയാൻ മിഹ്‌റാബുകൾ സ്ഥാപിച്ചത് പൊതുവായ നൻമക്കൊരു ഉദാഹരണമാണ്. നബി(സ)യുടെ കാലത്ത് പള്ളികളിൽ മിഹ്‌റാബുണ്ടായിരുന്നില്ല. ഇസ്‌ലാം വ്യാപകമാവുകയും മുസ്‌ലിംകൾ അധികരിക്കുകയും ചെയ്തപ്പോൾ പള്ളിയിലേക്ക് കയറി വരുന്ന ഒരാൾക്ക് ഖിബ്‌ലയെക്കുറിച്ച് അന്വേഷിക്കേണ്ടിവന്നു. ഖിബ്‌ലയുടെ ദിശ മനസ്സിലാക്കാൻ പള്ളിയിൽ ഖിബ്‌ലയുടെ ഭാഗത്തു മറ്റാരോടും

---

*നമ്മോട് പിൻപറ്റാൻ കൽപ്പിച്ച ഖലീഫമാരുടെ ചര്യകളാണത്.

ചോദിക്കേണ്ട ആവശ്യമില്ലാത്ത വിധം ഒരു കലണ്ടർ സ്ഥാപിച്ചത് അങ്ങിനെയാണ്.

ജുമുഅ നമസ്കാരത്തിനു മുമ്പ് ആദ്യമൊരു ബാങ്ക് ഉഥ്മാൻ(റ) അധികരിപ്പിച്ചത് മറ്റൊരുദാഹരണമാണ്. മദീനഃ വിസ്തൃതമാവുകയും ഇസ്‌ലാമിന്റെ തലസ്ഥാനമായി അതു മാറുകയും അവിടുത്തെ ഭവനങ്ങളും അങ്ങാടികളും അധികരിച്ചു വലിയതും ചെയ്തു. കച്ചവടങ്ങളിൽ മുഴുകി അശ്രദ്ധരായിരിക്കുന്ന ജനങ്ങളെ, സമയമാവുന്നതിന് അല്പം മുമ്പായി അവർക്ക് അറിയിപ്പുനൽകാനായി ബാങ്ക് വിളിക്കാം എന്ന അഭിപ്രായം ഉഥ്മാൻ(റ)നുണ്ടായി. അങ്ങിനെ അവർ വന്നു ചേരുകയും സമയമാവുകയും മുഅദ്ദിൻ ബാങ്ക് വിളിക്കുകയും ഖതീബ് അവർക്കുവേണ്ടി ഖുതുബ നിർവ്വഹിക്കുകയും നമസ്കരിക്കുകയും ചെയ്യുന്ന (പതിവ്) നിലവിൽ വന്നു. ഇത് ബിദ്അത്തിൽ പെട്ടതല്ല. പകരം നമസ്കാരത്തിനു ബാങ്ക് വിളിക്കുക എന്നത് ശരീഅത്തു തന്നെയാണ്.

സ്വുബ്ഹി നമസ്കാരത്തിന് രണ്ടു തവണ ബാങ്കു വിളിക്കപ്പെട്ടിട്ടുണ്ട്. മുസ്‌ലിംകൾക്ക് ഉപകാരപ്പെടുന്ന പൊതു താൽപര്യമായിരുന്നു അത്. അവർക്കതൊരത്യാവശ്യമായിരുന്നില്ല. എന്നാൽ അവർ നിർബന്ധമായും പങ്കെടുക്കേണ്ട നമസ്കാരത്തിന് സമയമടുത്തു എന്ന് അവരെ അറിയിക്കുന്നതിലൂടെ അവർക്ക് പ്രയോജനം കിട്ടാൻ വേണ്ടിയാണത്. ശരീഅത്താവട്ടെ ഖുർആനിലോ ബാങ്കിലോ അംഗീകാരമോ നിരാകാരമോ നൽകുന്നുമില്ല. ഇവ രണ്ടും ശരീഅത്തിന്റെ താൽപ

ത്യങ്ങളിൽ ഉൾപ്പെട്ടതാണ്. പൊതു താൽപര്യങ്ങളെന്ന് അവയെ പറയുകയും ചെയ്യുന്നു. ഇതിൽ ഒന്നാമത്തേത് ഒരാവശ്യവും രണ്ടാമത്തേതാവട്ടെ അതിന്റെ പൂർണ്ണതയും ഭംഗികൂട്ടലുമാണ്.

പൊതുനന്മയിൽ പെട്ട ഇത്തരം കാര്യങ്ങളെ ചില പണ്ഡിതൻമാർ അലംഭാവശാൽ നല്ല ബിദ്അത്ത് എന്ന് വിശേഷിപ്പിക്കാറുണ്ട്. മറ്റേതെ നിഷിദ്ധ ബിദ്അത്തുകളെ അവർ അതുമായി താരതമ്യപ്പെടുത്തി. പട്ടണങ്ങളുടെയും ഗ്രാമപ്രദേശങ്ങളുടെയും അങ്ങേ തലക്കൽ വരെ ബാങ്കുവിളിക്കുന്നവന്റെ ശബ്ദം എത്തിക്കുവാനും അവർക്ക് നമസ്കാരത്തിന്റെ സമയമായെന്നും മറ്റുനല്ലകാര്യങ്ങളും അറിയിക്കുവാനും പള്ളികളിൽ മിനാരങ്ങളും ബാങ്കു കൊടുക്കുന്ന സ്ഥലവും പണിയുക, അതുപോലെത്തന്നെ ഇമാമിന്റെ ഖുതുബയും അദ്ദേഹത്തിന്റെ ഖുർആൻ പാരായണവും നമസ്കാരത്തിലെ അദ്ദേഹത്തിന്റെ തക്ബീറുകളും കേൾപ്പിക്കുന്നതിന്നായി ഉച്ചഭാഷിണികൾ ഉപയോഗിക്കുക, ഖുർആൻ മനഃപാഠമാക്കുന്നതിന്നുവേണ്ടി മദ്രസകളിൽ വെച്ച് ഖുർആൻ സംഘടിതമായി പാരായണം ചെയ്യുക* ഇവയൊക്കെ ശരീഅത്തിൽ അംഗീകരിച്ചതിന്നോ ഉപേക്ഷിച്ച

*മധ്യ -പടിഞ്ഞാറ്-തിവൂർസ്ഥ. മൊറോക്കൻ രാജ്യങ്ങളായ തുനീഷ്യ, അൾജീരിയ, മൊറോക്കോ എന്നിവിടങ്ങളിലെ മഗ്‌രിബികളായ ആളുകളിൽ വളരെ ബഹളം സൃഷ്ടിച്ച ഒരു പ്രശ്നമാണിത്. (അവരിൽ) "ഹിസ്ബ് "എന്ന പേരിൽ ഒരു പാരായണമുണ്ട്. അഞ്ചുനേരങ്ങളിലെയും നമസ്കാരാനന്തരം ഒരേശബ്ദത്തിൽ സംഘടിതമായി ചെയ്യുന്ന ഖുർആൻ പാരായണമാണിത്. ചില പണ്ഡിതർ ഇതിനെ, സച്ചരിതരായ പൂർവ്വികരിൽ കാണാത്ത പുതു നിർമ്മിതിയാണെന്നു

പറഞ്ഞു →

തിന്നോ തെളിവില്ലാത്ത പൊതു നൻമകളാണ്. പക്ഷെ ഇവയൊക്കെ പൊതു ഉദ്ദേശങ്ങളുടെ ഗണത്തിൽ വരുന്നു. ഇവയെ നല്ല ബിദ്അത്ത് എന്നു പറയാനോ നബി(സ) പറഞ്ഞ إياكم ومحدثات الأمور فإن كل محدثة بدعة وكل بدعة ضلالة (പുതുതായി നിർമ്മിക്കപ്പെടുന്ന കാര്യങ്ങളെ നിങ്ങൾ സൂക്ഷിക്കുക. പുതുനിർമ്മിത കാര്യങ്ങളെല്ലാം ബിദ്അത്തും ബിദ്അത്തുകളെല്ലാം ദുർമാർഗ്ഗവുമാണ്) എന്ന മൊഴിയിലൂടെ ഹറാമാക്കിയ ദീനിലെ പുതുനിർമ്മിതികളുമായി താരതമ്യപ്പെടുത്താനോ ഒരാൾക്കും അവകാശമില്ല. വായനക്കാരാ! സംക്ഷിപ്തമായിപ്പറയട്ടെ, പൊതു നൻമ ബിദ്അത്തല്ല. എന്നാൽ സ്വയം പുണ്യകർമ്മമായി അതുദ്ദേശിക്കപ്പെടുന്നില്ല. അത് വാജിബായ കാര്യത്തെയോ അതിന്റെ നിർവ്വഹണത്തെയോ സംരക്ഷിക്കുന്നു. അല്ലെങ്കിൽ ദോഷം തടയുകയോ അകറ്റുകയോ ചെയ്യുന്നു. എന്നാൽ ശരീഅത്തിലെ ഒരു കർമ്മം പോലെ പുണ്യകരമായി അനുഷ്ഠിക്കുന്ന കാര്യങ്ങൾക്കാണ് ബിദ്അത്തുകൾ എന്നു പറയുന്നത്. മറ്റെന്തിൽ നിന്നെങ്കിലും ഉപകാരം സാധിക്കാനോ ഉപദ്രവം തടയാനോ ഉള്ള മാധ്യമ

---

തടഞ്ഞിട്ടുണ്ട്. ഖുർആൻ മനഃപാഠമാക്കുക എന്ന നിലക്ക് അത് വിരോധമില്ല എന്ന് വരെ ചിലരും പറഞ്ഞു. നാട്ടുകാരനായ ഞാൻ ഈ രണ്ടു വാദഗതികളെയും യോജിപ്പിച്ചുകൊണ്ട് പറഞ്ഞു : ഒരുപുണ്യകർമ്മമെന്ന നിലക്കാണ് അങ്ങിനെ ചെയ്യുന്നതെങ്കിൽ അത് ബിദ്അത്താണ്, അതല്ല ഖുർആൻ മറന്നുപോവാതിരിക്കാനെന്ന ഉദ്ദേശത്തോടെയാണെങ്കിൽ അപ്പോഴത് പൊതുനൻമയിൽ പെട്ടതുമായി, അല്ലാഹുവാണ് ഏറ്റവും നന്നായി അറിയുന്നവൻ.

ല്ലേ അത്.

ഏകനായ അല്ലാഹുവിന്റെ അവകാശത്തിൽ പെട്ടതാണ് സ്വയം പുണ്യം ലക്ഷ്യമിടുന്ന ശരീഅത്ത് വിധികൾ. അതിനാൽ മനുഷ്യമനസ്സിന് വിശുദ്ധിയുടെയും സംസ്കരണത്തിന്റെയും അടയാളങ്ങൾ ഇട്ടുതരുന്ന ആരാധന നിശ്ചയിക്കാൻ അല്ലാഹു അല്ലാത്തവർക്ക് അവകാശമില്ല. മനുഷ്യരിൽ ആർക്കും ഒരിക്കലും അതിന്നവകാശമില്ല. അതിനാൽ മനുഷ്യൻ തന്റെ അതിർത്തികൾ മുറുകെ പിടിക്കണം. അവന്നവകാശപ്പെട്ടതേ ആവശ്യപ്പെടാവൂ... അവന്നവകാശമില്ലാത്തതവൻ ഉപേക്ഷിക്കുകയും വേണം. അതു മാത്രമാണ് അവന് ഗുണപ്രദവും സുരക്ഷിതവും.

## ജന്മദിനാഘോഷം : ഇസ്‌ലാമിന്റെ വിധി

'മൗലിദ്' എന്ന പദത്തിന്റെ ബഹുവചനമാണ് 'മവാലിദ്'. എല്ലാ ഇസ്‌ലാമിക രാജ്യങ്ങളിലും ജന്മദിനാഘോഷം എന്ന പേരിലാണ് ഇതറിയപ്പെടുന്നത്. എന്നാൽ മൊറോക്കൻ രാജ്യങ്ങളിൽ 'മവാസിം' എന്നാണ് പറയുന്നത്. ഉദാഹരണം : മൗസിമു മൗലായ ഇദ്‌രീസ് (ഇദ്‌രീസ് അവർകളുടെ ജന്മദിനാഘോഷം). മധ്യ മൊറോക്കൻ രാജ്യമായ അൾജീരിയയിൽ 'സുർദ': ( زردة )യുടെ ബഹുവചനമായ സുറദ് ( زرد ) എന്നു പറയുന്നു. ഉദാഹരണം: زردة سيدي ابو الحسن الشاذلي (സയ്യിദ് അബുൽ ഹസനുശ്ശാദുലിയുടെ ജന്മദിനാഘോഷം). ഈജിപ്തുകാരും മധ്യ-പൗരസ്ത്യൻ ദേശക്കാരും 'മവാലിദ്' എന്നാണ് പറയുന്നത്. ഉദാഹരണം : مولد السيدة زينب എന്നോ مولد السيد البدوي എന്നോ അവർ പറയുന്നു.

കൊല്ലത്തിൽ ഒരു തവണ മാത്രം ആഘോഷിക്കുന്നത് കൊണ്ടാണ് മൊറോക്കൊക്കാർ വാർഷികോത്സവം എന്നർഥമുള്ള "മൗസിം" എന്ന പദം കൊണ്ട് ജന്മദിനാഘോഷം വിശേഷിപ്പിച്ചത്. വലിയ്യിലേക്കുള്ള സാമീപ്യം ഉദ്ദേശിച്ചുകൊണ്ടോ വലിയ്യിനുവേണ്ടി അറുത്തുകൊണ്ടോ ഭക്ഷണമുണ്ടാക്കി

( زيارة ) അഥവാ തീർത്ഥാടനം നടക്കുന്നത് കൊണ്ട് അവിടേക്ക് ഉള്ളവർക്ക് ജൻമദിനാഘോഷം زيارة യാണ്. الحضرة എന്ന പേരിലും ഇതറിയപ്പെടുന്നു. വലിയ്യിന്റെ സഹായമോ അനുഗ്രഹമോ കിട്ടുന്ന വിധം വലിയ്യിന്റെ ആത്മാവ് അവിടെ ഹാജരാകുമെന്ന വിശ്വാസത്തിലാണത്. അല്ലെങ്കിൽ സംഘാടകരുടെ സാന്നിദ്ധ്യം അവിടെ ഉണ്ടാകുന്നത് കൊണ്ടും الحضرة എന്ന് പറയപ്പെടുന്നു.

ജൻമദിനാഘോഷങ്ങളുടെ വിവിധ പേരുകളാണ് ഇതൊക്കെ. ഓരോ പ്രദേശത്തുകാരുടെയും വിവരവും കഴിവുമനുസരിച്ച് മൗലിദിന്റെ രൂപഭാവങ്ങളിൽ വ്യത്യാസം കാണാം. അവയിൽ പൊതുവേ കാണപ്പെടുന്ന ചില കാര്യങ്ങൾ താഴെപ്പറയുന്നു.

1. വലിയ്യിന്റെയോ സയ്യിദിന്റെയോ പേരിൽ സംഘടിപ്പിക്കുന്ന മൗലിദ്, മൗസിം, ഉറൂസ്, ഹദ്റ എന്നിവയ്ക്കായി നേർച്ച നേരുകയും ബലിയറുക്കുകയും ചെയ്യുന്നു.

2. അന്യ സ്ത്രീ പുരുഷൻമാർ കൂടിച്ചേരുന്നു.

3. ആട്ടവും നൃത്തവും ദഫ്ഫ് മുട്ടും വിവിധയിനം വാദ്യോപകരണങ്ങൾ കൊണ്ടുള്ള കുഴലൂത്തും.

4. കച്ചവടങ്ങൾക്കായി സ്ഥാപിക്കപ്പെടുന്ന ചന്തകൾ. ജനങ്ങൾ കൂടുതൽ സംഘടിക്കുന്ന സ്ഥലങ്ങളിൽ വ്യാപാരികൾ അവരുടെ കച്ചവടച്ചരക്കുകളിലേക്ക് ജനങ്ങളെ ആകർഷിക്കുന്നു.

നല്ല വിൽപ്പന നടക്കുകയും ചെയ്യുന്നു എന്നല്ലാതെ മറ്റൊരു ലക്ഷ്യവും ഇതിലില്ല. ഉദാഹരണമായി മിനാ അറഫാ ചന്തകൾ നോക്കുക.

5. വലിയ്യിനോടോ സയ്യിദിനോടോ പ്രാർഥിക്കുക, അവരോട് സഹായം തേടുക, അവരെക്കൊണ്ട് ശുപാർശ ചെയ്യുക ആഗ്രഹ സഫലീകരണത്തിനും കാര്യ സാധ്യത്തിനും മുമ്പിലെ തടസ്സങ്ങൾ നീങ്ങിക്കിട്ടാനുള്ള ഇത്തരം പ്രാർഥനകൾ ഏറ്റവും വലിയ ശിർക്കാണ്, അല്ലാഹു കാക്കട്ടെ.

6. മദ്യപാനവും മറ്റു ദുർവൃത്തികളും നടമാടുന്നു. പക്ഷെ ഇത് എല്ലാ നാട്ടിലും എല്ലാ പ്രദേശത്തും ഇല്ലെന്ന് മാത്രം.

7. ഇത്തരം ആഘോഷങ്ങളുടെ നടത്തിപ്പിന് ഭരണകൂടം പണവും മാംസവും ഭക്ഷണവും മറ്റ് ആനുകൂല്യങ്ങളും നൽകി സഹായിക്കുന്നു. ഫ്രഞ്ചു കോളനികളായിരുന്ന കാലത്ത് മൂന്നു മൊറോക്കൻ രാജ്യങ്ങളിൽ (മൊറോക്കൊ,തുനീഷ്യ,അൾജീരിയ) അവർ തീവണ്ടി യാത്രാ നിരക്ക് കുറച്ചുകൊണ്ടായിരുന്നു ഇതിനെ സഹായിച്ചത്! ഈജിപ്ഷ്യൻ ഭരണകൂടവും ഇപ്രകാരം പ്രവർത്തിച്ചിരുന്നതായി എനിക്കറിയാൻ കഴിഞ്ഞിട്ടുണ്ട്. കമ്യൂണിസ്റ്റ് രാജ്യമായ ദക്ഷിണ യെമനിൽ നിന്നു നാം കേട്ടത് ഏറെ കൗതുകമുണ്ടാക്കുന്നതാണ്. ഇസ്‌ലാമിന്റെ വിശ്വാസങ്ങളെയും ആരാധനകളെയും വിധി വിലക്കുകളെയും വെറുക്കുന്ന ഒരു ഭരണകൂടമായിട്ടുകൂടി ഈ ജൻമദിനാചരണത്തെ നിരുത്സാഹപ്പെടുത്താതെ എല്ലാ നിലക്കും അതിനെ

പ്രോത്സാഹിപ്പിക്കുകയാണവർ ചെയ്തത്. (തൈക്കൽ യമനിലെ ആളുകൾ തന്നെയാണിതെന്നോട് പറഞ്ഞത്). ഇസ്‌ലാമിനെ തകർക്കാൻ വേണ്ടി നിർമ്മിക്കപ്പെട്ടതാണ് ജൻമദിനങ്ങൾ എന്നതിന് ഏറ്റവും വലിയ തെളിവാണിത്. ഇവിടെയാണ് ഈ മൗലിദുകളെയും മൗസിമുകളെയും സ്വർദുകളെയും ഹദ്റുകളെയും നിഷിദ്ധമാക്കി ഇസ്‌ലാം വിധിക്കുന്നത്. അതിനാൽ മൗലിദായാലും മൗസിമായാലും സ്വർദായാലും ഹദ്റത്തായാലും ഇതിന് അനുവാദമില്ല. മുസ്‌ലിംകളിൽ കുഴപ്പവും ഇസ്‌ലാമിക വിശ്വാസങ്ങളിൽ ഛിദ്രതയും അടിസ്ഥാനമാക്കി സ്ഥാപിതമായതാണീ ബിദ്അത്ത്. അസത്യത്തിന്റെ ആളുകൾ ഇതിന് കൂട്ടുനിൽക്കുന്നതും സഹകരിക്കുന്നതും കാണുമ്പോൾ തന്നെ അത് നിങ്ങൾക്ക് മനസ്സിലാകും. ഇസ്‌ലാമിക ചൈതന്യത്തെ പ്രചോദിപ്പിക്കുന്നതും മുസ്‌ലിം മനഃസാക്ഷിയെ ചലിപ്പിക്കുന്നതുമായ വല്ലതും അതിലുണ്ടെങ്കിൽ അസത്യത്തിന്റെയും തിൻമയുടെയും ഭരണകൂടങ്ങൾ അതിനോട് പടപൊരുതാതെയും അതിന്റെ കഥ കഴിക്കാതെയും വിടില്ലെന്ന് കാണാമായിരുന്നു.

അല്ലാഹുവല്ലാത്തവരോടുള്ള പ്രാർഥനയും ബലിയും അല്ലാഹുവല്ലാത്തവർക്കുള്ള നേർച്ചയുമൊക്കെ ശിർക്കും ഹറാമും അല്ലെന്നുണ്ടോ? ഈ ജൻമദിനങ്ങളൊക്കെ അതിനുവേണ്ടിയല്ലാതെ നിലകൊള്ളുന്നില്ല. നൃത്തവും വാദ്യമേളങ്ങളും സ്ത്രീപുരുഷ സംഗമവും എല്ലാം ദുർനടപ്പും ഹറാമുമല്ലാതാകുന്നുണ്ടോ? ഈ മൗലിദുകളും ആഘോഷങ്ങളും

ഇത്തരം കാര്യങ്ങളിൽ നിന്ന് ഒഴിവല്ലാത്ത സ്ഥിതിയ്ക്ക് എങ്ങനെ ഹറാമല്ലാതാകും?. റസൂൽ(സ)യോ അവിടുത്തെ അനുചരൻമാരോ സച്ചരിതരായ പിൻഗാമികളോ ഈ മൗലിദുകളെക്കുറിച്ചറിവുള്ളവരായിരുന്നുവോ?. അല്ലേയല്ല എന്നാണുത്തരം. അല്ലാഹുവിന്റെ ദൂതരുടെയും അവിടുത്തെ അനുചരൻമാരുടെയും കാലഘട്ടത്തിൽ ദീനല്ലാതിരുന്നത് പിന്നെങ്ങിനെയാണ് ഇന്ന് ദീനായിത്തീരുക? അത് ദീനായിരിക്കില്ലെങ്കിൽ അപ്പോഴത് ബിദ്അത്താണ്. എല്ലാ ബിദ്അത്തും ദുർമാർഗ്ഗവും ദുർമാർഗ്ഗങ്ങളെല്ലാം നരകത്തിലുമാണ്.

സംഗീതത്തിൽ വിട്ടുവീഴ്ച ചെയ്യേണ്ടതിനെപ്പറ്റി ഇമാം മാലിക്(റ) നോട് മദീനക്കാരായ ചിലർ ചോദിച്ചു. അപ്പോഴദ്ദേഹം ചോദ്യകർത്താവിനോട് ചോദിച്ചു : "സംഗീതത്തിൽ സത്യമുണ്ടോ?" അയാൾപറഞ്ഞു : "ഇല്ല" അദ്ദേഹം പറഞ്ഞു : "എന്നാൽ പിന്നെ സത്യത്തിനപ്പുറം വഴികേടല്ലാതെ മറ്റെന്താണുള്ളത്?"( إذا فماذا بعد الحق الا الضلال ) അതിനാൽ വിവിധങ്ങളായ ഇത്തരം മൗലിദുകളിൽ സത്യത്തിന്റെ യാതൊരംശവുമില്ല. സത്യമല്ലാത്തതെല്ലാം വ്യാജം തന്നെ. എന്തു കൊണ്ടെന്നാൽ സത്യത്തിനപ്പുറം വഴികേടല്ലാതെയില്ലല്ലോ... നബിദിനാഘോഷം പള്ളികളിലോ മുസ്‌ലിം സമ്പന്നൻമാരുടെ വീടുകളിലോ നടത്തപ്പെടുന്ന ഒത്തു ചേരലാണ്. റബീഉൽ അവ്വൽ ഒന്നു മുതൽ പന്ത്രണ്ടു വരെയാണ് പൊതുവെ ഈ ആഘോഷം നടക്കാറുള്ളത്. ഇതിൽ നബി(സ)യുടെ ജീവചരിത്രം, വിശുദ്ധ സംഭാഷണരൂപം, നബിയുടെ ജനനം,

സ്വഭാവം, രൂപഭാവങ്ങൾ എന്നിവയെല്ലാം പാരായണം ചെയ്യപ്പെടുന്നു. റബീഉൽ അവ്വൽ പന്ത്രണ്ടിന് കുടുംബങ്ങളെല്ലാം ഒത്തുചേരുകയും കുട്ടികൾ വിവിധങ്ങളായ കളിതമാശകളിൽ ഏർപ്പെടുകയും ചെയ്യുന്നു. ഈ ദിവസം സ്കൂളുകൾക്കും മദ്രസകൾക്കും അവധി നൽകപ്പെടുന്നു. ഇതൊക്കെയാണ് മൊറോക്കൻ നാടുകളിലെ മൗലിദുകൾ. എന്നാൽ കിഴക്കൻ രാജ്യങ്ങളിലാവട്ടെ, റബീഉൽ അവ്വൽ മാസമെന്നോ, അതിലെ പന്ത്രണ്ടാം തിയ്യതി എന്നോ നോക്കാതെ ഏതു ദിവസവും പണക്കാരുടെ വീടുകളിൽ പ്രവാചക സ്മരണക്ക് വേണ്ടി നടത്തപ്പെടുന്ന ആഘോഷമാണ് മൗലിദ്. ജനനം, മരണം, പുതിയ ഗൃഹത്തിലേക്കുള്ള താമസം തുടങ്ങിയ സന്ദർഭങ്ങളിൽ അവർ ഇത്തരം മൗലിദാഘോഷങ്ങൾ നടത്തുന്നു. ഈ ആഘോഷങ്ങളിൽ മൃഗങ്ങളെ അറുത്ത് ഭക്ഷണമുണ്ടാക്കും. കുടുംബക്കാരെയും ബന്ധുമിത്രാദികളെയും ഏതാനും ദരിദ്രരെയും ഇതിലേക്ക് ക്ഷണിക്കും. പിന്നെ ശബ്ദ മാധുര്യമുള്ള യുവാക്കളുടെ കാവ്യാലാപനവും മദ്ഹ് പാട്ടും കേൾക്കാനായി അവരൊന്നടങ്കം ഇരിക്കും. ശേഷം അവർ ചില സ്വലാത്തുകളും *ഒപ്പാട്ടും. തുടർന്ന് മൗലിദ് പാരായണമാണ്. وولدته آمنة مختونا (ചേലാകർമ്മം ചെയ്യപ്പെട്ട അവസ്ഥയിൽ ആമിന അദ്ദേഹത്തെ പ്രസവിക്കുകയും ചെയ്തു) എന്ന ഭാഗം എത്തിയാൽ എല്ലാവരും ഏതാനും നിമിഷം എഴുന്നേറ്റു

---

صلى عليك الله يا علم الهدى، ما حن مشتاق الى لقاك، بإشباع الكاف من لقاك പോലുള്ളവ

നിൽക്കും. ആമിനാ നബി തിരുമേനി(സ)യെ പ്രസവിച്ച സന്ദർഭത്തെ ഓർത്ത് വളരെ ബഹുമാനത്തോടെയാണിത് പാരായണം ചെയ്യുക. സുഗന്ധം പുകയ്ക്കുകയും എല്ലാവരും സുഗന്ധം ആസ്വദിക്കുകയും ചെയ്യുന്നു. പിന്നെ അവർക്കിടയിൽ ഹലാലായ പാനീയങ്ങളും ഭക്ഷണങ്ങളും വിതരണം ചെയ്യും. അത് കുടിച്ചും ഭക്ഷിച്ചും അവർ പിരിഞ്ഞുപോകും. ഈ പ്രവൃത്തികൊണ്ട് അല്ലാഹുവിനിഷ്ടപ്പെട്ട ഒരു വലിയ പുണ്യകർമ്മം ചെയ്തു എന്നവർ വിശ്വസിക്കുന്നു.

ഇവിടെ പ്രത്യേകം ശ്രദ്ധിക്കേണ്ട ഒരു കാര്യമുണ്ട്. മൗലീദുകളിൽ ആലപിക്കപ്പെടുന്ന സ്തുതി ഗീതങ്ങളിലും പദ്യങ്ങളിലും ഷിർക്കിന്റെയും അമിത പ്രശംസയുടെയും പദങ്ങൾ ഉൾക്കൊള്ളുന്നുണ്ട് എന്നതാണ്. ഇത് വിരോധിച്ചു കൊണ്ട് മുഹമ്മദ് നബി(സ)മുന്നറിയപ്പ് തന്നിട്ടുണ്ട്. അവിടുന്ന് പറഞ്ഞു :

**لا تطروني كما أطرت النصارى عيسى بن مريم، وإنما أنا عبد الله ورسوله فقولوا عبد الله و رسوله**

ക്രിസ്ത്യാനികൾ മറിയമിന്റെ മകൻ ഈസാ(അ)യെ അതിരുകവിഞ്ഞ് പുകഴ്ത്തിയ പോലെ എന്നെ നിങ്ങൾ അതിരുകവിഞ്ഞ് പുകഴ്ത്തരുത്. ഞാൻ അല്ലാഹുവിന്റെ ദാസനും അവന്റെ ദൂതനും മാത്രമാകുന്നു. അതിനാൽ അല്ലാഹുവിന്റെ ദാസനെന്നും, അവന്റെ ദൂതനെന്നും മാത്രമേ നിങ്ങൾ പറയാവൂ - ബുഖാരി, മുസ്ലിം) മേൽ പറഞ്ഞ മൗലിദുകൾ അവസാനിക്കുന്നത് നിഷിദ്ധങ്ങളായ ഇടതേട്ടങ്ങളും (തവസ്സുൽ) വിരോധിക്കപ്പെട്ട ബഹുദൈവവിശ്വാസ പരമായ പദങ്ങളും

കൊണ്ടുള്ള പ്രാർത്ഥനകൾ കൊണ്ടായിരിക്കും. കാരണം ഇന്ന ആളുടെ ജാഹ്കൊണ്ട്, ഇന്നയാളുടെ ഹഖ് കൊണ്ട് എന്നെല്ലാം പ്രാർത്ഥിക്കുന്ന വിധമുള്ള, പണ്ഡിതന്മാർ വിരോധിച്ചിട്ടുള്ള നിഷിദ്ധമായ ഇടതേട്ടങ്ങളോട് പ്രതിപത്തിയുള്ളവരായിരിക്കും സദസ്സിലെ സാധാരണക്കാർ അധികവും. അല്ലാഹു കാക്കട്ടെ-.

اللهم صلى على محمد و آله وصحبه وسلم تسليما كثيرا

ഹിജ്റ 625 ൽ മുദഫ്ഫർ രാജാവിന്റെ കാലത്ത് മെനഞ്ഞുണ്ടാക്കിയത് മുതൽ ഇന്നേ കാലം വരെ ഇതാണ് ജനങ്ങൾക്ക് പരിചയമുള്ള മൗലിദ്. എന്നാൽ ഇസ്ലാമിക ശരീഅത്തിൽ ഇതിന്റെ വിധി എന്താണെന്ന് മാന്യവായനക്കാർ തീരുമാനിക്കുക. എന്തുകൊണ്ടെന്നാൽ ഹിജ്റ ഏഴാം നൂറ്റാണ്ടിൽ മാത്രമാണ് മൗലിദ് ഉടലെടുത്തതെന്ന് ഈ പഠനത്തിലൂടെ മനസ്സിലായല്ലോ.. റസൂൽ(സ)യുടെയോ അവിടുത്തെ അനുചരന്മാരുടെയോ കാലഘട്ടത്തിൽ ദീൻ അല്ലാത്ത യാതൊന്നും അവർക്കു ശേഷവും ദീൻ ആയിരിക്കുകയില്ല. ഇന്ന് ജനങ്ങൾക്കിടയിൽ അറിയപ്പെടുന്ന മൗലിദ് നബി(സ)യുടെയോ അവിടുത്തെ സ്വഹാബാക്കളുടെയോ കാലത്ത് ഉണ്ടായിരുന്നില്ല. ഉത്തമ നൂറ്റാണ്ടിൽ ജീവിച്ചവരുടെ കാലത്തുമുണ്ടായിരുന്നില്ല. കുഴപ്പങ്ങളുടെയും പരീക്ഷണങ്ങളുടെയും നൂറ്റാണ്ടായ ഏഴാം നൂറ്റാണ്ടിന്റെ തുടക്കം വരെ ഇത്തരം മൗലിദാഘോഷം ഉണ്ടായിരുന്നില്ല. പിന്നെ അതെങ്ങനെ ദീനാകും? നിശ്ചയം അത് വഴി കെട്ട അനാചാരം തന്നെ. തിരുമേനി(സ)പറഞ്ഞല്ലോ.

ايّاكم ومحدثات الامور فأن كل محدثة بدعة وكل بدعة ضلالة

(മതത്തിൽ പുതുതായുണ്ടാക്കിയ കാര്യങ്ങൾ നിങ്ങൾ സൂക്ഷിക്കണം. നിശ്ചയം പുതുതായുണ്ടാക്കിയതെല്ലാം അനാചാരങ്ങളാണ്. എല്ലാ അനാചാരങ്ങളും വഴികേടുകളുമാണ്).

മൗലിദിന്റെ വിധി കുറച്ചുകൂടി വ്യക്തമാവാനായി നാം പറയട്ടെ. റസൂൽ(സ) മതത്തിൽ പുതുതായുണ്ടാക്കപ്പെട്ട കാര്യങ്ങളെക്കുറിച്ച് നമുക്ക് മുന്നറിയിപ്പ് നൽകി. പുതുതായുണ്ടാക്കിയതെല്ലാം അനാചാരവും അനാചാരങ്ങളെല്ലാം വഴികേടുമാണെന്ന് നമ്മെ ഉണർത്തി. ഇമാം മാലിക്(റ) തന്റെ വിദ്യാർത്ഥിയായ ഇമാം ഷാഫിഈ(റ)യോട് പറഞ്ഞു: നബി(സ)യുടെയോ അറിയപ്പെട്ട സഹാബികളുടെയോ കാലത്ത് ദീൻ അല്ലാത്തതൊന്നും ഇന്നും ദീൻ ആയിരിക്കുകയില്ല. അദ്ദേഹം വീണ്ടും പറഞ്ഞു :

من ابتدع في الاسلام بدعة فرآها حسنة فقد زعم ان محمـــد صلى الله عليه وسلم قد خان الرسالة

(ഇസ്‌ലാമിൽ ഒരു ബിദ്അത്ത് ഒരാൾ ഉണ്ടാക്കുകയും അയാളതിനെ നന്നായിക്കാണുകയും ചെയ്താൽ മുഹമ്മദ്(സ) തന്റെ ദൗത്യത്തിൽ വഞ്ചനകാണിച്ചു എന്നാണയാൾ ജൽപ്പിക്കുന്നത്). എന്തുകൊണ്ടെന്നാൽ അല്ലാഹു തആല പറഞ്ഞു

اليوم اكملت لكم دينكم واتممت عليكم نعمتي ورضيـــت لكـــم الاسلام دينا

(ഇന്നു നിങ്ങളുടെ ദീനിനെ നിങ്ങൾക്കു പൂർത്തീകരിച്ചു തന്നു; എന്റെ അനുഗ്രഹത്തിൽനിന്ന് നിങ്ങൾക്ക് പൂർണ്ണമാക്കിത്തരുകയും ഇസ്‌ലാമിനെ ഒരു ദീൻ ആയി നിങ്ങൾക്ക് തൃപ്തിപ്പെട്ടു തരികയും ചെയ്തു-മാഇദ:3)

ഇമാം ഷാഫിഈ(റ) പറഞ്ഞു: "ഖുർആനിനോ സുന്നത്തിനോ ഇജ്മാഇനോ വിരുദ്ധമായി പുതുതായുണ്ടാക്കിയതെല്ലാം ബിദ്അത്താണ്." അതിനാൽ, ബിദ്അത്തല്ലാത്ത നമുക്കറിയാവുന്ന വല്ല അർത്ഥവും നബിദിനാഘോഷത്തിനുണ്ടോ? നബിചര്യയിൽ പെട്ട ഒരു കാര്യമല്ല അത്. ഖുലഫാഉർറാഷിദുകളുടെ ചര്യകളിലോ സച്ചരിതരായ പൂർവ്വികരുടെ കർമ്മങ്ങളിലോ അതില്ല. മുസ്‌ലിംകളിൽ ഭിന്നിപ്പും കുഴപ്പവും ഉദയം ചെയ്ത, അവരുടെ അവസ്ഥകൾ താറുമാറാവുകയും കാര്യം മോശമാവുകയും ചെയ്ത, ഇസ്‌ലാമിക ചരിത്രത്തിലെ ഇരുണ്ട നൂറ്റാണ്ടുകളിലാണ് നിശ്ചയമായും മൗലിദ് ഉടലെടുത്തത്. (അല്ലാഹുവിലേക്ക്) സാമീപ്യം കിട്ടുന്നതിൽ ഒന്നാണ് മൗലിദെന്നും അഥവാ ചെയ്യുന്നവനെ അല്ലാഹുവിലേക്ക് അടുപ്പിക്കുന്നതും അവന്റെ ശിക്ഷയിൽ നിന്ന് രക്ഷപ്പെടുത്തുന്നതും അവന്റെ സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതുമായ ശരീഅത്തിലെ ഒരു ഇബാദത്താണ് മൗലിദ് എന്നു വാദത്തിനുവേണ്ടി സമ്മതിച്ചാൽ തന്നെ നാം ചോദിക്കട്ടെ: ആരാണ് ഈ ഇബാദത്ത് നിയമമാക്കിയത്? അല്ലാഹുവോ അതോ അവന്റെ റസൂലോ? അല്ല എന്നാണ് ഉത്തരം. അപ്പോൾ പിന്നെ, അല്ലാഹുവും അവന്റെ റസൂലും നിയമമാക്കാത്തതെങ്ങനെയാണ് ഇബാദ

ത്താവുക! അത് അസംഭവ്യമല്ലേ? മറ്റൊരു കാര്യം : ഇബാദത്തുകൾക്ക് നിശ്ചയമായും നാല് അവസ്ഥകളുണ്ട്. അളവ്, രൂപം, കാലം(സമയം), സ്ഥലം എന്നിവ. ഇത് നിർണ്ണയിക്കാനും സ്ഥാപിക്കുവാനും ആർക്ക് കഴിയും ? ഒരാൾക്കും കഴിയില്ല. ഈ അവസ്ഥയിലൊന്നും മൗലിദ് പുണ്യമോ ഇബാദത്തോ ആയിത്തീരുന്നില്ല. അപ്പോൾ അത് ഇബാദത്തല്ലെങ്കിൽ പിന്നെ ബിദ്അത്തായിത്തീരുക എന്നല്ലാതെ മറ്റെന്താണാവുക?

# നബി ദിനവും അതിന്റെ ഇസ്‌ലാമിക വിധിയും

## നബി ദിനം: എന്താണ് നബി ദിനം ?

അന്ത്യ പ്രവാചകനും പ്രവാചക നേതാവുമായ മുഹമ്മദ്(സ) ജനിച്ച കാലത്തെയോ സ്ഥലത്തെയോ ആണ് അറബി ഭാഷയിൽ 'അൽ മൗലിദുന്നബവിയ്യുശ്ശരീഫ്' (നബി ദിനം) എന്നതു കൊണ്ടർത്ഥമാക്കുന്നത്. എന്നാൽ നബി(സ)ജനിച്ച സ്ഥലം വിശുദ്ധ മക്കയിലെ അബീ യൂസുഫിന്റെ വീടാണ് എന്നതിൽ സംശയമില്ല. ഇന്നവിടെ മക്കയിലെ പൊതു വായന ശാല സ്ഥിതി ചെയ്യുന്നു.

ഏറ്റവും പ്രസിദ്ധവും ശരിയുമായ അഭിപ്രായ പ്രകാരം നബി(സ) ജനിച്ച സമയം . ഗജവർഷം റബീഉൽ അവ്വൽ പന്ത്രണ്ട് തിങ്കളാഴ്ചയാണ്. അതായത് ക്രിസ്താബ്ദം 570 ലെ ആഗസ്റ്റുമാസത്തിൽ.

ഭാഷാപരമായി നബി ദിനം (അൽ മൗലിദുന്നബവി) എന്ന വാക്കു കൊണ്ടുദ്ദേശിക്കുന്നത് അതാണ്. ആറാം നൂറ്റാണ്ടിന്റെ ആദ്യം മുതൽ അഥവാ വഹ്‌യ് ഇറങ്ങിയ ദിവസം മുതൽ ഏഴാം നൂറ്റാണ്ടിന്റെ തുടക്കം വരെ നബി ദിനം എന്ന

തിനെക്കുറിച്ച് ഇതല്ലാത്തതൊന്നും മുസ്‌ലിംകൾക്ക് അറിയുമായിരുന്നില്ല. പിന്നീട് മഹത്തായ ഇസ്‌ലാമിക ഖിലാഫത്ത് അവസാനിച്ചു. മുസ്‌ലിം നാടുകൾ വിഭജിക്കപ്പെടുകയും ഛിന്നഭിന്നമാവുകയും ചെയ്തു. അതോടൊപ്പം വിശ്വാസത്തിലും സ്വഭാവങ്ങളിലും വ്യതിചലനവും ദൗർബല്യവും വന്നു ചേർന്നു. ഭരണവും ഭരണകൂടവും കുഴപ്പത്തിലായി. അപ്പോൾ മുസ്‌ലിംകളിലെ ദുർബലാവസ്ഥയുടെയും വ്യതിയാനത്തിന്റെയും ഫലമായി മൗലിദ് (നബി ദിനം) എന്ന അനാചാരം ഉടലെടുത്തു. ഈ ബിദ്അത്തിന്റെ ആദ്യ ഉപജ്ഞാതാവ് സിറിയയിലെ ഇർബൽ* പ്രദേശത്തെ മുസഫ്ഫർ ( مظفر ) രാജാവാണ്. അല്ലാഹു നമുക്കും അദ്ദേഹത്തിനും പൊറുത്തു തരട്ടെ-. മൗലിദു വിഷയത്തിൽ ആദ്യമായി രചിക്കപ്പെട്ടത് അബ്ദുൽ ഖത്താബ് ബിൻ ദഹിയ്യയുടെ التنوير في المولد البشير النذير എന്ന ഗ്രന്ഥമാണ്. മുസഫ്ഫർ രാജാവിന് പ്രസ്തുത ഗ്രന്ഥം അദ്ദേഹം സമർപ്പിക്കുകയും രാജാവ് അദ്ദേഹത്തിന് ആയിരം ദീനാർ സ്വർണ്ണ നാണയം സമ്മാനിക്കുകയും ചെയ്തു. ഈ വിഷയത്തിൽ അറിയപ്പെടുന്ന ഒരു സംഭവം, സുയൂഥി, തന്റെ അൽ ഹാവി ( الحاوي ) എന്ന ഗ്രന്ഥത്തിൽ പറഞ്ഞിട്ടുണ്ട്; അതിപ്രകാരമാണ്. മുസഫ്ഫർ രാജാവാണ് മൗലിദ് എന്ന ബിദ്അത്ത് തുടങ്ങിയത്. അദ്ദേഹം സംഘടിപ്പിച്ച ഒരു മൗലിദിൽ അയ്യായിരം ചുട്ട ആടുകളും പതിനായിരം കോഴികളും നൂറു

*(ഇർബൽ സിറിയയല്ല, മൗസിൽ ഭരണത്തിൽ പെട്ടതാണ് എന്നതാണ് ശരി.)

കുതിരകളും ഒരു ലക്ഷം പാൽക്കട്ടിയും മുപ്പതിനായിരം തളിക മധുര പലഹാരങ്ങളും അദ്ദേഹം വിളമ്പി. സൂഫികളുടെ (പ്രഭാഷണങ്ങൾ) കേൾക്കാനായി ഉച്ചമുതൽ പ്രഭാതം വരെ അദ്ദേഹം പങ്കെടുത്തു. അതിൽ നർത്തകരോടൊപ്പം അദ്ദേഹവും നൃത്തമാടി.

ഒരു സമൂഹത്തിലെ രാജാക്കൻമാർ അനിസ്‌ലാമിക പാർട്ടികളിൽ പങ്കെടുത്ത് നൃത്തം ചെയ്യുന്ന ദർവേശുകളായിരിക്കെ ആ സമൂഹം എങ്ങിനെയാണ് ജീവസ്സുറ്റതാകുക?

انا لله وانا اليه راجعون മൗലിദ് കഴിക്കുന്നത് ബിദ്അത്താണെങ്കിൽ അതിൽപ്പെട്ട ദുആ, ദിക്ർ, അന്നദാനം തുടങ്ങിയ പുണ്യകാര്യങ്ങൾക്ക് അത് നിർവ്വഹിക്കപ്പെടുന്നവന് പ്രതിഫലം ലഭിക്കില്ലയെന്ന് ചോദിച്ചേക്കാം. നമുക്ക് ചോദിക്കാനുള്ളത് ഇതാണ്. നമസ്കാരം അതിന്റെ സമയത്തല്ലാത്തപ്പോൾ നിർവ്വഹിച്ചാൽ പ്രതിഫലം കിട്ടുമോ? യഥാ സ്ഥാനത്ത് നിർവഹിക്കാത്ത ദാനധർമ്മത്തിന് പ്രതിഫലമുണ്ടോ? ഹജ്ജ് അതിന്റെ സമയത്തല്ലാത്തപ്പോൾ നിർവ്വഹിച്ചാൽ പ്രതിഫലമുണ്ടോ? കഅ്ബയല്ലാത്തിടത്ത് ത്വവാഫ് ചെയ്യലും സ്വഫാ മർവക്കിടയിലല്ലാതെ സഅ്‌യ് ചെയ്യലും പ്രതിഫലാർഹമാണോ ? ഇതിനൊക്കെയും 'ഇല്ല', 'ഇല്ല' എന്നാണുത്തരമെങ്കിൽ ജൻമദിനത്തിലെ പുണ്യകർമ്മങ്ങൾക്കും അതേപോലെ 'ഇല്ല', 'ഇല്ല' എന്നുത്തരം പറയണം. എന്തെന്നാൽ അതെല്ലാം പുതുതായി ഉണ്ടാക്കപ്പെട്ട ആചാരങ്ങൾ (ബിദ്അത്തുകൾ)ആകുന്നു. അവയെല്ലാം ശരിയാണെന്നും അവ ആചരിക്കുന്നവരിൽ നിന്ന്

സ്വീകരിക്കപ്പെടുമെന്നും വന്നാൽ മതത്തിൽ ബിദ്അത്തുകൾ ഉണ്ടാക്കുന്നതിന് അംഗീകാരമായിത്തീരും. എന്നാൽ "നമ്മുടെ ഈ(മത)കാര്യത്തിൽ അതിലില്ലാത്തത് വല്ലവനും പുതുതായുണ്ടാക്കിയാൽ അത് തള്ളപ്പെടണം" എന്ന നബിവചനത്തിന്റെ അടിസ്ഥാനത്തിൽ ഇത്തരം അനാചാരങ്ങളെ വെടിയേണ്ടതാകുന്നു.

## ജന്മദിനാഘോഷം : തെളിവുകൾ അപര്യാപ്തം

നബിദിനാഘോഷത്തിന് തെളിവുണ്ടാക്കുന്നവർ യഥാർഥത്തിൽ ശരീഅത്തിനെ വിട്ട് ദേഹേച്ഛയെ പിൻപറ്റുന്നവരാണ്. അവരുന്നയിക്കുന്ന താഴെ പറയുന്ന അഞ്ച് ന്യായങ്ങൾ നമുക്ക് വിശകലനം ചെയ്യാം :

1. മുസ്‌ലിംകൾ അവരുടെ നബി(സ)യെ സ്മരിക്കുന്ന വാർഷിക പരിപാടിയാണിത്. അത്മൂലം അവർക്ക് നബിയോടുള്ള സ്നേഹവും ബഹുമാനവും വർദ്ധിക്കും.

2. നബി(സ)യുടെ സ്വഭാവവും ജീവിതരീതികളും കേട്ടു മനസ്സിലാക്കാനും അവിടുത്തെ മഹത്തായ വംശപാരമ്പര്യത്തെ അറിയാനുമാണിത്.

3. റസൂൽ(സ)യുടെ ജനനം കൊണ്ടുള്ള സന്തോഷം പ്രകടിപ്പിക്കൽ. റസൂൽ(സ)യോടുള്ള സ്നേഹത്തിന്റെ തെളിവും അദ്ദേഹത്തോടുള്ള വിശ്വാസത്തിന്റെ പൂർത്തീകരണവുമാണല്ലോ അത്.

4. അന്നദാനം. അപ്രകാരം ചെയ്യാൻ കല്പിക്കപ്പെട്ടിട്ടുണ്ടല്ലോ. അല്ലാഹുവോടുള്ള നന്ദിപ്രകടനം എന്ന ഉദ്ദേശം കൂടി

ഉൾപ്പെടുമ്പോൾ അതിൽ വലിയ പ്രതിഫലമുണ്ട്.

5. ഖുർആൻ പാരായണം, നബി(സ)യുടെ മേൽ സ്വലാത്ത് ചൊല്ലൽ എന്നിവയിലൂടെ അല്ലാഹുവെ സ്മരിക്കാനുള്ള (ദിക്റിനുവേണ്ടിയുള്ള) ഒരൊത്തു ചേരലാണത്.

ജന്മദിനാഘോഷത്തിനായി വാദിക്കുന്ന ചിലരുടെ അയഥാർഥവും അബദ്ധവുമായ അഞ്ചു വാദമുഖങ്ങളാണിത്. അല്ലാഹു ശരീഅത്തിൽ നിയമമാക്കിയിട്ടില്ലാത്ത ഒരു കാര്യം അവരുടെ ആവശ്യമനുസരിച്ച് ദീനിൽ കൂട്ടിച്ചേർക്കാം എന്നാണല്ലോ ഇതിനർഥം. ഈ വാദഗതിയുടെ ദൗർബല്യങ്ങൾ ഓരോന്നായി നമുക്ക് പരിശോധിക്കാം.

## 1. ജന്മദിനം, സ്മരണയാണ് എന്ന വാദം

ദിവസവും ദശക്കണക്കിന് തവണ മുസ്‌ലിംകൾ നബി(സ)യെ സ്മരിക്കുന്നില്ലായെങ്കിൽ ഇത് ശരിയാവുമായിരുന്നു. അങ്ങിനെ അദ്ദേഹത്തിനുവേണ്ടി വാർഷിക സ്മരണയോ മാസ സ്മരണയോ സംഘടിപ്പിക്കാമായിരുന്നു. നബി(സ)യെ സ്മരിക്കുകയും അതുവഴി അവന്റെ സ്നേഹവും വിശ്വാസവും വർധിപ്പിക്കുകയും ചെയ്യാമായിരുന്നു. എന്നാൽ മുസ്‌ലിം, റസൂൽ(സ)യെ സ്മരിക്കാതെ രാത്രിയിലോ പകലിലോ ഒരൊറ്റ നമസ്കാരവും നിർവ്വഹിക്കുന്നില്ല. റസൂൽ(സ)യെ സ്മരിക്കാതെയോ അവിടുത്തേക്ക് സ്വലാത്ത് വർഷിക്കാതെയോ ഒരു നമസ്കാരസമയവും വന്നുചേരുന്നില്ല; ഒരു നമസ്കാരവും നിർവ്വ

ഹിക്കുന്നുമില്ല. മറന്ന് പോവുമെന്ന് ഭയന്ന് സ്മരണകൾ സംഘടിപ്പിക്കുന്നവൻ നബിയെ സ്മരിക്കാത്തവനാണ്. സ്മരിക്കുന്നവൻ മറന്നുപോവില്ലല്ലോ..... പിന്നെന്തിനാണ് മറക്കാതിരിക്കാൻ സ്മരണകൾ സംഘടിപ്പിക്കുന്നത്? നിലവിലുള്ള കാര്യങ്ങൾ വീണ്ടും ഉണ്ടാക്കാൻ ശ്രമിക്കലല്ലേ ഇത്! ഇത് വെറും പാഴ്‌വേലയാണെന്നും ബുദ്ധിയുള്ളവർ അങ്ങിനെ ചെയ്യില്ലെന്നും ഉറപ്പാണ്.

**2. നബി(സ)യുടെ സ്വഭാവവും ജീവിതരീതികളും കേട്ടു മനസ്സിലാക്കാനും.......എന്ന വാദം:**

ജന്മദിനം ആഘോഷിക്കുന്നതിന് ഇത് മതിയായ തെളിവല്ല. എന്തുകൊണ്ടെന്നാൽ പ്രവാചക ജീവിതത്തെക്കുറിച്ചും വിശുദ്ധ കുടുംബ പാരമ്പര്യത്തെക്കുറിച്ചും വർഷത്തിൽ ഒരിക്കൽ മാത്രം കേട്ടതുകൊണ്ട് മതിയാവുകയില്ല. ഇസ്‌ലാമിക വിശ്വാസത്തിന്റെ ഒരു ഭാഗമാണ് അത് എന്നിരിക്കെ ഒരിക്കൽ കേട്ടതു കൊണ്ടുള്ള നേട്ടമെന്താണ്? അല്ലാഹുവിന്റെ നാമങ്ങളും വിശേഷണങ്ങളും അറിയുന്നത് പോലെ നബി(സ)യുടെ വിശേഷണങ്ങളും അറിഞ്ഞിരിക്കൽ ഓരോ മുസ്‌ലിം സ്ത്രീ പുരുഷനും നിർബന്ധമാണ്. പഠനത്തിലൂടെ മാത്രമേ ഇത് സാധ്യമാവൂ.... വർഷത്തിലൊരിക്കൽ മൗലിദ് പാരായണം കേട്ടത് കൊണ്ട് അത് മതിയാവുകയില്ല.

**3. റസൂൽ(സ)യുടെ ജനനം കൊണ്ടുള്ള സന്തോഷം പ്രകടിപ്പിക്കൽ.......എന്ന വാദം:**

അതിനുള്ളതാണ് മൗലിദ് എന്നത് വളരെ ദുർബലമായ ഒരു ന്യായീകരണമാണ്. സന്തോഷ പ്രകടനം നബി

(സ)യെക്കൊണ്ടുള്ളതായിരിക്കും. അല്ലെങ്കിൽ അവിടുത്തെ ജനന ദിവസത്തിന്റെ പേരിലായിരിക്കും. നബി(സ)യോടുള്ളതാണെങ്കിൽ, റസൂൽ(സ)യെ ഓർക്കുമ്പോഴെല്ലാം ആ സന്തോഷം ഉണ്ടായിരിക്കും. അതിന് പ്രത്യേക സമയമൊന്നും വേണ്ടതില്ല. അതല്ല, അദ്ദേഹം ജനിച്ച ദിവസത്തിന്റെ പേരിലാണെങ്കിൽ, നാം മനസ്സിലാക്കേണ്ടത് അവിടുന്ന് മരണപ്പെട്ടതും ആ ദിവസത്തിൽ തന്നെയാണ് എന്നതാണ്. തനിക്ക് പ്രിയപ്പെട്ട ഒരാൾ മരിച്ച ദിവസം ആഹ്ലാദം കൊള്ളുകയും ആഘോഷിക്കുകയും ചെയ്യുന്നവൻ ബുദ്ധിയുള്ളവനായി ഞാൻ ഗണിക്കുന്നില്ല. റസൂൽ(സ)യുടെ മരണമാവട്ടെ മുസ്ലിംകളെ ഒന്നടങ്കം ബാധിച്ച ഒരു വലിയ ദുരന്തമായിരുന്നു, എത്രത്തോളമെന്നാൽ..! സ്വഹാബികൾ പറയുമായിരുന്നു : "വല്ലവനും വല്ല വിപത്തും ബാധിച്ചാൽ അപ്പോൾ റസൂൽ(സ)യുടെ മരണം കൊണ്ട് അവന് നേരിട്ട വിപത്ത് ഓർത്തു കൊള്ളട്ടെ" എന്ന്.

കൂട്ടത്തിൽ പറയട്ടെ- ഒരാളുടെ ജനനദിവസത്തിൽ സന്തോഷിക്കുകയും മരണദിനത്തിൽ ദുഃഖിക്കുകയും ചെയ്യുക എന്നത് നിശ്ചയം, മനുഷ്യപ്രകൃതി തന്നെയാണ്. എന്നാൽ അല്ലാഹു എത്ര പരിശുദ്ധൻ! മനുഷ്യൻ എത്ര ധിക്കാരപൂർവ്വമാണ് പ്രകൃതിയെ മാറ്റിമറിക്കാൻ ശ്രമിക്കുന്നത്!

### 4. മൗലിദ് അന്നദാനമാണെന്ന വാദം:

ഇത് മുൻപറഞ്ഞ വാദങ്ങളെക്കാളെല്ലാം ദുർബലമാണ്. എന്തുകൊണ്ടെന്നാൽ ആവശ്യമനുസരിച്ച് അന്നദാനം ചെയ്യൽ പുണ്യകർമ്മമാകുന്നു. അതിനാൽ അതിഥിയെ സൽക്കരിക്കലും വിശ

ന്നവന് ആഹാരം നൽകലും ദാനധർമ്മങ്ങൾ ചെയ്യലും ഒരു മുസ്‌ലിമിന് വർഷം മുഴുക്കെ ചെയ്യാവുന്നതാണ്. വർഷത്തിൽ ഭക്ഷണമൂട്ടാനായി പ്രത്യേകം ഒരു ദിവസത്തിന്റെ ആവശ്യമൊന്നുമില്ല. ഒരു ബിദ്അത്ത്(അനാചാരം) ഉണ്ടാക്കുന്നതിന് ഇത് ഒരിക്കലും തെളിവല്ല.

**5. ഖുർആൻ പാരായണം, നബി(സ)യുടെ മേൽ സ്വലാത്ത് ചൊല്ലൽ എന്നിവയിലൂടെ അല്ലാഹുവെ സ്മരിക്കൽ..... എന്ന വാദം:**

ഇത് തീർത്തും അനിസ്‌ലാമികവും വ്യാജവുമാണ്. എന്തുകൊണ്ടെന്നാൽ, ഒരേ ശബ്ദത്തിൽ ദിക്റുകൾക്ക് വേണ്ടി ഒത്തു ചേരുക എന്നത് സന്മാർഗ്ഗികളായ മുൻഗാമികൾക്ക അജ്ഞാതമായിരുന്നു. അതിനാൽ സ്വതവേ തന്നെ വെറുക്കപ്പെട്ട ബിദ്അത്താണത്. എന്നാൽ സ്തുതിയുടെ പേരിലുള്ള ഇത്തരം പദ്യങ്ങളും സംഘമായി ആലപിക്കുന്ന സംഗീതാത്മകമായ ഗാനങ്ങളും മറ്റുമൊക്കെ ഏറ്റവും മ്ലേച്ഛമായ ബിദ്അത്താണ്. തങ്ങളുടെ മതത്തിലെ അന്ധവിശ്വാസികളല്ലാതെ അത്തരം പ്രവൃത്തി ചെയ്യുന്നതല്ല. അല്ലാഹു കാക്കട്ടെ.

ലോകത്തൊട്ടാകെ, രാവു പകലുകളിലായി അഞ്ചുനേരത്തെ നമസ്കാരത്തിന് മുസ്‌ലിം ലോകം പള്ളികളിൽ ഒരുമിച്ചു കൂടുന്നുണ്ട്. വിജ്ഞാനവും തിരിച്ചറിവും തേടുന്ന പഠന സദസ്സുകളിലും അപ്രകാരം തന്നെ. അന്നപാനീയങ്ങളും വാദ്യമേളങ്ങൾ ശ്രവിക്കലും വഴി ലഭ്യമാവുന്ന മാനസികോല്ലാസത്തിനായി വാർഷിക സദസ്സിലേക്ക് നയിക്കേണ്ട യാതൊരാവശ്യവും അവർക്കില്ല.

## മൗലിദാഘോഷിക്കുന്നവരുടെ ദുർബല വാദങ്ങൾ

എന്റെ മുസ്‌ലിം സഹോദരാ... അറിയുക! അറിവിലും കർമ്മത്തിലും അല്ലാഹു താങ്കൾക്കും എനിക്കും വിജയം പ്രദാനം ചെയ്യട്ടെ.

ആത്മീയവും ശാരീരികവുമായ ഒരു ശൂന്യത ജനങ്ങൾക്കിടയിൽ പ്രകടമായും വ്യാപിച്ച ഏഴാം നൂറ്റാണ്ടിന്റെ ആരംഭത്തിലാണ് ജൻമദിനമെന്ന ബിദ്അത്തിന്റെ തുടക്കം. മുസ്‌ലിംകൾ ജിഹാദ് ഉപേക്ഷിക്കുകയും ഇസ്‌ലാമിന്റെ ശത്രുക്കൾ, വിശേഷിച്ചും ജൂതരും, ക്രിസ്ത്യാനികളും മജൂസികളും കത്തിച്ച കുഴപ്പങ്ങളുടെ ജ്വാല അണയ്ക്കുന്നതിൽ അവർ വ്യാപൃതരാവുകയും ചെയ്ത ഘട്ടമായിരുന്നു അത്. അറിവില്ലാത്ത വലിയൊരു വിഭാഗം ആളുകളുടെ മനസ്സുകളിൽ ഈ ബിദ്അത്ത് സ്ഥാനം പിടിക്കുകയും വിശ്വാസത്തിന്റെ ഭാഗമാവുകയും ചെയ്തു. ഇമാം സുയൂഥി(റ)യെ പോലുള്ള ചില പണ്ഡിതരാവട്ടെ, നബി ദിനാഘോഷമെന്ന ബിദ്അത്ത് അനുവദനീയമാക്കുന്ന പരിശ്രമങ്ങളിൽ യാതൊരു തരക്കേടും കണ്ടില്ല. ഒരു നിലക്ക് ഇത് സാധാരണക്കാരെയും പ്രമുഖരെയും തൃപ്തിപ്പെടുത്തലായിരുന്നു. മറ്റൊരു നിലക്ക് ഭരണാധികാരികളോടും പൊതുജനത്തോടും പണ്ഡിതൻമാർക്കുണ്ടാ

യിരുന്ന ഭയം നിമിത്തം അവർ ഐകമത്യത്തിൽ നിശ്ശബ്ദത പുലർത്തിയതിനെ തൃപ്തിപ്പെടുത്തുകയും ന്യായീകരിക്കുകയുമായിരുന്നു. ഈ ന്യായവാദങ്ങളുടെ നിരർത്ഥകതയും ബാലിശത്വവും വ്യക്തമാക്കിത്തരാനും അപകടത്തിൽ പെടാതിരിക്കാനുമായി നിങ്ങൾക്ക് യാഥാർത്ഥ്യം വിവരിച്ചു തരാനാണ് നാമുദ്ദേശിക്കുന്നത്.

ഒരു ചരിത്രശകലത്തിലും മുൻ പ്രവാചക വചനങ്ങളിലുമാണ് മൗലിദിനെ അംഗീകരിക്കുന്നവരുടെ ന്യായവാദങ്ങൾ കറങ്ങുന്നത്. സുയൂഥി(റ)യാണ് ഈ ന്യായം അവതരിപ്പിച്ചത്. അല്ലാഹു അദ്ദേഹത്തിനും നമുക്കും പൊറുത്തു തരട്ടെ. കുഴപ്പങ്ങളുടെയും പരീക്ഷണങ്ങളുടെയും വൈരുദ്ധ്യങ്ങളുടെയും നൂറ്റാണ്ടായ പത്താം നൂറ്റാണ്ടിലെ പ്രസിദ്ധ പണ്ഡിതരിലൊരാളായിരുന്ന അദ്ദേഹത്തിന് ഇതിൽ നിന്നൊഴിഞ്ഞു നിൽക്കാമായിരുന്നു. കൗതുകകരമെന്നു പറയട്ടെ; ഈ ന്യായീകരണത്തിൽ അദ്ദേഹം സന്തുഷ്ടനാവുകയും അതിൽ അഭിമാനം കൊള്ളുകയും ചെയ്തു. അദ്ദേഹം പറഞ്ഞു: "നിശ്ചയം മൗലിദിന് ശരീഅത്തിൽ ഞാൻ തെളിവു കണ്ടു. ഞാനത് ഉറപ്പു വരുത്തുകയും ചെയ്തു".

( الحاوي في الفتاوى للسيوطي ) സുയൂഥി (റ) യുടെ കാര്യത്തിൽ ഇതിൽ കൗതുകപ്പെടാനൊന്നുമില്ല. പരസ്പരവിരുദ്ധമായ കാര്യങ്ങൾ കൂട്ടിവെച്ച് ഇരുട്ടിൽ തപ്പുന്ന ആളാണ് അദ്ദേഹമെന്ന് പറയപ്പെടുന്നു.

ഒന്നാമത്തെ വാദം : അബൂലഹബിനെ സ്വപ്നം കണ്ട കഥ! അതിപ്രകാരമാണ്. നഷ്ടകാരനായ അബൂലഹബിനെ ഒരാൾ സ്വപ്നം കണ്ടു. അവനോടയാൾ കാര്യം തിരക്കി. അയാൾ പറഞ്ഞു: തിങ്കളാഴ്ചരാവിലുള്ള ഇളവൊഴിച്ചാൽ, ഞാൻ നരകത്തിൽ ശിക്ഷിക്കപ്പെടുകയാണ്.(എല്ലാ തിങ്കളാഴ്ച രാവുകളിലും) രണ്ടു വിരലുകൾക്കിടയിൽ നിന്ന് ഇത്രയും - അയാൾ വിരൽ തുമ്പ് കാണിച്ചു കൊണ്ട്- വെള്ളം ചപ്പിക്കുടിക്കുവാൻ കിട്ടുന്നുണ്ട്. തന്റെ അടിമസ്ത്രീയായ സുവൈബക്ക് അയാൾ മോചനം നൽകിയതാണ് കാരണം. എന്തെന്നാൽ അയാളുടെ സഹോദരൻ അബ്ദുല്ലാഹ് ബിൻ അബ്ദുൽ മുത്തലിബിന് മുഹമ്മദ് എന്ന കുട്ടി പിറന്ന സന്തോഷവാർത്ത അയാളെ അറിയിച്ചത് അവളാണ്. തിരുമേനിക്ക് അവൾ മുലയൂട്ടുകയുമുണ്ടായി. (ഫത്ഹുൽ ബാരി നോക്കുക. ഈ പ്രശ്നത്തിൽ ഫലപ്രദവും പഠനാർഹവുമായ വിശദീകരണം അതിലുണ്ട്.)

**പലനിലക്കും ബാലിശമായ ഈ വാദത്തിന് മറുപടി:**

1. ജനങ്ങൾ കാണുന്ന സ്വപ്നത്തിന്റെ അടിസ്ഥാനത്തിൽ ശരീഅത്ത് സ്ഥിരപ്പെടുകയില്ല എന്ന കാര്യത്തിൽ ഇസ്‌ലാമിക സമൂഹം യോജിച്ചിട്ടുണ്ട്. സ്വപ്നം കണ്ടവൻ, തന്റെ അറിവിലും വിശ്വാസത്തിലും ഭക്തിയിലും എത്ര മെച്ചപ്പെട്ടവനായാലും ശരി. അല്ലാഹുവിന്റെ പ്രവാചകൻ(സ) ഇതിൽ നിന്നൊഴിവാണ്. എന്തുകൊണ്ടെന്നാൽ പ്രവാചകൻമാരുടെ സ്വപ്നങ്ങൾ വഹ്‌യ് തന്നെയാണ്. വഹ്‌യാവട്ടെ സത്യവും!

2. ഈ സ്വപ്നം കണ്ട ആൾ അബ്ബാസ് ബിൻ അബ്ദുൽ മുത്ത ലിബ് ആണ് . ഈ റിപ്പോർട്ടിന്റെ പരമ്പരയിൽ ഇതുദ്ധരിച്ച ആൾക്കും അബ്ബാസ്(റ)നും ഇടയിൽ ഒരാൾ വിട്ടുപോയിട്ടു ണ്ട്. അതിനാൽ (ഇടയിലെ ആൾ അജ്ഞാതനായതിനാൽ) ഇത് മുർസലായ സ്വഭാവമായി. മുർസലായവ തെളിവായെടു ക്കാനോ വിശ്വാസമോ ആരാധനയോ സ്ഥിരപ്പെടുത്താനോ പറ്റു കയില്ല. അതോടൊപ്പം തന്നെ, അബ്ബാസ് (റ) ഇസ്‌ലാമിലേക്ക് വരുന്നതിന്നു മുമ്പായിരുന്നു അദ്ദേഹം കണ്ട ഈ സ്വപ്നം. ഒരവിശ്വാസിയുടെ സ്വപ്നം അയാൾ അവിശ്വാസത്തിലായി രിക്കെ തെളിവായിട്ടെടുത്തുകൂടാ എന്നതാണ് പണ്ഡിതരുടെ യോജിച്ച അഭിപ്രായം

3. അവിശ്വാസത്തിലായിരിക്കെ മരണപ്പെട്ട ഒരു കാഫിറിന്റെ സൽകർമ്മങ്ങൾ പ്രതിഫലാർഹമല്ലെന്നതിൽ മുൻഗാമിക ളിലും പിൻഗാമികളിലും പെട്ട പണ്ഡിതരിലധികവും യോജി ച്ചിട്ടുണ്ട്. അതാണ് സത്യം. അല്ലാഹു പറയുന്നു :

وقدمنا الى ما عملوا من عمل فجعلناه هباء منثورا

(അവർ പ്രവർത്തിച്ച കർമ്മങ്ങളുടെ നേരെ നാം തിരിയുകയും നാം അതിനെ പിതറിയ ധൂളിപോലെ ആക്കിത്തീർക്കുകയും ചെയ്യും- ഫുർഖാൻ (23) അല്ലാഹു പറയുന്നു:

اولئك الذين كفروا بآيات ربهم ولقائه فحبطت اعمالـــهم فـــلا نقيم لهم يوم القيامة وزنا

തങ്ങളുടെ രക്ഷിതാവിന്റെ ദൃഷ്ടാന്തങ്ങളിലും അവനുമായി

കണ്ടുമുട്ടുന്നതിലും വിശ്വസിക്കാത്തവരത്രെ അവര്‍. അതിനാല്‍ അവരുടെ കര്‍മ്മങ്ങള്‍ നിഷ്ഫലമായിപ്പോയിരിക്കുന്നു. അതിനാല്‍ നാം അവര്‍ക്ക് ഉയിര്‍ത്തെഴുന്നേല്‍പ്പിന്റെ നാളില്‍ യാതൊരു തൂക്കവും (സ്ഥാനവും) നിലനിര്‍ത്തുകയില്ല – കഹ്ഫ് : 105).

റസൂല്‍(സ)യുടെ മൊഴിയും (ശ്രദ്ധിക്കുക). ആയിശാ(റ) അബ്ദുല്ലാഹ് ബിന്‍ ജദ്ആനെക്കുറിച്ച് അവിടുത്തോട് ചോദിച്ചു: എല്ലാ ഹജ്ജ് വേളകളിലും അയാള്‍ ആയിരം ഒട്ടകങ്ങളെ അറുക്കുകയും ആയിരം പേരെ വസ്ത്രം ധരിപ്പിക്കുകയും ചെയ്യാറുണ്ടായിരുന്നു (ഇത്രയും ധര്‍മ്മങ്ങള്‍ ചെയ്യാറുണ്ടായിരുന്നുവെന്ന് സാരം). حلف الفضول ന് വേണ്ടി ക്ഷണിക്കപ്പെട്ടത് അദ്ദേഹത്തിന്റെ വീട്ടിലേക്കാണ് (സുപ്രസിദ്ധമായ ഒരു സന്ധിയാണ് حلف الفضول ). "അല്ലാഹുവിന്റെ റസൂലെ, അതൊക്കെയും അയാള്‍ക്ക് പ്രയോജനം ചെയ്യുമോ" ? അപ്പോള്‍ തിരുമേനി(സ) പറഞ്ഞു: ഇല്ല. 'എന്തുകൊണ്ടെന്നാല്‍ പ്രതിഫലനാളില്‍ എന്റെ പാപങ്ങളെനിക്ക് പൊറുത്തുതരേണമേ രക്ഷിതാവേ' എന്ന് ജീവിതത്തിലൊരിക്കലെങ്കിലും അദ്ദേഹം പറഞ്ഞിട്ടില്ല. ഇത് കൊണ്ടെല്ലാം ഈ സ്വപ്നം വ്യര്‍ഥമാണെന്ന് ഉറപ്പായല്ലോ...! ഇത് തെളിയിക്കാനോ വാദിക്കാനോ പറ്റില്ല തന്നെ.!

4. തന്റെ സഹോദരപുത്രന്റെ ജനനത്തില്‍ അബൂലഹബിന്നുണ്ടായ സന്തോഷം സ്വാഭാവികമാണ്. ആരായാലും പറയും; തീര്‍ച്ച. ജനിക്കുക തന്റെ സഹോദരങ്ങള്‍ക്കോ തന്നോടടുത്തവര്‍ക്കോ

ഒരു കുഞ്ഞ് ജനിച്ചാൽ ഏത് വ്യക്തിയും സന്തോഷിക്കും! സന്തോഷം അല്ലാഹുവിന് വേണ്ടിയല്ലെങ്കിൽ അയാൾക്ക് അതു കൊണ്ട് പ്രതിഫലം ലഭിക്കുകയില്ല. ഇതും ഈ സ്വപ്നത്തെ ദുർബലവും വ്യർഥവുമാക്കുന്നു. അതോടൊപ്പം തന്നെ, സത്യ വിശ്വാസിയായ ഒരാളെ സംബന്ധിച്ചിടത്തോളം നബി(സ)യോ ടുള്ള സന്തുഷ്ടി അയാളിൽ സ്ഥായിയാണ്. അതിഥികളെപ്പോലെ അയാളിൽ വിരുന്നു നിൽക്കുന്നതല്ല. എന്തുകൊണ്ടെന്നാൽ അവിടുത്തോടുള്ള സ്നേഹം അയാൾക്ക് നിർബന്ധമാണ്. പിന്നെങ്ങിനെയാണ് വാർഷിക സ്മരണയുടെ ഗുണഗണങ്ങളെ സംബന്ധിച്ച് ആ ആളുകളോട് സംസാരിക്കുക. നിശ്ചയമായും വ്യർഥമാണിത്. അധമവും വ്യാജവുമായ ഈ വാദഗതിക്കും യാതൊരു മൂല്യമോ സ്ഥാനമോ ഇല്ല. അല്ലാഹു ശറആക്കാ ത്ത, അടിസ്ഥാനമില്ലാത്ത ഒന്ന് പിന്നെ എങ്ങിനെയാണ് ശറ ആയിത്തീരുക? അവന്റെ (അല്ലാഹുവിന്റെ) മറവിയോ ദൗർബ ല്യമോ അല്ല, പ്രത്യുത സത്യവിശ്വാസികളായ അവന്റെ അടി മകളോടുള്ള കാരുണ്യമാണ് അതിനുകാരണം. അതിനാൽ അല്ലാഹുവിന് സർവ്വസ്തുതിയും ഉപകാര സ്മരണയും.

ഒമ്പതാമത്തെ വാദം :- നബി(സ) തന്റെ സ്വന്തത്തിനുവേണ്ടി അഖീഖയറുത്തു. അഖീഖ: തന്റെ ഉമ്മത്തിന് ശറആക്കപ്പെട്ട ശേഷമാണിത്. തന്റെ പിതാമഹനാവട്ടെ (മുമ്പ് നബി(സ)ക്കു വേണ്ടി) അഖീഖയറുത്തിട്ടുണ്ടു താനും. അഖീഖയറുക്കൽ ആവർത്തിക്കേണ്ടതുമില്ല. എന്നിരിക്കെ- അതാവർത്തിക്കപ്പെ ട്ടത്- തന്റെ ജനനമെന്ന അനുഗ്രഹത്തിന് അല്ലാഹുവിനുള്ള

നന്ദി പ്രകാശിപ്പിച്ചതായിരുന്നുവത്രെ. അത് മൗലിദെന്ന ബിദ്അത്തിന്റെ അടിസ്ഥാനമായി ഇതിനെയാണ് ഉയർത്തിക്കാട്ടുന്നത്. മുൻ വാദങ്ങളെക്കാൾ ഇത് ദുർബലമാണ്. യാതൊരു മൂല്യമോ സ്ഥാനമോ ഇതിനില്ല. നിശ്ചയം നബി(സ) അഖീഖ നിർവ്വഹിച്ചത് അവിടുത്തെ ജനനമെന്ന അനുഗ്രഹത്തിന് നന്ദി പ്രകടിപ്പിക്കാനായിരിക്കാം. ഈ ഒരു സാധ്യതയിൻമേലാണ് അത് നിലനിൽക്കുന്നത്. സാധ്യതയാവട്ടെ ഊഹത്തെക്കാൾ ദുർബലമാണ്. മതനിയമങ്ങളിൽ ഊഹങ്ങൾക്ക് യാതൊരടിസ്ഥാനവുമില്ല. അല്ലാഹു പറയുന്നു : إن بعض الظن إثم (തീർച്ചയായും ഊഹത്തിൽ ചിലത് കുറ്റമാകുന്നു- ഹുജുറാത്ത് :12). അല്ലാഹുവിന്റെ ദൂതരും(സ) പറയുന്നു :

إياكم والظن فإن الظن أكذب الحديث

(ഊഹത്തെ നിങ്ങൾ സൂക്ഷിക്കുക. എന്തുകൊണ്ടെന്നാൽ വാർത്തയിലെ ഏറ്റവും വലിയ കളവാണ് ഊഹം- ബുഖാരി, മുസ്‌ലിം, മാലിക്.)

മറ്റൊരു കാര്യം, നിശ്ചയം അഖീഖ ജാഹിലിയ്യാ സമൂഹത്തിൽ ഷറ ആക്കപ്പെട്ടതും അറബി ആചരിച്ചു പോന്നതുമായിരുന്നുവെന്ന് സ്ഥാപിക്കപ്പെട്ടിട്ടുണ്ടോ എന്നതാണ്. അങ്ങിനെയെങ്കിൽ നമുക്ക് പറയാമായിരുന്നു. തന്റെ പൗത്രനുവേണ്ടി അബ്ദുൽ മുത്തലിബ് അഖീഖയറുത്തിട്ടുണ്ട് എന്ന്. ജാഹിലിയ്യാ സമൂഹത്തിലെ കർമ്മങ്ങൾക്ക് ഇസ്‌ലാമിൽ പരിഗണനയുണ്ടോ? അങ്ങിനെയെങ്കിൽ നമുക്ക് പറയാമായിരുന്നു അഖീഖ എന്ന സുന്നത്ത് നടപ്പാക്കാനല്ല; തനിക്കു വേണ്ടി

ഒരു നന്ദിപ്രകാശനം എന്ന നിലക്കാണ് നബി(സ) അഖീഖ അറുത്തത് എന്ന്. സുബ്ഹാനല്ലാഹ്! ഈ ന്യായീകരണം എത്ര കൗതുകം! എന്തസാധാരണം!! ഇനി തന്നെ സൃഷ്ടിച്ചനുഗ്രഹിച്ച അല്ലാഹുവോടുള്ള നന്ദി സൂചകമായിട്ടാണ് നബി(സ) ആടിനെ അറുത്തത് എങ്കിൽ അവിടുത്തെ ജൻമദിവസം ഒരാഘോഷമാക്കി മാറ്റാൻ ജനങ്ങൾക്ക് പാടുണ്ടോ? റസൂലുല്ലാഹി (സ) എന്തുകൊണ്ട് ജനങ്ങളെ അതിലേക്ക് (ആ കർമ്മം ചെയ്യുന്നതിലേക്ക്) ക്ഷണിച്ചില്ല? വാചാ കർമ്മണാ ജനങ്ങൾക്കതെന്തുകൊണ്ടദ്ദേഹം നിർബന്ധമാക്കിയില്ല? ചെറിയ പെരുന്നാളും വലിയ പെരുന്നാളും വിവരിച്ചു കൊടുത്തതു പോലെ എത്തിച്ചു കൊടുക്കലിൽ അദ്ദേഹം ബാധ്യസ്ഥനായിരിക്കെ അതദ്ദേഹം മറന്നുപോയോ? അതോ അദ്ദേഹം അത് മറച്ചു വച്ചോ? അല്ലാഹുവെ...നീയെത്ര പരിശുദ്ധൻ! തീർച്ചയായും നിന്റെ ദൂതൻ മറച്ചു വെച്ചിട്ടില്ല, പക്ഷെ മനുഷ്യർ ഏറെക്കാര്യത്തിലും താർക്കികരായിരുന്നു.

മൂന്നാമത്തെ വാദം:- ആഷൂറാ ദിനത്തിൽ നബി (സ) നോമ്പനുഷ്ഠിച്ചതായി സ്ഥിരപ്പെട്ടിട്ടുണ്ട്. (ആഷൂറാ ദിനത്തിലെ മുഹർറം പത്തിലെ- നോമ്പ് ഹദീസുഗ്രന്ഥത്തിൽ സ്ഥിരപ്പെട്ടിട്ടുണ്ട്) അന്ന് നോമ്പനുഷ്ഠിക്കാൻ പ്രവാചകൻ(സ) കൽപ്പിച്ചിട്ടുമുണ്ട്. അതെപ്പറ്റി അവിടുത്തോടു ചോദിച്ചപ്പോൾ തിരുമേനി(സ) പറഞ്ഞു:

إنه يوم صالح انجى الله تعالى فيه موسى وبني إسرائيل

(നിശ്ചയം അതൊരു വിശുദ്ധ ദിവസമാണ്. മൂസാ (അ) നെയും ഇസ്രായീലി സന്തതികളെയും അല്ലാഹു രക്ഷപ്പെടുത്തിയ ദിനമാണ്- ഹദീസ്). ഈ വാദപ്രകാരം മൂസാ നബി(അ)നെയും ഇസ്രായീലി സന്തതികളെയും രക്ഷപ്പെടുത്തിയതിന് അല്ലാഹുവിനോടുള്ള നന്ദിയായാണ് ഈ ദിവസത്തിൽ നബി(സ) നോമ്പെടുക്കുകയും സത്യവിശ്വാസികളോട് നോമ്പെടുക്കാൻ കൽപ്പിക്കുകയും ചെയ്തത് എങ്കിൽ നബി(സ)യുടെ ജൻമദിനത്തെയും അപ്രകാരം പരിഗണിക്കാൻ നമുക്കവകാശമുണ്ടാകും. എന്നാൽ നോമ്പിന്റെ ദിവസമായല്ല, തീറ്റിയുടെയും കുടിയുടെയും സന്തോഷത്തിന്റെയും ദിവസമായാണല്ലോ ആഘോഷിക്കപ്പെടുന്നത്. ഇത വിപരീത ബുദ്ധി എന്തൊരത്ഭുതകരം! അല്ലാഹു കാക്കട്ടെ- മേൽ സാദൃശ്യത്തെ അടിസ്ഥാനമാക്കിയാണെങ്കിൽ നബി(സ) നോമ്പനുഷ്ഠിച്ചതു പോലെ നാമും നോമ്പനുഷ്ഠിക്കലായിരുന്നു യഥാർഥത്തിൽ വേണ്ടിയിരുന്നത്. അല്ലാതെ വാദ്യമേളങ്ങളും തബലയുമൊക്കെ ഉപയോഗിച്ചുള്ള വിനോദങ്ങളും വിരുന്നു സൽക്കാരങ്ങളും സംഘടിപ്പിച്ചുകൊണ്ടല്ല അതിൽ (തിരുമേനി(സ)യുടെ ജൻമദിനത്തിൽ) യാതൊരു കാര്യവും ശറആക്കിയിട്ടില്ല. അതിനാൽ നാമും അപ്രകാരം മൗനമവലംബിക്കൽ നിർബന്ധമാണ്. തീറ്റിയിലും കുടിയിലും മേളങ്ങളിലും അല്ലാഹുവിന് നന്ദി ചൊരിയലുണ്ടോ? അല്ലാഹുവാണെ, ഇല്ല!. നോമ്പോ മറ്റുവല്ലതുമോ നമ്മുടെ സ്വന്തം നിലക്ക് ശറആക്കാൻ നമുക്ക് വല്ല അവകാശവുമുണ്ടോ? തിരുമേനി(സ)യെ പിൻപറ്റൽ മാത്രമാണല്ലോ തീർച്ചയായും നമ്മുടെ ബാധ്യത. ആശൂറാ ദിനത്തിൽ നബി(സ)

നോമ്പനുഷ്ടിച്ചിട്ടുണ്ട്. അപ്രകാരം അന്നത്തെ നോമ്പ് സുന്നത്തായി. അവിടുത്തെ ജന്മദിനത്തെ പറ്റി തിരുമേനി(സ) ഒന്നും പറഞ്ഞിട്ടില്ല. അതിൽ യാതൊന്നും അവിടുന്ന് ആചരിച്ചില്ല. അതിനാൽ ഈ വിഷയത്തിൽ നാമും അപ്രകാരം നിശ്ശബ്ദത പാലിക്കൽ നിർബന്ധമാണ്. കളിയോ വിനോദമോ പോലെ. നോമ്പും നമസ്കാരവും പോലും ഇതിന്നു വേണ്ടി ഉണ്ടാക്കാൻ നമുക്ക് പാടില്ല.

നാലാമത്തെ വാദം :- തിങ്കളാഴ്ചയും വ്യാഴാഴ്ചയും നബി(സ) നോമ്പനുഷ്ഠിച്ചിരുന്നതായി സ്ഥിരപ്പെട്ടിട്ടുണ്ട്. (ഇബ്നു മാജയും മറ്റും അത് സ്വഹീഹീകരിച്ചു റിപ്പോർട്ട് ചെയ്തിട്ടുണ്ട്.). ഈ നബി വചനമാണ് അതിനു തെളിവ്.

اما يوم الاثنين فانه يوم ولدت فيه وبعثت فيه واما يوم الخميس فانه يوم تعرض فيه الأعمال على الله تعالى فانا احب ان يعرض عملي على ربي وانا صائم

(എന്നാൽ തിങ്കളാഴ്ച ദിവസം, നിശ്ചയം ആ ദിവസത്തിലാണ് ഞാൻ ജനിച്ചത്. ഞാൻ നബിയായി നിയോഗിക്കപ്പെട്ടതും അതിലാണ്. എന്നാൽ വ്യാഴാഴ്ച, കർമ്മങ്ങൾ അല്ലാഹുവിങ്കൽ പ്രദർശിപ്പിക്കപ്പെടുന്ന ദിവസമാണത്. ഞാൻ നോമ്പുകാരനായിരിക്കെ എന്റെ കർമ്മങ്ങൾ എന്റെ റബ്ബിങ്കൽ സമർപ്പിക്കപ്പെടാൻ ഞാനിഷ്ടപ്പെടുന്നു.)

തിരുമേനി(സ) തിങ്കളാഴ്ച നോമ്പെടുത്തിരുന്നു എന്ന നിലക്കാണ് ജന്മദിനമെന്ന അനാചാരം അവർ കൊണ്ടു വന്ന

ത് എന്നാണ് അവർക്കുള്ള വാദം. "അന്നാണ് ഞാൻ ജനിച്ചത്, അന്നാണ് എനിക്കു പ്രവാചകത്വം ലഭിച്ചത്". എന്ന വാക്കിൽ പിടിച്ചുകൊണ്ടാണത്. ഈ വാദവും വ്യർത്ഥവും മുൻപത്തേക്കാൾ ചില കാര്യങ്ങൾകൊണ്ട് ദുർബലമാണ്.

1. നബി(സ)യുടെ ജന്മം എന്ന അനുഗ്രഹത്തിന് അല്ലാഹുവിന് നന്ദി പ്രകടിപ്പിക്കലാണ് ജന്മദിനാഘോഷം കൊണ്ടുള്ള ഉദ്ദേശമെങ്കിൽ റസൂൽ(സ) തന്റെ നാഥനോട് നന്ദി പ്രകാശിപ്പിച്ച രൂപത്തിലുള്ള നന്ദിയായിരിക്കുമല്ലോ യുക്തിക്കും പ്രമാണങ്ങൾക്കും അനുയോജ്യമായത്. നോമ്പു നോറ്റുകൊണ്ടാണല്ലോ അത്. അവിടുന്ന് നോമ്പു നോറ്റതു പോലെ നാമും നോമ്പു നോൽക്കുകയാണ് വേണ്ടത്. നമ്മോട് ചോദിക്കപ്പെട്ടാൽ നമുക്ക് പറയാം: "അന്നാണ് ഞങ്ങളുടെ നബി (സ) ജനിച്ചത്. അതിനാൽ അല്ലാഹുവിന് നന്ദി ചെയ്യാനായി ഞങ്ങളിന്ന് നോമ്പെടുക്കുന്നു" എന്ന്. ജന്മദിനത്തിന്റെ വക്താക്കൾ അന്ന് നോമ്പനുഷ്ഠിക്കാറില്ല. എന്തുകൊണ്ടെന്നാൽ അന്നപാനീയങ്ങളോടുള്ള അഭിനിവേശത്തിൽനിന്ന് ആത്മാവിനെ നിയന്ത്രിക്കലാണല്ലോ നോമ്പ്. അവരുദ്ദേശിക്കുന്നത് അതല്ലല്ലോ. (തീറ്റിയും കുടിയുമാണല്ലോ). അങ്ങനെ ലക്ഷ്യത്തിൽ നിന്ന് വ്യതിചലിക്കുകയും അപ്രകാരം അല്ലാഹു ഇഷ്ടപ്പെടുന്നതിൽ നിന്ന് അവർക്കിഷ്ടപ്പെട്ടതിലേക്കവർ മാറുകയും ചെയ്തു. ബുദ്ധിയും ദീർഘ ദൃഷ്ടിയുമുള്ളവർക്ക് ഇത് മാത്രം മനസ്സിലാക്കാനാവും.

2. റബീഉൽ അവ്വൽ പന്ത്രണ്ടിനാണ് നബി(സ) ജനിച്ചത് എന്ന് ഏകീകരിക്കപ്പെട്ടാലും റസൂൽ(സ) അവിടുത്തെ

ജന്മ ദിവസത്തിൽ നോമ്പനുഷ്ഠിച്ചിട്ടില്ല. നബി(സ)നോമ്പു നോറ്റതാവട്ടെ, മാസത്തിൽനാലോ അതിൽ കൂടുതലോ തവണ ആവർത്തിക്കപ്പെടുന്ന തിങ്കളാഴ്ച ദിവസത്തിലുമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ആഴ്ചതോറുമുള്ള തിങ്കളാഴ്ചകൾ മാറ്റി നിർത്തി റബീഉൽ അവ്വൽ പന്ത്രണ്ടിനു മാത്രം പ്രത്യേകത കൽപ്പിക്കൽ, നബി(സ)യുടെ തെറ്റുതിരുത്തലും അവിടുത്തെ കർമ്മത്തെ ന്യൂനമാക്കിയെടുക്കലുമായി കണക്കാക്കപ്പെടും. ഇതെത്ര അപഹാസ്യമാണ്. (നാം റസൂൽ(സ)യെ തിരുത്തുകയോ!) അല്ലാഹു കാക്കട്ടെ–

3. ജന്മദിനാഘോഷക്കാരോട്: സന്തോഷവാർത്തയും മുന്നറിയിപ്പുമായി, തന്നെ അനുഗ്രഹിച്ചയച്ച തന്റെ റബ്ബിന് നന്ദിപറയാൻ നബി(സ) തിങ്കളാഴ്ച തോറും നോമ്പു നോറ്റപ്പോൾ, ജന്മദിനാഘോഷക്കാരെപ്പോലെ സ്തുതി ഗീതങ്ങളും മധുര പാനങ്ങളും അന്നപാനീയങ്ങളും സംഘടിപ്പിച്ചിരുന്നുവോ? 'ഇല്ല' എന്നാണുത്തരം. അവിടുന്ന് നോമ്പനുഷ്ഠിച്ച് നന്ദിയറിയിക്കുക മാത്രമല്ലേ ചെയ്തിരുന്നത്? എങ്കിൽ ഒരു സമുദായത്തിന് അവരുടെ നബി മതിയാക്കിയതുകൊണ്ട് മതിയാവുകയില്ലേ? അദ്ദേഹം(സ) ധന്യമാക്കിയതു കൊണ്ട് ധന്യമാവുകയില്ലേ? ബുദ്ധിയുള്ള ആർക്കെങ്കിലും (ഇതിന്) 'ഇല്ലാ' എന്നു പറയാൻ കഴിയുമോ?! എങ്കിൽ പിന്നെ എന്തിനാണ് തിരുമേനി(സ) (ചെയ്തതിൽ) കൂട്ടിച്ചേർത്ത് അവിടുത്തെ മറികടക്കുന്നത്? അല്ലാഹു പറയുന്നു:

وما ءاتاكم الرسول فخذوه وما نهاكم عنه فانتهوا

(നിങ്ങൾക്കു റസൂൽ നൽകിയതെന്തോ അത് സ്വീകരിക്കുക. എന്തൊന്നിൽ നിന്ന് അദ്ദേഹം നിങ്ങളെ വിലക്കിയോ അതിൽ നിന്ന് നിങ്ങൾ ഒഴിഞ്ഞു നിൽക്കുകയും ചെയ്യുക-ഹശ്ർ:7). അല്ലാഹു പറയുന്നു:

يا ايها الذين ءامنوا لا تقدموا بين يدي الله ورسوله واتقوا الله ان الله سميع عليم

(സത്യവിശ്വാസികളെ, നിങ്ങൾ അല്ലാഹുവിന്റെയും അവന്റെ റസൂലിന്റെയും മുമ്പിൽ (യാതൊന്നും) മുൻകടന്നു പ്രവർത്തിക്കരുത്. അല്ലാഹുവിനെ നിങ്ങൾ സൂക്ഷിക്കുക. തീർച്ചയായും അല്ലാഹു കേൾക്കുന്നവനും അറിയുന്നവനുമാകുന്നു.-ഹുജുറാത്:1) അല്ലാഹുവിന്റെ റസൂൽ(സ) പറഞ്ഞു:

إياكم ومحدثات الأمور فإن كل محدثة بدعة وكل بدعة ضلالة

(പുത്തനായുണ്ടാക്കിയ കാര്യങ്ങളെ നിങ്ങൾ സൂക്ഷിക്കുക. പുതുനിർമ്മിതികളെല്ലാം അനാചാരങ്ങളാണ്. അനാചാരങ്ങളെല്ലാം ദുർമാർഗ്ഗവും.) തിരുമേനി(സ) പറഞ്ഞു:

ان الله حد حدودا فلا تعتدوها وفرض لكم فرائض فلا تضيعوها، وحرم اشياء فلا تنتهكوها، وترك اشياء في غير نسيان، ولكن رحمة لكم فاقبلوها ولا تبحثوا عنها

(അല്ലാഹു ചില അതിർത്തികൾ നിർണ്ണയിച്ചിട്ടുണ്ട്. നിങ്ങളതിനെ മറികടക്കരുത്. ചില നിർബന്ധകർമ്മങ്ങൾ അവൻ

നിങ്ങൾക്ക് നിർബന്ധമാക്കിയിട്ടുണ്ട്. നിങ്ങളവ വിട്ടുകളയരുത്. ചില കാര്യങ്ങൾ നിഷിദ്ധമാക്കിയിട്ടുമുണ്ട്. അവയെ നിങ്ങൾ അനുവദനീയമാക്കരുത്. ചില കാര്യങ്ങളവൻ ഉപേക്ഷിച്ചിട്ടുണ്ട്. അതവൻ മറന്നതല്ല. മറിച്ച് നിങ്ങളോടുള്ള കാരുണ്യം കൊണ്ടാണത്. അവ നിങ്ങൾക്ക് സ്വീകരിക്കാവുന്നതാണ്. അവയെക്കുറിച്ചു നിങ്ങൾ ചികഞ്ഞുനോക്കരുത്.) (ഇബ്നു ജരീർ, അബീഥഅ്ലബത്തുൽ ഖുശനിയിൽ നിന്ന് ഹാകിമും ഇത് ശരിവെച്ചിട്ടുണ്ട്.)

# ഒരു മെച്ചപ്പെട്ട ബദൽ

പ്രിയ വായനക്കാരാ...!ഇനി താങ്കളോടൊരാൾ ചോദിച്ചേന്നിരിക്കട്ടെ- "പ്രബലമായ തെളിവുകളും ന്യായവാദങ്ങളും വഴി നിശ്ചയം നിങ്ങൾ ജൻമദിന ബിദ്അത്ത് വ്യർഥമാണെന്ന് തെളിയിച്ചു കഴിഞ്ഞു. എന്നാൽ ചില നല്ല കാര്യങ്ങൾ അതുൾക്കൊള്ളുന്നതിനാൽ ഈ ബിദ്അത്തിനൊരു പകരം സംവിധാനമെന്താണ്?" അവരോട് താങ്കൾ പറയുക: ഉത്തമമായ ബദൽ സംവിധാനമുണ്ടെന്ന്.

ജൻമദിന കഥകളും അതുമായി ബന്ധപ്പെട്ട വിശിഷ്ട ഗോത്രപാരമ്പര്യവും വിശുദ്ധമായ പ്രവാചക ജീവചരിത്രവും പാരായണം ചെയ്യുന്നത് സംബന്ധിച്ച്...., അതിനു ബദൽ, മുസ്‌ലിംകൾ സ്വന്തം നിലക്ക് ഉത്തരവാദിത്വമുള്ളവരായിത്തീരുക എന്നതാണ്. അങ്ങിനെ അവർ അവരുടെ പള്ളികളിൽ ഒരുമിച്ച് കൂടുകയും എല്ലാ ദിവസവും മഗ്‌രിബ് നമസ്കാരാനന്തരം ഇശാ നമസ്കാരം വരെ, ഖുർആനിലും സുന്നത്തിലും പാണ്ഡിത്യം സിദ്ധിച്ച ആളിൽ നിന്ന് അവർ തങ്ങളുടെ മതകാര്യങ്ങൾ പഠിച്ചറിയുകയും അതിൽ നൈപുണ്യം നേടുകയും വേണം. അല്ലാഹു വല്ലവനും പുണ്യം ഉദ്ദേശിച്ചാൽ മതത്തിൽ അവനെ നിപുണനാക്കിത്തീർക്കും. അപ്പോൾ നിങ്ങൾ

തിരുമേനി(സ)യുടെ വിശുദ്ധ പാരമ്പര്യവും ജീവചരിത്രവും അതുവഴി തിരുമേനിയുടെ ജീവിത മാതൃകയും അറിയുന്നവരായിത്തീരും. നബി(സ)യെയും അവിടുത്തെ ഇഷ്ടസഹചാരികളെയും പിൻപറ്റേണ്ട യഥാർഥ മാതൃകയിൽ,(യാതൊരു) കാപട്യവുമില്ലാതെ സത്യസന്ധമായി അവിടുത്തെ പിൻപറ്റാനും (നിങ്ങൾക്കു)കഴിയും. എന്നാൽ ദിക്റിനെയും ഖുർആൻ പാരായണത്തെയും പറ്റി, രാവിലെയോ വൈകുന്നേരമോ രാവിന്റെ അന്ത്യയാമങ്ങളിലോ, ഇതിലേതെങ്കിലുമൊരു വിർദ് (പതിവു പ്രാർഥനകൾ, പാരായണങ്ങൾ....) ഉപയോഗപ്പെടുത്തലാണ് ബദൽ സംവിധാനം. രാവിലെയാണെങ്കിൽ

سبحان الله وبحمده سبحان الله العظيم استغفر الله لا إلـــــه إلا الله وحده لا شريك له، له الملك وله الحمد وهو علـــى كـل شيء قدير

എന്ന് നൂറുവട്ടം, വൈകുന്നേരമാണെങ്കിൽ

استغفر الله لي ولوا لدي وللمؤمنين والمؤمنات

എന്ന് നൂറുവട്ടം, നബി(സ)യുടെ മേൽ സ്വലാത്ത് ചൊല്ലൽ നൂറുവട്ടം. (ഈ ദിക്റുകളും ഈ എണ്ണവും ഹദീസു ഗ്രന്ഥങ്ങളിൽ സ്ഥിരപ്പെട്ടുവന്നതാണ്. എല്ലാവരും സംഘടിച്ച് ഒരേ ശബ്ദത്തിൽ ചൊല്ലരുതെന്ന് മാത്രം). രാത്രിയിലെ അന്ത്യയാമത്തിലെ വിർദിനെ സംബന്ധിച്ചാണെങ്കിൽ, എട്ടു റക്അത്ത് നമസ്കരിച്ചുകൊണ്ടാണത്. ഓരോ റക്അത്തിലും കാൽ

ജുസ്അ് പാരായണം ചെയ്യണം. അവസാനം മൂന്ന് റക്അത്ത് (വിത്റ്) നമസ്കരിച്ച്കൊണ്ടവസാനിപ്പിക്കണം. രണ്ട് റക്അത്തും ഒരു റക്അത്ത് വിത്റും. അല്ലാഹുവിന്റെ വീടുകളിൽ (പള്ളികളിൽ) വെച്ച് അഞ്ചു നേരവും ജമാഅത്തായുള്ള നമസ്കാരം കൃത്യമായി പാലിച്ചു കൊണ്ടായിരിക്കണം ഇത്; വിശേഷിച്ചും രണ്ട് ബർദുകൾ. "രണ്ട് 'ബർദുകൾ' നമസ്കരിച്ചവനാരോ അവൻ സ്വർഗ്ഗത്തിൽ പ്രവേശിച്ചു" എന്നാണ് ഹദീസ്. (ബുഖാരി, മുസ്ലിം). രണ്ടു ബർദുകൾ എന്നാൽ സുബ്ഹിയും അസ്റുമാണ്.

ഇനി, (ഖുർആൻ പാരായണം) കേൾക്കാനുള്ള ബദൽ സംവിധാനം: യൂസുഫ് കാമിലുൽ ബഹ്തൈമി, അൽ മൻഷാവി, അത്തൈസഫി അദ്ദർവി, അത്ത്വബലാവി പോലുള്ള, ഖുർആൻ പാരായണ നിയമങ്ങളിൽ പ്രഗത്ഭരായവരുടെ കുറെ കാസറ്റുകൾ കേൾക്കലാണ്. മനസ്സിന് മടുപ്പും വരൾച്ചയും അനുഭവപ്പെടുമ്പോൾ ടേപ്പ് റിക്കാർഡർ 'ഓൺ' ചെയ്ത് കേൾക്കുക. അല്ലാഹുവോടുള്ള അഭിനിവേശവും യഥാർഥ ആനന്ദവും അത് നൽകും. അവന്റെ-അല്ലാഹുവിന്റെ-ഉത്കൃഷ്ട സാമീപ്യത്തിൽ മോഹവുമുണ്ടാകും.

എന്നാൽ അഘോഷാവസരത്തെ സംബന്ധിച്ച്: അതിന്റെ കവാടം തുറന്നിടപ്പെട്ടിരിക്കുന്നു. മാർഗ്ഗമോ സുപരിചിതവും. 'കുശിലുള്ളവന് എന്നും പെരുന്നാൾ' എന്ന് പൊതുവെ ഒരു ചൊല്ലുണ്ടല്ലോ... അതിനാൽ പ്രത്യേക ആഘോഷമോ വിധ

ആരാധനയോ ആചാരമോ ആയി അത് ഗണിക്കേണ്ടതില്ല. അങ്ങിനെ ഭക്ഷണമുണ്ടാക്കി ദരിദ്രരെയും ധനികരെയുമെല്ലാം ക്ഷണിച്ച് സദ്യ നൽകാവുന്നതാണ്. അല്ലാഹുവെ സ്തുതിക്കാനും അവന് നന്ദി പ്രകാശിപ്പിക്കാനും അത് സഹായകമാവും.

ومن يشكر الله يزده والله خير الشاكرين

(അല്ലാഹുവിന് നന്ദിചെയ്യുന്നവന് അവൻ (അനുഗ്രഹം) അധികരിപ്പിക്കും. അല്ലാഹുവാകട്ടെ, നന്ദി കാണിക്കുന്നവരിൽ ഉത്തമനാകുന്നു.)

## മൗലിദിലെ ഹീനമായ അതിർലംഘനം

ഖേദകരമെന്നു പറയട്ടെ, മൗലിദാഘോഷക്കാരും അതിന്റെ പ്രചാരകരും മതവിദ്യാഭ്യാസം നേടിയവരടക്കമുള്ള ധാരാളമാളുകളും ഈ ആചാരത്തെ പുകഴ്ത്തുന്നതിൽ അതിരു കവിഞ്ഞിട്ടുണ്ട്. അവർ, അതിനെ വളരെ വലുതാക്കുകയും മഹത്വപ്പെടുത്തുകയും ചെയ്തു. എത്രത്തോളമെന്നാൽ ഇത് ബിദ്അത്തും പുതുതായുണ്ടാക്കപ്പെട്ടതും വഴികേടുമാണെന്നു പറയുന്നവരെ കാഫിറുകളും ദീനിൽ നിന്ന് പുറത്തുപോയവരുമായി(ചിത്രീകരിച്ച്)അവർ ആക്ഷേപിക്കുന്നു. ഇന്ന ആൾക്ക് റസൂൽ(സ)യോട് വെറുപ്പാണ്; അല്ലെങ്കിൽ ഇഷ്ടക്കേടാണ്, കാരണം അയാൾ മൗലിദ് ഇഷ്ടപ്പെടുന്നില്ല; മൗലിദ് ദിനാഘോഷത്തോട് ഇഷ്ടക്കേടു കാണിക്കുകയും ചെയ്യുന്നു എന്നൊക്കെയാണ് പറയുന്നത്. റസൂൽ(സ)യെ വെറുക്കുകയോ ഇഷ്ടം വെക്കാതിരിക്കുകയോ ചെയ്യുന്നവൻ അവിശ്വാസിയായിപ്പോകുമെന്ന മുസ്‌ലിംകളിലെ ഇജ്മാഅ് അവനറിയാം. ആ സ്ഥിതിക്ക് ഇന്ന ആൾ റസൂൽ(സ)യെ വെറുക്കുന്നുവെന്ന അവന്റെ വാദം അയാളെ കാഫിറാക്കലായി. മുസ്‌ലിമിനെ കാഫിറാക്കൽ ഒരിക്കലും അനുവദനീയമല്ലതന്നെ. തീർച്ചയായും ബിദ്അത്തിനെ വെറുക്കാനും അതിനെ തട

യാനും അതിനെ പറ്റി മുന്നറിയിപ്പ് നൽകുവാനും സത്യവിശ്വാസിയും സദ്‌വൃത്തനുമായ ഒരാൾക്കേ കഴിയൂ. പിന്നെങ്ങിനെയാണ് അയാളെ കാഫിറാക്കുകയും അയാളിൽ സത്യനിഷേധം ആരോപിക്കുകയും ചെയ്യുക?! അല്ലാഹു കാക്കട്ടെ-. ഈ ബിദ്അത്തിന്റെ വിഷയത്തിൽ അതിരുകടന്ന ഇത്തരം ആളുകൾ ഇബ്നുഉമർ(റ)ൽ നിന്ന് ബുഖാരിയും മുസ്‌ലിമും ഉദ്ധരിച്ച പ്രബലമായ ഹദീസിലെ നബിവചനത്തിനു നേരെ കണ്ണടച്ചവരാണ്. അവിടുന്ന് പറഞ്ഞു:

**إذا قال الرجل لاخيه: يا كافر فقد باء بها احدهما فإن كان كما قال والا رجعت عليه**

(ഒരാൾ തന്റെ സഹോദരനെ ഹേ, കാഫിർ എന്നു വിളിച്ചാൽ ആ രണ്ടിലൊരാൾ അതായി. താൻ പറഞ്ഞ പോലെയാണ് കാര്യമെങ്കിൽ അതങ്ങിനെ തന്നെ. അല്ലെങ്കിലോ അതയാളിലേക്കുതന്നെ മടങ്ങും.). (ആരോപിച്ചവൻ കാഫിറായി.) അബൂദർറ്(റ)ൽ നിന്ന് ബുഖാരിയും മുസ്‌ലിമും ഉദ്ധരിച്ച പ്രവാചക വചനവും അവർ ശ്രദ്ധിച്ചില്ല. അവിടുന്ന് പറഞ്ഞു:

**من دعا رجلاً بالكفر او قال عدو الله وليس كذلك إلا حار عليه**

("ഒരാൾ മറ്റൊരാളെ കാഫിറെന്നു വിളിച്ചാൽ, അല്ലെങ്കിൽ 'അല്ലാഹുവിന്റെ ശത്രു' എന്ന് പറഞ്ഞാൽ, അയാൾ അപ്രകാരമല്ലെങ്കിൽ അത് (ആ ആക്ഷേപം)അയാളിലേക്കു തന്നെ (ആ

ത്താണ് സമ്പൂർണ്ണവും വിശുദ്ധവും ഉത്തമവുമായ ഇസ്‌ലാമിക സമൂഹം നിലവിൽ വന്നത്. ഇങ്ങനെ ശിക്ഷണം ലഭിച്ചവരായ വ്യക്തിത്വങ്ങൾ ഇല്ലാതായപ്പോൾ അതിൽ കുഴപ്പങ്ങളും ഭിന്നിപ്പുകളും അധികരിച്ചു, ദേഹേച്ഛകളും താത്പര്യങ്ങളും അവരെ ഭിന്നിപ്പിച്ചു. അത്തരം ദിനങ്ങളിലൊന്നിൽ അതിന്റെ (ആ സമൂഹത്തിന്റെ) ശിക്ഷണം അനർഹരായ ആളുകളിൽ വന്നുപെട്ടു. അധഃപതനത്തിന് അത് ആക്കം കൂട്ടുകയാണ് ചെയ്തത്. അങ്ങനെ അവരുടെ കാര്യം 'കുന്നിൻമേൽ കുരു' എന്നപോലെയായി.

അവസാനമായി ഈ ബിദ്അത്തിനെ മുറുകെപ്പിടിക്കുകയും അത് അനുവദനീയമാണെന്നോ ഗുണകരവും ഫലപ്രദവും ആണെന്നോ ഉള്ള വിശ്വാസത്തിൽ സംതൃപ്തരായി അതുപേക്ഷിക്കൽ പ്രയാസകരമായി കരുതുകയും അല്ലെങ്കിൽ ദീർഘകാലമായി ആചരിച്ചു വരുന്നതും താത്പര്യത്തോടെ സംഘടിപ്പിച്ചു വരുന്നതുമായ ആഘോഷമാണ് (മൗലിദ്) എന്ന് കരുതുകയും ചെയ്യുന്ന എന്റെ മുസ്‌ലിം സഹോദരനെ ഉപദേശിക്കുകയല്ലാതെ എനിക്കൊന്നും ചെയ്യാനില്ല. ഈ ബിദ്അത്തിനെ തടയുകയും നിഷേധിക്കുകയും ചെയ്യുന്ന തന്റെ മുസ്‌ലിം സഹോദരനോട് വിട്ടുവീഴ്ച ചെയ്യണമെന്നാണ് എനിക്കുപദേശിക്കാനുള്ളത്. കാരണം, ഏതൊരു നബി(സ)യുടെ ജന്മദിനാഘോഷമാണോ അവർ ആഘോഷിക്കുന്നത് ആ നബി തിരുമേനി(സ) തന്നെ ഇപ്രകാരം കൽപ്പിച്ചിട്ടുണ്ട്. അവിടുന്ന് പറഞ്ഞല്ലോ .........

من رأى منكم منكرا فليغيره بيده، فإن لم يستطع فبلسانه فإن لم يستطع فبقلبه وذلك أضعف الإيمان

[നിങ്ങളിലാരെങ്കിലും ഒരു തിന്മ കണ്ടാൽ തന്റെ കൈകൊണ്ടതിനെ മാറ്റണം. അതിന്നു സാധിച്ചില്ലെങ്കിൽ തന്റെ നാവു കൊണ്ടും അതിന്നും കഴിഞ്ഞില്ലെങ്കിൽ തന്റെ ഹൃദയം കൊണ്ടും (അങ്ങിനെ ചെയ്യണം). അത് ഏറ്റവും ദുർബല വിശ്വാസമാണ്.] തിരുമേനി (സ) – വീണ്ടും പറയുന്നു:

لتأمرن بالمعروف ولتنهون عن المنكر أو ليوشكن الله أن يبعث عليكم عقابا من عنده ثم لتدعنه فلا يستجيب لكم

[നിങ്ങൾ നന്മ കൽപ്പിക്കുകയും തിന്മ വിരോധിക്കുകയും തന്നെ വേണം. അല്ലാത്ത പക്ഷം അല്ലാഹു അവന്റെ ഭാഗത്തു നിന്നുള്ള ശിക്ഷ നിങ്ങൾക്കിറക്കിയാൽ പിന്നെ നിങ്ങൾ പ്രാർത്ഥിച്ചിട്ട് ഫലമുണ്ടാവുന്നതല്ല– അഹ്മദ്, തിർമിദി.]

ഒരു മുസ്‌ലിം തന്റെ സഹോദരനോട് നന്മ കൽപ്പിക്കുകയോ തിന്മ വിരോധിക്കുകയോ അല്ലെങ്കിൽ ഒരു നല്ല കാര്യം ചെയ്യാനോ ഒരു ഹീനകാര്യം ഉപേക്ഷിക്കാനോ ഉപദേശിച്ചാൽ അതനുസരിച്ച് പ്രവർത്തിക്കാനായാൾ ബാധ്യസ്ഥനാണ്. അല്ലെങ്കിൽ മാന്യമായി അവനെ മടക്കിയയക്കുകയെങ്കിലും ചെയ്യണം.

جزاك الله خيرا لقد أديت واجبك معي وأنا مبتلى عسى الله أن يعفو عني

[“അല്ലാഹു താങ്കൾക്ക് നല്ല പ്രതിഫലം നൽകട്ടെ-എന്നോടുള്ള താങ്കളുടെ ബാധ്യത താങ്കൾ നിർവ്വഹിച്ചിരിക്കുന്നു. ഞാൻ പരീക്ഷണത്തിൽ അകപ്പെട്ടവനാണ്,അല്ലാഹു പൊറുക്കട്ടെ എനിക്ക് മാപ്പു നൽകിയേക്കാം”] എന്നിങ്ങനെയോ അല്ലെങ്കിൽ “ഇതൊരു അനാചാരം തന്നെ. എങ്കിലും ചില പണ്ഡിതൻമാർ ഇതംഗീകരിക്കുന്നതും ചെയ്യുന്നതും അനുവദിക്കുന്നതും കാണുന്നു. ഞാനവരെ പിൻപറ്റുകയാണ്. ഇതിന്റെ പേരിൽ അല്ലാഹു എന്നെ പിടികൂടാതിരിക്കട്ടെ”. എന്നിങ്ങനെയൊക്കെ പറഞ്ഞാണ് അയാളെ തിരിച്ചയക്കേണ്ടത്. മുസ്‌ലിംകൾ പരസ്പരം ഇത്തരത്തിലാണ് വർത്തിയ്ക്കേണ്ടത്. അല്ലാതെ ദേഹോചരയെ പിൻപറ്റലും അഭിപ്രായങ്ങളിലെ പിടിവാശിയും യാതൊരു കാരണവുമില്ലാതെ ദീനിൽ നടത്തുന്ന അതിർലംഘനവും മൂലം പരസ്പരം കാഫിറാക്കുകയും ശപിക്കുകയും ചെയ്യുകയല്ല വേണ്ടത്. ഭിന്നിപ്പ്, കാപട്യം, ദുഃസ്വഭാവം എന്നിവയിൽ നിന്നും അല്ലാഹു നമ്മെ കാക്കട്ടെ.

## ദോഷമായ സമീപനം

സ്വയം നിഷ്പക്ഷത പാലിക്കുന്നതോടൊപ്പം ഓരോരുത്തരും അറിയുകയും പറയുകയും ചെയ്യേണ്ട ചിലതുണ്ട്.* മുസ്‌ലിംകളിൽ നബി(സ)യുടെ ജന്മദിനാഘോഷം സംഘടിപ്പിക്കുന്ന അധികപേരും നബി(സ)യോടുള്ള സ്നേഹം പ്രകടിപ്പിക്കാൻ വേണ്ടിത്തന്നെയാണ് അങ്ങിനെ ചെയ്യുന്നത്. നബി(സ)യെ സ്നേഹിക്കുന്നതാവട്ടെ ദീനും ഈമാനുമാണ്. നബി(സ)യെ സ്നേഹിക്കുന്നവരെ സ്നേഹിക്കുന്നത് വാജിബുമാണ്. അതിനാൽ ഇത്തരത്തിലുള്ള ഒരു ബിദ്അത്ത് ആഘോഷിക്കുന്നു എന്നതിന്റെ പേരിൽ ഒരു മുസ്‌ലിം തന്റെ സഹോദരനെ വെറുത്തുകൂടാ... അയാളുടെ നാട്ടിലും മുസ്‌ലിം ലോകത്തൊട്ടാകെയും ധാരാളം ആളുകൾ അപ്രകാരം ചെയ്യുന്നത്

---

*അമ്മാറുബ്നു യാസിർ(റ)ൽ നിന്നും ഇമാം ബുഖാരി(റ) 'കിതാബുൽ ഈമാനി'ൽ ഉദ്ധരിച്ചിട്ടുള്ള ഒരു തിരുവചനത്തിൽ: അമ്മാർ (റ) പറഞ്ഞു: മൂന്നു കാര്യങ്ങൾ ഒരാളിൽ ഒരുമിച്ചു കൂടിയാൽ അയാളിൽ ഈമാൻ ഒരുമിച്ചു കൂടി. സ്വയം നീതി കൈകൊള്ളുക, മുഴുവൻ ജനങ്ങൾക്കും സലാം ചൊല്ലുക, ദാരിദ്ര്യത്തിലും ധർമ്മം ചെയ്യുക. പ്രത്യക്ഷത്തിൽ ഇത് സ്വഹാബിയുടെ വാക്കാണെങ്കിലും ഈ ആശയം നബി(സ)യിൽ നിന്നുദ്ധരിക്കപ്പെട്ടിട്ടുണ്ട്.

കണ്ടിട്ടുണ്ട്. അതിനവരെ പ്രേരിപ്പിക്കുന്നത് പ്രവാചകൻ(സ)യോടുള്ള അന്ധമായ സ്നേഹമല്ലാതെ മറ്റൊന്നുമല്ല. അതു വഴി അല്ലാഹുവിങ്കലേക്കുള്ള സമീപനവും അവർ അഭിലഷിക്കുന്നു. അതിനാൽ യുക്തമായ സമീപനമായിരിക്കണം അതിന്നു വേണ്ടത്.

അവരെ വെറുക്കുന്നത് ശരിയല്ലാത്തതു പോലെത്തന്നെ ജൻമദിനമാഘോഷിക്കുകയോ ക്ഷണം സ്വീകരിച്ച് ആഘോഷത്തിൽ പങ്കെടുക്കുകയോ ചെയ്യുന്നവരെ അത് കൊണ്ട് മാത്രം കുഫ്റ്, ഷിർക്ക് എന്നിവ കൊണ്ട് വിശേഷിപ്പിക്കാൻ പാടില്ല. കാരണം ഇത്തരം ബിദ്അത്തുകൾ അനുഷ്ഠിക്കുകയോ അവയിൽ പങ്കെടുക്കുകയോ ചെയ്യുന്നവർ കാഫിറാവുകയില്ല. ഒരു മുസ്‌ലിമിൽ കുഫ്റും ഷിർക്കും വിധിക്കുന്നത് നിസ്സാര കാര്യമല്ല. ഇതു സംബന്ധമായ തിരുവചനങ്ങൾ നേരത്തെ ഉദ്ധരിച്ചിട്ടുണ്ട്. ('മൗലിദിലെ ഹീനമായ അതിർലംഘനം' ശ്രദ്ധിക്കുക) അതിനാൽ എന്റെ മുസ്‌ലിം സഹോദരാ.. അതിർ കവിയലും തർക്കവും ഒഴിവാക്കണം. നീതിയും നിഷ്പക്ഷതയുമാണ് വേണ്ടത്. അല്ലെങ്കിലോ പരസ്പരം ശാപം ചൊരിയലും, സത്യത്തിലേക്കും, നീതിയിലേക്കും നയിക്കുന്ന ഒരു സമുദായമെന്ന നിലക്ക് നമ്മുടെ അസ്തിത്വം നമുക്ക് കൈമോശം വന്നുപോവലുമായിരിക്കും ഫലം.

ഇത്തരം ബിദ്അത്തുകൾ ചെയ്യുന്ന മുസ്‌ലിം സഹോദരരോട് മറ്റെല്ലാ മുസ്‌ലിംകൾക്കുമുള്ള നിർബന്ധമായ പ്രത

വ ശരീഅത്തിലെ അത് സംബന്ധമായ വിധികൾ അവരെ പഠിപ്പിക്കുക എന്നതാണ്. തുടർന്ന് അതുപേക്ഷിക്കാൻ വളരെ സൗമ്യമായി കൽപ്പിക്കണം. അത് പ്രതിഫലാർഹമല്ലാത്തതും ബിദ്അത്തുമാണെന്നും ബിദ്അത്തുകളെല്ലാം വഴികേടുകളുമാണെന്നും വഴികേടുകൾ സൻമാർഗ്ഗ രഹിതമാണെന്നും അവനെ ബോധ്യപ്പെടുത്തിക്കൊടുക്കണം. ഇനി(ബിദ്അത്ത്) ഉപേക്ഷിക്കാൻ അവൻ വിസമ്മതിച്ചാലും സൗമ്യമായ സമീപനം തുടരണം. അവന്റെ നിലപാടിന്റെ പേരിൽ അവനെ ആക്ഷേപിക്കുകയോ അവഹേളിക്കുകയോ അരുത്. അതവനെ ദുർവാശിക്കാരനും അഹങ്കാരിയുമാക്കും. തൽഫലമായി അവൻ നശിക്കും. അവൻ നശിക്കാൻ കാരണക്കാരൻ എന്ന നിലക്ക് ഉപദേശിയും (ഉപദേശത്തിൽ പക്വത പുലർത്താത്തതിനാൽ) അവനോടൊപ്പം നശിക്കും. ആക്ഷേപകരമായ വ്യക്തിവിമർശനം നബി(സ) ഉപേക്ഷിക്കുമായിരുന്നു. അവിടുന്ന് (വ്യക്തി വിമർശനം ഇല്ലാത്തവിധം) ഇങ്ങനെ പറയുമായിരുന്നു:

ما بال اقوام يقولون كذا وكذا ويريدون ان يفعلوا كذا وكذا

("ആളുകൾക്കെന്തുപറ്റി? ഇന്നിന്നപോലെ അവർ പറയുന്നു. ഇന്നിന്നപോലെ അവർ ചെയ്യാനുമുദ്ദേശിക്കുന്നു!") ഏതൊരാൾക്കും അയാൾ വെറുക്കപ്പെട്ട കാര്യം ചെയ്യുന്നു എന്നു കേൾക്കുന്നത് അസഹ്യമാണ് എന്നതാണ് മനുഷ്യപ്രകൃതി. അവൻ ചെയ്തത് വെറുക്കപ്പെട്ട കാര്യമാണെങ്കിലും ശരി. ഇമാം ഷാഫിഈ(റ) ശരിക്കൽ പറഞ്ഞു:

من نصح اخاه سرًا فقد نصحه ومن نصحه علنًا فقد فضحه

(തന്റെ സഹോദരനെ സ്വകാര്യമായി ഉപദേശിച്ചവൻ അവനെ ഉപദേശിച്ചു. പരസ്യമായി ഉപദേശിച്ചവൻ അവനെ അവഹേളിച്ചു.) ഇവയെല്ലാം അല്ലാഹുവല്ലാത്തവരോടു പ്രാർഥിക്കുക, സഹായാർഥന നടത്തുക, അവനല്ലാത്തവർക്ക് ബലിയറുക്കുക, ആരാധനാ ഭാവത്തിൽ അല്ലാഹു അല്ലാത്തവർക്ക് മുമ്പിൽ ഭക്തിയാദരവുകളോടെ നിൽക്കുക തുടങ്ങിയ ഷിർക്ക് സംബന്ധമായ വാക്കുകളോ പ്രവർത്തികളോ ഇല്ലാത്ത ബിദ്അത്തുകളെ വിരോധിക്കുമ്പോഴുള്ളതാണ്. അത് നബി(സ)യുടെ ജനനത്തിലുള്ള സന്തോഷപ്രകടനവും അല്ലാഹു തന്റെ ദൂതൻ മുഹമ്മദ്(സ)യെ ഇസ്‌ലാമെന്ന അനുഗ്രഹവുമായി അയച്ചതിൽ അല്ലാഹുവോടുള്ള നന്ദിപ്രകടനമെന്ന നിലക്കുള്ള അന്നദാനവുമാണെങ്കിൽ, അല്ലെങ്കിൽ നബി(സ)യുടെ ജീവചരിത്രത്തിൽ നിന്നുള്ള ചിലത് വായിക്കുകയോ അതിരു കടന്നുള്ള പ്രശംസയോ ഷിർക്ക് സംബന്ധമായ പദങ്ങളോ ഇല്ലാത്ത ചില സ്തുതി വചനങ്ങൾ കേൾക്കുകയോ , സ്ത്രീപുരുഷ സങ്കലനമോ വെറുക്കപ്പെട്ട കാര്യങ്ങളൊന്നും ഇല്ലാത്തതോ, നമസ്കാരം ഉപേക്ഷിക്കുക, അല്ലെങ്കിൽ അതിന്റെ സമയം പിന്തിക്കുക പോലുള്ള നൻമകളോടുള്ള നിരാസമോ ഇല്ലാത്തപ്പോൾ (മാത്രമേ മേൽപറഞ്ഞ സമീപനം നബിദിനാഘോഷക്കാരോടു പാടുള്ളൂ.)

എന്നാൽ ഈ ബിദ്അത്ത് തന്നെ ഷിർക്ക് സംബ

ന്ധമായ വാക്കോ പ്രവർത്തിയോ ഉള്ളതോ ദുഷ്പ്രവണതകളും ദുരാചാരങ്ങളും കടന്നുകൂടിയതോ ആണെങ്കിൽ വളരെ സൂക്ഷ്മമായിത്തന്നെ അതിനെ നേരിടാൻ ഒരു മുസ്‌ലിം ബാധ്യസ്ഥനാണ്. നിഷിദ്ധങ്ങളുടെ ലഘുതയുടെ അളവനുസരിച്ച് സംസാരത്തിൽ ഗൗരവം കൂട്ടുകയോ കുറയ്ക്കുകയോ വേണം. ശിർക്കോ അതുപോലുള്ള ഹറാമായ കുറ്റങ്ങളോ ആണെങ്കിൽ അതുപേക്ഷിക്കാൻ പ്രേരിപ്പിച്ചുകൊണ്ടേയിരിക്കണം. അയാളുമായി ബന്ധം മുറിയ്ക്കുകയോ അയാളെ ഉപേക്ഷിക്കേണ്ടിവരികയോ ചെയ്യേണ്ടി വന്നാലും ശരി. സച്ചരിതരായ പൂർവ്വികർ, തന്റെ സഹോദരനിൽ തിൻമ കണ്ടാൽ അവരയാളെ തടഞ്ഞിരുന്നു. എന്നിട്ടും അയാളതുപേക്ഷിച്ചില്ലെങ്കിൽ അയാളിൽ നിന്നവർ വിട്ടകന്നു നിൽക്കുമായിരുന്നു. (എന്നാൽ) നമുക്കും അവർക്കുമിടയിൽ അന്തരമുണ്ട്. ഇക്കാലത്ത് ബന്ധം മുറിക്കുക എന്നത് പൂർണ്ണമായും ബഹിഷ്കൃതനിൽ സ്വാധീനിക്കുകയില്ല. അതിനാൽ ബഹിഷ്കരണം ഉപേക്ഷിക്കുകയും നിരന്തരമായ പ്രബോധനം വഴി ഉപേക്ഷിച്ചകാര്യങ്ങൾ നിർബന്ധമാക്കും ചെയ്യാനും ഹറാമിലൂടെയുള്ള സഞ്ചാരം ഉപേക്ഷിക്കാനും പ്രേരിപ്പിച്ചുകൊണ്ടിരിക്കണം. അതാണുത്തമവും യുക്തവും ഫലപ്രദവും.

ഇതാണ് പുതുക്കിപ്പറഞ്ഞതായ ജൻമദിനാഘോഷമെന്ന ബിദ്അത്ത് അധികവും ശിർക്ക് പരമായ കർമ്മങ്ങളിൽ നിന്നും വാക്കുകളിൽ നിന്നും ഹറാമായ കർമ്മങ്ങളിൽ നിന്നും മുക്തമാണ്. അതിനാൽ ഈ അവസ്ഥയിൽ വളരെ ലോലവും സൗമ്യ

വ്യമായ ഒരു മുസ്‌ലിം തന്റെ സഹോദരനെ എതിർക്കാവൂ.. അതും തന്നെ ശരീഅത്തിന്റെ വിധികൾ അവരെ പഠിപ്പിക്കുകയും ബിദ്അത്ത് തീർത്തും ഉപേക്ഷിക്കുന്നതിൽ അവർക്ക് അഭിവാഞ്ചയുണ്ടാക്കുകയും ചെയ്ത ശേഷം . എന്തുകൊണ്ടെന്നാൽ ഈമാനിന്റെയും പ്രതിഫലേച്ഛയുടെയും പ്രചോദനത്താലല്ലാതെ നിശ്ചയം, അവരാ കർമ്മം ചെയ്യുന്നില്ല. ജനങ്ങളുടെ ഉദ്ദേശങ്ങളും അവരുടെ കർമ്മങ്ങൾക്ക് പ്രേരകമായ ഘടകങ്ങളും കണക്കിലെടുക്കണം. നന്മ കൽപ്പിക്കുകയും തിന്മ വിരോധിക്കുകയും ചെയ്യുന്ന കാര്യത്തിൽ ഒരു മുസ്‌ലിമിനോട് കൽപ്പിക്കപ്പെട്ട യുക്തിയിൽ പെട്ടതാണ് ഇത്.

എന്നാൽ ഷിർക്കോ വ്യാജമോ കുഴപ്പമോ തിന്മയോ ഉള്ള അവസരത്തിലാണ് ഇത്തരം ബിദ്അത്തെങ്കിൽ അതിനെ ശക്തിയുക്തം എതിർക്കേണ്ടതുണ്ട്. അയാൾ അതിന്റെ ചുക്കാൻ പിടിക്കുന്നവനും അല്ലാഹുവോടുള്ള ബാധ്യത നിറവേറ്റാൻ ബാധ്യസ്ഥനായ ആളുമായിരിക്കും. മുസ്‌ലിംകളെ ഉപദേശിക്കലും അവരുടെ മതത്തിൽ യഥാവിധി നിലനിർത്താൻ സഹായിക്കുകയും ഇഹത്തിലും പരത്തിലും അവരെ സമ്പൂർണ്ണരും സംതൃപ്തരുമാക്കലും അയാൾക്ക് നിർബന്ധമാണ്.

ഉദ്ദേശത്തിനുപിന്നിൽ അല്ലാഹു മാത്രം. അവനിൽ നിന്നു മാത്രമാണ് സഹായം. പരമനായ അവങ്കൽ മാത്രമാണഭയം.

# സമാപ്തം

ഈ ലഘുകൃതി വായിക്കുന്ന ചിലരെങ്കിലും ഇങ്ങനെ ചോദിക്കാനിട വന്നേക്കാം. മറ്റെല്ലാ ബിദ്അത്തുകളെയും പോലെ നിഷിദ്ധമായ ബിദ്അത്താണ് മൗലിദുന്നബവിഷ്ഷരീഫെങ്കിൽ, മുസ്ലിംകളുടെ വിശ്വാസത്തിന്റെ ഒരു ഭാഗമെന്നോണം അതായിത്തീരുകയും അതിനു പ്രചാരം സിദ്ധിക്കുകയും ചെയ്യുന്നതുവരെ പണ്ഡിതൻമാർ അതിനെ വിട്ടുകളയുകയും അതിനുനേരെ മൗനമവലംബിക്കുകയും ചെയ്തതെന്ത്.....? ആ കാര്യം വേരുറച്ചു വളരും മുമ്പു തന്നെ അതിനെ എതിർക്കൽ അവർക്ക് നിർബന്ധമായിരുന്നില്ലേ....? അവരെന്ത് കൊണ്ടത് ചെയ്തില്ല.?

ചോദ്യകർത്താക്കളായ സഹോദരരോട് നാം മറുപടി പറയട്ടെ– ഈ ബിദ്അത്ത് രംഗപ്രവേശം ചെയ്ത അന്നു തന്നെ പണ്ഡിതൻമാർ അതിനെ എതിർക്കുകയും അതിനെതിരിൽ ഗ്രന്ഥങ്ങൾ രചിക്കുകയും ചെയ്തിട്ടുണ്ട്. ഇബ്നുൽഹാജിന്റെ 'കിതാബുൽ മദ്ഖൽ'( كتاب المدخل ) വായിച്ചാൽ അതിന്റെ സത്യാവസ്ഥ മനസ്സിലാക്കാനാവും.

شرح الفاكهاني على رسالة ابن ابي زيد القيرواني

എന്ന ഗ്രന്ഥത്തിന്റെ ഉടമസ്ഥനായ മാലികീ പണ്ഡിതൻ അൽ ഫാകിഹാനി താജുദ്ദീൻ ഉമർ ബ്നിൻ ലഖമി സികന്തരി എഴുതിയ المورد في الكلام على المولد എന്ന ഗ്രന്ഥം ഈ വിഷയത്തിലെ വിലപിടിച്ച ഖണ്ഡനമാണ്. അതിന്റെ തനിപ്പകർപ്പ് ഈ സമാഹിതത്തിൽ ചേർക്കുന്നുണ്ട്. ആധുനിക സമൂഹങ്ങൾ തിന്മയുടെയും കുഴപ്പത്തിന്റെയും ആളുകളുടെ ക്ഷണത്തിനു നേരെ മുഖം തിരിക്കുന്നതിനേക്കാൾ ദുർബലരായിട്ടാണ് സത്യ പ്രബോധകരായ പരിഷ്കർത്താക്കളിലേക്കവർ ചെവി കൊടുക്കുന്നത്. രോഗം ബാധിച്ച ശരീരത്തിൽ ചെറിയ പ്രയാസങ്ങൾ പെട്ടെന്നു സ്വാധീനിക്കും. ആരോഗ്യമുള്ള ശരീരത്തിലോ വലുതും ശക്തിയേറിയതുമായ - ഉപദ്രവങ്ങൾ മാത്രമേ - ബാധിക്കൂ... ഉദാഹരണമായി ശരിയായ ഉറപ്പുള്ള ഒരു മതിൽ പിക്കാസോ കോടാലിയോ കൊണ്ട് തകർക്കാൻ പ്രയാസമായിരിക്കും. എന്നാൽ ദുർബലമായ ഒരു മതിൽ തകർന്ന് വീഴാൻ ഒരു കാറ്റ് വീശിയാൽ മാത്രം മതി. അല്ലെങ്കിൽ കൈ കൊണ്ട് ഒന്നു തട്ടിയാലും മതിയാകും. അതിനാൽ ഒരു ബിദ്അത്ത് ഇസ്ലാമിക സമൂഹത്തിൽ നിലനിൽക്കുന്നു എന്നത് പണ്ഡിതന്മാർ അതിനെ എതിർത്തിരുന്നില്ല എന്നതിന് തെളിവല്ല. അതിന് സാക്ഷിയായി താജുദ്ദീനുൽ ഫാകിഹാനിയുടെ ലഘു ലേഖ ഇതാ നാം സമർപ്പിക്കുന്നു.

അല്ലാഹുവെ സ്തുതിക്കുകയും പ്രകീർത്തനം ചെയ്യുകയും ചെയ്ത ശേഷം അദ്ദേഹം പറയുന്നു: 'മൗലിദ്' എന്ന പേരിൽ ചിലയാളുകൾ റബീഉൽ അവ്വൽ മാസത്തിൽ സംഘ

ടിപ്പിക്കുന്ന പരിപാടിയെക്കുറിച്ച് അനുഗൃഹീതരായ ഒരു സംഘമാളുകൾ* പലയാവർത്തി എന്നോട് ചോദിച്ചു: ശരീഅത്തിൽ അതിനു വല്ല അടിസ്ഥാനവുമുണ്ടോ? അതോ അത് ബിദ്അത്തും ദീനിൽ പുതുതായുണ്ടാക്കിയതുമാണോ? അത് സംബന്ധിച്ച വ്യക്തവും വിശദവുമായ ഒരു മറുപടി അവർ പ്രതീക്ഷിക്കുന്നു. അപ്പോൾ ഞാൻ പറഞ്ഞു: തൗഫീഖ് അല്ലാഹുവിന്റേതാണ്. ഖുർആനിലോ നബിചര്യയിലോ ഈ മൗലിദിന് അടിത്തറയുള്ളതായി എനിക്കറിയില്ല. പൂർവ്വികരുടെ കാലടികൾ പിൻതുടർന്ന, ദീനിനെ മുറുകെ പിടിച്ച മാതൃകാ പുരുഷൻമാരായ, ഈ സമുദായത്തിലെ പണ്ഡിതരിലൊരാളും അങ്ങിനെ ചെയ്തതായി ഉദ്ധരിക്കപ്പെട്ടിട്ടില്ല. ഇത് വ്യാജൻമാർ പുതുതായി ഉണ്ടാക്കിയതും തീറ്റിപ്രിയരായ ആളുകൾ അവരുടെ ഇച്ഛാനുസാരം ചമച്ചതുമായ ബിദ്അത്താണ്. എന്തുകൊണ്ടെന്നാൽ (ശരീഅത്തിലെ) അഞ്ചു വിധികളുമായി അതിനെ തുലനം ചെയ്യുക. അത് വാജിബായിരിക്കുമോ അതോ മൻദൂബായിരിക്കുമോ? അതോ മുബാഹോ മക്റൂഹോ ഹറാമോ ആയിരിക്കുമോ?. പണ്ഡിതൻമാരുടെ അഭിപ്രായ യോജിപ്പനുസരിച്ച് അത് വാജിബല്ല, മൻദൂബുമല്ല. എന്ത് കൊണ്ടെന്നാൽ, മൻദൂബ് യഥാർഥത്തിൽ തിരുമേനി(സ) ചെയ്യാൻ താൽപര്യപ്പെട്ടതും ഉപേക്ഷിച്ചവനെ കുറ്റപ്പെടുത്താത്തതുമായ കാര്യമാണ്.

---

*അല്ലാഹുവിന്റെ ശരീഅത്തനുസരിച്ച് ഇബാദത്ത് ചെയ്യാനുദ്ദേശിക്കുന്ന മുസ്ലീംകളാണ് അല്ലാഹു അനുഗ്രഹിച്ച ആളുകൾ. ദേഹേച്ഛയെയും ബിദ്അത്തുകാരെയും പിൻപറ്റുന്നവരല്ല.

എന്നാൽ ഇതിലൊന്നും (ഈ മൗലിദിലൊന്നും) തിരുമേനി (സ)യുടെ അനുവാദമില്ല. സ്വഹാബികളും അത് ചെയ്തിട്ടില്ല. താബിഉകളിലും ഇല്ല. മഹനീയരായുള്ള പണ്ഡിതരിലും ഉണ്ടായിരുന്നില്ലെന്നാണ് ഞാനറിഞ്ഞത്. അല്ലാഹുവിനെ മുൻനിർത്തി എനിക്കതിനോട് പറയാനുള്ള എന്റെ മറുപടിയാണിത്. അത് (മൗലിദ്) മുബാഹാകാനും അനുയോജ്യമല്ല. ദീനിൽ പുതുതായുണ്ടാക്കിയത് മുബാഹല്ലെന്നതിന് മുസ്ലിംകൾക്കിടയിൽ ഇജ്മാഉണ്ട് (യോജിപ്പുണ്ട്) എന്നാൽ പിന്നെ ശേഷിച്ചത് മക്റൂഹോ ഹറാമോ ആയിരിക്കുക എന്നതാണ്. അങ്ങിനെ വന്നാൽ രണ്ടുതരത്തിൽ പറയേണ്ടതുണ്ട്. രണ്ട് രൂപത്തിൽ വിഭജിക്കേണ്ടതുമുണ്ട്

അതിലൊന്ന്: ഒരാൾ തന്റെ സ്വന്തം ധനം ഉപയോഗിച്ച് തന്റെ ബന്ധുമിത്രാദികളെ മൗലിദിന്റെ പേരിൽ അവർക്ക് സദ്യ നൽകുവനായി സംഘടിപ്പിക്കുന്നു. (വേറെ) കുറ്റകരമായ യാതൊന്നും അവർ അതിൽ ചെയ്യുന്നില്ല. നിശ്ചയം, ഇതാണ് നാം വ്യക്തമാക്കിത്തന്ന മ്ലേഛകരവും മക്റൂഹുമായ ബിദ്അത്ത്. (അല്ലാഹുവിന്) വിധേയരായി ജീവിച്ച പൂർവ്വികരിലൊരാളും അപ്രകാരം ചെയ്തിട്ടില്ല. ഇസ്ലാമിലെ കർമ്മ നിപുണരായിരുന്നുവല്ലോ അവർ. പണ്ഡിതവര്യർ! കാലഘട്ടങ്ങളിലെ വിളക്കുകൾ!! നാട്ടിന്റെ അലങ്കാരങ്ങൾ!!!

രണ്ടാമത്തേത് : ഒരാൾ തന്റെ മനസ്സ് വേദനിച്ചും പ്രയാസപ്പെട്ടും നല്ലതും (പണമോ മറ്റോ) നല്കുക വഴി പാപം

കടന്നു വരുന്ന തരത്തിലുള്ള മൗലിദാണിത്.* പണ്ഡിതൻമാർ പറഞ്ഞിട്ടുണ്ട്. ലജ്ജയോടെ പിടിച്ചു പറ്റുന്ന ധനം വാളുകൊണ്ട് അത് പിടിച്ചെടുക്കുന്ന പോലെയാണ് എന്ന്.** സംഗീതാലാപനങ്ങളും കൂടെ വയറു നിറച്ച് ശാപ്പാടും. ദഫ്ഫുകളിൽ പെട്ട വ്യർഥമായ ആലാപനോപകരണങ്ങളും തരുണികളും. കോമളൻമാരോടും അതിസൗന്ദര്യമുള്ള സ്ത്രീകളോടുമൊപ്പം പുരുഷൻമാരുടെ സംഘം ചേരൽ. നൃത്തങ്ങളും വൈകാരിക പ്രകടനങ്ങളും കളികളും വിനോദങ്ങളും. ഭയാനകമായ (വിചാരണ) നാളിനെ (അവർ) വിസ്മരിച്ചിരിക്കുന്നു. സ്ത്രീകൾ, അവർ തനിച്ച് ഒത്തുകൂടിയാൽ ഭ്രാന്തമായ ശബ്ദകോലാഹലങ്ങൾ. മതത്തിന്റെ പരിധി ലംഘിച്ചു കൊണ്ടുള്ള ഖുർആൻ പാരായണവും ദിക്ർ ചൊല്ലലും. ഇത്തരം പതിവു കാര്യങ്ങൾ. "നിശ്ചയമായും നിന്റെ റബ്ബ് പതിസ്ഥാനത്ത് (വീക്ഷിച്ചുകൊണ്ടിരിക്കുക) തന്നെയാണ്." إن ربك لبالمرصاد എന്ന അല്ലാഹുവിന്റെ വാക്കിനെ അവർ അവഗണിച്ചു. ഈ ആഘോഷങ്ങൾ ഹറാമാണെന്ന കാര്യത്തിൽ രണ്ടു പക്ഷമില്ല. മാന്യൻമാ

*ഈ ഉദ്ധരണത്തിൽ നിന്ന് (അനറബികളായ ആളുകളും) മൗലിദിന്റെ പേരിൽ ജനങ്ങളിൽ നിന്ന് പണം ശേഖരിച്ചിരുന്നുവെന്നാണ് തെളിയുന്നത്. വലിയ്യിന്റെ അനുഗ്രഹവും ശുപാർശയും ഉണ്ടാനായി സാധാരണക്കാരിൽ നിന്ന് പണം ശേഖരിക്കുന്ന പതിവ്, വലിയ്യുകളുടെ ജൻമദിനമാഘോഷിക്കുന്ന ആളുകൾ ഇന്നും ചെയ്തുവരുന്നുണ്ടല്ലോ....

**നിർബന്ധിച്ചും ബലം പ്രയോഗിച്ചും. അവർ (പണ്ഡിതൻമാർ) പറഞ്ഞു: ലജ്ജാപൂർവ്വം തന്ന പണം ഹറാമാണെന്ന്.

രാരും ഇത് നല്ലതാണെന്ന് പറയുകയില്ല. മനസ്സ് മരിച്ചവർക്കും തിന്മകളിലും പാപങ്ങളിലും കഴിഞ്ഞുകൂടുന്നവർക്കും മാത്രമേ ഇത് ആസ്വാദ്യകരമാവുകയുള്ളൂ. ഇവയൊക്കെ ഇബാദത്തായിട്ടാണവർ കാണുന്നത്. നിഷിദ്ധകാര്യങ്ങളായിട്ടല്ല.

إنا لله وإنا إليه راجعون (തീർച്ചയായും നാം അല്ലാഹുവിനുള്ളവർ. നിശ്ചയം നാം അവനിലേക്കു തന്നെ മടങ്ങുന്നവരുമാണ്.) بدأ الإسلام غريبا وسيعود كما بدأ (അപരിചിതാവസ്ഥയിലാണ് ഇസ്‌ലാമിന്റെ ആരംഭം. ആരംഭത്തിലെന്ന പോലെ അത് മടങ്ങുകയും ചെയ്യും.) നമ്മുടെ ആദരണീയ ഗുരുനാഥൻ അൽ ഖുദൈരി പാടിയതെത്ര അന്വർഥം! "നാം ജീവിച്ചുകൊണ്ടിരിക്കുന്ന ഈ വിഷമസന്ധിയിൽ തിന്മയെല്ലാം നന്മയും നന്മയെല്ലാം അപരിചിതങ്ങളുമായി. പണ്ഡിതന്മാരെല്ലാം അധമാവസ്ഥയിലും വിഡ്ഢികളെല്ലാം ഉന്നതപദവികളിലുമായി. സത്യത്തിൽ നിന്ന് അവർ വ്യതിചലിച്ചു; അവരുടെ ആചാരങ്ങൾക്ക് പൂർവ്വികരുടെ ആചാരങ്ങളുമായി യാതൊരു ബന്ധവുമില്ലാതായി. കഷ്ടപ്പാടുകൾ രൂക്ഷമായപ്പോൾ പുണ്യവാന്മാരും മതനിഷ്ഠയുള്ളവരുമായവരോട് ഞാൻ പറഞ്ഞു: നിങ്ങളുടെ അവസ്ഥകളെ നിങ്ങളവഗണിയ്ക്കല്ലേ. നിങ്ങളുടെ പശ്ചാത്താപം അപരിചിതമായ ഒരു ഘട്ടത്തിലെത്തിക്കഴിഞ്ഞു."

ഇമാം അബൂ അംറിബ്നുസ്സലാഹ് (റ) പറഞ്ഞിട്ടുള്ളതെത്ര ശരി. അദ്ദേഹം പറയുന്നു: "[illegible]തപ്പെട്ടു കൊണ്ടിരിക്കുമ്പോഴെല്ലാം ജനങ്ങൾ നന്മയിൽ

തന്നെയായിരിക്കും. നബി(സ) ജനിച്ച മാസമായ റബീഉൽ അവ്വലിൽ തന്നെയാണ് തിരുമേനി(സ) മരിച്ചതും. അതിനാൽ അതിൽ ദുഃഖിക്കുന്നതിനേക്കാൾ സ്ഥാനം സന്തോഷപ്രകടനത്തിനില്ല." അതാണ് നമുക്ക് പറയാനുള്ളത്. ഉത്തമമായ സ്വീകാര്യതക്കായി നാം അല്ലാഹുവിനോട് യാചിക്കുന്നു. ഇവിടെ താജുദ്ദീൻ അൽ ഫാകിഹാനിയുടെ المورد في الكلام على المولد എന്ന ലേഖനം അവസാനിക്കുന്നു. ജീവിതത്തിലെ അത്ഭുതമെന്ന് പറയട്ടെ, ഇമാം സുയൂഥി(റ) തന്റെ 'ഹാവിയ'യിൽ ഇതെടുത്തുദ്ധരിച്ചിട്ടുണ്ട്. അതിൽ നിന്നാണ് നാമതിവിടെ എടുത്തുദ്ധരിച്ചിട്ടുള്ളത്. അദ്ദേഹം അതിനെ ഖണ്ഡിക്കാൻ ശ്രമിച്ചിട്ടുണ്ട്. പക്ഷെ അദ്ദേഹമതിൽ വിജയിച്ചിട്ടില്ല. അദ്ദേഹത്തിന്റെ ഖണ്ഡനം നിലവാരം കുറഞ്ഞതും തണുത്തതുമായിരുന്നു. കാരണം അദ്ദേഹം അസത്യം കൊണ്ട് സത്യത്തിനുനേരെ കയർക്കുന്നു. അല്ലാഹു കാക്കട്ടെ.

സുയൂഥി(റ)യുടെ വാദങ്ങൾ വായനക്കാരാ താങ്കൾക്ക് മനസ്സിലായിട്ടുണ്ട്. മൗലിദാഘോഷമെന്ന ബിദ്അത്തിന് ശരീഅത്തിൽ അടിസ്ഥാനം കണ്ടെത്തിയതായി വിചാരിച്ച് സന്തോഷിക്കുകയാണദ്ദേഹം. അതിനെ നാം ഖണ്ഡിച്ചതും താങ്കൾ മനസ്സിലാക്കി. ഒരു സത്യാന്വേഷിക്കു വഴിവെളിച്ചം നൽകാനും അതനുസരിച്ച് ജീവിക്കാനും അത് മതിയാകും. സുയൂഥിയുടെ മേൽപറഞ്ഞ ഖണ്ഡനം താങ്കൾ കണ്ടിട്ടില്ലെങ്കിലും ദോഷമില്ല. കാരണം അദ്ദേഹത്തിന്റെ ന്യായവാദങ്ങളിലൂടെ കണ്ണോടിച്ചാൽ തന്നെ അത് വായിക്കേണ്ടതില്ലെന്ന് മനസ്സിലാവും.

ഇനി എന്റെ ഈ ലഘുലേഖ വായിച്ച ശേഷവും താങ്കൾക്ക് യാഥാർഥ്യം മനസ്സിലാകുന്നില്ലെങ്കിൽ ജൻമദിനാഘോഷമെന്ന ബിദ്അത്ത് വഴിപിഴച്ച ബിദ്അത്താണെന്ന കാര്യത്തിൽ ഇനിയും സംശയം നീങ്ങാത്ത വിഭ്രാന്തി കൊള്ളുകയാണെങ്കിൽ താഴെ കൊടുത്ത പ്രാർഥന താങ്കൾ അധികരിപ്പിക്കുക.. അല്ലാഹു താങ്കളുടെ വിഭ്രാന്തി അകറ്റിത്തരികയും ശരി ഏതാണെന്ന് തോന്നിപ്പിച്ചു തരികയും നേർമാർഗ്ഗത്തിൽ താങ്കളെ നയിക്കുകയും ചെയ്യട്ടെ. അല്ലാഹു സർവ്വശക്തനാണ്. പ്രാർഥനക്കുത്തരം നൽകാൻ പറ്റിയവനുമാണ്. ഇതാണ് ആ പ്രാർഥന:


اللهم رب جبريل وميكائيل واسرافيل فاطر السماوات والأرض، عالم الغيب والشهادة أنت تحكم بين عبادك فيما كانوا فيه يختلفون، إهدني لما اختلف فيه من الحق بإذنك، انك تهدي من تشاء الى صراط مستقيم

(ജിബ്‌രീലിന്റെയും മീകാഈലിന്റെയും ഇസ്റാഫീലിന്റെയും രക്ഷിതാവായ അല്ലാഹുവേ... ആകാശങ്ങളും ഭൂമിയും സംവിധാനിച്ചവനേ... ദൃശ്യവും അദൃശ്യവും അറിയുന്നവനേ... നിന്റെ അടിമകൾക്കിടയിൽ അഭിപ്രായവ്യത്യാസമുള്ള കാര്യങ്ങളിൽ നീ വിധി നടത്തുന്നു. അഭിപ്രായഭിന്നതയുള്ള കാര്യങ്ങളിൽ സത്യമായതിലേക്ക് നിന്റെ അനുവാദത്തോടെ നീയെനിക്കു സൻമാർഗ്ഗം കാണിച്ചു തരേണമേ... നിശ്ചയം നീയുദ്ദേശിച്ചവരെ ഏറ്റവും ചൊവ്വായ മാർഗ്ഗത്തിലാക്കുന്നവനും നീയല്ലോ.....)

# الإنصاف فيما قيل في المولد

## من الغلو والإجحاف

الشيخ أبوبكر جابر الجزائري



ترجمة

محمد حنيف عبد الرحمن الريان